## പതിനാലാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2019-2021)

## ഇരുപത്തിയാറാമത് റിപ്പോർട്ട്

**[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2006-2008)-യുടെ ഒന്നാമത് റിപ്പോർട്ടിലെ (സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള ക്ഷേമ പ്രവർത്തനങ്ങളെ സംബന്ധിച്ച റിപ്പോർട്ട്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച റിപ്പോർട്ട്]**

(2021 ജനുവരി മാസം 20-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനാലാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2019-2021)

## ഇരുപത്തിയാറാമത് റിപ്പോർട്ട്

**[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2006-2008)-യുടെ ഒന്നാമത് റിപ്പോർട്ടിലെ (സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള ക്ഷേമ പ്രവർത്തനങ്ങളെ സംബന്ധിച്ച റിപ്പോർട്ട്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച റിപ്പോർട്ട്]**

(2021 ജനുവരി മാസം 20-ാം തീയതി സഭയിൽ സമർപ്പിച്ചത്)

317/2021.

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| മുഖവുര | | .. | vii |
| അദ്ധ്യായം 1 : | റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം 2 : | ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | 3 |
| അനുബന്ധം | | .. | 182 |

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2019-2021)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. എസ്. ശർമ്മ.

<u>അംഗങ്ങൾ:</u>

ശ്രീ. പി. കെ. അബ്ദു റബ്ബ്

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. കെ. സി. ജോസഫ്

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. കെ. രാജൻ

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. സി. കെ. ശശീന്ദ്രൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ജോയിന്റ് സെക്രട്ടറി

ശ്രീമതി രജനി വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ദീപക് എസ്. വി., അണ്ടർ സെക്രട്ടറി.

## മുഖവുര

പന്ത്രണ്ടാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2006-2008)-യുടെ ഒന്നാമത് റിപ്പോർട്ട് (സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള ക്ഷേമ പ്രവർത്തനങ്ങളെ സംബന്ധിച്ച റിപ്പോർട്ട്) 2007 മാർച്ച് 16-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 200 ശിപാർശകളും 26 പൊതു ശിപാർശകൾ/നിർദ്ദേശങ്ങളും ഉൾപ്പെടെ ആകെ 226 ശിപാർശകളാണ് ഉണ്ടായിരുന്നത്. പ്രസ്തുത ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിച്ച നടപടികളും ആയതിന്മേൽ സമിതി ആരാഞ്ഞ അധിക വിവരങ്ങളും അവയ്ക്കുള്ള മറുപടികളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2020 ഡിസംബർ മാസം 23-ാം തീയതി ചേർന്ന സമിതി യോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

എസ്. ശർമ്മ,
*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2021 ജനുവരി 20.

# റിപ്പോർട്ട്

## അദ്ധ്യായം -1

പന്ത്രണ്ടാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2006-2008)-യുടെ ഒന്നാമത് റിപ്പോർട്ട് (സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള ക്ഷേമ പ്രവർത്തനങ്ങളെ സംബന്ധിച്ച റിപ്പോർട്ട്) 16-3-2007-ൽ സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 200 ശിപാർശകളും 26 പൊതു ശിപാർശകൾ/നിർദ്ദേശങ്ങളും ഉൾപ്പെടെ ആകെ 226 ശിപാർശകളാണ് ഉണ്ടായിരുന്നത്.

റിപ്പോർട്ടിന്റെ അച്ചടിച്ച പ്രതികൾ 16-7-2007-ൽ സർക്കാരിലേക്ക് അയച്ചു കൊടുത്തു. റിപ്പോർട്ടിലെ 226 ശിപാർശകളും അതിന്മേൽ വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ സംബന്ധിച്ച മറുപടികളും പ്രസ്തുത മറുപടികൾ പരിഗണിച്ചതിനു ശേഷം സമിതി ആരാഞ്ഞ അധിക വിവരങ്ങളും അവയുടെമേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ അധിക വിവര മറുപടികളും 7-10-2008, 21-1-2009, 11-11-2009, 13-1-2010, 3-2-2010, 26-5-2010, 2-6-2010, 22-6-2010, 31-8-2010, 1-10-2010, 7-12-2010, 14-2-2012, 7-6-2012, 20-9-2012, 3-9-2014, 14-1-2015, 26-10-2015, 22-11-2016, 15-12-2016, 27-12-2016, 13-9-2017, 1-8-2018, 26-12-2018, 16-9-2020, 23-12-2020 എന്നീ തീയതികളിൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

റിപ്പോർട്ടിലെ 392-ാം ഖണ്ഡികയിന്മേൽ ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടി പരിഗണിച്ച സമിതി, മലപ്പുറം ജില്ലയിൽ പുതുതായി ട്രൈബൽ പോപ്പുലേറ്റഡ് ഏരിയയായി കിർത്താഡ്സ് അംഗീകരിച്ചിട്ടുള്ള പഞ്ചായത്തുകളിൽ പലർക്കും മാരകമായ പകർച്ച വ്യാധികൾ പിടിപെട്ടിട്ടുണ്ടെന്ന് അഭിപ്രായപ്പെട്ടു. അവിടെ ഒരു ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക 293-ന്മേൽ സർക്കാരിൽ നിന്നും ലഭ്യമായ മറുപടി തൃപ്തികരമല്ലെന്ന് രേഖപ്പെടുത്തിക്കൊണ്ട് എറണാകുളം ജില്ലയിലെ പൊങ്ങിൻചുവട് കോളനി നിവാസികൾക്ക് ചികിത്സ ഉറപ്പുവരുത്തുന്നതിനായി ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രം സ്ഥിരമായി സ്ഥാപിക്കുന്നത് പ്രായോഗികമല്ലെങ്കിൽ ഒരു സബ് സെന്റർ എങ്കിലും സ്ഥാപിച്ച് ആഴ്ചയിൽ രണ്ടോ മൂന്നോ ദിവസമെങ്കിലും പ്രസ്തുത കോളനി നിവാസികൾക്ക് ചികിത്സ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന സമിതിയുടെ അധിക ശിപാർശയിന്മേൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ലഭ്യമാക്കിയ മറുപടി പരിഗണിക്കവേ, തൃശ്ശൂരിലെ അതിരപ്പള്ളി പഞ്ചായത്തിൽ 16 ഊരുകൂട്ടങ്ങളുണ്ടെന്നും അവിടെ നിന്നും 90

കിലോമീറ്ററോളം താണ്ടി വേണം ചാലക്കുടി താലൂക്ക് ആശുപത്രിയിലെത്തേണ്ടതെന്നും അവിടെ കിടത്തിചികിത്സാ കേന്ദ്രം സ്ഥാപിക്കേണ്ടത് അത്യാവശ്യമാണെന്നും ചില ഊരുകളിൽ വാഹന സൗകര്യം ഇല്ലാത്തതിനാൽ രോഗികളെ ചുമന്നു കൊണ്ടു വേണം ആശുപത്രിയിലെത്തിക്കേണ്ടതെന്നും വിലയിരുത്തിയ സമിതി തൃശ്ശൂർ ജില്ലയിൽ അതിരപ്പള്ളി പഞ്ചായത്തിൽ കിടത്തിചികിത്സാ സൗകര്യമുള്ള സംവിധാനം കുടുംബാരോഗ്യ കേന്ദ്രത്തോട് ചേർന്നോ അല്ലാതെയോ ഏർപ്പെടുത്തുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടികളിൽ സമിതി അംഗീകരിച്ചവയും അവയ്ക്ക് ആധാരമായ ശിപാർശകളും സർക്കാരിൽ നിന്നും ലഭിച്ച മറുപടിയിന്മേൽ സമിതി വീണ്ടും ആവശ്യപ്പെട്ട അധിക വിവരങ്ങളും അവയ്ക്കുള്ള മറുപടികളും ഈ റിപ്പോർട്ടിന്റെ 2-ാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

അദ്ധ്യായം 1-ലെ ശിപാർശകളിന്മേൽ അനന്തര നടപടികൾ സ്വീകരിച്ച് സമിതിയെ അറിയിക്കേണ്ടതാണ്.

## അദ്ധ്യായം -2

## ശിപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ

(ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂല റിപ്പോർട്ടിലെ ഖണ്ഡികകളാണ്)

### ശിപാർശ 1 (ഖണ്ഡിക 36)

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളുടെ നില വളരെ പരിതാപകരമാണെന്ന് സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ അനുവദിക്കുന്ന ഫണ്ടുകൾ പോലും ചെലവഴിക്കാത്തതിനെ സമിതി ഗൗരവമായി കാണുകയും, അനിവാര്യമായ സാഹചര്യങ്ങൾ നിലവിലുണ്ടായിരുന്നിട്ടും കുറ്റകരമായ അനാസ്ഥമൂലം തുക ചെലവഴിക്കാതെവരുന്ന പ്രവണത മേലിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നും, ഇത്തരം കുറ്റകരമായ അനാസ്ഥ കാണിക്കുന്നവർക്കെതിരെ കർശനമായ നടപടിയുണ്ടാകണമെന്നും, അനുവദിക്കുന്ന ഫണ്ടുകൾ ശരിയായ രീതിയിൽ ചെലവഴിച്ചു തീർക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ നിലവിൽ പ്രവർത്തിക്കുന്ന 108 പ്രീ മെട്രിക് ഹോസ്റ്റലുകളിൽ 70 എണ്ണം വകുപ്പ് വക കെട്ടിടങ്ങളിലും, 6 എണ്ണം

ജലസേചനം, വിദ്യുച്ഛക്തി ബോർഡ്, വിദ്യാഭ്യാസ വകുപ്പുകളുടെ കെട്ടിടങ്ങളിലും പ്രവർത്തിക്കുന്നു. വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന 32 പ്രീ മെട്രിക് ഹോസ്റ്റലുകളിൽ 7 എണ്ണത്തിന് കെട്ടിടം പണി നടന്നുവരുന്നു. 5 എണ്ണത്തിന് ഭൂമി കണ്ടെത്തി കെട്ടിടം പണിയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന് വകയിരുത്തുന്ന തുക ചെലവഴിക്കാനാകാതെ വരുന്ന സ്ഥിതിവിശേഷം ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## 26-5-2010-ലെ യോഗത്തിലെ സമിതി നിർദ്ദേശം

സമിതിയുടെ ശിപാർശയ്ക്ക് അനുസൃതമായ മറുപടി ലഭിക്കാത്തതിനാൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിയിൽ നിന്നും തെളിവെടുപ്പ് നടത്താൻ തീരുമാനിക്കുകയും ചെയ്തു.

## 25-1-2012-ലെ സമിതിയുടെ തെളിവെടുപ്പ് യോഗം

പട്ടികജാതി വിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, മറ്റാനുകൂല്യങ്ങൾ, ഭവനനിർമ്മാണ പദ്ധതി, വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലുകൾ, ഭൂരഹിതരായ പട്ടികജാതിക്കാരുടെ വിഷയങ്ങൾ എന്നീ കാര്യങ്ങളെക്കുറിച്ച് അറിയുന്നതിനും പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുമായി ബന്ധപ്പെട്ട (2006-2008)-ലെ ഒന്നാമത് റിപ്പോർട്ടിലെ മറുപടി ലഭിക്കാനുള്ള ഖണ്ഡികകളിന്മേലും സമിതി 25-1-2012-ൽ തെളിവെടുപ്പ് നടത്തുകയുണ്ടായി. തുടർന്ന് ശിപാർശയ്ക്കനുസൃതമായ ഇപ്പോഴത്തെ അവസ്ഥ കാണിക്കുന്ന വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

## 25-1-2012-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരത്തിന് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 108 പ്രീ മെട്രിക് ഹോസ്റ്റലുകളും 3 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുമാണ് പ്രവർത്തിച്ചുവരുന്നത്. ഇവയിൽ 97 ഹോസ്റ്റലുകളും സർക്കാർ കെട്ടിടങ്ങളിലാണ് പ്രവർത്തിച്ചുവരുന്നത്. 10 ബോയ്സ് ഹോസ്റ്റലുകളും ഒരു ഗേൾസ് ഹോസ്റ്റലും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ടി ഹോസ്റ്റലുകൾക്ക് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

പട്ടികവർഗ്ഗ ഹോസ്റ്റലുകളുടെ കെട്ടിട നിർമ്മാണത്തിനായി വകയിരുത്തിയിരിക്കുന്ന തുക വിനിയോഗിച്ച് സ്ഥിരം കെട്ടിടം നിർമ്മിക്കുവാൻ സൗകര്യപ്രദമായ സ്ഥലം കണ്ടെത്തുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന തുൾപ്പെടെയുള്ള എല്ലാ ഹോസ്റ്റലുകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായി വകുപ്പ് കാലാകാലങ്ങളിൽ ഫണ്ട് ചെലവഴിച്ച് വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

കുറ്റകരമായ അനാസ്ഥമൂലം തുക ചെലവഴിക്കാതെ വരുന്ന പ്രവണത ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണ്. കൂടാതെ ഇപ്രകാരം അനാസ്ഥ കാണിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതുമാണ്.

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾ / മോഡൽ റസിഡൻഷ്യൽ സ്കൂൾ / ഹോസ്റ്റലുകളിൽ കഴിഞ്ഞ 3 വർഷം വകുപ്പ് നടപ്പിലാക്കിയിട്ടുള്ള അടിസ്ഥാന സൗകര്യ വികസനം /മറ്റു വികസന കാര്യങ്ങൾ എന്നിവ സംബന്ധിച്ച വിശദ വിവരം ചുവടെ ചേർത്തിരിക്കുന്നു.

മറ്റുള്ള കേന്ദ്ര സർക്കാർ ധനസഹായ പദ്ധതികൾ/കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖ്യമായും സമഗ്ര വികസനത്തിനായുള്ളവയാണ്.

ഉദാഹരണം:-

(1) ഹോസ്റ്റൽ കെട്ടിട നിർമ്മാണം

| വർഷം | ഹോസ്റ്റലുകളുടെ എണ്ണം | തുക | റിമാർക്സ് |
|---|---|---|---|
| 2010-2011 | 3 (മീനങ്ങാടി, കാക്കവയൽ, വാളേരി) | 146.78 ലക്ഷം | പൂർണ്ണമായും ചെലവഴിച്ചു. |
| 2011-2012 | 4 [മണ്ണന്തല, ഷോളയൂർ (1), കുമിളി, നേര്യമംഗലം] | 250 ലക്ഷം | 239 ലക്ഷം രൂപ ചെലവഴിച്ചു. |
| 2012-2013 | Nil | Nil | Nil |
| 2013-2014 | 4 ഹോസ്റ്റലുകൾ [കുന്ദമംഗലം, പറളി, ഷോളയൂർ (2), ചുമന്നമണ്ണ്] | 553.45 ലക്ഷം | 470 ലക്ഷം രൂപ ചെലവഴിച്ചു. |

(2) മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിട നിർമ്മാണം.

| വർഷം | മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ എണ്ണം | തുക | റിമാർക്സ് |
|---|---|---|---|
| 2010-11 | 4 (കുളത്തുപ്പുഴ, ഏറ്റുമാനൂർ, കണിയാമ്പറ്റ, മലമ്പുഴ) | 1028 ലക്ഷം | പൂർണ്ണമായും ചെലവഴിച്ചു. |
| 2011-12 | Nil | Nil | Nil |

2013-14 സാമ്പത്തിക വർഷം വരെ കേന്ദ്ര സഹായം ലഭിച്ചിട്ടില്ല.

<u>27-12-2016-ലെ സമിതിയോഗം ആവശ്യപ്പെട്ട അധികവിവരം</u>

2010-2011 കാലയളവിൽ ഏറ്റുമാനൂർ മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിട നിർമ്മാണം പൂർത്തിയായതാണെങ്കിലും നാളിതു വരെ കുട്ടികൾക്ക് താമസ സൗകര്യം ഒരുക്കിയിട്ടില്ലെന്നും മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പിൽ ബന്ധപ്പെട്ടവർ വേണ്ടത്ര ശ്രദ്ധ കൊടുക്കുന്നില്ലെന്നും റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കളക്ടറുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയാണ് ചുമതല വഹിക്കുന്നതെന്നും മീറ്റിംഗ് കൂടി തീരുമാനങ്ങൾ എടുക്കുന്നതല്ലാതെ ഇക്കാര്യത്തിൽ കൃത്യമായ മോണിറ്ററിംഗ് സംവിധാനം ഇല്ലാത്തതുകൊണ്ടാണ് പല സ്ഥലത്തും ശോച്യാവസ്ഥ നിലനിൽക്കുന്നതെന്നും സമിതി അഭിപ്രായപ്പെട്ടു.

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾക്ക് സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമാക്കുന്നതിനും ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനും വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികളുടെയും ആയതിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ചുമുള്ള വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പിനോട് ആരായാൻ നിർദ്ദേശിച്ചു.

2012-2013 കാലയളവിൽ കേന്ദ്ര സർക്കാർ ധനസഹായ പദ്ധതികൾ എന്ന വിഭാഗത്തിൽ ഹോസ്റ്റൽ കെട്ടിട നിർമ്മാണം; 2011-2012 കാലയളവിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിട നിർമ്മാണം എന്നീ ഇനങ്ങളിൽ കേന്ദ്ര സഹായം ലഭ്യമാക്കാത്തതിന്റെ കാരണം പ്രസ്തുത സാമ്പത്തിക വർഷം പ്രോജക്റ്റ് സമർപ്പിച്ചിട്ടും ഫണ്ട് ലഭ്യമാക്കാത്തതാണോ; പ്രോജക്റ്റ് സമർപ്പിക്കാത്തതിനാൽ ഫണ്ട് ലഭിക്കാത്തതാണോ എന്നത് സംബന്ധിച്ചുള്ള വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പിനോട് ആരായാൻ സമിതി നിർദ്ദേശിച്ചു.

**27-12-2016-ലെ അധിക വിവരത്തിന്**

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി</u>

2011-2012 സാമ്പത്തിക വർഷം മോഡൽ റസിഡൻഷ്യൽ സ്കൂൾ നിർമ്മാണത്തിനായും 2012-2013 സാമ്പത്തിക വർഷം ഹോസ്റ്റൽ നിർമ്മാണത്തിനായും കേന്ദ്ര സർക്കാരിൽ ശിപാർശ സമർപ്പിച്ചിരുന്നുവെങ്കിലും MOTA യിൽ നിന്നും ഇക്കാര്യത്തിൽ യാതൊരുവിധ മറുപടിയും ലഭിച്ചിട്ടില്ല.

2015-2016 സാമ്പത്തിക വർഷത്തിൽ കേന്ദ്രസഹായം ലഭ്യമാക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും 100 കുട്ടികൾ വീതമുള്ള 3 പോസ്റ്റ്മെട്രിക് ഗേൾസ് ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിനായി 15 കോടി രൂപയുടെ (5 കോടി വീതം) പ്രൊപ്പോസൽ ആർട്ടിക്കിൾ 275(1) എന്ന ശീർഷകത്തിൽ അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ തനത് വർഷം 500 ലക്ഷം രൂപ അനുവദിച്ചിരുന്നു. കൂടാതെ 2017-18 സാമ്പത്തിക വർഷത്തിൽ ആർട്ടിക്കിൾ 275(1) എന്ന ശീർഷകത്തിൽ 159.15 ലക്ഷം രൂപയും, എസ്.സി.എ. ടു റ്റി. എസ്. എസ്. എന്ന ശീർഷകത്തിൽ 340.85 ലക്ഷം രൂപയും ചേർത്ത് ആകെ 3 പോസ്റ്റ്മെട്രിക് ഗേൾസ് ഹോസ്റ്റലുകളുടെ നിർമ്മാണത്തിനായി 10 കോടി രൂപ കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്.

പ്രസ്തുത ഹോസ്റ്റലുകളുടെ നിർമ്മാണത്തിനായി (തിരുവനന്തപുരം-646 ലക്ഷം, പാലക്കാട് - 474 ലക്ഷം) 1120 ലക്ഷം രൂപയുടെ പ്രൊപ്പോസൽ പരിഗണിച്ച് കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (കെൽ) എന്ന സ്ഥാപനത്തിന് നിർവ്വഹണച്ചുമതല ഏൽപ്പിച്ചിട്ടുണ്ട്. എന്നാൽ കോഴിക്കോട് ജില്ലയിൽ സ്ഥലം ലഭ്യമായിട്ടില്ലാത്തതിനാൽ പദ്ധതി ആരംഭിച്ചിട്ടില്ല. 2016-2017 സാമ്പത്തിക വർഷത്തിൽ എസ്. സി. എ. ടു റ്റി. എസ്. എസ്. ആർട്ടിക്കിൾ 275(1) ശീർഷകത്തിൽ ലഭിച്ച കേന്ദ്ര സഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

SCA-TSS-2016-17

| Sl. No. | Activities | Amount (lakh) | Status |
|---|---|---|---|
| Education | | | |
| 1 | Improvement of Tribal Hostel (17 Units) | 300.00 | Fully Utilized |
| 2 | Study area in Model Residential School, Nalloornadu, infrastructure, furniture, electricity | 70.00 | Fully Utilized |

Article 275(1) 2016-17

| Sl. No. | Components | Amount Sanctioned (lakh) | Amount Released (lakh) | Remarks |
|---|---|---|---|---|
| 1 | Running Cost 2 EMRS | 250.32 | 250.32 | Fully Utilized |
| 2 | Renovation of Premetric Hostel, Njaraneeli | 125.00 | 125.00 | Fully Utilized |
| 3 | Improvement of tribal hostels (Premetric Hostel, Kannur, Nilambur, Mananthavady) | 106.35 | 106.35 | Fully Utilized |

നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾക്ക് സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. പ്രീമെട്രിക് ഹോസ്റ്റൽ, അയിലൂർ / പാലക്കാട്

പ്രീമെട്രിക് ഹോസ്റ്റലിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി അയിലൂർ വില്ലേജിലെ 101/1 സർവ്വേ നമ്പർ സബ് ഡിവിഷനിൽ ഉൾപ്പെടുന്ന 30 സെന്റ് സ്ഥലം പട്ടികവർഗ്ഗ വികസന വകുപ്പിന് വിട്ടുനൽകുന്നതിനായി ശ്രീ. എ. എസ്. നാരായണമൂർത്തി S/o.ശേഷാദ്രി അയ്യർ, അയിലൂർ എന്ന സ്ഥലം ഉടമ സമ്മതപത്രവും, അനുബന്ധ രേഖകളും 22-6-2017-ന് ഹാജരാക്കുകയും, ഈ രേഖകൾ ഭൂമി വിട്ടുനൽകുന്നതിനായി ചിറ്റൂർ തഹസിൽദാർക്ക് നൽകുകയും, തുടർന്ന് പാലക്കാട് റവന്യൂ ഡിവിഷണൽ ഓഫീസിൽ നടപടികൾ സ്വീകരിക്കുന്നതിനായി സമർപ്പിക്കുകയും പ്രസ്തുത പ്രൊപ്പോസൽ 20-7-2018-ലെ സി-896/2018 ഉത്തരവ് പ്രകാരം പാലക്കാട് റവന്യൂ ഡിവിഷണൽ ഓഫീസർ അംഗീകരിച്ചിട്ടുള്ളതുമാണ്. വില്ലേജ് രേഖകളിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിന് ചിറ്റൂർ തഹസിൽദാർക്ക് പാലക്കാട് ആർ.ഡി.ഒ. നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ അയിലൂർ വില്ലേജ് ബ്ലോക്ക് 50-ൽ റീസർവ്വേ നമ്പർ 101/1 സബ്ഡിവിഷൻ ചെയ്ത് ജമാമാറ്റി 18-9-18-ലെ എച്ച്1(എ)2018/1249/9/200 നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ആർട്ടിക്കിൾ 275 (1) പ്രകാരമുള്ള ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ടി സ്ഥലത്ത് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ 30-6-2018-ലെ 11015/05(12)/2018 Grant ഉത്തരവ് പ്രകാരം 2.50 കോടി രൂപയുടെ അനുമതി ലഭിക്കുകയും പാലക്കാട് ജില്ലയിലും, കണ്ണൂർ ജില്ലയിലും പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിനായി 207.33 ലക്ഷം രൂപ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2 തവണ RFP ക്ഷണിക്കുകയുണ്ടായി. ഏറ്റവും കുറഞ്ഞ നിരക്കിൽ പ്രൊപ്പോസൽ സമർപ്പിച്ച M/s.KEL എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

2. <u>പ്രീമെട്രിക് ഹോസ്റ്റൽ, മുള്ളൻകൊല്ലി/സുൽത്താൻ ബത്തേരി</u>

വയനാട് ജില്ലയിൽ ആൺകുട്ടികൾക്കായി മുള്ളൻകൊല്ലി പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിനായി 3,72,91,492 രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുകയും നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടത്തിന്റെ സ്ട്രക്ചർ പ്രവൃത്തികൾ, വാതിൽ ഘടിപ്പിക്കുന്ന പ്രവൃത്തികൾ, കെട്ടിടത്തിന്റെ പിൻഭാഗത്തുള്ള സംരക്ഷണ ഭിത്തി, ടാങ്കുകളുടെ നിർമ്മാണം എന്നിവ പൂർണ്ണമായും പൂർത്തിയാക്കിയിട്ടുണ്ട്. തേപ്പ് പണികൾ 95%-വും ടൈൽ വിരിക്കൽ, പ്ലമ്പിംഗ് പ്രവൃത്തികൾ ഏകദേശം പൂർത്തിയാക്കിയിട്ടുണ്ട്. സേഫ്റ്റി ഗ്രിൽ പ്രവൃത്തികൾ 95% പൂർത്തിയാക്കിയിട്ടുള്ളതാണ്. ചുറ്റുമതിലിന്റെ പ്രവൃത്തികൾ 75% പൂർത്തിയായിട്ടുണ്ട്. കോമ്പൗണ്ട് വാൾ നിർമ്മാണം ഏകദേശം പൂർത്തിയായിട്ടുണ്ട്.

3. <u>പ്രീമെട്രിക് ഹോസ്റ്റൽ, കുറ്റിക്കോൽ / കാസറഗോഡ്</u>

കാസറഗോഡ് ജില്ലയിൽ കുറ്റിക്കോൽ പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിനായി കുറ്റിക്കൽ വില്ലേജിലെ 149/2 റീസർവ്വേ നമ്പറിലുള്ള 83 സെന്റ് റവന്യൂ ഭൂമി പട്ടികവർഗ്ഗ വികസന വകുപ്പിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ മുഖേന ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ കിഫ്ബിയിൽ ഉൾപ്പെടുത്തി സ്വീകരിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ഉദ്ഘാടനം 25-11-2018-ന് ബഹു. വകുപ്പ് മന്ത്രി നിർവ്വഹിച്ചിരുന്നു. ഗ്രൗണ്ട് ഫ്ലോറിന്റെ കോൺക്രീറ്റ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഒന്നാം നിലയുടെ തൂണുകൾ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

4. <u>പ്രീമെട്രിക് ഹോസ്റ്റൽ (ചുങ്കത്തറ, നിലമ്പൂർ, ഓടക്കയം, ഇടക്കര) നിലമ്പൂർ</u>

സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

2012-13 സാമ്പത്തിക വർഷം ഹോസ്റ്റലുകളുടെ നിർമ്മാണത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി 28-7-2012, 11-9-2012 എന്നീ തീയതികളിലും, 2011-12 സാമ്പത്തിക വർഷം മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നിർമ്മാണത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി 24-8-2011, 8-11-2011 തീയതികളിലും പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും കേന്ദ്രസർക്കാരിൽ നിന്നും അനുമതി ലഭിച്ചിരുന്നില്ല.

## ശിപാർശ 2 (ഖണ്ഡിക 79)

അതിക്രമങ്ങൾക്കിരയാകുന്ന പട്ടികവർഗ്ഗക്കാർക്ക് സൗജന്യ നിയമ സഹായം, അതിക്രമങ്ങളുടെ സ്വഭാവമനുസരിച്ച് അതിനു വിധേയരാകുന്നവർക്ക് ധനസഹായം, ആശ്രിതർക്കുള്ള ധനസഹായം, വീടുകൾ, കിണറുകൾ, ഭൂമി എന്നിവ നഷ്ടപ്പെടുന്ന കേസ്സുകളിൽ അവ പുനഃസ്ഥാപിക്കുന്നതിനുള്ള ധനസഹായം, കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം, വിവിധ പുനരധിവാസ പദ്ധതികൾക്കുള്ള ചെലവുകൾ എന്നിവയ്ക്കായി 2005-2006 സാമ്പത്തിക വർഷം വകയിരുത്തിയ 25 ലക്ഷം രൂപയും 50% കേന്ദ്രസഹായമായ 25 ലക്ഷം രൂപയും ചേർത്ത് 50 ലക്ഷം രൂപയിൽ 7.20 ലക്ഷം രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. കേന്ദ്ര സഹായമായി ലഭിക്കുന്ന തുകകൂടി ലാപ്സാക്കികളയുന്ന പ്രവണതയെ സമിതി ശക്തമായി അപലപിക്കുന്നു. ഇതിനുത്തരവാദികളായവരുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമം നടപ്പിലാക്കുന്നതിനായി 2005-2006 വർഷത്തിൽ 50 ലക്ഷം രൂപ വകയിരുത്തിയിരുന്നെങ്കിലും 7.20 ലക്ഷം രൂപ മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്. ടി വർഷത്തിൽ ആകെ 98 കേസ്സുകൾ രജിസ്റ്റർ ചെയ്തുവെങ്കിലും ജില്ലാതല വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റികളുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 24 പേർക്ക് മാത്രമാണ് ധനസഹായം അനുവദിച്ചു നൽകാൻ കഴിഞ്ഞത്. പോലീസ് വകുപ്പിൽ നിന്നും യഥാ സമയം പ്രഥമ വിവര റിപ്പോർട്ട് തയ്യാറാക്കി ലഭിക്കാത്തത് ധനസഹായം അനുവദിക്കുന്നതിന് കാലതാമസമുണ്ടാക്കുന്നുണ്ട്. 2006-2007 വർഷത്തിൽ ഈയിനത്തിൽ മുൻ വർഷത്തെ കേസ്സുകൾ ഉൾപ്പെടെ 44 പേർക്ക് ധനസഹായമായി 19.33 ലക്ഷം രൂപ ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈയിനത്തിലുള്ള ധനസഹായം യഥാസമയം നല്കുന്നതിന് സഹായിക്കത്തക്ക വിധത്തിൽ ജില്ലാ കളക്ടറുടെയും, പട്ടികവർഗ്ഗ വികസന വകുപ്പ് ഓഫീസറുടെയും സംയുക്ത TP അക്കൗണ്ട് ഉണ്ടായിരുന്നത് 2002-ൽ നിർത്തലാക്കിയതും കാലതാമസത്തിനിടയാക്കിയിരുന്നു. ഇത് ഇപ്പോൾ പുനരാരംഭിക്കുകയും, ധനസഹായ നിരക്കുകൾ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇപ്പോൾ പോലീസ് വകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും കാര്യക്ഷമമായ വിധത്തിൽ സഹകരിച്ചു പ്രവർത്തിക്കുകയും ചെയ്തു വരുന്നു. അതിക്രമങ്ങൾക്ക് വിധേയരാവുന്ന പട്ടികവർഗ്ഗക്കാർക്ക് വേണ്ടി 50 % കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ബജറ്റിൽ തുക ലഭിക്കുന്നുണ്ടെങ്കിലും പട്ടികവർഗ്ഗ വികസന വകുപ്പ് ചെലവഴിക്കുന്ന തുക കേന്ദ്ര ഗവൺമെന്റിന്റെ സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും അനുവദിച്ചു

കിട്ടുന്നില്ല. ഇതിന് കാരണം ട്രൈബൽ അഫയേഴ്സ് മിനിസ്ട്രിക്ക് (MOTA) ഇത് സംബന്ധിച്ച് ഒരു സ്കീം നിലവിലില്ലാത്തതിനാലാണ്. ഈ ആവശ്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ നടപടി എടുത്തിട്ടുണ്ട്. അതിക്രമങ്ങൾക്ക് വിധേയരാവുന്നവർക്ക് യഥാസമയം സഹായധനം ലഭ്യമാകുന്നതിനും, കേസ്സുകൾ ഫലപ്രദമായി നടത്തുവാനും ഉതകും വിധം സർക്കാർ നല്കുന്ന സഹായ ധനം സർക്കാർ ഉത്തരവ് (സാധാരണ) നമ്പർ 847/2009/പ.ജ.പ.വ.വി.വ. തീയതി 7-8-2009, സർക്കാർ ഉത്തരവ് (സാധാരണ) നമ്പർ 27/2009/പ.ജ.പ.വ.വി.വ. തീയതി 25-2-2009, സർക്കാർ ഉത്തരവ് (സാധാരണ) നമ്പർ 1028/2009/പ.ജ.പ.വ.വി.വ. തീയതി 25-9-2009 പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

26-5-2010-ലെ സമിതിയോഗം ആവശ്യപ്പെട്ട അധികവിവരം

ഖണ്ഡിക 79 മേലുള്ള മറുപടി തൃപ്തികരമല്ലെന്ന് സമിതി അഭിപ്രായപ്പെടുകയും കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലും ലഭിച്ച തുക ലാപ്സാക്കിയ ഉദ്യോഗസ്ഥരുടെ പേരിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് ബന്ധപ്പെട്ട വകുപ്പിനോട് ആരായാൻ തീരുമാനിക്കുകയും ചെയ്തു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

2006-07 വർഷം മുതൽ പട്ടിജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണവും വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിവരവും ചുവടെ ചേർക്കുന്നു:

| വർഷം | വകയിരുത്തിയ തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക | കേസ്സുകളുടെ എണ്ണം |
|---|---|---|---|
| 2006-07 | 20 | 13.60 | 11 |
| 2007-08 | 20 | 8.95 | 22 |
| 2008-09 | 20 | 8.31 | 85 |
| 2009-10 | 20 | 7.25 | 93 |
| 2010-11 | 30 | 29.78 | 84 |

1989-ലെ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമമനുസരിച്ച് കേസ്സുകൾ രജിസ്റ്റർ ചെയ്തു. FIR-ന്റെ പകർപ്പ് ലഭ്യമാകുന്ന മുറയ്ക്കു ജില്ലാതല

കമ്മിറ്റിയുടെ അംഗീകാരത്തോടെ അർഹമായ ഹാനിപൂരണത്തിന്റെ (solatium) 50% മുൻകൂറായി നല്കിവരുന്നു. ശേഷിച്ച തുക കേസ്സിന്റെ തീർപ്പിന് വിധേയമായാണ് നല്കി വരുന്നത്.

അതിക്രമങ്ങൾക്കിരയാകുന്നവരും സാക്ഷിയാകുന്നവരുമായ പട്ടികവർഗ്ഗക്കാർക്ക് യാത്രപ്പടിയും ദിനബത്തയും കൊടുക്കുന്നതിന് സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1028/09 പ.ജ.പ.വ.വി.വ. പ്രകാരം 25-9-2009 മുതലാണ് അനുമതി ലഭിച്ചത്. അർഹരായ എല്ലാവർക്കും നിയമാനുസൃതം കാലതാമസം കൂടാതെ ആനുകൂല്യം നൽകുന്നതിന് വകുപ്പ് ശ്രദ്ധചെലുത്തിപ്പോരുന്നുണ്ട്. അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കുന്നതിന് നീക്കിവയ്ക്കുന്ന തുക പൂർണ്ണമായും ചെലവഴിക്കാനാവാതെ വരുന്നത് പട്ടികവർഗ്ഗ വികസന വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയല്ല എന്നും ബോധിപ്പിച്ചുകൊള്ളുന്നു.

**ശിപാർശ 3 & 4 (ഖണ്ഡിക 83)**

സ്വന്തമായി കെട്ടിടമില്ലാതെ വാടക കെട്ടിടങ്ങളിൽ ഹോസ്റ്റലുകൾ പ്രവർത്തിക്കേണ്ടി വരുന്നതിനാൽ ഭീമമായൊരു തുക വാടകയിനത്തിൽ നൽകേണ്ടിവരുന്നതു മാത്രമല്ല വാടക യഥാസമയം കെട്ടിടയുടമകൾക്ക് നൽകാനാവാത്തതുമൂലവും മറ്റ് പല കാരണങ്ങളാലും കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്താത്തതിനാലും ഒട്ടു മിക്ക വാടക കെട്ടിടങ്ങളും നിലംപൊത്താറായ സ്ഥിതിയിലാണെന്ന് സമിതി മനസ്സിലാക്കുന്നു. മഴക്കാലത്ത് ചോർന്നൊലിക്കുന്ന വാടകകെട്ടിടങ്ങളിലും നിലം പൊത്താറായ കെട്ടിടങ്ങളിലും സ്ഥല സൗകര്യമില്ലാത്ത കെട്ടിടങ്ങളിലും കുട്ടികളെ താമസിപ്പിക്കുന്നത് കുട്ടികളുടെ സുരക്ഷയ്ക്ക് തന്നെ ഭീക്ഷണിയാണെന്നും സമിതി കരുതുന്നു. ഇത്തരമൊരു സാഹചര്യത്തിൽ അനുവദിക്കുന്ന തുക പോലും ലാപ്സാകുന്ന പ്രവണത വകുപ്പിന്റെ ഭാഗത്തു നിന്നുള്ള നിരുത്തരവാദപരമായ സമീപനമാണെന്ന് സമിതി വിലയിരുത്തുന്നു. തുക ലാപ്സാകാൻ കാരണക്കാരായ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുകയും എന്തു നടപടി സ്വീകരിച്ചു എന്ന വിവരം സമിതിയെ അറിയിക്കുകയും ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

വരും വർഷങ്ങളിൽ വകുപ്പ് ടി കാര്യത്തിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കണമെന്നും എല്ലാ ഹോസ്റ്റലുകൾക്കും സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതിനായി ഈ പദ്ധതി പ്രകാരം വകയിരുത്തിയിരിക്കുന്ന തുക പ്രയോജനപ്രദമായി വിനിയോഗിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾക്ക് സ്വന്തമായി കെട്ടിടം പണിയാൻ ഭൂമി ലഭ്യമല്ലാത്തതിനാലാണ് വാടക കെട്ടിടങ്ങളിൽ ഹോസ്റ്റലുകൾ തുടർന്നും പ്രവർത്തിപ്പിക്കേണ്ടിവരുന്നത്. ഇപ്പോൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന

ഹോസ്റ്റലുകളിൽ 7 എണ്ണത്തിന് സ്വന്തം കെട്ടിടത്തിന്റെ നിർമ്മാണം പുരോഗതിയിലാണ്. കൂടാതെ 5 ഹോസ്റ്റലുകൾക്ക് കൂടി സ്ഥലം ലഭ്യമായിട്ടുണ്ട്.

വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പ്രീ മെട്രിക് ഹോസ്റ്റലുകൾക്ക് സ്ഥിരം കെട്ടിടം പണിയുന്നതിന് ഭൂമി കണ്ടെത്തി കെട്ടിടം പണിയുന്നതിന് ഊർജ്ജിതമായ നടപടി സ്വീകരിച്ചുവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിലെ 20 പ്രീ മെട്രിക് ഹോസ്റ്റലുകൾക്ക് കൂടി മാത്രമേ കെട്ടിടം പണിയുന്നതിന് ഭൂമി കണ്ടെത്തേണ്ടതായുള്ളു.

### ശിപാർശ 5 (ഖണ്ഡിക 85)

പട്ടികവർഗ്ഗത്തിന്റെ ഉന്നമനം ലക്ഷ്യമാക്കി തയ്യാറാക്കുന്ന പ്ലാൻ പദ്ധതികളിൽ അനുവദിക്കുന്ന തുക പൂർണ്ണമായും ചെലവഴിക്കുന്നില്ലെന്നത് സമിതി വളരെ ഗൗരവമായി കാണുന്നു. അനുവദിച്ച തുക പൂർണ്ണമായും ചെലവാക്കാത്തതിന്റെ ഉത്തരവാദിത്തം ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാക്കണമെന്നും ഭാവിയിൽ പ്ലാൻ പദ്ധതികളിൽ അനുവദിക്കുന്ന തുക പൂർണ്ണമായും ചെലവഴിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

പട്ടികവർഗ്ഗ വികസന വകുപ്പിൽ പ്ലാൻ വിഹിതമായി 2006-07, 2007-08, 2008-09 വർഷങ്ങളിൽ വകയിരുത്തിയ തുകയിൽ യഥാക്രമം 91.43%, 91.42%, 89.61% തുക ചെലവഴിച്ചിട്ടുണ്ട്. അനുവദിക്കുന്ന തുക പൂർണ്ണമായും നിർദ്ദിഷ്ടകാര്യത്തിന് ഫലപ്രദമായി ചെലവഴിക്കുന്നതിന് കർശനമായ നടപടി സ്വീകരിച്ചുവരുന്നു.

### ശിപാർശ 6 (ഖണ്ഡിക 87)

നോൺ-പ്ലാൻ പദ്ധതിയിൻ കീഴിൽ വരുന്ന വിവിധ ഇനങ്ങൾക്ക് വകയിരുത്തിയിരിക്കുന്ന തുക പുനഃപരിശോധിച്ച് അധികമെന്ന് തോന്നുന്നവയിൽ നിന്നും വക മാറ്റി തൊഴിൽ പരിശീലനത്തിനും, കച്ചവടത്തിനും അനുവദിക്കുന്ന തുക വർദ്ധിപ്പിക്കണമെന്നും സഞ്ചരിക്കുന്ന വൈദ്യ സഹായ യൂണിറ്റുകളുടെ എണ്ണം കൂട്ടണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

നോൺ - പ്ലാൻ ഇനത്തിൽ കാര്യമായ മിച്ചം ഉണ്ടാകാറില്ല. ഉണ്ടെങ്കിൽ തന്നെ ശമ്പളം ഇനത്തിലും അനുബന്ധ ശീർഷകങ്ങളിലുമാണ്. ആയത് വക മാറ്റി ചെലവഴിക്കാനാവില്ല. എന്നാൽ തൊഴിൽ പരിശീലനത്തിനുള്ള പദ്ധതികൾ പ്ലാൻ ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നു നടപ്പാക്കിവരുന്നുണ്ട്. ബന്ധപ്പെട്ട ഏജൻസികളുടെ സഹകരണത്തോടെ വസ്ത്ര നിർമ്മാണം, ഫുഡ് പ്രോസസ്സിംഗ് മുതലായ ഇനങ്ങളിൽ തൊഴിലധിഷ്ഠിത പരിശീലനം നല്കിവരുന്നുണ്ട്. കൂടാതെ പ്രത്യേക കേന്ദ്ര സഹായ പദ്ധതി

പ്രകാരം മോട്ടോർ ഡ്രൈവിംഗ് തുടങ്ങിയ ഇനങ്ങളിൽ പരിശീലനം നല്കിവരുന്നു. ആദിവാസി മേഖലകളിൽ സഞ്ചരിക്കുന്ന വൈദ്യസഹായ യൂണിറ്റുകൾ കൂടുതലായി അനുവദിക്കാൻ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട നടപടി സ്വീകരിക്കുന്നതാണ്.

<u>26-5-2010-ലെ സമിതി യോഗത്തിൽ ആവശ്യപ്പെട്ട അധികവിവരം</u>

ആദിവാസി മേഖലകളിൽ കൂടുതലായി എത്ര സഞ്ചരിക്കുന്ന വൈദ്യസഹായ യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ടെന്ന് ആരായാൻ തീരുമാനിച്ചു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

"ആരോഗ്യ വകുപ്പിന്റെയും ദേശീയഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെയും" കീഴിൽ 7 സഞ്ചരിക്കുന്ന വൈദ്യസഹായ യൂണിറ്റുകൾ സംസ്ഥാനത്ത് കൂടുതലായി അനുവദിച്ചിട്ടുണ്ട്. ഇവ വയനാട് - 2, മലപ്പുറം - 2 , തൃശ്ശൂർ - 1, കൊല്ലം - 1, പത്തനംതിട്ട - 1 എന്നീ പ്രകാരമാണ്.

**ശിപാർശ 7 (ഖണ്ഡിക 92)**

സർക്കാരിന്റെ ശ്രമഫലമായി കുറെ പട്ടികവർഗ്ഗ കുടുംബങ്ങളെ പലസ്ഥലങ്ങളിലായി പുനരധിവസിപ്പിച്ച് ഭൂമി പതിച്ചു നൽകിയെങ്കിലും ഭൂരഹിതരായ പട്ടികവർഗ്ഗക്കാർ ഇനിയും ധാരാളമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ ലിസ്റ്റ് സമയബന്ധിതമായി തയ്യാറാക്കി അവരെക്കൂടി പുനരധിവസിപ്പിച്ച് പട്ടയം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എത്രയും വേഗം പൂർത്തീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി നല്കി പുനരധിവസിപ്പിക്കുന്നത് ആദിവാസി പുനരധിവാസ വികസന മിഷൻ (Tribal Re-settlement & Development Mission) മുഖേനയാണ്. 2006-ലെ കേന്ദ്ര വനാവകാശ നിയമ പ്രകാരം വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികൾക്ക് അവരുടെ കൈവശ ഭൂമിയിൽ പട്ടയം ലഭിക്കുന്നതാണ്. ഇത് കൂടാതെ സർക്കാരിന്റെ മറ്റ് വകുപ്പുകളുടെ കൈവശമുള്ളതും റവന്യൂ പുറമ്പോക്ക് ഭൂമിയും മിച്ചഭൂമിയും ആദിവാസികൾക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. ആവശ്യമായ ഘട്ടങ്ങളിൽ ഭൂമി വിലയ്ക്ക് വാങ്ങി നല്കാനും നടപടി സ്വീകരിച്ചുവരുന്നു.

**ശിപാർശ 8 (ഖണ്ഡിക 93)**

സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന സന്ദർഭങ്ങളിൽ പട്ടികവർഗ്ഗക്കാർ തങ്ങളുടെ ഭൂമി ഇതര വിഭാഗക്കാർക്ക് തുച്ഛമായ വിലയ്ക്ക് പണയം വയ്ക്കുകയും പണം

നൽകിയവർ പ്രസ്തുത ഭൂമിയിൽ വർഷങ്ങളോളം റബ്ബറും മറ്റും കൃഷി ചെയ്ത് വൻലാഭമുണ്ടാക്കുകയും ചെയ്യുന്നതായും കാലക്രമേണ പണം തിരികെ നൽകാൻ പട്ടികവിഭാഗക്കാർക്ക് സാധിക്കാതെ വരുന്ന സാഹചര്യത്തിൽ ക്രമേണ ഭൂമി കൈവശപ്പെടുത്തുകയും ചെയ്യുന്നതായി സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. പട്ടികവർഗ്ഗ പെൺകുട്ടികളെ വിവാഹം ചെയ്യുക വഴി അവരുടെ ഭൂമി സ്വന്തമാക്കുന്ന ഇതര സമുദായക്കാരുടെ തന്ത്രങ്ങളും സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇതിനു പുറമേ ആദിവാസികളുടെ പക്കൽ നിന്നും അവരെ കബളിപ്പിച്ച് റേഷൻ കാർഡ്, വസ്തുവിന്റെ ആധാരം തുടങ്ങിയവ കൈക്കലാക്കി അവരുടെ പേരിൽ മറ്റുള്ളവർ കടം എടുക്കുന്ന സംഭവങ്ങളും വിരളമല്ല. ആയതിനാൽ ഇത്തരം പ്രവണതകൾ കർശനമായി തടയുന്നതിന് പട്ടികവർഗ്ഗക്കാരെ ബോധവൽക്കരിച്ച് ചൂഷണങ്ങളിൽ അകപ്പെടാതെ സംരക്ഷിക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

ചൂഷണത്തിനെതിരെ പട്ടികവർഗ്ഗക്കാരെ ബോധവൽക്കരിക്കുന്നതിൽ ഈ വകുപ്പിൽ ലഭ്യമായ ഫണ്ട് വിനിയോഗിച്ച് സെമിനാറുകളും, ബോധവൽക്കരണ ക്യാമ്പുകളും പട്ടികവർഗ്ഗ കോളനികളിൽ നടത്തിവരുന്നു. പട്ടികവർഗ്ഗ പ്രൊമോട്ടർമാർ വഴിയും, പട്ടികവർഗ്ഗ മേഖലയിലെ കുടുംബശ്രീ യൂണിറ്റുകൾ മുഖേനയും ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചുവരുന്നു. ആദിവാസികളെ ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെടുമ്പോൾ ഇക്കാര്യത്തിൽ പോലീസ്, റവന്യൂ വകുപ്പുകളുടെ സഹായത്തോടുകൂടി ശക്തമായ ഇടപെടൽ വകുപ്പ് നടത്തുന്നുണ്ട്. ബോധവൽക്കരണത്തിനായി ഏറ്റവും നല്ല മാർഗ്ഗം വിദ്യാഭ്യാസമാണെന്നതിനാൽ ഈ മേഖലയിലാണ് പട്ടികവർഗ്ഗ വികസന വകുപ്പ് പരമാവധി തുക വിനിയോഗിക്കുന്നത്.

**തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി**

അഹാഡ്സിന്റെ ആഭിമുഖ്യത്തിൽ പരിശീലന ബോധവത്കരണ പരിപാടികൾ നിരന്തരം സംഘടിപ്പിച്ചു വരുന്നു.

26-5-2010-ലെ സമിതിയോഗം ആവശ്യപ്പെട്ട അധിക വിവരം

കേന്ദ്ര ഗവൺമെന്റ് സ്കീം അനുസരിച്ച് പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗക്കാർക്കായി മാത്രം അനുവദിച്ച ആനുകൂല്യങ്ങൾ അവർക്കു തന്നെ ലഭ്യമാക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിന് ഇത് സംബന്ധിച്ച് വകുപ്പിൽ എന്തെങ്കിലും ലിസ്റ്റ് നിലവിലുണ്ടോയെന്ന് ആരായുന്നതിനായി വകുപ്പ് സെക്രട്ടറിയിൽ നിന്ന് തെളിവെടുപ്പ് നടത്താൻ തീരുമാനിച്ചു. തുടർന്ന് 25-1-2012-ൽ തെളിവെടുപ്പ് നടത്തുകയുണ്ടായി.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

കേന്ദ്ര സർക്കാർ പട്ടികവർഗ്ഗ വിഭാഗക്കാർക്കായി അനുവദിക്കുന്ന ആനുകൂല്യങ്ങൾ / പദ്ധതികൾ കേരള സർക്കാർ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. സംസ്ഥാന സർക്കാർ നൽകുന്ന ശിപാർശയ്ക്ക് അനുസൃതമായും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായും കേന്ദ്ര സർക്കാർ ധനസഹായം അനുവദിക്കുന്നു.

കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളിൽ മുഖ്യമായും വ്യക്തിഗതാനുകൂല്യങ്ങൾ നൽകി വരുന്നത് പ്രീമെട്രിക്/പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ധനസഹായ വിതരണ പദ്ധതി, അതിക്രമങ്ങൾക്കിരയായവർക്ക് ധനസഹായം എന്നിവയാണ്.

സർക്കാർ ആനുകൂല്യങ്ങൾ / ധനസഹായം മുൻകൂർ ഗുണഭോക്താക്കൾക്ക് നൽകി കണക്കുകൾ കേന്ദ്ര സർക്കാരിന് ലഭ്യമാക്കി വരുന്നു. ഈ ആനുകൂല്യങ്ങൾ നിലവിൽ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്യുന്നു. പ്രസ്തുത ഗുണഭോക്താക്കളുടെ വർഷം തിരിച്ചുള്ള ലിസ്റ്റ് വകുപ്പിൽ ലഭ്യമാണ് - അനുബന്ധം I ആയി ചേർത്തിരിക്കുന്നു.

സമഗ്ര വികസനത്തിനായുള്ള മറ്റുള്ള പദ്ധതികൾക്ക് കേന്ദ്ര സർക്കാർ മുൻകൂർ ധനസഹായം അനുവദിക്കുകയും ആയത് ഉചിതമായ രീതിയിൽ ചെലവഴിച്ച് കേന്ദ്ര സർക്കാരിന് വിനിയോഗ സാക്ഷ്യപത്രം നൽകുകയും ചെയ്യുന്നു.

ഇപ്രകാരം കേന്ദ്ര സർക്കാർ മുഖാന്തിരം കേരളത്തിലെ പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ ഉന്നമനത്തിനായി നടപ്പിലാക്കിയിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ വകുപ്പിൽ ലഭ്യമാണ് - അനുബന്ധം I എ ചേർത്തിരിക്കുന്നു.

കേന്ദ്ര സർക്കാർ സ്കീം അനുസരിച്ച് പട്ടികവർഗ്ഗക്കാർക്കായി അനുവദിച്ച ആനുകൂല്യങ്ങൾ അവർക്ക് തന്നെ ലഭ്യമാകുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിന് വകുപ്പ് കാലാകാലങ്ങളിൽ നടപടി സ്വീകരിച്ചു വരുന്നു.

**ശിപാർശ 9 (ഖണ്ഡിക 94)**

പട്ടികവർഗ്ഗക്കാർക്ക് സർക്കാർ പതിച്ചു നല്കുന്ന ഭൂമി ഇതര വിഭാഗക്കാർ കൈവശപ്പെടുത്തുന്നത് തടയാൻ നിലവിൽ നിയമമുണ്ടായിട്ടും ഫലപ്രദമായി നടപ്പാക്കുന്നതായി കാണുന്നില്ല. ആയതിനാൽ ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ അവശ്യം വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

പട്ടികവർഗ്ഗക്കാരുടെ ഭൂമി അന്യാധീനപ്പെടുന്നത് തടയുന്നതിനുള്ള 1999-ലെ നിയമം ഊർജ്ജിതമായി നടപ്പാക്കുന്നതിന് റവന്യൂ വകുപ്പ് ഇപ്പോൾ നടപടി സ്വീകരിച്ചുവരുന്നു.

## ശിപാർശ 10 (ഖണ്ഡിക 95)

നിലവിൽ പട്ടികവർഗ്ഗക്കാരുടെ അന്യാധീനപ്പെട്ട ഭൂമി കുടിയേറ്റക്കാരിൽ നിന്നു തിരികെ പിടിച്ചു നല്കുന്നതിന് നിയമം ഉണ്ടെങ്കിലും ഇനിയും തിരികെ പിടിച്ചെടുക്കാൻ കഴിയാത്ത കേസ്സുകൾ ധാരാളം ഉണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇത്തരം കേസ്സുകളിലെ നിയമ നടപടിക്രമങ്ങൾ ഊർജ്ജിതപ്പെടുത്തി ഭൂമി തിരിച്ചുപിടിച്ചു നല്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### റവന്യൂ വകുപ്പ് സ്വീകരിച്ച നടപടി

1999-ലെ കേരള പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും ആക്ടിന്റെ (Act 12 of 1999) സെക്ഷൻ 5 (1), 5 (2), 6, 22 എന്നിവ 24-8-2000-ലെ OP No. 25332/99-ന്റെ വിധി പ്രകാരം ബഹു. ഹൈക്കോടതി റദ്ദാക്കുകയും ഇതിനെതിരെ ഫയൽ ചെയ്ത SLP യിൽ ബഹു. സുപ്രീം കോടതി ഈ വിധി സ്റ്റേ ചെയ്യുകയും ഈ SLP ഇപ്പോഴും സുപ്രീം കോടതിയുടെ സജീവ പരിഗണനയിലുമാണ്. സുപ്രീം കോടതിയുടെ അന്തിമ വിധിക്ക് വിധേയമായി മാത്രമേ അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുത്ത് നൽകാൻ സാധിക്കുകയുള്ളു എന്ന വിവരം അറിയിക്കുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

പട്ടികവർഗ്ഗക്കാരുടെ ഭൂമി അന്യാധീനപ്പെടുന്നത് തടയുന്നതിനുള്ള 1999-ലെ നിയമം ഊർജ്ജിതമായി നടപ്പാക്കുന്നതിന് റവന്യൂ വകുപ്പ് ഇപ്പോൾ നടപടി സ്വീകരിച്ചു വരുന്നു.

## ശിപാർശ 11 (ഖണ്ഡിക 96)

പല പട്ടികവർഗ്ഗ സങ്കേതങ്ങളിലും മൃതിയടയുന്ന ബന്ധുക്കളുടെ മൃതദേഹം സംസ്കരിക്കുവാൻ ആറടിമണ്ണ് സ്വന്തമായില്ലാതെ മണിക്കൂറുകളോളം അലയേണ്ടിവരുന്ന ദുരവസ്ഥയും വീടിന്റെ ഭാഗമോ, തറയോ പൊളിച്ചു മാറ്റി മൃതശരീരം അടക്കം ചെയ്തിട്ടുള്ള സംഭവങ്ങളും ഉണ്ടായിട്ടുള്ളതായി സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇത്തരം അവസ്ഥകൾ ഇപ്പോഴും സമൂഹത്തിൽ നിലനിൽക്കുന്നു എന്ന വസ്തുത സമിതി ഗൗരവമായി കാണുന്നു. ആയതിനാൽ ജനസാന്ദ്രത കൂടുതലുള്ള പട്ടികവർഗ്ഗ സങ്കേതങ്ങൾക്ക് സമീപം ആവശ്യമായ ഭൂമി ശ്മശാനത്തിനായി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

പട്ടികവർഗ്ഗക്കാരുടെ ഇടയിൽ നിന്നും ഇത്തരം ആവശ്യം ഉണ്ടായിട്ടില്ല. ജന സാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിൽ പഞ്ചായത്തുകൾക്ക് ഗ്രാന്റ്-ഇൻ-എയ്ഡായി നൽകിയിട്ടുള്ള Tribal Sub Plan Fund ഉപയോഗിച്ച് ഇവർക്ക് പ്രത്യേകമായി ശ്മശാന ഭൂമി ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെടാവുന്നതാണ്

**തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166-ാം വകുപ്പ് പ്രകാരം ശ്മശാനങ്ങൾ സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്നത് ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയായി ഉൾപ്പെടുത്തിയിട്ടുണ്ട്. 11-ാം പഞ്ചവത്സര പദ്ധതിയുടെ രൂപീകരണത്തിനായി പുറപ്പെടുവിച്ചിട്ടുള്ള 14-5-07-ലെ സ. ഉ. (എം. എസ്.) നമ്പർ 128/ 2007/ത.സ്വ.ഭ.വ. നമ്പർ മാർഗ്ഗ നിർദ്ദേശത്തിൽ ഗ്രാമപഞ്ചായത്തുകൾ നിർബന്ധമായും ശ്മശാന നിർമ്മാണം ഏറ്റെടുക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നു. ഇതനുസരിച്ച് സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും ശ്മശാനങ്ങൾ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ ഓരോ സാമ്പത്തിക വർഷവും തെരഞ്ഞെടുക്കപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾക്ക് സർക്കാരിൽ നിന്നും ധനസഹായം നല്കിവരുന്നുണ്ട്. പട്ടികവിഭാഗക്കാർ താമസിക്കുന്ന സ്ഥലങ്ങളിലെ അവരുടെ അംഗസംഖ്യയനുസരിച്ച് മാത്രമേ പൊതു പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ സാധിക്കു. ജനസാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിൽ മാത്രമാണ് ശ്മശാന നിർമ്മാണത്തിനായി പദ്ധതികൾ നടപ്പാക്കാൻ കഴിയുന്നത്. കൂടാതെ ശ്മശാന നിർമ്മാണത്തിന് സ്ഥലം വിട്ടുകിട്ടുന്നതിനുള്ള ബുദ്ധിമുട്ട് ഗ്രാമപഞ്ചായത്തുകൾ നേരിടുന്നുണ്ട്. എങ്കിലും ജനസാന്ദ്രത കൂടുതലുള്ള പട്ടികവർഗ്ഗ സങ്കേതങ്ങൾക്ക് സമീപം സ്ഥല ലഭ്യതയ്ക്കനുസരിച്ച് ശ്മശാന നിർമ്മാണത്തിനുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്ക് തന്നെ ഏറ്റെടുത്ത് നടത്തുവാൻ കഴിയുന്നതാണ്.

**ശിപാർശ 12 (ഖണ്ഡിക 99 & 100)**

പട്ടികവർഗ്ഗ വിഭാഗങ്ങൾക്കനുവദിക്കുന്ന ഭവന നിർമ്മാണ വായ്പ സംസ്ഥാന സർക്കാർ 42,000 രൂപയിൽ നിന്നും 75,000 രൂപയായി ഉയർത്തുകയുണ്ടായി. നിലവിൽ ഭവന രഹിത പട്ടികവർഗ്ഗക്കാരുടെ കൃത്യമായ കണക്കുകൾ ശേഖരിച്ച് സമിതിയെ അറിയിക്കണമെന്നും, അവർക്ക് സമയബന്ധിതമായി പാർപ്പിടങ്ങൾ നിർമ്മിച്ച് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

പട്ടികവർഗ്ഗ വികസന വകുപ്പിൽ ശേഖരിച്ച വിവരപ്രകാരം 1-4-2009-ൽ സംസ്ഥാനത്ത് 30,801 ഭവന രഹിത പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്. ഇതിൽ 16544 കുടുംബങ്ങൾ സ്വന്തമായി ഭൂമി ഉള്ളവരും, 14257 കുടുംബങ്ങൾ ഭൂമിയില്ലാത്തവരുമാണ്. ഇതിന്റെ ജില്ല തിരിച്ചുള്ള എണ്ണം ഇതോടൊപ്പം സമർപ്പിക്കുന്നു.

| ക്രമ നമ്പർ | ജില്ല | ഭൂമിയില്ലാത്ത കുടുംബങ്ങൾ | വീടില്ലാത്ത കുടുംബങ്ങൾ | ഭൂമിയും വീടുമില്ലാത്ത കുടുംബങ്ങൾ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 16 | 1589 | 1573 |
| 2 | കൊല്ലം | 76 | 234 | 158 |
| 3 | ആലപ്പുഴ | 212 | 313 | 101 |
| 4 | പത്തനംതിട്ട | 128 | 510 | 382 |
| 5 | കോട്ടയം | 206 | 454 | 248 |
| 6 | ഇടുക്കി | 453 | 4248 | 3795 |
| 7 | എറണാകുളം | 194 | 860 | 666 |
| 8 | തൃശ്ശൂർ | 74 | 281 | 207 |
| 9 | പാലക്കാട് | 1826 | 3413 | 1587 |
| 10 | മലപ്പുറം | 733 | 1391 | 658 |
| 11 | കോഴിക്കോട് | 301 | 568 | 267 |
| 12 | വയനാട് | 7933 | 12437 | 4504 |
| 13 | കണ്ണൂർ | 890 | 1161 | 271 |
| 14 | കാസർഗോഡ് | 1215 | 3342 | 2127 |
| | ആകെ | 14257 | 30801 | 16544 |

ഭൂമിയുള്ള എല്ലാ കുടുംബങ്ങൾക്കും ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയിലും, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതികളിലും ഉൾപ്പെടുത്തി ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഭൂരഹിതരായവർക്ക് ഭൂമിയും വീടും അനുവദിക്കുന്നതിന് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേനയും നടപടി പുരോഗമിക്കുന്നു.

### തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി

അട്ടപ്പാടിയിലെ 24 ഊരുകൾക്ക് അഹാഡ്സിന്റെ സമ്പൂർണ്ണ ഊരുവികസന പരിപാടിയിൽ ഉൾപ്പെടുത്തി വീടുകൾ നിർമ്മിച്ചു നൽകി വരുന്നു. 31 ഊരുകൾ കൂടി 2009-10 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### ശിപാർശ 13 (ഖണ്ഡിക 107)

പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കും മറ്റുമുള്ള പ്രവേശനത്തിന് പട്ടികവർഗ്ഗക്കാർക്ക് സംവരണം ഉണ്ടായിരുന്നിട്ടുപോലും മെഡിക്കൽ-പാരാമെഡിക്കൽ കോഴ്സുകൾക്കും സാങ്കേതിക വിദ്യാഭ്യാസ കോഴ്സുകൾക്കും പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം വളരെ കുറവാണെന്നു കാണാം. ആയതിനാൽ പ്രൊഫഷണൽ കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് പരിശീലനം നൽകാനായി ഓരോ ജില്ലയിലും പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

പൊതു പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രൊഫഷണൽ കോഴ്സുകൾക്കുള്ള പൊതു പ്രവേശനപരീക്ഷയ്ക്ക് മുമ്പായി തീവ്രപരിശീലന പരിപാടി 2006-2007 മുതൽ നടത്തിവരുന്നു. എം.ബി.ബി.എസ്./ബി.ഡി.എസ്. കോഴ്സുകൾക്ക് പട്ടിക വർഗ്ഗക്കാർക്ക് സംവരണം ചെയ്ത സീറ്റിലേക്ക് മതിയായ യോഗ്യരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അഭാവത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ അനുമതിയോടുകൂടി പ്രത്യേക കോച്ചിംഗ് നൽകി പ്രത്യേക പ്രവേശന പരീക്ഷ നടത്തി 2008, 2009 വർഷങ്ങളിൽ പ്രവേശനം നൽകിയിട്ടുണ്ട്.

### ശിപാർശ 14 (ഖണ്ഡിക 111)

ട്രൈബൽ/ വെൽഫെയർ ബോർഡുകളിലെ ലോവർ പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന എസ്.ടി. വിദ്യാർത്ഥികൾക്ക് 2 ജോഡി വസ്ത്രം നൽകുന്നതിനുവേണ്ടി 2225-02-277-96 ശീർഷകത്തിൽ തുക വകയിരുത്തിയിരിക്കുന്നു. ഇതിനുള്ള ചെലവ് ഒരു കുട്ടിക്ക് 250 രൂപയായി നിജപ്പെടുത്തിയിരിക്കുന്നത് അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത തുക 500 രൂപയായി ഉയർത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

ഗവൺമെന്റ് വെൽഫെയർ ട്രൈബൽ സ്കൂളുകളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഒരു വർഷം രണ്ട് ജോഡി വസ്ത്രം വിതരണം ചെയ്യുന്നതിന് നിലവിലുള്ള 250 രൂപ 500 രൂപയായി വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്.

<u>2-6-2010-ലെ സമിതി യോഗം ആവശ്യപ്പെട്ട അധികവിവരം</u>

പ്രസ്തുത ഖണ്ഡികയിലെ ശിപാർശ നടപ്പിലാക്കിയിട്ടുണ്ടോ എന്നാരായാൻ തീരുമാനിച്ചു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

ശിപാർശ നടപ്പിലാക്കിയിട്ടുണ്ട്. 29-3-2010-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 373/10/പ.ജ.പ.വ.വി.വ. പ്രകാരം ടി തുക 250 രൂപയിൽ നിന്ന് 500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ വർദ്ധിപ്പിച്ച നിരക്കിലുള്ള ആനുകൂല്യം നൽകി വരുന്നുണ്ട്.

**ശിപാർശ 15 (ഖണ്ഡിക 116)**

2005-2006 വർഷത്തിൽ ചെലവായ തുകയുടെ കണക്ക് ലഭിച്ചിട്ടില്ല. ഇന്നത്തെ സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് പ്രോത്സാഹന ധനസഹായമായി നൽകി വരുന്ന 50 രൂപ വളരെ കുറവാണെന്നും തുക കുറച്ചുകൂടി വർദ്ധിപ്പിച്ചാൽ കുട്ടികൾക്ക് അതൊരു നല്ല പ്രോത്സാഹനമാകുമെന്നും സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ ടി തുക 50 രൂപയിൽ നിന്നും 200 രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

സമിതിയുടെ ശിപാർശയനുസരിച്ച് പ്രൈമറി തലത്തിൽ ആദിവാസി വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് തടയുന്നതിനുള്ള പ്രോത്സാഹന ധനസഹായം വർദ്ധിപ്പിക്കുന്നതിന് നോൺ പ്ലാൻ ഇനത്തിൽ കൂടുതൽ തുക വകയിരുത്താനും തുക വർദ്ധിപ്പിക്കുവാനും നടപടി സ്വീകരിക്കുന്നതാണ്.

**ശിപാർശ 16 (ഖണ്ഡിക 120)**

ഇന്നത്തെ സാഹചര്യത്തിൽ പ്രതിമാസ ബോർഡിംഗ് ഗ്രാന്റായ 500 രൂപ വളരെ കുറവായതിനാൽ ടി തുക 750 രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള സബ്സിഡൈസ്ഡ് ഹോസ്റ്റലുകളിലെ ബോർഡിംഗ് ഗ്രാന്റ് 5 മുതൽ 10 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് 600 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

### ശിപാർശ 17 (ഖണ്ഡിക 123)

2006-07 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ 250 ലക്ഷം രൂപ ഈ ആവശ്യത്തിലേയ്ക്ക് മതിയാകാതെ വരുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കുടിശ്ശിക ഉൾപ്പെടെയുള്ള തുക കൊടുത്തു തീർക്കുവാൻ വരും വർഷങ്ങളിൽ കൂടുതൽ തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

മെട്രിക്കുലേഷന് ശേഷമുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനത്തിന് മതിയായ തുക ഇപ്പോൾ ബജറ്റിൽ വകയിരുത്തി കിട്ടുന്നുണ്ട്. ഈയിനത്തിൽ കുടിശ്ശികയൊന്നും നിലവിലില്ല.

### ശിപാർശ 18 (ഖണ്ഡിക 125)

2002-03 മുതൽ 2005-06 വരെ വകയിരുത്തിയിരിക്കുന്ന തുകയും ചെലവായ തുകയും പരിശോധിച്ചതിൽ ടി സ്കൂളുകളുടെ പ്രവർത്തനങ്ങൾക്ക് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. സ്കൂളുകളിലെ കുട്ടികളുടെ ഭക്ഷണ ചെലവിനായി തുക കാലോചിതമായി പരിഷ്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

മോഡൽ റസിഡൻഷ്യൽ സ്കൂൾ, പ്രീമെട്രിക് ഹോസ്റ്റൽ എന്നിവിടങ്ങളിലെ എസ്.എസ്.എൽ.സി. വരെയുള്ള വിദ്യാർത്ഥികളുടെ മെസ്സ് ചാർജ്ജ് 2009-2010 വർഷം മുതൽ പ്രതിമാസം 1,300 രൂപയായും, പ്ലസ് ടു വിദ്യാർത്ഥികളുടെ മെസ്സ് ചാർജ്ജ് പ്രതിമാസം 1,500 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

### ശിപാർശ 19 (ഖണ്ഡിക 126)

ചില റസിഡൻഷ്യൽ സ്കൂളുകൾ നല്ല രീതിയിൽ മുന്നോട്ടു പോകുന്നുണ്ടെങ്കിലും മറ്റുള്ളവയുടെ ഭൗതിക സാഹചര്യങ്ങളും പ്രവർത്തനങ്ങളും തൃപ്തികരമല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആദിവാസികൾക്കായി നടത്തുന്ന സ്ഥാപനങ്ങൾ നിരന്തരം സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തണമെന്നും തൃപ്തികരമല്ലാത്ത സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ ശ്രദ്ധിക്കണമെന്നും ഇതിനായി ഒരു മോണിറ്ററിംഗ് കമ്മിറ്റി ഉണ്ടാക്കണമെന്നും ഇതിൽ അദ്ധ്യാപന പരിചയമുള്ള ഒരംഗമെങ്കിലും ഉണ്ടായിരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

പട്ടികവർഗ്ഗ വികസന വകുപ്പിലെ മോഡൽ റസിഡൻഷ്യൽ സ്കൂൾ, പ്രീ മെട്രിക്/ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവയ്ക്ക് ജനപ്രതിനിധികളെ കൂടി ഉൾപ്പെടുത്തി അഡ്വൈസറി കമ്മിറ്റി രൂപീകരിച്ച് അവയുടെ സുഗമവും മെച്ചപ്പെട്ടതുമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനും വിദ്യാർത്ഥികളുടെ അക്കാദമിക്ക് പ്രവർത്തനം മികവുറ്റതാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

### 2-6-2010-ലെ സമിതി യോഗം ആവശ്യപ്പെട്ട അധികവിവരം

ആദിവാസികൾക്കായി നടത്തുന്ന സ്ഥാപനങ്ങൾ നിരന്തരം സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വേണ്ടി മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കണമെന്നും ഇതിൽ അദ്ധ്യാപന പരിചയമുള്ള ഒരംഗമെങ്കിലും ഉണ്ടായിരിക്കണമെന്നുമുള്ള സമിതിയുടെ ശിപാർശ നടപ്പിലാക്കാത്തത് എന്തുകൊണ്ടാണെന്ന് ആരായാൻ തീരുമാനിച്ചു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

പട്ടികവർഗ്ഗ വികസന വകുപ്പിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിന് സ്ഥലം എം.എൽ.എ., സ്കൂൾ പ്രിൻസിപ്പൽ, ഹെഡ്മാസ്റ്റർ, അദ്ധ്യാപക പ്രതിനിധി എന്നിവർ ഉൾപ്പെടുന്ന ജില്ലാതല എക്സിക്യൂട്ടീവ് കമ്മിറ്റി പ്രവർത്തിച്ചു വരുന്നു. സ്ഥാപനത്തിന്റെ പ്രവർത്തനം മോണിറ്റർ ചെയ്യുക, അക്കാദമിക് നിലവാരം ഉയർത്തുന്നതിന് ഭൗതിക പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുന്നതിനും മികച്ച രീതിയിൽ പഠനാനുബന്ധ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഫലപ്രദമായി ഇടപെടുക എന്നീ ഉദ്ദേശ്യത്തോടെ സ്ഥലം എം.എൽ.എ.യുടെ അദ്ധ്യക്ഷത്തിൽ ത്രിതല പഞ്ചായത്ത് ഭാരവാഹികളും, മെമ്പർമാരും, അദ്ധ്യാപക-വിദ്യാർത്ഥി-രക്ഷാകർത്തൃ പ്രതിനിധികളുമടങ്ങുന്ന ഉപദേശകസമിതിയും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

### ശിപാർശ 20 & 21 (ഖണ്ഡിക 127)

മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ നിയമിക്കുന്ന അദ്ധ്യാപകർ സ്ഥലം മാറ്റം വാങ്ങി പോവുകയോ ദീർഘകാല അവധിയെടുക്കുകയോ ചെയ്യുന്ന പ്രവണത സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇത് വിദ്യാർത്ഥികളുടെ പഠന നിലവാരത്തെ ദോഷകരമായി ബാധിക്കുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ സാഹചര്യം ഒഴിവാക്കേണ്ടതാണെന്നും പ്രസ്തുത സ്കൂളുകളിൽ നിയമനം നടത്തുമ്പോൾ ചുരുങ്ങിയത് 3 വർഷത്തേയെങ്കിലും സേവനം ഉറപ്പു വരുത്തണമെന്നും മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സൗകര്യമുള്ള ക്വാർട്ടേഴ്സ് നൽകി അദ്ധ്യാപകർ ക്വാർട്ടേഴ്സിൽ തന്നെ താമസിക്കണമെന്ന് നിഷ്കർഷിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

പട്ടികവർഗ്ഗ വികസന വകുപ്പിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ അദ്ധ്യാപക തസ്തികയിലേക്കുള്ള ഒഴിവുകളിൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും മതിയായ അദ്ധ്യാപകരെ ലഭിക്കാതെവരുന്ന സാഹചര്യത്തിൽ കരാർ അടിസ്ഥാനത്തിൽ നിയോഗിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ കഴിയുന്നത്ര അദ്ധ്യാപകരുടെ തുടർച്ചയായ സേവനം ലഭ്യമാക്കുന്നതിന് കഴിയുന്നുണ്ട്.

ക്വാർട്ടേഴ്സുകൾ ലഭ്യമായ സ്ഥലങ്ങളിൽ അദ്ധ്യാപകരെ ക്വാർട്ടേഴ്സിൽ താമസിക്കുന്നതിന് സമ്മർദ്ദം ചെലുത്തി വരുന്നു. കരാർ അടിസ്ഥാനത്തിൽ നിയോഗിക്കുന്നവരെ നിർബന്ധമായും ക്വാർട്ടേഴ്സിൽ താമസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

### ശിപാർശ 22 (ഖണ്ഡിക 128)

മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ കൂടുതൽ കുട്ടികൾക്ക് പഠിക്കാൻ സൗകര്യം ഏർപ്പെടുത്തണമെന്നും അതിനായി ഇപ്പോൾ പ്രവർത്തിക്കുന്ന എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും കൂടുതൽ ബാച്ചുകൾ ആരംഭിക്കുകയും റസിഡൻഷ്യൽ സ്കൂൾ തുടങ്ങിയിട്ടില്ലാത്ത ജില്ലകളിൽ കൂടി അവ എത്രയും വേഗം തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 12 എണ്ണത്തിന് സ്ഥിരം കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. അവശേഷിച്ച 6 എണ്ണത്തിൽ കുളത്തുപ്പുഴ, ഏറ്റുമാനൂർ, മലമ്പുഴ, കണിയാമ്പറ്റ എന്നിവിടങ്ങളിലെ കെട്ടിട നിർമ്മാണം കിറ്റ്കോ മുഖേന പുരോഗമിക്കുന്നു. പൂക്കോട്, തിരുനെല്ലി സ്കൂളുകൾക്കും ഭൂമി ലഭ്യമാക്കി കെട്ടിട നിർമ്മാണത്തിന് നടപടി സ്വീകരിച്ചുവരുന്നു. ടി സ്കൂളുകളിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ നിയമാനുസരണം അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിഗണിച്ചുവരുന്നു. നിലവിലുള്ള സ്കൂളുകളുടെ പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തി അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളും അനുവദിച്ച് പ്രവർത്തനം മികവുറ്റതാക്കിയതിന് ശേഷം പുതിയ ബാച്ചുകളും സ്കൂളുകളും ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. പുതുതായി നിർമ്മിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ അദ്ധ്യപകർക്ക് താമസിക്കുന്നതിന് ക്വാർട്ടേഴ്സ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.

### ശിപാർശ 23 (ഖണ്ഡിക 129)

വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ട്രൈബൽ ഹോസ്റ്റലുകൾക്ക് സ്ഥലക്കുറവ്, പ്രാഥമികാവശ്യങ്ങൾ നടത്തുന്നതിനുള്ള സൗകര്യമില്ലായ്മ, ശുദ്ധജലം, വൈദ്യുതി എന്നിവ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് എന്നീ പോരായ്മകൾ സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

ആയതിനാൽ ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിനായി കൂടുതൽ തുക വകയിരുത്തണമെന്നും എല്ലാ പട്ടികവർഗ്ഗ ഹോസ്റ്റലുകളും സ്വന്തം കെട്ടിടങ്ങളിലേക്ക് മാറ്റാനുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തണമെന്നും നിലവിലുള്ള കെട്ടിടങ്ങളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്നും കൂടാതെ പണി നടന്നുകൊണ്ടിരിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് പ്രത്യേക പരിഗണന നൽകുകയും ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

ഹോസ്റ്റലുകളുടെ നിർമ്മാണം പുരോഗമിക്കുന്നതിനനുസരിച്ച് നൽകാൻ മതിയായ തുക ബജറ്റിൽ വകയിരുത്തുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ സ്വകാര്യ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 32 പ്രീമെട്രിക് ഹോസ്റ്റലുകളിൽ 12 എണ്ണത്തിൽ കെട്ടിടം പണിയുന്നതിനുള്ള നടപടി വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. അവശേഷിച്ച 20 സ്ഥാപനങ്ങൾക്ക് കൂടി കെട്ടിടം പണിയുന്നതിന് ഭൂമി കണ്ടെത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. വിവിധ ഘട്ടങ്ങളിൽ നിർമ്മാണം നടന്നിരുന്ന 9 മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ കെട്ടിടം പണി പൂർത്തിയായി. 3 എണ്ണത്തിന്റെ പണി 2010 മാർച്ച് 31-നകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. അവശേഷിച്ച 6 സ്കൂളുകളുടെ കെട്ടിടങ്ങളും 2011 ജൂൺ മാസത്തോടെ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**ശിപാർശ 24 (ഖണ്ഡിക 130)**

പട്ടികവർഗ്ഗ വികസന ഡയറക്ടറും ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരും പ്രീ മെട്രിക് ഹോസ്റ്റലുകൾ മുന്നറിയിപ്പില്ലാതെ സന്ദർശിക്കണമെന്നും, അന്തേവാസികളായ കുട്ടികളുടെ പ്രശ്നങ്ങളും പരാതികളും പരിഹരിക്കുന്നതിന് മാസത്തിൽ ഒരു തവണ എങ്കിലും രക്ഷാകർത്തൃ യോഗങ്ങളും, ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ യോഗങ്ങളും ചേരണമെന്നും, പ്രശ്ന പരിഹാരമാർഗ്ഗങ്ങൾ ഫലപ്രദമായി നടപ്പിലാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

പട്ടികവർഗ്ഗ വികസന വകുപ്പിലെ പ്രീമെട്രിക് ഹോസ്റ്റൽ, പോസ്റ്റ് മെട്രിക് ഹോസ്റ്റൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവയിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിലെ ഉന്നത ഉദ്യോഗസ്ഥർ ആകസ്മിക പരിശോധന നടത്തി സുഗമമായ പ്രവർത്തനത്തിന് ഉചിതമായ നടപടി സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട സ്ഥലം എം.എൽ.എ., തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ ഉൾപ്പെട്ട അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചു പ്രവർത്തനം നടന്നുവരുന്നു. ടി സ്ഥാപനങ്ങളുടെ സുഗമവും മെച്ചപ്പെട്ടതുമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് കർശന നടപടി സ്വീകരിച്ചു വരുന്നുണ്ട്.

## 2-6-2010-ലെ സമിതി യോഗം ആവശ്യപ്പെട്ട അധികവിവരം

പട്ടികവർഗ്ഗ വികസന വകുപ്പിലെ പ്രീമെട്രിക് ഹോസ്റ്റൽ, പോസ്റ്റ്മെട്രിക് ഹോസ്റ്റൽ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവയിലെ അന്തേവാസികളായ കുട്ടികളുടെ പ്രശ്നങ്ങളും പരാതികളും പരിഹരിക്കുന്നതിന് മാസത്തിൽ ഒരു തവണയെങ്കിലും രക്ഷാകർത്തൃയോഗങ്ങൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേരണ മെന്നുള്ള സമിതിയുടെ ശിപാർശ നടപ്പിലാക്കിയോ എന്നു ആരായാൻ തീരുമാനിച്ചു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

ടി സ്ഥാപനങ്ങളിൽ താമസിച്ചു പഠിക്കുന്ന കുട്ടികളിൽ ഭൂരിഭാഗവും വിദൂര സ്ഥലങ്ങളിൽ നിന്നുള്ളവരാകയാൽ ഇവരുടെ രക്ഷകർത്താക്കൾക്ക് എല്ലാ മാസവും ഈ സ്ഥാപനങ്ങളിൽ മീറ്റിംഗിന് എത്തുന്നതിന് പല വിധത്തിലുള്ള ബുദ്ധിമുട്ടുകൾ പരിഗണിച്ച് മാസത്തിലൊരിക്കൽ രക്ഷാകർത്തൃയോഗം ഇപ്പോൾ കൂടുന്നില്ല. എന്നാൽ രക്ഷകർത്താക്കൾ കുട്ടികളെ സ്കൂളിൽ കൊണ്ടുവന്നു വിടുന്ന സമയത്തോ അല്ലെങ്കിൽ കുട്ടികളെ സ്കൂളിൽ നിന്നും കൂട്ടിക്കൊണ്ടുപോകുന്ന സമയത്തോ പി.റ്റി.എ. യോഗം ചേർന്നു വരുന്നുണ്ട്. അതായത് സ്കൂൾ തുറക്കുന്ന സമയത്തോ, ഓണം/ക്രിസ്തുമസ് അവധിയ്ക്കായി സ്കൂൾ അടയ്ക്കുന്ന സമയത്തോ അല്ലെങ്കിൽ സ്കൂൾ തുറക്കുന്ന സമയത്തോ കൂടുന്നതിനു പുറമേ മദ്ധ്യവേനൽ അവധിയ്ക്ക് സ്കൂൾ അടയ്ക്കുന്നതിനു മുമ്പായും പി.റ്റി.എ. യോഗം ചേർന്ന് വരാറുണ്ട്.

### ശിപാർശ 25 (ഖണ്ഡിക 131)

അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് സർക്കാർ സർവ്വീസിൽ ജോലി ലഭിക്കുന്നില്ലെന്നുള്ള പരാതികൾ ഉള്ളതായി സമിതി മനസ്സിലാക്കുന്നു. വിവിധ വകുപ്പുകളിലെ നിയമനങ്ങളിൽ പട്ടികവർഗ്ഗ വിഭാഗത്തിന് അർഹമായ പ്രാതിനിധ്യം കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ വകുപ്പുതല സംവിധാനം ഉണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### ശാസ്ത്രസാങ്കേതിക വകുപ്പ് സ്വീകരിച്ച നടപടി

എസ്റ്റിമേറ്റ് കമ്മിറ്റി (2006-2008)യുടെ ഒന്നാമത് റിപ്പോർട്ടിലെ (സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗക്കാർക്കായുള്ള ക്ഷേമ പ്രവർത്തനങ്ങളെ സംബന്ധിച്ച റിപ്പോർട്ട്) ശിപാർശ 25 സർക്കാർ സർവ്വീസിനെ സംബന്ധിക്കുന്നതിനാലും ഈ വകുപ്പിന്റെ ഭരണനിയന്ത്രണത്തിൽ സ്വയംഭരണ സ്ഥാപനങ്ങൾ മാത്രമാണുള്ളതെന്നതിനാലും ഈ വകുപ്പിനെ സംബന്ധിച്ചിടത്തോളം തുടർനടപടികൾ സ്വീകരിക്കാനില്ല എന്ന വിവരം അറിയിക്കുന്നു. എങ്കിലും സമാനമായ ഒരു സംവിധാനം ഏർപ്പെടുത്തണമെന്ന് സ്വയംഭരണ സ്ഥാപനമായ ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

സർക്കാർ സർവ്വീസിൽ പട്ടികവിഭാഗക്കാർക്ക് ലഭ്യമായ 2% സംവരണം പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമനസമയത്ത് തന്നെ പാലിക്കപ്പെടുന്നുണ്ട്. എന്നാൽ യോഗ്യരായ അപേക്ഷകരുടെ അഭാവത്തിലോ, ജോലിയിൽ പ്രവേശിച്ചവർ രാജിവെച്ച പോകുന്നതു മൂലമോ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം കണ്ടെത്തി ടി കുറവ് നികത്തുന്നതിന് പൊതുഭരണ വകുപ്പിൻ കീഴിൽ മോണിറ്ററിംഗ് കമ്മിറ്റി നിലവിലുണ്ട്. ഈ കമ്മിറ്റി കാലാകാലങ്ങളിൽ അവലോകനം നടത്തി നികത്തപ്പെടാത്ത തസ്തികകൾ പ്രത്യേക റിക്രൂട്ട്മെന്റ് വഴി നികത്തുന്നുണ്ട്.

## 2-6-2010-ലെ സമിതിയോഗം ആവശ്യപ്പെട്ട അധികവിവരം

വിവിധ വകുപ്പുകളിലെ ഒഴിവുകൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യാത്തതിന്റെ ഫലമായി അർഹമായ പ്രാതിനിധ്യം പട്ടികവർഗ്ഗക്കാർക്ക് ലഭിക്കുന്നില്ലെന്ന പരാതി ഉയർന്ന സാഹചര്യത്തിൽ പൊതുഭരണ വകുപ്പിൻ കീഴിലുള്ള മോണിറ്ററിംഗ് കമ്മിറ്റി ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്തതെന്തുകൊണ്ടാണെന്നുള്ള വിശദവിവരം ആരായാൻ തീരുമാനിച്ചു. കഴിഞ്ഞ 5 വർഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേരു രജിസ്റ്റർ ചെയ്തിട്ടും ജോലി ലഭിക്കാത്ത പട്ടികവർഗ്ഗക്കാരുടെ ലിസ്റ്റ് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

കഴിഞ്ഞ 5 വർഷമായി സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലായി പേര് രജിസ്റ്റർ ചെയ്തിട്ടും ജോലി ലഭിക്കാത്തവരായി 6487 പട്ടികവർഗ്ഗ യുവതീ യുവാക്കളാണ് ഉള്ളത്. ജില്ലതിരിച്ചുള്ള കണക്ക് ചുവടെ കൊടുക്കുന്നു:

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | 2 | 3 |
| 1 | തിരുവനന്തപുരം | 817 |
| 2 | കൊല്ലം | 5 |
| 3 | ആലപ്പുഴ | 138 |
| 4 | പത്തനംതിട്ട | 65 |
| 5 | കോട്ടയം | 393 |

| 1 | 2 | 3 |
|---|---|---|
| 6 | ഇടുക്കി | 616 |
| 7 | എറണാകുളം | 120 |
| 8 | തൃശ്ശൂർ | 195 |
| 9 | പാലക്കാട് | 118 |
| 10 | മലപ്പുറം | 222 |
| 11 | കോഴിക്കോട് | 295 |
| 12 | വയനാട് | 2245 |
| 13 | കണ്ണൂർ | 296 |
| 14 | കാസർഗോഡ് | 962 |

**ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടി**

കേരള വാട്ടർ അതോറിറ്റിയിലെ നിയമനങ്ങളെല്ലാം തന്നെ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണ് നടത്തുന്നത്. സംവരണതത്വം പാലിക്കേണ്ടത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചുമതലയാണ്. എങ്കിലും ഏതെങ്കിലും തസ്തികകളിൽ കെ.എസ്.എസ്.ആർ. അനുശാസിക്കുന്ന പ്രകാരം പ്രസ്തുത വിഭാഗത്തിന് അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ല എന്ന് ബോധ്യപ്പെടുന്നപക്ഷം അവ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതായിരിക്കും.

## ശിപാർശ 26 (ഖണ്ഡിക 132)

ഐ.റ്റി.ഐ. പഠനം പൂർത്തിയാക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുമ്പോൾ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ സമീപം താമസിക്കുവാൻ വേണ്ടി വരുന്ന ചെലവ് കൂടി കണക്കാക്കി മതിയായ തുക സ്റ്റൈപ്പെന്റായി നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

ഗവൺമെന്റ് വ്യാവസായിക പരിശീലന ഇൻസ്റ്റിറ്റ്യൂട്ട്, സ്വകാര്യ വ്യവസായിക പരിശീലന ഇൻസ്റ്റിറ്റ്യൂട്ട്, ഗവൺമെന്റ്/ എയ്ഡഡ് പോളിടെക്നിക്ക് എന്നിവിടങ്ങളിലെ

വിവിധ കോഴ്സുകളിലേക്ക് പട്ടികവർഗ്ഗക്കാർക്ക് സംവരണം ചെയ്ത സീറ്റുകളിലേക്കും, മെറിറ്റിൽ പ്രവേശനം ലഭിക്കുന്നതുമായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അനുവദനീയമായ വിദ്യാഭ്യാസാനുകൂല്യത്തിന് പുറമെ സ്വന്തം നിലയിൽ താമസസൗകര്യം കണ്ടെത്തുന്നതിനും മറ്റ് പഠന ചെലവ് വഹിക്കുന്നതിനും കൂടി പ്രതിമാസം 2,000 രൂപ അധിക ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## ശിപാർശ 27 (ഖണ്ഡിക 133)

പട്ടികവർഗ്ഗക്കാർക്ക് വേണ്ടി നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ (കെട്ടിട നിർമ്മാണം, റോഡ് നിർമ്മാണം, തടിപ്പണി, ഇലക്ട്രിക്കൽ വയറിംഗ് മുതലായ ജോലികൾ ചെയ്യുന്നതിന്) ബന്ധപ്പെട്ട മേഖലകളിൽ പരിശീലനം സിദ്ധിച്ച പട്ടികവർഗ്ഗക്കാരുണ്ടെങ്കിൽ അവർക്ക് മുൻഗണന നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

പട്ടികവർഗ്ഗക്കാർക്ക് വേണ്ടി നടപ്പാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ ആവശ്യമായ മാന്വൽ തൊഴിലുകളിൽ പരമാവധി പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ നൽകണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. സാങ്കേതിക യോഗ്യതയുള്ളവർക്ക് അത്തരം മേഖലയിലും തൊഴിൽ നൽകുന്നതിന് നിഷ്കർഷിക്കുകയും, കരാറുകാരുമായുള്ള കരാർ പത്രത്തിൽ പ്രത്യേക നിബന്ധന ഉൾപ്പെടുത്തുകയും ചെയ്തുവരുന്നു.

## തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി

ബന്ധപ്പെട്ട മേഖലയിൽ പരിശീലനം നൽകി പരിശീലനം സിദ്ധിച്ച പട്ടികവർഗ്ഗക്കാരുടെ സേവനം അഹാഡ്സ് ഉപയോഗപ്പെടുത്തി വരുന്നു.

## ശിപാർശ 28 (ഖണ്ഡിക 134)

ആദിവാസി മേഖലകളിൽ ജോലി ചെയ്യാൻ താൽപ്പര്യമുള്ള അദ്ധ്യാപകരുടെ ദൗർലഭ്യം വിദ്യാർത്ഥികളുടെ പഠന നിലവാരത്തിന് വിഘാതമാകുന്നതായി സമിതി മനസ്സിലാക്കുന്നു. വിദൂര സ്ഥലങ്ങളിൽ നിന്നും ജോലിക്ക് എത്തുന്നവർക്ക് താമസ സൗകര്യവും മറ്റും ലഭിക്കാത്തത് ഇതിന് കാരണമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ആദിവാസി മേഖലകളിലെ സ്കൂളുകളോടനുബന്ധിച്ച് അവിടെ സേവന മനുഷ്ഠിക്കുന്ന അദ്ധ്യാപകർക്ക് സുരക്ഷിതമായി താമസിക്കാൻ പര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങളോട് കൂടിയ ക്വാർട്ടേഴ്സ് ലഭ്യമാക്കണമെന്നും അദ്ധ്യാപകർക്ക് പ്രത്യേക അലവൻസ് അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ആദിവാസി മേഖലകളിലെ സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കുമ്പോൾ സേവനതൽപ്പരരും ആത്മാർത്ഥതയും ഉള്ള അദ്ധ്യാപകരെ നിയമിക്കാൻ ശ്രദ്ധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

പട്ടികവർഗ്ഗ മേഖലയിലെ സ്കൂളുകളോടനുബന്ധിച്ച് ക്വാർട്ടേഴ്സുകൾ ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി ലഭ്യമാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരെ Addition to Cadre ആയിട്ടാണ് റസിഡൻഷ്യൽ സ്കൂളുകളിൽ നിയമിക്കുന്നത്. ഇവർക്ക് പ്രത്യേക അലവൻസായി ഓണറേറിയം നൽകുന്നുണ്ട്. വിദ്യാഭ്യാസ വകുപ്പിൽ നിന്നും സേവന തൽപ്പരരായ അദ്ധ്യാപകരെ ലഭ്യമല്ലാതെ വരുന്ന സന്ദർഭങ്ങളിൽ താൽക്കാലികമായി നിയമിക്കുന്നവരേയും സേവന സന്നദ്ധതയുടെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുക്കുന്നത്.

## തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി

അഹാഡ്സിന്റെ പദ്ധതി പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതനുസരിച്ച് അദ്ധ്യാപകർക്കുള്ള ക്വാർട്ടേഴ്സുകൾ നിർമ്മിച്ച് നൽകുന്നുണ്ട്.

## ശിപാർശ 29 (ഖണ്ഡിക 135)

യോഗ്യതയുള്ള തൊഴിൽരഹിതരായ പട്ടികവർഗ്ഗക്കാരെ തക്ക പ്രതിഫലം നൽകിക്കൊണ്ട് പട്ടികവർഗ്ഗ സങ്കേതങ്ങളിലെ സാക്ഷരതാ പ്രവർത്തനങ്ങൾക്കും, മറ്റു ബോധവൽക്കരണ പരിപാടികൾക്കും നിയോഗിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

യോഗ്യതയുള്ള തൊഴിൽരഹിതരായ പട്ടികവർഗ്ഗക്കാരെ 2,500 രൂപ പ്രതിമാസ പ്രതിഫലം നൽകിക്കൊണ്ട് വകുപ്പ് പ്രൊമോട്ടർമാരായി നിയമിക്കുന്നുണ്ട്. ഇത്തരത്തിൽ 1005 പ്രൊമോട്ടർമാരെ പട്ടികവർഗ്ഗ വികസനവകുപ്പ് ഓരോ വർഷവും നിയമിക്കുന്നു. ആദിവാസി മേഖലയിലെ സാക്ഷരതാ പ്രവർത്തനങ്ങളിലും ഇവർ പ്രവർത്തിക്കേണ്ടതായിട്ടുണ്ട്.

## തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി

അഹാഡ്സിന്റെ 100 ലധികം വരുന്ന പരിസ്ഥിതി സാക്ഷരതാ ക്ലാസ്സുകളിൽ ഇൻസ്ട്രക്ടർമാരായി സേവനം ചെയ്യുന്നത് മതിയായ പരിശീലനം സിദ്ധിച്ച പത്താംതരം പാസ്സായ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വനിതകളാണ്. ഓണറേറിയവും നൽകിവരുന്നു. കൂടാതെ അഹാഡ്സിലെ ജീവനക്കാരിൽ 30% -ൽ അധികവും ആദിവാസി വിഭാഗത്തിൽപ്പെട്ടവരാണ്.

## ശിപാർശ 30 (ഖണ്ഡിക 136)

പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസ പുരോഗതി വിലയിരുത്തുന്നതിനും, വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും, വിദ്യാഭ്യാസ കാര്യങ്ങളിൽ മാർഗ്ഗനിർദ്ദേശം നൽകുന്നതിനും യോഗ്യതയ്ക്കനുസരിച്ച് ജോലി സമ്പാദിക്കുന്നതിന് അവരെ സഹായിക്കുന്നതിനും ഒരു സെൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

നിർദ്ദേശം നടപ്പാക്കുന്നതിന് Employment & Training Director-ടെ സഹായത്തോടെ പദ്ധതി ആവിഷ്കരിക്കുന്നതാണ്.

### ശിപാർശ 31 (ഖണ്ഡിക 137)

സ്ക്കൂളുകളിൽ എസ്.ടി. വിദ്യാർത്ഥികൾ കുറയുന്നതിന്റെ കാരണങ്ങൾ വ്യക്തമായി മനസ്സിലാക്കി അതിനു തക്കതായ പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്നും, ഭൗതിക സഹായങ്ങൾ ആവശ്യമുള്ളവർക്ക് അത് നൽകുകയും, വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ കുറിച്ച് ബോധവൽക്കരണം നടത്തുകയും വേണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി

ഓരോ വർഷാരംഭത്തിലും സ്കൂളുകളിൽ നിന്നും കൊഴിഞ്ഞുപോകുന്ന വിദ്യാർത്ഥികളെ കണ്ടെത്തി അവരെ വീണ്ടും സ്കൂളുകളിൽ എത്തിക്കുന്നതിന് വേണ്ട പരിപാടികൾ എല്ലാ വർഷവും ചെയ്തു വരുന്നു. എസ്.എസ്.എൽ.സി./പ്ലസ് ടു പഠന നിലവാരം ഉയർത്തുന്നതിനായി സ്പെഷ്യൽ ക്ലാസ്സുകൾക്ക് വേണ്ടി വരുന്ന ചെലവുകളും അഹാഡ്സ് വഹിച്ചു വരുന്നു. വിദ്യാർത്ഥികൾക്കായി ഇക്കോ ക്ലബ്ബുകൾ വഴി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. വിവിധ സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനം, ജലസംഭരണി സംവിധാനങ്ങൾ, മഴവെള്ള സംഭരണം, ഹോസ്റ്റൽ കെട്ടിടങ്ങൾ, സ്കൂൾ കെട്ടിടങ്ങൾ, ലാബ് കെട്ടിടങ്ങൾ, കമ്പ്യൂട്ടറുകൾ എന്നിവ നിലവിൽ അനുവദിക്കപ്പെട്ട ഫണ്ടിന്റെ പരിമിതിയിൽ ഒതുങ്ങി ഒരുക്കി കൊടുത്തിട്ടുണ്ട്.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്കൂൾ പ്രവേശനം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2006-07, 2007-08, 2008-09 വർഷങ്ങളിലെ പ്രീ മെട്രിക് കോഴ്സുകൾക്ക് ചേർന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക് ചുവടെ ചേർക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിലെ പ്രീമെട്രിക് ഹോസ്റ്റലുകളിൽ സ്ഥലസൗകര്യത്തിനനുസരിച്ച് പരമാവധി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിവരുന്നുണ്ട്.

| | |
|---|---|
| 2006-2007 | 74,905 |
| 2007-2008 | 75,343 |
| 2008-2009 | 76,726 |

2-6-2010-ലെ സമിതിയോഗം ആവശ്യപ്പെട്ട അധിക വിവരം

പട്ടികവർഗ്ഗ വിഭാഗത്തിലെ ചില അവാന്തര വിഭാഗങ്ങളിൽപ്പെട്ടവർ കുട്ടികളെ സ്കൂളുകളിൽ അയയ്ക്കാത്തത് സംബന്ധിച്ച് എസ്.ടി. ഡിപ്പാർട്ടുമെന്റിന്റെ പക്കൽ എന്തെങ്കിലും കണക്കുകളോ പഠന റിപ്പോർട്ടോ ഉണ്ടോയെന്നാരായാൻ തീരുമാനിച്ചു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

കില, തദ്ദേശ സ്വയംഭരണ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവ സംയുക്തമായി നടത്തിയ സമഗ്ര സർവ്വേ അനുസരിച്ച് സ്കൂൾ പ്രായത്തിലുള്ള മുഴുവൻ പട്ടികവർഗ്ഗ കുട്ടികളെയും സ്കൂളുകളിൽ എത്തിക്കുന്നതായാണ് വെളിവായിരിക്കുന്നത്. ഇപ്പോഴും വനവിഭവ ശേഖരണത്തിൽ ഏർപ്പെട്ടിരിക്കുന്ന അപൂർവ്വം രക്ഷിതാക്കളുടെ കുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് Peripatetic School-കൾ പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിവരുന്നുണ്ട്. ഇപ്രകാരം 16 സ്കൂളുകൾ സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിലെ ഏതെങ്കിലും അവാന്തര വിഭാഗത്തിൽപ്പെട്ടവർ കുട്ടികളെ സ്കൂളിലയയ്ക്കാത്തത് സംബന്ധിച്ച് ഈ വകുപ്പോ കിർത്താഡ്സോ യാതൊരു പഠനവും നടത്തിയിട്ടില്ലായെന്നും ബോധിപ്പിക്കുന്നു. ഉത്തരേന്ത്യയിലെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ കാണപ്പെടുന്നപോലെയോ കേരളത്തിലെ തന്നെ പട്ടികജാതിക്കാർക്കിടയിലും മറ്റു സമുദായങ്ങൾക്കിടയിലും നിലനിൽക്കുന്ന പോലെയോ വേർതിരിക്കാവുന്ന തരത്തിലുള്ള അവാന്തര വിഭാഗങ്ങൾ കേരളത്തിലെ പട്ടികവർഗ്ഗക്കാർക്കിടയിൽ ഇല്ല എന്നും ബോധിപ്പിക്കുന്നു.

7-6-2012-ൽ സമിതി ആവശ്യപ്പെട്ട അധിക വിവരം

കേരളത്തിൽ അവാന്തര വിഭാഗങ്ങൾ ഇല്ലെന്നുള്ള വസ്തുതാ വിരുദ്ധമായ റിപ്പോർട്ട് നൽകാനിടയായ സാഹചര്യവും കേരളത്തിലെ പട്ടികവർഗ്ഗക്കാർക്കിടയിൽ എത്ര അവാന്തര വിഭാഗങ്ങളുണ്ടെന്നുമുള്ള വിശദമായ റിപ്പോർട്ട് നൽകുക.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

കേരളത്തിലെ പട്ടികവർഗ്ഗക്കാർക്കിടയിൽ അവാന്തര വിഭാഗങ്ങൾ ഇല്ലായെന്ന് ഇത് സംബന്ധിച്ച് പഠനം നടത്തുന്ന കിർത്താഡ്സിൽ നിന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് എസ്റ്റിമേറ്റ്സ് കമ്മിറ്റി മുമ്പാകെ ഈ റിപ്പോർട്ട് സമർപ്പിച്ചത് എന്ന് അറിയിക്കുന്നു.

സംസ്ഥാനത്തിന്റെ പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെട്ട സമുദായങ്ങളിൽ ജാതി സമ്പ്രദായങ്ങളിൽ നിലനിൽക്കുന്ന 'ഉപജാതി' തരംതിരുവുകൾ കണ്ടുവരുന്നില്ല. പട്ടികവർഗ്ഗ സമുദായങ്ങളിലെ സാമൂഹിക ഘടനയിൽ താവഴിയടിസ്ഥാനപ്പെടുത്തിയിട്ടുള്ള തരംതിരിവുകൾ പൊതുവെ കണ്ടുവരുന്നുണ്ട്.

People of India; Communities, Segments, Synonyms, Surnames and Titles (National series Vol. VIII, Anthropology Survey of India, OUP New Delhi 1996, P 18-19) എന്ന പുസ്തകത്തിൽ ഗോത്ര സമുദായങ്ങളുടെ നരവംശ ശാസ്ത്രപരമായ ആന്തരിക തരംതിരിവുകളെ കുറിച്ച് ഇപ്രകാരം പറയുന്നു. " While the name of a community gives a distinct identity to a group, its social structure is built around internal segments or divisions, operating on the principles of decent. The segment reflect the communities internal divisions (territorial, occupational hypergamous) the relationship of these groups and sub groups arranged hierarchically or placed equally. These divisions have a functional relevance."

മേൽ സൂചിപ്പിച്ച പ്രകാരം പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ആന്തരിക വിഭാഗങ്ങൾ (internal segments) പ്രാദേശികമായും, ഭാഷാപരമായും, ഭൂമിശാസ്ത്രപരമായും, ഉള്ള വ്യത്യാസങ്ങളുടെ അടിസ്ഥാനത്തിലും, സാമൂഹിക ഘടനയുടെ (Social Structure) അടിസ്ഥാനത്തിലുമാണ് രൂപപ്പെട്ടിരിക്കുന്നത്. ഇത്തരത്തിൽ ആന്തരിക വിഭാഗങ്ങൾ സ്പഷ്ടമായിട്ടുള്ള ഏതാനും പട്ടികവർഗ്ഗ സമുദായങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സമുദായം | ആന്തരിക വിഭാഗങ്ങൾ | തരംതിരിവിന്റെ അടിസ്ഥാനം |
|---|---|---|---|
| 1 | ഹിൽപുലയ<br>മലപുലയ | 1. കുറുമ്പ പുലയ<br>2. കരവഴി പുലയ<br>3. പാമ്പ പുലയ | പ്രദേശത്തിന്റെ അടിസ്ഥാനത്തിൽ |
| 2 | പണിയൻ | 1. കാട്ടു പണിയൻ | ഭൂപ്രദേശത്തിന്റെ അടിസ്ഥാനത്തിൽ |
| 3 | കാട്ടു നായ്ക്കൻ | 1.തേൻകുറുമൻ/ജേനു കുറുമൻ<br>2. പതിനായ്ക്കൻ<br>3. ചോല നായ്ക്കൻ<br>4. ആളർ | ഭൂപ്രദേശം, ഭൂമിശാസ്ത്രം, സാമൂഹിക ഘടന എന്നിവയുടെ അടിസ്ഥാനത്തിൽ |
| 4 | ഉള്ളാടൻ | 1. മല ഉള്ളാടൻ<br>2. കൊച്ചുവേലൻ | ഭൂമി ശാസ്ത്രപരമായി ആദിവാസി പ്രദേശത്തിന്റെ അടിസ്ഥാനത്തിൽ |
| 5 | കുറിച്യൻ | 1. വയനാട് കുറിച്യൻ<br>2. പാതിരി കുറിച്യൻ<br>3. കണ്ണവം കുറിച്യൻ | പ്രദേശത്തിന്റെ അടിസ്ഥാനത്തിലും സാമൂഹിക ഘടനയുടെ അടിസ്ഥാനത്തിലും |

## ശിപാർശ 32 (ഖണ്ഡിക 138)

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വർഷം തോറും നല്കി വരുന്ന ആനുകൂല്യങ്ങൾ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതിന് ഏറെ കാലതാമസം നേരിടുന്നതായി സമിതി മനസ്സിലാക്കുന്നു. വിദ്യാലയങ്ങളിൽ നിന്നും അപേക്ഷകൾ യഥാസമയം ലഭിക്കാതിരിക്കുന്നതും, ഫണ്ടിന്റെ അഭാവവുമാണ് ഇതിന് കാരണമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ അപേക്ഷകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ സമയത്തിന് വിതരണം ചെയ്യുവാനും, നിശ്ചിത സമയത്ത് തന്നെ അത് സ്വീകരിക്കുന്നതിനും ഗ്രാന്റ് കൃത്യ സമയത്ത് തന്നെ വിതരണം ചെയ്യാനുമുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അദ്ധ്യയന വർഷം ആരംഭിക്കുന്ന മാസങ്ങളിൽ തന്നെ ആനുകൂല്യങ്ങളുടെ ആദ്യ ഗഡു നൽകാൻ വകുപ്പ് ശ്രദ്ധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ കോഴ്സ് ആരംഭിച്ച് രണ്ടാഴ്ചകൾക്കകം തന്നെ സ്ഥാപനമേധാവികളിൽ നിന്നും ലഭ്യമാക്കുന്നതിന് തങ്ങളുടെ അധികാര പരിധിയിലുള്ള സ്ഥാപനമേധാവികളുമായി നേരിട്ട് ബന്ധപ്പെട്ട നടപടി സ്വീകരിക്കുന്നതിന് എല്ലാ പ്രോജക്ടാഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്.

പ്രീ-മെട്രിക് തലത്തിലുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റും, ആദ്യ 5 മാസത്തെ സ്റ്റൈപ്പന്റും ജൂൺ 20-ാം തീയതിക്ക് മുമ്പായും, രണ്ടാംഗഡു (അടുത്ത 5 മാസത്തേത്) ഡിസംബർ 31-ന് മുമ്പും അനുവദിച്ച് നല്കിവരുന്നു. പോസ്റ്റ് മെട്രിക് തലത്തിലും ആദ്യത്തെ 3 മാസത്തെ ആനുകൂല്യം മുൻകൂറായും തുടർന്നുള്ള ഗഡുക്കൾ അതാത് മാസവും നല്കിവരുന്നു. ആനുകൂല്യം നല്കുന്നതിനാവശ്യമായ ഫണ്ടും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

പോസ്റ്റ് മെട്രിക് പഠനത്തിനുള്ള ആനുകൂല്യങ്ങൾ സമയബന്ധിതമായി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ലഭ്യമാക്കുന്നതിന് ഇ-ഗ്രാന്റ്സ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

### 2-6-2010-ലെ സമിതി യോഗം ആവശ്യപ്പെട്ട അധിക വിവരം

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്കായി ഗവൺമെന്റ് നൽകുന്ന ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാകുന്നില്ലെന്നത് സംബന്ധിച്ച പരാതി പരിഹരിക്കുന്നതിന് വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നാരായാൻ തീരുമാനിച്ചു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

പ്രൊഫഷണൽ കോഴ്സുകളുൾപ്പെടെയുള്ള പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക പഠിക്കുന്ന സംസ്ഥാനത്തെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യഥാസമയം വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി E-Grantz സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സംവിധാന പ്രകാരം ഓരോ വിദ്യാർത്ഥിക്കും അർഹമായ ആനുകൂല്യങ്ങൾ ATM കാർഡ് മുഖേന ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിക്കുന്നതിനുള്ള സംവിധാനമാണ് ചെയ്തിട്ടുള്ളത്.

## ശിപാർശ 33 (ഖണ്ഡിക 139)

ആദിവാസികളുടെ പാരമ്പര്യത്തിന്റെ ഭാഗമാണ് അവരുടെ ചില കരകൗശല ഉൽപ്പന്നങ്ങൾ. ശാസ്ത്രത്തിന്റെ പുരോഗതിക്കിടയിലും ടി ഉൽപ്പന്നങ്ങൾക്ക് ഗണ്യമായ ഒരു സ്ഥാനം ഉണ്ടെന്നും ഇത്തരം ഉൽപ്പന്നങ്ങൾക്ക് വിപണന സാധ്യത കൂടുതൽ ഉണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സാക്ഷരതാ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനോടൊപ്പം പരമ്പരാഗത അറിവുകൾ പുത്തൻ തലമുറയ്ക്ക് കൈമാറാനുള്ള ശില്പശാലകളും ക്ലാസ്സുകളും മേളകളും സംഘടിപ്പിക്കണമെന്നും ചില നാടൻ കലാരൂപങ്ങളുടെ പഠനവും സാക്ഷരതാ പ്രവർത്തനത്തിന്റെ ഭാഗമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

ഇത് സംബന്ധിച്ച പ്രവർത്തനം കിർത്താഡ്സ് ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ട്. ആദിവാസി കലാ രൂപങ്ങളേയും, അവരുടെ ഉല്പന്നങ്ങളേയും അവരുടെ ചികിത്സാ രീതിയേയും പ്രോത്സാഹിപ്പിക്കുന്നതിനും, അത് മുഖ്യധാരാ സമൂഹത്തിന് പരിചയപ്പെടുത്തുന്നതിനും സംസ്ഥാനത്ത് 'ഗദ്ദിക' എന്ന പേരിൽ 2 പ്രദർശന വിപണന മേളകൾ എല്ലാ വർഷവും നടത്തിവരുന്നു. കൂടാതെ ടൂറിസം വകുപ്പിന്റെയും, മറ്റ് സർക്കാർ വകുപ്പുകളുടെയും പ്രത്യേക മേളകളിലൂടെയും ആദിവാസികളുടെ ഉല്പന്നങ്ങളും, കലാരൂപങ്ങളും ചികിത്സാ രീതികളും പരിചയപ്പെടുത്തുന്നുണ്ട്.

## തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി

കലാകായിക വികസനത്തിനായി വിവിധ മേളകളും മത്സരങ്ങളും പട്ടികവർഗ്ഗ വിഭാഗക്കാർക്കായി സംഘടിപ്പിക്കുന്നു. വാദ്യോപകരണങ്ങളും കായിക ഇനങ്ങൾക്കായുള്ള ഉപകരണങ്ങളും ഇതിനകം ലഭ്യമാക്കിയിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികളെ വിവിധ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതിനും പരിശീലനം നല്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

### ശിപാർശ 34 (ഖണ്ഡിക 140)

യുവജനോത്സവ വേളകളിൽ കലാ വാസനയുള്ളവരെയും, സ്പോർട്സ് മീറ്റുകളിൽ കായിക രംഗങ്ങളിൽ മികവുള്ളവരെയും കണ്ടെത്തി അവർക്ക് ആവശ്യമായ പ്രത്യേക പരിശീലനം നല്കി പരിപോഷിപ്പിക്കുന്നതിന് വേദിയൊരുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി

കലാകായിക വികസനത്തിനായി വിവിധ മേളകളും മത്സരങ്ങളും പട്ടികവർഗ്ഗ വിഭാഗക്കാർക്കായി സംഘടിപ്പിക്കുന്നു. വാദ്യോപകരണങ്ങളും കായിക ഇനങ്ങൾക്കായുള്ള ഉപകരണങ്ങളും ഇതിനകം ലഭ്യമാക്കിയിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികളെ വിവിധ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതിനും പരിശീലനം നല്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന സ്പോർട്സ് മീറ്റുകളിലും, കലോത്സവങ്ങളിലും പങ്കെടുക്കുന്നതിന് ഹോസ്റ്റലുകളിലും, മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും പഠിക്കുന്ന കുട്ടികൾക്ക് വകുപ്പിൽ നിന്ന് സഹായധനം നൽകുന്നുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ കുട്ടികൾക്ക് ഇതിനായി പ്രത്യേക പരിശീലനവും നല്കിവരുന്നു. കലാ കായിക രംഗത്ത് സംസ്ഥാന തലത്തിൽ വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് / ഗോൾഡ് മെഡലും നല്കി പ്രോത്സാഹിപ്പിക്കുന്നുണ്ട്.

### 2-6-2010 -ലെ സമിതി യോഗം ആവശ്യപ്പെട്ട അധിക വിവരം

യുവജനോത്സവങ്ങളിൽ ഏതെങ്കിലും ആദിവാസി കലാരൂപങ്ങൾ മത്സര ഇനമായി ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് ആരായാൻ തീരുമാനിച്ചു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

യുവജനോത്സവങ്ങളിൽ ഇപ്പോൾ ആദിവാസി കലാ രൂപങ്ങൾ മത്സര ഇനമായി ഉൾപ്പെടുത്തിയിട്ടില്ല. കേരളത്തിലെ പട്ടികവർഗ്ഗക്കാർക്കിടയിൽ പ്രചാരമുള്ള താഴെ പറയുന്ന കലാരൂപങ്ങൾ യുവജനോത്സവങ്ങളിൽ മത്സര ഇനമായി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

1. പണിയ നൃത്തം (പണിയർ)
2. കോൽക്കളി (മുള്ളക്കുറുമർ)
3. കരടി നൃത്തം (ഇരുളർ)

4. മന്നാർ കൂത്ത് (മന്നാൻ)

5. ഹിൽപുലയരുടെ പരമ്പരാഗത നൃത്തം

6. മംഗലംകളി (മാവിലൻ)

7. ചാറ്റുപാട്ട് (കാണിക്കാർ)

**ശിപാർശ 35 (ഖണ്ഡിക 141)**

സഞ്ചാരയോഗ്യമായ വഴികൾ ഒരു പ്രദേശത്തിന്റെ വികസനത്തിലേക്കുള്ള ചവിട്ടുപടികളാണ്. ദുർഗ്ഗമമായ പ്രദേശങ്ങളിലെ വാസമാണ് പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിന് തടസ്സം നിൽക്കുന്ന പ്രധാന ഘടകം. ഭക്ഷ്യ വസ്തുക്കൾക്ക് പോലും ഇരട്ടിയിലധികം രൂപ ചുമട്ടുകൂലിയിനത്തിൽ ചെലവഴിക്കേണ്ടി വരുന്നതായി സമിതിയുടെ മറയൂർ പട്ടികവർഗ്ഗ സങ്കേത സന്ദർശനത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞു. നിർമ്മാണ സാമഗ്രികൾ യഥാസ്ഥാനങ്ങളിൽ എത്തിക്കാൻ കഴിയാത്തതിനാൽ ഭവനനിർമ്മാണം പോലും ആവശ്യത്തിനു ഉതകുന്ന രീതിയിൽ ആയിരിക്കില്ല. ഉൾവനങ്ങളിൽ താമസിക്കുന്ന ആദിവാസികൾ വനവിഭവങ്ങൾ ശേഖരിച്ച് വിപണനം നടത്തി ഉപജീവനം കഴിയുന്നവരാണ്. ഇത്തരം വിഭവങ്ങളും കാർഷിക, കാർഷികേതര വിഭവങ്ങളും വിപണിയിലെത്തിക്കുവാൻ വാഹന സൗകര്യം ലഭ്യമല്ലാത്തതിനാൽ ഇടനിലക്കാരെ ആശ്രയിക്കേണ്ടി വരികയും തന്മൂലം ഏറെ വിഷമതകൾ അനുഭവിക്കേണ്ടി വരികയും ചെയ്യുന്നു എന്ന് സമിതി മനസ്സിലാക്കി. ഈ ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ ആഴ്ചയിൽ രണ്ട് തവണയെങ്കിലും പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നിന്നുള്ള വിപണന വസ്തുക്കൾ ശേഖരിച്ച് അടുത്തുള്ള വിപണന കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും ഊരുകളിൽ എത്തിക്കപ്പെടുന്ന സാധനങ്ങൾക്ക് അധികമായി നൽകേണ്ടി വരുന്ന തുക സബ്സിഡിയായി അനുവദിച്ചു നൽകുന്നതിനും വകുപ്പ് തലത്തിൽ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

ഇടുക്കി ജില്ലയിലെ ഇടമലക്കുടി സെറ്റിൽമെന്റിൽ റേഷൻ സാധനങ്ങൾ എത്തിക്കുന്നതിന് ചുമട്ട് കൂലി ഇനത്തിൽ അധികമായി നൽകേണ്ടി വരുന്ന തുക ഇപ്പോൾ സർക്കാരിൽ നിന്നും പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന അനുവദിച്ചു നല്കുന്നു. മറ്റു സെറ്റിൽമെന്റുകളിൽ ഇപ്രകാരം ധന സഹായം നല്കുന്ന കാര്യം പരിശോധിച്ചു നടപടി സ്വീകരിക്കുന്നതാണ്.

## ശിപാർശ 36 (ഖണ്ഡിക 142)

ഉൾവനങ്ങളിൽ സ്ഥിതി ചെയ്യുന്ന ആദിവാസി ഊരുകളിലേക്കുള്ള റോഡു നിർമ്മാണത്തിന് മിക്കപ്പോഴും വനം വകുപ്പ് സാങ്കേതിക തടസ്സങ്ങൾ ഉന്നയിക്കാറുണ്ടെന്ന് സമിതിക്ക് വ്യക്തമായി. ആദിവാസികളുടെ ഉന്നമനത്തിന് റോഡ് വികസനം അത്യന്താപേക്ഷിതമായ ഒരു ഘടകമാണെന്നുകൂടി സമിതി വിലയിരുത്തുന്നു. ആയതിനാൽ പട്ടികവർഗ്ഗ വികസന വകുപ്പ്, വനം, പൊതുമരാമത്ത്, തദ്ദേശസ്വയംഭരണ വകുപ്പ് മുതലായ മറ്റു വകുപ്പുകളുമായുള്ള ഏകോപന പ്രവർത്തനങ്ങളിലൂടെ ഘട്ടം ഘട്ടമായെങ്കിലും ആദിവാസി സങ്കേതങ്ങളിലേക്കുള്ള റോഡുകളുടെ നിർമ്മാണം പൂർത്തീകരിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കണമെന്നും വനം വകുപ്പിന്റെ തടസ്സം ഒഴിവാക്കുവാൻ വനം വകുപ്പുമായി ചേർന്ന് പദ്ധതി ആവിഷ്കരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി

അഹാഡ്സിന്റെ സമ്പൂർണ്ണ ഊരു വികസന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും അല്ലാത്തതുമായ ഊരുകളിലേക്കുള്ള ഊരുപാതയുടെ നിർമ്മാണം അഹാഡ്സ് വഴി നടത്തി വരുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

2006-ലെ കേന്ദ്ര വനാവകാശ നിയമത്തിന്റെ വെളിച്ചത്തിൽ പ്രസ്തുത ആവശ്യങ്ങൾക്ക് വനഭൂമി ലഭ്യമാകുന്നതിന് വനാവകാശ സമിതിയുമായി ബന്ധപ്പെട്ട നടപടി സ്വീകരിക്കുന്നതാണ്.

### 2-6-2010-ലെ സമിതി യോഗം ആവശ്യപ്പെട്ട അധിക വിവരം

കേന്ദ്ര വനാവകാശ നിയമമനുസരിച്ച് വനമേഖലയിലെ ആദിവാസികൾക്ക് പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിന് ഗ്രാമസഭകൾ ചേർന്ന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അവ നടപ്പിലാക്കിയിട്ടുണ്ടോയെന്നും ആരായാൻ തീരുമാനിച്ചു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

ഉൾവനങ്ങളിൽ സ്ഥിതിചെയ്യുന്ന പട്ടികവർഗ്ഗ പ്രദേശങ്ങളിലേക്ക് പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കുന്നതിന് 2006-ലെ കേന്ദ്ര വനാവകാശ നിയമം വ്യവസ്ഥ ചെയ്യുന്ന അവകാശങ്ങളനുസരിച്ച് പട്ടികവർഗ്ഗ വികസന വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും ഗ്രാമസഭകളും ചേർന്ന് തടസ്സങ്ങൾ ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## ശിപാർശ 37 (ഖണ്ഡിക 143)

പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ശുദ്ധജലം ലഭ്യമാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് പുറമെ ത്രിതല പഞ്ചായത്തുകൾക്കും വാട്ടർ അതോറിറ്റിക്കും നിരവധി പദ്ധതികളുണ്ട്. പല സങ്കേതങ്ങളിലും പൈപ്പ് ലൈൻ വഴി വെള്ളമെത്തിക്കുകയും മറ്റിടങ്ങളിൽ കിണർ, കുഴൽക്കിണർ മുതലായവ കുഴിച്ചു കൊടുക്കുന്നതായും കാണുന്നുണ്ട്. എന്നാൽ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ജലക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച ഗിരിധാര പദ്ധതി പ്രകാരം സ്ഥാപിച്ച നിരവധി മഴവെള്ള സംഭരണികൾ നോക്കുകുത്തികളായി നിലകൊള്ളുന്നതായി സമിതി മനസ്സിലാക്കുന്നു. വയനാട് ജില്ലയിലെ മാനന്തവാടി, തിരുനെല്ലി, വെള്ളമുണ്ട, എടവക, മീനങ്ങാടി, തവിഞ്ഞാൽ, പനമരം, കണിയാമ്പറ്റ, കോട്ടത്തറ, നൂൽപ്പുഴ എന്നീ പഞ്ചായത്തുകളിലാണ് ഗിരിധാര പദ്ധതി നടപ്പാക്കിയത്. കേവലം നാലും അഞ്ചും സെന്റ് ഭൂമി മാത്രം കൈവശമുള്ള ആദിവാസികൾ പോലും വേനലിലെ കുടിവെള്ളത്തിനായുള്ള നെട്ടോട്ടം ഒഴിവാക്കാമെന്ന പ്രതീക്ഷയിലാണ് ഗുണഭോക്തൃ വിഹിതവും നൽകി പദ്ധതിയിൽ പങ്കാളികളായത്. ഇവരുടെ പ്രതീക്ഷകളെല്ലാം തകിടം മറിച്ചുകൊണ്ട് കൂറ്റൻ മഴവെള്ള സംഭരണികൾ പല സ്ഥലങ്ങളിലും വിണ്ടു കീറി പൈപ്പ് ദ്രവിച്ച അവസ്ഥയിൽ മുറ്റത്ത് സ്ഥലം മുടക്കികളായ മരണക്കെണികളായി വർത്തിക്കുന്നുവെന്ന് സമിതി അഭിപ്രായപ്പെടുന്നു. ലക്ഷങ്ങൾ മുടക്കി പദ്ധതികൾ നടപ്പിലാക്കുമ്പോൾ അവ ഫലപ്രദമാവുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും ഗിരിധാരാ പദ്ധതിയെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുകയും നിർമ്മാണ പാളിച്ചകൾ സംബന്ധിച്ച് അന്വേഷണം നടത്തുകയും മഴവെള്ള സംഭരണികൾ പ്രവർത്തനക്ഷമമാക്കാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

ജലവിതരണ പദ്ധതികൾ വാട്ടർ അതോറിറ്റി, പഞ്ചായത്തുകൾ, ഗ്രൗണ്ട് വാട്ടർ അതോറിറ്റി എന്നിവയുടെ സഹായത്തോടെയാണ് വകുപ്പ് നടപ്പാക്കുന്നത്. ഗിരിധാരാ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടത്തിവരുന്നതിനാൽ മറ്റ് തുടർനടപടികൾ തടസ്സപ്പെട്ടിരിക്കുകയാണ്.

### ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടി

ഗിരിധാരാ പദ്ധതി കേരള വാട്ടർ അതോറിറ്റിയും ജലനിധിയും നടപ്പിലാക്കുന്ന പദ്ധതിയല്ല. മഴവെള്ള സംഭരണ പ്രചരണ പരിപാടിയുടെ ഭാഗമായും ജലനിധി പദ്ധതിയുടെ ഭാഗമായും തയ്യാറാക്കുന്ന മഴവെള്ള സംഭരണികളുടെ പ്രവർത്തന ക്ഷമത കാര്യക്ഷമമാക്കുകയും ആവശ്യമായ പരിഹാര നടപടികൾ ജലനിധി നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. ജലനിധി പദ്ധതിയുടെ ഭാഗമായി ഗുണഭോക്തൃ സമിതിയിൽ മഴവെള്ള സംഭരണത്തിലൂടെ കുടിവെള്ളം ലഭ്യമാക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിന്

ശേഷമുള്ള തുടർ നടത്തിപ്പ് ഗുണഭോക്താക്കളിൽ നിക്ഷിപ്തമാണ്. ആയതിനാൽ കമ്മീഷൻ ചെയ്തതിനുശേഷമുള്ള അറ്റകുറ്റപ്പണികൾ പൂർണ്ണമായും ഗുണഭോക്താക്കളാണ് നടപ്പിലാക്കുന്നത്. എല്ലാ കുടിവെള്ള പദ്ധതികളുടെയും മഴവെള്ള സംഭരണികളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ കെ.ആർ.ഡബ്ല്യൂ.എസ്സ്.എ. നിയോഗിക്കുന്ന സന്നദ്ധ സംഘടനകളുടെ മേൽനോട്ടത്തിലാണ് നടപ്പിലാക്കുന്നത്. കൺസ്ട്രക്ഷൻ ക്വാളിറ്റി മോണിറ്ററിംഗ് ഏജൻസിയെയും കെ.ആർ.ഡബ്ല്യൂ.എസ്.എ. നിയോഗിക്കും. നിർമ്മാണ ഘട്ടത്തിൽ എന്തെങ്കിലും അപാകതകൾ ശ്രദ്ധയിൽപ്പെട്ടാൽ കെ.ആർ.ഡബ്ല്യൂ.എസ്.എ.-യുടെ എഞ്ചിനീയറുടെ മേൽനോട്ടത്തിൽ ആയത് പരിഹരിക്കാറുണ്ട്. പൂർത്തീകരിക്കപ്പെട്ട സ്കീമുകൾ വീണ്ടും സന്ദർശിക്കുന്നതിലേക്കായി ഒരു പദ്ധതി നടപ്പിലാക്കാനും തീരുമാനിച്ചിട്ടുണ്ട്.

## ശിപാർശ 38 (ഖണ്ഡിക 144)

പുരോഗതിക്ക് ആധാരമായ വൈദ്യുതി ഇനിയും ലഭിച്ചിട്ടില്ലാത്ത പട്ടികവർഗ്ഗ സങ്കേതങ്ങൾ നിലവിലുള്ളതായി കാണുന്നു. ഉൾവനങ്ങളിലേക്ക് വൈദ്യുതി എത്തിക്കാനാവശ്യമായ പുതിയ പോസ്റ്റുകൾ സ്ഥാപിക്കുന്നതിനും കമ്പി വലിക്കുന്നതിനും ഉണ്ടാകുന്ന ഭീമമായ ചെലവും സാമഗ്രികൾ യഥാസ്ഥലങ്ങളിൽ എത്തിക്കുന്നതിനുള്ള ബുദ്ധിമുട്ടും പട്ടികവർഗ്ഗ കോളനികൾ വൈദ്യുതീകരിക്കുന്നതിന് തടസ്സങ്ങളാണ്. കൂടാതെ വനം വകുപ്പിന്റെ തടസ്സവും ഉള്ളതായി സമിതി മനസ്സിലാക്കുന്നു. ചില സ്ഥലങ്ങളിൽ അനെർട്ടിന്റെ സഹകരണത്തോടെ സൗരോർജ്ജവിളക്കുകൾ സ്ഥാപിച്ചിട്ടുള്ളതായി കാണുന്നുണ്ട്. വിദ്യുച്ഛക്തി എത്തിക്കാൻ പ്രയാസമുള്ള എല്ലാ പ്രദേശങ്ങളിലും പരമാവധി സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുകയും മറ്റാവശ്യങ്ങൾക്ക് സൗരോർജ്ജം ഉപയോഗപ്പെടുത്താൻ ആവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കിക്കൊടുക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. മൈക്രോ ജലവൈദ്യുത യൂണിറ്റുകൾ സ്ഥാപിക്കാൻ സൗകര്യമുള്ള പ്രദേശങ്ങളിൽ ഇത്തരം യൂണിറ്റുകൾ നിർമ്മിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. വൈദ്യുതീകരിച്ചിട്ടില്ലാത്ത പട്ടികവർഗ്ഗ കോളനികളിൽ വൈദ്യുതീകരണം സമയബന്ധിതമായി പൂർത്തീകരിക്കാൻ ശ്രമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

വൈദ്യുതീകരണത്തിന് പ്രയാസമുള്ള സ്ഥലങ്ങളിൽ സൗരോർജ്ജ വിളക്കുകൾ നല്കുന്നതിനാണ് വകുപ്പ് ശ്രദ്ധിച്ചിട്ടുള്ളത്. എന്നാൽ പ്രവർത്തന രഹിതമാകുന്ന ഇത്തരം വിളക്കുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് ബുദ്ധിമുട്ടനുഭവപ്പെടുന്നു. മൈക്രോ ജല വൈദ്യുത യൂണിറ്റുകൾ നടപ്പിലാക്കാൻ സൗകര്യമുള്ള ഇടങ്ങളിൽ അത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. ഇനിയും വൈദ്യുതീകരിക്കാത്ത പട്ടികവർഗ്ഗ കോളനികൾ ഫണ്ടിന്റെ ലഭ്യത കൂടി ഉറപ്പ് വരുത്തി സമയബന്ധിതമായി വൈദ്യുതീകരിക്കുന്നതാണ്.

## 2-6-2010-ലെ സമിതി യോഗം ആവശ്യപ്പെട്ട അധിക വിവരം

വൈദ്യുതീകരിച്ചിട്ടില്ലാത്ത പട്ടികവർഗ്ഗ കോളനികളിൽ വൈദ്യുതീകരണം സമയബന്ധിതമായി പൂർത്തിയാക്കാൻ ശ്രമിക്കണമെന്ന സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ വൈദ്യുതി എത്തിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ എന്ന് ആരായാൻ തീരുമാനിക്കുകയും വൈദ്യുതീകരിക്കാത്ത പട്ടിക വർഗ്ഗ കോളനികളിൽ വന നശീകരണം പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് അണ്ടർ ഗ്രൗണ്ട് കേബിൾ കണക്ഷൻ സംവിധാനം ഏർപ്പെടുത്തി ശുദ്ധജലവും വൈദ്യുതിയും സമയബന്ധിതമായി എത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ശിപാർശ ചെയ്യാനും തീരുമാനിച്ചു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

പട്ടികവർഗ്ഗ കോളനികൾ വൈദ്യുതീകരിക്കുന്നതിനായി പട്ടികവർഗ്ഗ വകുപ്പിൽ നിന്നും ഫണ്ട് അനുവദിച്ചു വരുന്നുണ്ട്. കൂടാതെ ത്രിതല പഞ്ചായത്തുകളും ഓരോ വർഷവും ഈ ആവശ്യത്തിലേയ്ക്കായി വൈദ്യുതി ബോർഡിലേയ്ക്ക് തുക അനുവദിക്കുന്നുണ്ട്. ഇതിനുപുറമെ ഇനിയും വൈദ്യുതീകരിച്ചിട്ടില്ലാത്ത പട്ടികവർഗ്ഗ കോളനികൾ ഉൾപ്പെടെയുള്ള എല്ലാ വിദൂര മേഖലകളും വൈദ്യുതീകരിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ "രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതി യോജന" പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡ് നടപടി സ്വീകരിച്ചുവരുന്നുണ്ട്. അണ്ടർ ഗ്രൗണ്ട് കേബിൾ വഴി വൈദ്യുതീകരണം നടത്തുന്നതിന് ഭാരിച്ച സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതിനാൽ ഇത്തരം പദ്ധതികൾക്ക് ഇതുവരെ അംഗീകാരം നല്കിയിട്ടില്ല.

### തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി

പാർപ്പിട നിർമ്മാണത്തോടൊപ്പം വൈദ്യുതീകരണവും ചെയ്തിട്ടുണ്ട്. കൂടാതെ വൈദ്യുതി എത്താത്ത ഊരുകളിൽ സൗരോർജ്ജ വിളക്കുകളും ലഭ്യമാക്കിയിട്ടുണ്ട്.

### ഊർജ്ജ വകുപ്പ് സ്വീകരിച്ച നടപടി

ആർ.വി.ഇ.പി. പദ്ധതി പ്രകാരം 4204 വീടുകളിൽ സോളാർ ഹോംലൈറ്റിംഗ് സിസ്റ്റംസ് നൽകുന്ന പദ്ധതി പൂർത്തീകരിച്ചു. തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ് ജില്ലകളിലായി 49 പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലായാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയത്.

2010-11 കാലയളവിൽ സമ്പൂർണ്ണ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഭാഗമായി 1304 പട്ടികവർഗ്ഗ കോളനികളിൽ 11765 വീടുകളിൽ വിദൂരഗ്രാമ വൈദ്യുതീകരണത്തിന് വേണ്ടി പട്ടിക തയ്യാറാക്കി. പ്രസ്തുത പട്ടിക ഇപ്പോൾ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന്റെ (ആർ.ഇ.സി.) അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ടി പട്ടികയ്ക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ വിശദമായ പ്രോജക്ട് പ്രൊപ്പോസൽ എം.എൻ.ആർ.ഇ.-യ്ക്ക് സമർപ്പിക്കുന്നതാണ്. വൈദ്യുതീകരിക്കപ്പെടാത്ത വീടുകളുടെ സർവ്വേയുടെ എന്യൂമറേഷൻ പ്രവർത്തനങ്ങൾ കണ്ണൂർ, ആലപ്പുഴ ജില്ലകളിൽ പൂർത്തിയായി. മറ്റ് 12 ജില്ലകളിൽ പുരോഗമിച്ചു വരുന്നു. ആകെയുള്ള 207546 രജിസ്റ്റർ ചെയ്ത വീടുകളിൽ 19929 വീടുകളാണ് എന്യൂമറേഷൻ സമയബന്ധിതമായി പൂർത്തിയാക്കിയത്. ശേഷിക്കുന്ന വീടുകളുടെ എന്യൂമറേഷൻ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. സർവ്വേ പ്രവർത്തനത്തിനിടയിൽ പുതിയതായി കണ്ടെത്തുന്ന വൈദ്യുതീകരിക്കപ്പെടാത്ത വീടുകളും എന്യൂമറേറ്റ് ചെയ്യുന്നുണ്ട്.

മൈക്രോ ജലവൈദ്യുത യൂണിറ്റുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ പേരാവൂർ ബ്ലോക്കിൽ 360 കി.വാ. ശേഷിയുള്ള 5 പദ്ധതികൾ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്നതിനുള്ള അംഗീകാരം ലഭിച്ചു. പദ്ധതി നടപ്പിലാക്കാനുള്ള അനന്തര നടപടികൾ സ്വീകരിച്ചു വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ 485 ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി. പി. ആർ.) ഈ സാമ്പത്തിക വർഷം തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

മൈക്രോ ജലവൈദ്യുത പദ്ധതികൾ തുടങ്ങുവാനുതകുന്ന വൈദ്യുതി എത്താത്ത പല സ്ഥലങ്ങളും നമ്മുടെ പഞ്ചായത്തുകളിലുണ്ടെങ്കിലും ഇത്തരം പദ്ധതികൾ നടപ്പിലാക്കാനുള്ള ഫണ്ട് പഞ്ചായത്തുകൾക്കില്ല. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യ വൈദ്യുതി കൊടുക്കേണ്ടതിനാൽ ഇത്തരം പദ്ധതികൾ നടത്തിക്കൊണ്ട് പോകലും അവ പ്രവർത്തിപ്പിക്കുവാനുള്ള അറ്റകുറ്റപ്പണികളുടെയും ഫണ്ട് കൂടി പഞ്ചായത്ത് കണ്ടെത്തണം. ഇത്തരം സ്ഥലങ്ങളിലെ വീടുകൾ മിക്കവാറും പദ്ധതി പ്രദേശത്തു നിന്നും ദൂരെയും ഒറ്റപ്പെട്ടതും ആകും. അതിനാൽ പദ്ധതിക്ക് ചെലവ് കൂടുമെന്ന് മാത്രമല്ല, വിതരണ നഷ്ടവും ഉണ്ടാകുന്നതിനാൽ ഒറ്റപ്പെട്ട വീടുകൾക്ക് വോൾട്ടേജിന്റെ കുറവും അനുഭവപ്പെടാം. ഇത് കുറയ്ക്കാനായി ട്രാൻസ്ഫോർമർ ഘടിപ്പിക്കുകയാണെങ്കിൽ പദ്ധതിയുടെ ചെലവ് കൂടും.

ഇത്തരം പദ്ധതികൾക്കായി വെള്ളം എടുക്കുന്ന അരുവികൾ മിക്കവയും വേനൽക്കാലത്ത് വെള്ളം വറ്റുന്നവയായതിനാൽ ഇങ്ങനെയുള്ള മൈക്രോ ജലവൈദ്യുത പദ്ധതികൾ ആണ്ടിൽ ഏകദേശം ആറ് എഴ് മാസമേ മുഴുവനായി ഉപയോഗപ്പെടുത്തുവാൻ കഴിയുന്നുള്ളൂ. ഈ പ്രശ്നം തീർക്കാൻ ഹൈബ്രിഡ് സിസ്റ്റം കൊടുക്കേണ്ടി വരും. സോളാർ കാറ്റിൽ നിന്നുള്ള വൈദ്യുതി അല്ലെങ്കിൽ DG Set മുതലായവ. ഇത് പദ്ധതികൾ

സ്ഥാപിക്കുവാനും തുടർന്ന് നടത്തിക്കൊണ്ടു പോകുന്നതിനുമുള്ള ചെലവ് ക്രമാതീതമായി കൂടുകയും പഞ്ചായത്തുകൾക്ക് പ്രാപ്യമല്ലാതാക്കുകയും ചെയ്യുന്നതായാണ് കാണാൻ കഴിയുന്നത്.

മൈക്രോ ജലവൈദ്യുത പദ്ധതി തുടങ്ങുവാൻ പറ്റിയ താഴെ പറയുന്ന രണ്ട് സ്ഥലങ്ങളിലെ പഞ്ചായത്തുകളുടെ ആവശ്യപ്രകാരം പദ്ധതിക്കുള്ള രൂപരേഖ ഇ.എം.സി.യിൽ നിന്നും ചെയ്തു കൊടുക്കുകയുണ്ടായി.

1. 7.5 കിലോവാട്ട് നീലിച്ചോട് - കൊട്ടിയൂർ പഞ്ചായത്ത്

2. 2.5 കിലോവാട്ട് ഏഴരക്കുണ്ട് - നടുവിൽ പഞ്ചായത്ത്.

പദ്ധതി തുടങ്ങാതിരിക്കുവാനുള്ള മുഖ്യ കാരണം പഞ്ചായത്തുകളുടെ ഫണ്ടിന്റെ അഭാവമാണ്. ഇതിലേക്കുള്ള ഫണ്ട് അനുവദിച്ചാൽ ഇ.എം.സി.-ക്ക് ഈ പദ്ധതികൾ പഞ്ചായത്തിനുവേണ്ടി നടത്തിക്കൊടുക്കുവാൻ സാധിക്കുന്നതാണ്.

## ശിപാർശ 39 (ഖണ്ഡിക 146)

തദ്ദേശ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ വയറിംഗ് നടത്തിയിട്ടുള്ള എല്ലാ പട്ടിക വർഗ്ഗ ഭവനങ്ങളിലും കോളനികളിലും വൈദ്യുതി കണക്ഷൻ നൽകാൻ ബാക്കിയുള്ളവയ്ക്ക് താമസംവിനാ കണക്ഷൻ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

2-6-2010-ലെ സമിതി യോഗം ആവശ്യപ്പെട്ട അധിക വിവരം

സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം നൽകി വയറിംഗ് നടത്തിയിട്ടുള്ള ആദിവാസി ഊരുകളിലെ വീടുകളിൽ എത്ര എണ്ണത്തിന് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ടെന്നും ഇനിയും വൈദ്യുതി കണക്ഷൻ ലഭ്യമാകാൻ എത്ര വീടുകൾ ബാക്കിയുണ്ടെന്നും ആരായാനും തീരുമാനിച്ചു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

സംസ്ഥാനത്താകെ 5068 പട്ടികവർഗ്ഗ സങ്കേതങ്ങളുള്ളതിൽ 4057 സങ്കേതങ്ങൾ വൈദ്യുതീകരിച്ചിട്ടുണ്ട്. ഇനിയും 1011 സങ്കേതങ്ങൾ കൂടി വൈദ്യുതീകരിക്കുവാനുണ്ട്. സംസ്ഥാനത്താകെ 72708 പട്ടികവർഗ്ഗ വീടുകളുള്ളതിൽ 36215 വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്. ഈ വീടുകൾക്ക് പുറമേ ബാക്കി വീടുകൾ കൂടി വൈദ്യുതീകരിക്കുന്നതിന് വകുപ്പ് മുന്തിയ പരിഗണന നൽകിയിട്ടുണ്ട്.

## ശിപാർശ 40 (ഖണ്ഡിക 148)

ഊരുകൂട്ട നിർദ്ദേശങ്ങളിൽ പല പോരായ്മകളും കടന്നുകൂടുന്നുണ്ടെന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ അപര്യാപ്തമാണെന്നും സമിതി കരുതുന്നു. ഊരുകൂട്ട യോഗങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് പട്ടികവർഗ്ഗക്കാർ ബോധവാൻമാരല്ലെന്നും പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഗ്രാമസഭയോടൊപ്പം തന്നെ ഊരുകൂട്ടം നടത്തുന്നതിനാൽ ഊരുകൂട്ടങ്ങൾ അപ്രസക്തമാവുന്നതായും സമിതി വിലയിരുത്തുന്നു. ആയതിനാൽ നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായി തന്നെ ഊരുകൂട്ടം സംഘടിപ്പിക്കുന്നതിനും ഊരുകൂട്ടങ്ങളുടെ പ്രസക്തിയെക്കുറിച്ച് പട്ടികവർഗ്ഗക്കാരെ ബോധവൽക്കരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

ഊര് കൂട്ടങ്ങളുടെ പ്രസക്തിയെ പറ്റി പട്ടികവർഗ്ഗ പ്രൊമോട്ടർമാർ വഴി ആദിവാസികളെ ബോധവൽക്കരിക്കുന്നുണ്ട്.

### തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി

ഊരു വികസന സമിതികൾ വഴിയാണ് അഹാഡ്സ് നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നത്. ഇത്തരം സമിതികൾ വഴി ഊരുകൂട്ടത്തിന്റെ പ്രാധാന്യം, ഉദ്ദേശ്യം, ലക്ഷ്യം എന്നിവ ബോധ്യപ്പെടുത്തിക്കൊടുക്കുന്നു.

## ശിപാർശ 41 (ഖണ്ഡിക 149)

പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഊരുകൂട്ട യോഗങ്ങൾ സംഘടിപ്പിക്കുന്നത് വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെയും എസ്. ടി. പ്രൊമോട്ടർമാരെയും അറിയിക്കാതെയാണെന്നും അതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന റ്റി.എസ്.പി. പ്രോജക്ടുകൾ പട്ടികവർഗ്ഗക്കാർക്ക് ശരിയായ രീതിയിൽ പ്രയോജനപ്പെടുന്നില്ലെന്നും സമിതി സംശയിക്കുന്നു. ആയതിനാൽ ഊരുകൂട്ടങ്ങളിൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെയും എസ്.ടി. പ്രൊമോട്ടർമാരെയും നിർബന്ധമായും ഉൾപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

ഊര് കൂട്ടങ്ങളിൽ വകുപ്പിലെ ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർമാരും പ്രൊമോട്ടർമാരും പങ്കെടുക്കുന്നുണ്ട്. എന്നാൽ വകുപ്പിലെ ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർമാരുടെ അംഗ സംഖ്യ കുറവായതിനാൽ എല്ലാ ഊര് കൂട്ടങ്ങളിലും പങ്കെടുക്കുവാൻ ഇവർക്ക് കഴിയുന്നില്ല.

## ശിപാർശ 42 (ഖണ്ഡിക 151)

പട്ടികവർഗ്ഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിൽ സോഷ്യൽ ആക്റ്റിവിസ്റ്റുകൾ വഹിക്കുന്ന പങ്കിന്റെ പ്രാധാന്യം പരിഗണിച്ച് ആവശ്യത്തിന് സോഷ്യൽ ആക്റ്റിവിസ്റ്റുകൾ ഇല്ലാത്തിടങ്ങളിൽ കൂടുതൽ പേരെ നിയമിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

Social Activist-കൾ എന്ന പേരിൽ മുൻ കാലങ്ങളിൽ നിയമിച്ചവരെ ഇപ്പോൾ പട്ടികവർഗ്ഗ പ്രൊമോട്ടർമാർ എന്ന പേരിലാണ് നിയമിക്കുന്നത്. സംസ്ഥാനത്ത് നിലവിൽ 1005 പേരെ പട്ടികവർഗ്ഗ പ്രൊമോട്ടർമാരായി നിയമിച്ചിട്ടുണ്ട്.

## ശിപാർശ 43 (ഖണ്ഡിക 159)

പട്ടികവർഗ്ഗക്കാരിൽ വൃത്തിയും ശുചിത്വവും സംബന്ധിച്ചുള്ള അവബോധം സൃഷ്ടിക്കുകയെന്നതായിരിക്കണം ആരോഗ്യപരിപാടികളുടെ പ്രഥമ ലക്ഷ്യമെന്നും പട്ടിക വർഗ്ഗ വിദ്യാർത്ഥികളിലൂടെ കുടുംബങ്ങളിൽ ശുചിത്വശീലങ്ങൾ എത്തിക്കുന്നതാണ് ഏറ്റവും എളുപ്പ മാർഗ്ഗമെന്നും സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ ശുചിത്വമില്ലായ്മയിൽ നിന്നുമുത്ഭവിക്കുന്ന ഗൗരവതരമായ ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നിരന്തരം ബോധവൽക്കരണം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വകുപ്പ് മുഖേനയും, ആരോഗ്യ വകുപ്പിന്റെ സഹായത്തോടെയും ശുചിത്വത്തിന്റെ പ്രാധാന്യം വിദ്യാർത്ഥികൾക്ക് മനസ്സിലാക്കിക്കൊടുക്കുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗ കോളനികളിൽ ആരോഗ്യ വകുപ്പിന്റെ സഹായത്തോടെയും ഇത്തരം പരിപാടികൾ നടപ്പിലാക്കുന്നുണ്ട്. വകുപ്പ് നടപ്പാക്കുന്ന ഐക്യദാർഢ്യ പക്ഷാചരണത്തിൽ ഊരുകളിലെ / കോളനികളിലെ ശുചിത്വ പരിപാലനം ഒരു മുഖ്യ വിഷയമാണ്.

### ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി

ജില്ലാതലത്തിലും, ബ്ലോക്ക് തലത്തിലും പഞ്ചായത്ത് തലങ്ങളിലും നടത്തുന്ന ബോധവൽക്കണ പരിപാടികളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ കൂടി ഉൾപ്പെടുത്തുകയും പട്ടികവർഗ്ഗക്കാർ കൂടുതലായി താമസിക്കുന്ന ഇടങ്ങളിൽ പ്രത്യേക ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യണമെന്ന് എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി**

ആരോഗ്യം, ശുചിത്വം, പകർച്ച വ്യാധികൾ, വിദ്യാഭ്യാസം, കൃഷി തുടങ്ങിയവ വിഷയമാക്കിയുള്ള ക്ലാസ്സുകളും സി.ഡി. പ്രദർശനങ്ങളും സ്കൂളുകളിലും ഊരുകളിലും അഹാഡ്സിന്റെ സഞ്ചരിക്കുന്ന ബോധവൽക്കരണ പരിപാടിയിലൂടെ നടത്തിവരുന്നു.

**ശിപാർശ 44 (ഖണ്ഡിക 160)**

കോഴിക്കോട്, പാലക്കാട് എന്നീ ജില്ലകളിലെ പട്ടികവർഗ്ഗ കോളനികൾക്ക് ആവശ്യത്തിന് വൈദ്യസഹായം ലഭ്യമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഇവിടങ്ങളിൽ മൊബൈൽ ഹെൽത്ത് യൂണിറ്റുകളും മറ്റു പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമീപ പ്രദേശങ്ങളിൽ ആവശ്യാനുസരണം ഹെൽത്ത് സെന്ററുകളും സഞ്ചരിക്കുന്ന വൈദ്യസഹായ യൂണിറ്റുകളും തുടങ്ങാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗവികസന വകുപ്പ് സ്വീകരിച്ച നടപടി**

പാലക്കാട് ജില്ലയിൽ നിലവിൽ 2 ഒ.പി. ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ടി ഒ.പി. ക്ലിനിക്കിലെ ഡോക്ടർമാർ താൽക്കാലികാടിസ്ഥാനത്തിൽ 10,000 രൂപ ഓണറേറിയം അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരാണ്. NRHM - ന് കീഴിലുള്ള ഡോക്ടർമാരേക്കാൾ കുറഞ്ഞ വേതനത്തിൽ ദുർഘട മേഖലകളിലെ ഒ.പി. ക്ലിനിക്കുകളിൽ ഡോക്ടർമാർ ജോലി ചെയ്യുവാൻ സന്നദ്ധരാകാത്തതിനാൽ ഇവരുടെ സേവനം ലഭ്യമാകാത്ത സാഹചര്യത്തിൽ 2 ഒ.പി. ക്ലിനിക്കുകളിലുമായി ഒരു ഡോക്ടറുടെ സേവനമേ നിലവിലുള്ളൂ.

പാലക്കാട് ജില്ലയിൽ പ്രവർത്തിച്ചിരുന്ന അട്ടപ്പാടി ട്രൈബൽ ഹോസ്പിറ്റലിലും / വയനാട് ജില്ലയിൽ പ്രവർത്തിച്ചിരുന്ന നല്ലൂർനാട് ഹോസ്പിറ്റലിലും പട്ടികവർഗ്ഗക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട ചികിത്സാ സൗകര്യം ലഭിക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങളടക്കം ഭരണ നിയന്ത്രണം ആരോഗ്യ വകുപ്പിന് കൈമാറുകയുണ്ടായി. ആയതിനാൽ കോഴിക്കോട്/പാലക്കാട് ജില്ലകളിലെ പട്ടികവർഗ്ഗ കോളനികളിൽ പട്ടികവർഗ്ഗക്കാർക്ക് മെച്ചപ്പെട്ട വൈദ്യ സഹായം ലഭ്യമാകുന്നതിന് ആവശ്യമായ മൊബൈൽ ഹെൽത്ത് യൂണിറ്റുകളും ഹെൽത്ത് സെന്ററുകളും ആരോഗ്യ വകുപ്പിന്റെ കീഴിൽ തുടങ്ങുന്നതായിരിക്കും.

സംസ്ഥാനത്ത് നടപ്പാക്കിവരുന്ന സമഗ്ര ആരോഗ്യ പദ്ധതി വഴി ആദിവാസികൾക്ക് നിർദ്ദിഷ്ട ആശുപത്രികളിൽ സമ്പൂർണ്ണ വൈദ്യ സഹായം ലഭ്യമാണ്. ആശുപത്രിയിൽ കിടത്തി ചികിത്സിക്കാൻ കഴിയാത്ത ആദിവാസി രോഗികൾക്ക് ബഹുമാനപ്പെട്ട വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്നും സഹായധനം നൽകി വരുന്നു.

## 2-6-2010-ലെ സമിതി യോഗം ആവശ്യപ്പെട്ട അധിക വിവരം

NRHM സ്കീമിൽ ഡോക്ടർമാരെ പട്ടികവർഗ്ഗ കോളനികളിൽ നിയമിക്കാത്തതിന് കാരണമെന്താണെന്നും കോഴിക്കോട് ജില്ലയിലെ പട്ടികവർഗ്ഗ കോളനികൾക്ക് വൈദ്യ സഹായം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ആരായാനും തീരുമാനിച്ചു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

കോഴിക്കോട് ജില്ലയിൽ പട്ടികവർഗ്ഗ സങ്കേതങ്ങൾ കേന്ദ്രീകരിച്ച് ത്രിതല പഞ്ചായത്തിന്റെയും ആരോഗ്യ വകുപ്പിന്റെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും ആഭിമുഖ്യത്തിൽ മാസത്തിലൊരിക്കൽ മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നുണ്ട്. സമഗ്ര ആരോഗ്യ പദ്ധതി പ്രകാരം കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലും, ബീച്ച് ആശുപത്രിയിലും പട്ടികവർഗ്ഗക്കാർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുവാൻ ക്രമീകരണം ചെയ്തിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ 2010-11 വർഷം ട്രൈബൽ സെറ്റിൽമെന്റുകൾ കേന്ദ്രീകരിച്ച് 322 മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചിരുന്നു.

**തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി**

അട്ടപ്പാടിയിൽ ജെ. പി. എച്ച്. എൻ. പാസ്സായ ആദിവാസി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളെ ദിനവേതന അടിസ്ഥാനത്തിൽ അട്ടപ്പാടിയിലെ മൂന്ന് ആരോഗ്യ കേന്ദ്രങ്ങളിലായി നിയമിച്ചിട്ടുണ്ട്. കൂടാതെ അടിയന്തര ഘട്ടങ്ങളിൽ മരുന്നുകളും മറ്റ് ചികിത്സാ ഉപകരണങ്ങളും അഹാഡ്സ് വഴി ലഭ്യമാക്കുന്നു. ചികിത്സാ ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നു.

**ശിപാർശ 45 (ഖണ്ഡിക 161)**

മെഡിക്കൽ ബിരുദം നേടി പുറത്തിറങ്ങുന്ന വിദ്യാർത്ഥികൾക്ക് ഗ്രാമീണ സേവനം നിർബന്ധമാക്കിയിരിക്കുന്ന സാഹചര്യത്തിൽ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഇവരുടെ സേവനം പരമാവധി ഉപയോഗപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

ഇത് സംബന്ധിച്ച് പട്ടികവർഗ്ഗക്കാരുടെ ഇടയിൽ ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ ബോധവൽക്കരണം നടത്തുന്നുണ്ട്.

2-6-2010-ലെ സമിതി യോഗം ആവശ്യപ്പെട്ട അധിക വിവരം

പ്രസ്തുത ഖണ്ഡിക സംബന്ധിച്ച് ലഭിച്ച മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും, മെഡിക്കൽ ബിരുദം നേടി പുറത്തിറങ്ങുന്ന വിദ്യാർത്ഥികൾക്ക് ഗ്രാമീണ സേവനം നിർബന്ധമാക്കിയിരിക്കുന്ന സാഹചര്യത്തിൽ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഇവരുടെ സേവനം ഉറപ്പുവരുത്തുന്നതിന് തടസ്സമായി നിൽക്കുന്ന ഘടകം എന്താണെന്നാരായാനും അതുസംബന്ധിച്ച് വ്യക്തമായ മറുപടി ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലഭ്യമാക്കണമെന്നാവശ്യപ്പെടാനും തീരുമാനിച്ചു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ് സ്വീകരിച്ച നടപടി**

മെഡിക്കൽ ബിരുദം നേടി പുറത്തിറങ്ങുന്ന ഡോക്ടർമാരെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നിയമിക്കുന്നതിനും ഇവരുടെ സേവനം പരമാവധി ഉപയോഗിക്കുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്.

**ആരോഗ്യ കുടുംബ ക്ഷേമ (എസ്) വകുപ്പ് സ്വീകരിച്ച നടപടി**

8-10-2012-ലെ ജി. ഒ. (എം. എസ്.) നമ്പർ 333/2012/ആ.കു.വ. ഉത്തരവ് പ്രകാരം മെഡിക്കൽ ബിരുദം നേടി പുറത്തിറങ്ങുന്ന വിദ്യാർത്ഥികൾക്കുള്ള നിർബന്ധിത ഗ്രാമീണ സേവന വ്യവസ്ഥ ഒഴിവാക്കി പകരം സന്നദ്ധ ഗ്രാമീണ സേവന വ്യവസ്ഥ പ്രാബല്യത്തിൽ കൊണ്ടു വന്നിരുന്നു. എം.ബി.ബി.എസ്. പാസ്സായി വരുന്ന വിദ്യാർത്ഥികളിൽ നിന്ന് സന്നദ്ധ സേവനത്തിന് തയ്യാറാകുന്ന വിദ്യാർത്ഥികളെ എൻ. ആർ. എച്ച്. എം. മുഖേന നിയമിച്ചു വരുന്നുണ്ട്. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പ് നടത്തുന്നതിനായി മൊബൈൽ മെഡിക്കൽ ട്രൈബൽ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇത്തരം യൂണിറ്റുകളിൽ ആവശ്യകതയനുസരിച്ച് സന്നദ്ധ ഗ്രാമീണ സേവന വ്യവസ്ഥയിൽ ജോലി ചെയ്യാൻ സന്നദ്ധരാകുന്ന ഡോക്ടർമാരെ മെഡിക്കൽ ഓഫീസർമാരായി എൻ.ആർ.എച്ച്.എം. മുഖേന നിയമിച്ചു വരുന്നുണ്ട്.

**ശിപാർശ 46 (ഖണ്ഡിക 162)**

സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ഇടയ്ക്കിടെ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് പട്ടികവർഗ്ഗക്കാരുടെ ആരോഗ്യപ്രശ്നങ്ങൾ പൂർണ്ണതോതിൽ പരിഹരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. രക്തബന്ധമുള്ളവർ തമ്മിലുള്ള വിവാഹബന്ധം സിക്കിൾസെൽ

അനീമിയയ്ക്ക് കാരണമാകുന്ന എന്നാണ് വിദഗ്ധാഭിപ്രായം. ആയതിനാൽ സിക്കിൾ സെൽ അനീമിയയുടെ മൂലഹേതു സംബന്ധിച്ച് പട്ടികവർഗ്ഗക്കാരുടെ ഇടയിൽ ബോധവൽക്കരണം ഊർജ്ജിതപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

ഇത് സംബന്ധിച്ച് പട്ടികവർഗ്ഗക്കാരുടെ ഇടയിൽ ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ ബോധവൽക്കരണം നടത്തുന്നുണ്ട്.

**ശിപാർശ 47 (ഖണ്ഡിക 163)**

പല പട്ടികവർഗ്ഗ സങ്കേതങ്ങളിലും വ്യാജവാറ്റ് വ്യാപകമായി നടക്കുന്ന വസ്തുത മാധ്യമങ്ങൾ അടുത്ത കാലത്ത് റിപ്പോർട്ട് ചെയ്യുകയുണ്ടായി. വാറ്റിന്റെ വൻ ലോബികൾ ആദിവാസികളുടെ മറവിൽ പ്രവർത്തിച്ച് ഏറെ ലാഭം കൊയ്യുന്നതായി ഈ പ്രദേശങ്ങളിൽ നടന്ന റെയ്ഡുകൾ വ്യക്തമാക്കുന്നു. ലഹരി പദാർത്ഥങ്ങൾക്ക് അടിമപ്പെട്ട് നാശത്തിലേക്ക് വഴുതിപ്പോകുന്ന ഉറ്റവരുടെ ദയനീയാവസ്ഥ അനുഭവിച്ചറിഞ്ഞ പട്ടികവർഗ്ഗ കോളനികളിലെ തന്നെ ചില യുവതീയുവാക്കൾ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് മുന്നിട്ടിറങ്ങിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വിദ്യാഭ്യാസ വിഷയങ്ങളിലൂടെയും പട്ടികവർഗ്ഗക്കാരുടെ ബോധവൽക്കരണത്തിലൂടെയും പട്ടികവർഗ്ഗ സമൂഹത്തിലെ വിനാശകരമായ ഇത്തരം ദുശ്ശീലങ്ങൾക്ക് വിരാമമിടാൻ പദ്ധതി തയ്യാറാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

മദ്യത്തിന്റെയും, മയക്ക് മരുന്നിന്റെയും പിടിയിൽ നിന്നും ആദിവാസികളെ പിൻതിരിപ്പിക്കാൻ വകുപ്പ് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. ഐക്യ ദാർഢ്യ പക്ഷാചരണ കാലത്ത് ഇത് ഒരു മുഖ്യ വിഷയമായി അവതരിപ്പിക്കുന്നുണ്ട്.

**ശിപാർശ 48 (ഖണ്ഡിക 164)**

എല്ലാ പട്ടികവർഗ്ഗ കോളനികളിലും കക്കൂസ്, കിണർ എന്നിവ നിർമ്മിക്കുന്നതിന് ധനസഹായം നൽകി വരുന്നുണ്ട്. എന്നാൽ പലപ്പോഴും ഈ തുക പര്യാപ്തമാവാതെ വരുന്നതിനാൽ ചിലയിടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാതെ ഇട്ടിരിക്കുന്നതായും ചില ഇടങ്ങളിൽ നിലവാരമില്ലാത്ത നിർമ്മാണ വസ്തുക്കൾ ഉപയോഗപ്പെടുത്തിയിട്ടുള്ളതായും സമിതിക്ക് കണ്ടെത്താൻ കഴിഞ്ഞു. ഇങ്ങനെ നിർമ്മിക്കുന്ന കക്കൂസുകളും മറ്റും ചുരുങ്ങിയ കാലയളവിൽതന്നെ ഉപയോഗശൂന്യമായി തീരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ

നടപ്പിലാക്കുന്നതെങ്കിലും കുറ്റമറ്റ രീതിയിൽ ടി പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ട ബാധ്യത പട്ടികവർഗ്ഗ വകുപ്പിനുണ്ട്. കക്കൂസ്, കിണർ എന്നിവ നിശ്ചിത നിലവാരം ഉറപ്പുവരുത്തി കൊണ്ട് നിർമ്മിക്കുന്നതിന് ആവശ്യമായ തുക അനുവദിച്ചു കൊടുക്കണമെന്നും ഏറെ കാലം ഈടു നിൽക്കുന്നതിന് നല്ല രീതിയിൽ നിർമ്മിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

ഗുണ നിലവാരമുള്ളതും, ഈടുറ്റതുമായ കക്കൂസുകൾ നിർമ്മിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് നല്കി വരുന്ന തുക അപര്യാപ്തമായതിനാൽ ഇത് കാലോചിതമായി പരിഷ്കരിക്കുവാൻ തദ്ദേശ സ്വയംഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുന്നതാണ്.

### ശിപാർശ 49 (ഖണ്ഡിക 165)

പട്ടികവർഗ്ഗക്കാരുടെ അജ്ഞത മുതലെടുത്ത് മധ്യവർത്തികൾ ഇവരെ വേണ്ടുവോളം ചൂഷണം ചെയ്യുന്നുണ്ട്. സർക്കാരിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ ശരിയായ രീതിയിൽ വിനിയോഗിക്കാൻ പലർക്കും കഴിയാതെ പോകുന്നു. സർക്കാരിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ ദുർവിനിയോഗം ചെയ്യുന്നവരും അദ്ധ്വാനത്തിലൂടെ സ്വന്തം നില പരിപോഷിപ്പിക്കുന്നതിനും ബഹുഭൂരിപക്ഷം പട്ടികവർഗ്ഗക്കാരും വിമുഖത കാണിക്കുന്നതായും ഉത്തരവാദിത്വങ്ങളിൽ നിന്നും ഒഴിഞ്ഞു മാറുന്നതായും സമിതിയ്ക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ആയതിനാൽ സാമൂഹ്യസാമ്പത്തിക സുസ്ഥിരതയുടെ പ്രാധാന്യത്തെക്കുറിച്ച് പട്ടിക വർഗ്ഗക്കാരെ ബോധവൽക്കരിക്കാൻ എസ്.ടി. പ്രൊമോട്ടർമാരും ഫീൽഡുതല ഉദ്യോഗസ്ഥരും നടത്തിവരുന്ന ബോധവൽക്കരണ പരിപാടികൾ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടു പോകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

പട്ടികവർഗ്ഗക്കാരെ ബോധവൽക്കരിക്കുന്നതിനു വേണ്ടി പട്ടികവർഗ്ഗ സങ്കേതങ്ങൾ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന പ്രൊമോട്ടർമാർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനവും പട്ടികവർഗ്ഗ വികസന വകുപ്പ് നൽകി വരുന്നു. പട്ടികവർഗ്ഗക്കാരായ കുട്ടികളെ അദ്ധ്യയന വർഷാരംഭം തന്നെ സ്കൂളിൽ ചേർക്കുക. എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളേയും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്യിപ്പിക്കുക, റേഷൻ കാർഡില്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അത് ലഭ്യമാക്കുവാൻ സഹായിക്കുക, രോഗികളും അശരണരുമായ പട്ടികവർഗ്ഗക്കാർക്ക് ആവശ്യമായ വൈദ്യ സഹായവും മറ്റു സേവനങ്ങളും ലഭ്യമാക്കുവാൻ അവരെ സഹായിക്കുക തുടങ്ങിയ പ്രാഥമികമായ കർത്തവ്യങ്ങൾ നിറവേറ്റുന്നതോടൊപ്പം പട്ടികവർഗ്ഗക്കാരെ എല്ലാ വിധത്തിലും

ബോധവൽക്കരിക്കുന്നതിനും പുറമെ നിന്നുള്ള ചൂഷണത്തിൽ നിന്നും മറ്റ് അതിക്രമങ്ങളിൽ നിന്നും അവരെ സംരക്ഷിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളിൽ എസ്.ടി. പ്രൊമോട്ടർമാരെ സദാ വ്യാപൃതരാക്കുന്നുണ്ട്. ഇതിനും പുറമെ സർക്കാരിൽ നിന്നും ലഭിക്കേണ്ട ആനുകൂല്യങ്ങൾ യഥാവിധി യഥാസമയം ഈ വിഭാഗക്കാർക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ എസ്.ടി. പ്രൊമോട്ടർമാരും ട്രൈബൽ എക്സ്റ്റെൻഷൻ ആഫീസർമാരും നൽകി വരുന്നു.

പട്ടികവർഗ്ഗ സങ്കേതങ്ങളുടേയും സങ്കേതങ്ങളിലെ നിവാസികളുടെയും ആവശ്യങ്ങളേയും ആവലാതികളെയും സംബന്ധിച്ച് ഊരുകൂട്ടയോഗങ്ങളിൽ ക്രിയാത്മകമായി ചർച്ച ചെയ്ത് വികസനാവശ്യങ്ങളുടെ മുൻഗണനാക്രമങ്ങൾ നിശ്ചയിക്കുന്നതിലും പട്ടികവർഗ്ഗക്കാർക്കിടയിൽ പ്രേരക ശക്തിയായി വർത്തിക്കുന്നതിന് വകുപ്പ്, എസ്. ടി. പ്രൊമോട്ടർമാരെ സജ്ജമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് എസ്. ടി. പ്രൊമോട്ടർമാരുടെ പ്രവർത്തനങ്ങൾ ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർമാർ ആഴ്ച തോറും വിലയിരുത്തുന്നു. പി. ഒ./ടി. ഡി. ഒ.-മാർ മാസത്തിലൊരിക്കലും ഇപ്രകാരം അവലോകനം നടത്തി പ്രൊമോട്ടർമാരുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി എടുത്തു വരുന്നു.

ഫീൽഡുതല ഉദ്യോഗസ്ഥരായ റ്റി. ഇ. ഒ.-മാർ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങളും വികസനാവശ്യങ്ങളും പട്ടികവർഗ്ഗക്കാരുടെ മറ്റ് ആവലാതികളും കണക്കിലെടുത്ത് അതിനനുസൃതമായ പദ്ധതി നിർദ്ദേശങ്ങൾ ഊരുകൂട്ടങ്ങളിൽ ചർച്ച ചെയ്ത് സ്വരൂപിക്കുന്നതിനും പട്ടികവർഗ്ഗക്കാർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളെ സംബന്ധിച്ച് ബോധവൽക്കരണം നൽകുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. ഇവരെ മറ്റു ചൂഷണങ്ങളിൽ നിന്നും രക്ഷിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങളും നൽകി വരുന്നു. വിദ്യാഭ്യാസ തൊഴിൽ സാദ്ധ്യതകളെക്കുറിച്ചും മദ്യത്തിന്റെയും മയക്കമരുന്നിന്റേയും മറ്റും വിപത്തുകളെ സംബന്ധിച്ചും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി പട്ടികവർഗ്ഗക്കാരെ പുതിയ സാഹചര്യങ്ങളുടെ വെല്ലുവിളികൾ നേരിടാൻ വകുപ്പ് സജ്ജരാക്കുന്നുമുണ്ട്.

## ശിപാർശ 50 (ഖണ്ഡിക 166)

പട്ടികവർഗ്ഗക്കാർക്ക് നേരെയുള്ള അതിക്രമങ്ങളെ സംബന്ധിച്ച ധാരാളം കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ടെങ്കിലും അവയിൽ തീർപ്പു കൽപ്പിക്കാനുള്ള കാലതാമസം നിമിത്തം പ്രസ്തുത വിഭാഗക്കാർക്ക് അർഹതപ്പെട്ട നീതി ലഭിക്കുന്നില്ലെന്നതാണ് സത്യം. ആയതിനാൽ ഈ വിഭാഗക്കാരുടെ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനും ഏറ്റവും ചുരുങ്ങിയ സമയപരിധിക്കുള്ളിൽ നീതി നടപ്പാക്കുന്നതിനും പ്രത്യേക ഫാസ്റ്റ് ട്രാക്ക് കോടതികൾ രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

കൽപ്പറ്റയിലും മഞ്ചേരിയിലും പ്രത്യേക കോടതികൾ സ്ഥാപിക്കുന്നത് ത്വരിതപ്പെടുത്തുവാനും, ഈ വർഷം തന്നെ കോടതികൾ ആരംഭിക്കുന്നതിനും 10-6-2009-ൽ നടന്ന സംസ്ഥാനതല വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. കൂടാതെ Prevention of Atrocities Act പ്രകാരമുള്ള കേസ്സുകൾ വിചാരണ നടത്തുന്ന വേളയിൽ ഹാജരാകുന്ന വ്യക്തികൾക്കും അല്ലെങ്കിൽ അവരുടെ ആശ്രിതർക്കും സാക്ഷികൾക്കും പരിചാരകർക്കും യാത്രാബത്ത അനുവദിച്ച 25-9-2009-ൽ സർക്കാർ ഉത്തരവ് നമ്പർ 1028/2009/പ.ജ.പ.വ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

### ശിപാർശ 51 (ഖണ്ഡിക 167)

സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരിൽ അവിവാഹിതരായ അമ്മമാർ ധാരാളമുണ്ടെന്ന് കാണുന്നു. ഇവർക്ക് മാത്രമായി പദ്ധതികളൊന്നും നിലവിലില്ലെങ്കിലും മറ്റു പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഇവർക്ക് പ്രത്യേക പരിഗണനയും ആനുകൂല്യങ്ങളും ലഭ്യമാക്കുകയാണ് ചെയ്യുന്നത്. ഇവരെ പുനരധിവസിപ്പിച്ച് സ്വയം തൊഴിലിനുള്ള പരിശീലനവും നൽകുന്നുണ്ട്. ഭവനനിർമ്മാണത്തിനും സ്വയംതൊഴിൽ കണ്ടെത്തുന്നതിനും ധനസഹായവും നൽകി വരുന്നു. പുനരധിവാസ നടപടികൾ നടപ്പിലാക്കുന്നതിന് രൂപീകരിച്ചിട്ടുള്ള ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാതല കമ്മിറ്റി നിർദ്ദേശിക്കുന്ന സഹായങ്ങൾ ലഭ്യമാക്കുന്നതായി കാണുന്നു. ഒരായുസ്സിന്റെ സ്വപ്നങ്ങൾ മുഴുവനും തകർത്തെറിയുന്ന വിപത്തുകളിൽ അകപ്പെടാതെ സ്വയം സംരക്ഷിക്കാൻ വേണ്ടുന്ന തിരിച്ചറിവും ധൈര്യവും പട്ടികവർഗ്ഗ പെൺകുട്ടികളിൽ വളർത്തിയെടുക്കുന്നതിനും വിദ്യാലയങ്ങളിൽ സദാചാര സംബന്ധിയായ ക്ലാസ്സുകളും കൗൺസിലിംഗും ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലുകൾ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവയിൽ പഠിക്കുന്ന 11,000-ൽ കൂടുതൽ വരുന്ന വിദ്യാർത്ഥികൾക്ക് ഇത് സംബന്ധമായ കൗൺസിലിംഗ് നടത്താൻ 8,000 രൂപ (എണ്ണായിരം രൂപ മാത്രം) പ്രതിമാസ പ്രതിഫലം നൽകി 18 കൗൺസിലർമാരെ വകുപ്പ് നിയമിച്ചിട്ടുണ്ട്.

<u>2-6-2010-ലെ സമിതി യോഗം ആവശ്യപ്പെട്ട അധിക വിവരം</u>

സംസ്ഥാനത്തെ പട്ടികവർഗ്ഗത്തിൽപ്പെട്ട അവിവാഹിതരായ അമ്മമാരെ സംബന്ധിച്ച് പട്ടികവർഗ്ഗ വകുപ്പ് എന്തെങ്കിലും കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ; എത്ര പേർക്ക് ഇതു സംബന്ധിച്ച് കൗൺസിലിംഗും റീഹാബിലിറ്റേഷൻ സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട് എന്നീ വിവരങ്ങൾ ആരായാൻ തീരുമാനിച്ചു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

ഉണ്ട്. സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 935 അവിവാഹിതരായ അമ്മമാരുണ്ട്. ഇവർക്ക് ഭവനനിർമ്മാണത്തിനും, തയ്യൽമെഷീൻ, തയ്യൽ പരിശീലനം, ആട്ട വളർത്തൽ, പെട്ടിക്കട, പശു വളർത്തൽ, കോഴി വളർത്തൽ തുടങ്ങിയ പദ്ധതികൾക്കായി 689.08 ലക്ഷം രൂപയുടെ ഫണ്ട് വകയിരുത്തി പദ്ധതികൾ നടപ്പാക്കി വരുന്നു. കൂടാതെ സാമൂഹ്യസുരക്ഷാ മിഷൻ വഴി ഇവർക്ക് പ്രതിമാസം 1000 രൂപ വീതം പെൻഷൻ നൽകി വരുന്നുണ്ട്. " മഹിളാ സമഖ്യാ " എന്ന സന്നദ്ധ സംഘടന മുഖേന ഇവർക്ക് കൗൺസിലിംഗും നൽകുന്നുണ്ട്.

**തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി**

സ്കൂളുകളുടെ സഹകരണത്തോടെ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുമുള്ള കൗമാര വിദ്യാഭ്യാസ ക്ലാസ്സുകൾ, കുട്ടികൾക്കുള്ള കൗൺസിലിംഗ് എന്നിവ നടത്തുന്നുണ്ട്.

**തിരുവനന്തപുരം ജില്ല**

**ശിപാർശ 52 (ഖണ്ഡിക 171)**

ജില്ലയിലെ പട്ടികവർഗ്ഗക്കാരുടെ ഭൂമി അന്യാധീനപ്പെട്ടുപോയ ചില കേസ്സുകളും കൃഷി ഭൂമി പാട്ടത്തിന്റെ പേരിൽ മറ്റുള്ളവർ കൈവശപ്പെടുത്തിയിട്ടുള്ള കേസ്സുകളും നിലവിലുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഇവരുടെ പ്രശ്നങ്ങൾ അടിയന്തിര പ്രാധാന്യം നൽകി പരിഹരിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമികൾ തിരിച്ചെടുക്കുന്നതിന് 1999-ൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിയ നിയമത്തിന് സുപ്രീം കോടതിയുടെ സാധൂകരണം ലഭിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഭൂമി തിരിച്ചെടുക്കാൻ അർഹതപ്പെട്ട കേസ്സുകളിൽ ഇപ്പോൾ റവന്യൂ വകുപ്പ് നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനാവശ്യമായ തുക പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 2009-2010-ലെ ബജറ്റ് നിർദ്ദേശത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>2-6-2010-ലെ സമിതി യോഗം ആവശ്യപ്പെട്ട അധിക വിവരം</u>

പട്ടികവർഗ്ഗക്കാരുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കുന്നത് സംബന്ധിച്ച എത്ര കേസ്സുകളിൽ റവന്യൂ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്; എത്ര കേസ്സുകൾ നിലവിലുണ്ട്; എത്ര കേസ്സുകളിൽ ഭൂമി തിരിച്ചെടുത്തു നൽകി; ഇനി പരിഹരിക്കപ്പെടാത്ത കേസ്സുകളുടെ എണ്ണം എത്ര എന്നീ വിവരങ്ങൾ ആരായാൻ തീരുമാനിച്ചു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

ജില്ലയിൽ പട്ടികവർഗ്ഗക്കാരുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കുന്നത് സംബന്ധിച്ച 34 കേസ്സുകളിൽ 29 കേസ്സുകളിലായി 30 ഏക്കർ സ്ഥലം പരാതിക്കാർക്ക് വിതരണം ചെയ്യേണ്ടതായിട്ടുണ്ട്. ഇതിനായി റവന്യൂ വകുപ്പ് നടപടി എടുത്തിട്ടുണ്ട്. അന്യാധീനപ്പെട്ട ആദിവാസി ഭൂമി തിരികെ ലഭിക്കുന്നതുമായി ബന്ധപ്പെട്ട 34 പരാതികളാണ് തിരുവനന്തപുരം ജില്ലയിൽ റവന്യൂ വകുപ്പ് പരിഗണിച്ചത്. '1999-ലെ അന്യാധീനപ്പെട്ട ആദിവാസി ഭൂമി വീണ്ടെടുക്കൽ നിയമ' പ്രകാരം 5 ഏക്കറിൽ കൂടുതൽ ഭൂമി അന്യാധീനപ്പെട്ടവരുടെ കാര്യത്തിൽ മാത്രമെ കയ്യേറ്റക്കാരനെ/ഭൂമി വിലയ്ക്ക് വാങ്ങി കൈവശം വച്ചിട്ടുള്ള വ്യക്തിയെ ഒഴിപ്പിച്ച് ഭൂമി പട്ടികവർഗ്ഗക്കാരന് പുനഃസ്ഥാപിച്ച് നൽകുവാൻ കഴിയൂ. മേൽ 34 പരാതികളിൽ ഒരെണ്ണം ഹൈക്കോടതിയിൽ സ്റ്റേ നിലനിൽക്കുന്നതിനാൽ നടപടി നിറുത്തിവച്ചിട്ടുള്ളതും മറ്റ് 33 കേസ്സുകൾ ആർ.ഡി.ഒ. ഹിയറിംഗ് നടത്തി തീർപ്പാക്കിയിട്ടുള്ളതുമാണ്. ഇപ്രകാരം തീർപ്പാക്കിയ കേസ്സുകളിൽ ബദൽ ഭൂമി ലഭിക്കുവാൻ അർഹതയുള്ളവരായി 31 പേരാണുണ്ടായിരുന്നത്. അവരിൽ തന്നെ 29 പേർ മാത്രമെ മതിയായ രേഖകൾ ഹാജരാക്കിയിട്ടുള്ളൂ. ടി 29 പേരെ അവർക്ക് നഷ്ടമായ ഭൂമി നൽകി പുനരധിവസിപ്പിക്കുന്നതിനാണ് റവന്യൂ വകുപ്പ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. ഇതിനായി 30 ഏക്കർ സ്ഥലം ആവശ്യമുണ്ട്.

ഒരേക്കറിൽ താഴെ മാത്രം ഭൂമി അന്യാധീനപ്പെട്ടവർക്ക് ഇപ്പോൾ അവർക്ക് കൈവശമുള്ള ഭൂമിക്കു പുറമെ ഒരേക്കർ തികയ്ക്കുന്നതിനാവശ്യമായ ഭൂമി കൂടി കണ്ടെത്തി നൽകുന്നതിനും, ഒരേക്കറിൽ കൂടുതൽ ഭൂമി അന്യാധീനപ്പെട്ടവർക്ക് നഷ്ടപ്പെട്ട അത്രയും ഭൂമി തന്നെ ബദലായി ലഭ്യമാക്കുവാനുമാണ് ടി നിയമം അനുശാസിക്കുന്നത്. ഇതിനായി റവന്യൂ വകുപ്പ് തിരുവനന്തപുരം ജില്ലയിൽ ബദൽ ഭൂമി കണ്ടെത്താൻ ശ്രമിച്ചെങ്കിലും ഭൂമി ലഭ്യമായില്ല. അതേത്തുടർന്ന് അന്യജില്ലകളിൽ സ്ഥലം ലഭ്യമാക്കുന്നതിനുള്ള സാദ്ധ്യത ആരായുകയായിരുന്നു. മേൽ 29 പേരിൽ 10 പേർ അന്യജില്ലയിൽ സ്ഥലം ലഭ്യമായാൽ മതിയെന്ന് സമ്മതപത്രം നൽകിയിട്ടുണ്ട്.

## റവന്യൂ വകുപ്പ് സ്വീകരിച്ച നടപടി

തിരുവനന്തപുരം ജില്ലയിൽ കെ.എസ്.റ്റി. ആക്ട് പ്രകാരം 34 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 33 കേസ്സുകളിൽ റവന്യൂ ഡിവിഷണൽ ഓഫീസർ വിചാരണ നടത്തി തീരുമാനമെടുത്തിട്ടുണ്ട്. ശേഷിക്കുന്ന ഒരു കേസ്സിൽ ബഹു. ഹൈക്കോടതിയിൽ WP(C) 16109/10 നമ്പരായി കേസ് നിലവിലുണ്ട്. വിചാരണ നടത്തിയ 33 കേസ്സുകളിൽ ഒരു കേസ് അന്യാധീനപ്പെട്ട ആദിവാസി ഭൂമിയുടെ പരിധിയിൽ വരുന്നതല്ല. ഒരു കേസ് ഇരു കക്ഷികളുടെയും സമ്മതപ്രകാരം തുടർനടപടികൾ അവസാനിപ്പിച്ചിട്ടുണ്ട്. 2 കേസ്സുകളിൽ

അപേക്ഷകരുടെ യാതൊരു വിവരവും ലഭ്യമല്ല. അവശേഷിക്കുന്ന 29 കേസ്സുകളിൽ 6 കേസ്സുകൾ പൂർണ്ണമായും ഭൂരഹിതരാണ്. ഈ കേസ്സുകളിൽ നഷ്ടപ്പെട്ടു പോയ ഭൂമി രണ്ട് ഹെക്ടറിന് താഴെയായതിനാൽ പകരം ഭൂമി കണ്ടെത്തി നൽകേണ്ടതായിട്ടുണ്ട്. ഇതിനായി 22.26 ഏക്കർ ഭൂമി ആവശ്യമാണ്. തിരുവനന്തപുരം ജില്ലയിൽ ഭൂമി ലഭ്യമല്ലാത്തതിനാൽ മറ്റു ജില്ലകളിൽ ഭൂമി നൽകിയാൽ സ്വീകരിക്കാൻ തയ്യാറായിട്ടുള്ളവരുടെ ലിസ്റ്റ് തിരുവനന്തപുരം ജില്ലാ കളക്ടർ ലാന്റ് റവന്യൂ കമ്മീഷണർക്ക് നൽകിയിട്ടുണ്ട്. ഇവർക്ക് ഭൂമി കണ്ടെത്താനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

### ശിപാർശ 53 (ഖണ്ഡിക 172)

ഉൾവനങ്ങളിലേക്ക് വാഹന സൗകര്യമില്ലാത്തത് കാരണം വികസന പ്രവർത്തനങ്ങൾ മന്ദീഭവിച്ചിരിക്കുന്ന ഒരു സങ്കീർണ്ണ പ്രശ്നം തിരുവനന്തപുരത്ത് കാണാവുന്നതാണ്. ജില്ലയിലെ 75% ആദിവാസി സങ്കേതങ്ങളും യാത്രാസൗകര്യ മില്ലാത്തവയായതിനാൽ സെറ്റിൽമെന്റുകളിൽ ഗതാഗതയോഗ്യമായ റോഡുകൾ നിർമ്മിക്കുന്നതിനും, റോഡുകൾ വിപുലപ്പെടുത്തുന്നതിനും ടാർ ചെയ്യുന്നതിനും നിലവിലുള്ള കേന്ദ്ര സർക്കാർ പദ്ധതികളിൽ ഉൾപ്പെടുത്തി നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

സംസ്ഥാനത്തിലെ മൊത്തം ജനസംഖ്യയുടെ 1.14% വരുന്ന പട്ടികവർഗ്ഗകാർക്ക് ബജറ്റിൽ പരമാവധി വകയിരുത്തിക്കിട്ടുന്നത് സംസ്ഥാന ബജറ്റിലെ 2% ആണ്. ഉൾപ്രദേശങ്ങളിലും വനാന്തരങ്ങളിലുമുള്ള പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വാഹന സൗകര്യമുള്ള റോഡുകൾ ലഭ്യമാക്കുന്നതിന് ഭാരിച്ച സാമ്പത്തിക ബാദ്ധ്യത വരുന്നതാണ്. എന്നാലും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പട്ടികവർഗ്ഗ മേഖലകളിൽ വകുപ്പിന് ലഭ്യമായ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് റോഡുകൾ നിർമ്മിച്ച് നൽകുന്നുണ്ട്.

### ശിപാർശ 54 (ഖണ്ഡിക 173)

ജില്ലയിൽ കൃഷിക്ക് നൽകി വരുന്ന സാമ്പത്തിക, ഭൗതിക സഹായങ്ങളിലും, പരിശീലന പരിപാടികളിലും സമിതി അതൃപ്തി രേഖപ്പെടുത്തി. കൃഷിയെ ആശ്രയിച്ച് കഴിയുന്ന ഈ ജനസമൂഹത്തിന് കാർഷികാവശ്യങ്ങൾക്ക് നൽകുന്ന ധനസഹായം കാലോചിതമായി വർദ്ധിപ്പിക്കുകയും, ആധുനിക കൃഷി രീതികൾ പരിചയപ്പെടുത്തി അതിൽ വേണ്ടത്ര പരിശീലനവും സഹായവും നൽകാൻ വകുപ്പ് ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

ഹ്രസ്വകാല കാർഷിക പ്രവൃത്തികൾക്ക് ധനസഹായം ഈ വകുപ്പ് മുഖേന നൽകുന്നില്ല. കുരുമുളക്, റബ്ബർ തുടങ്ങിയ ദീർഘകാല കാർഷിക വിളകൾക്കാണ് പ്രത്യേക കേന്ദ്രസഹായം വിനിയോഗിച്ച് ധനസഹായം നൽകുന്നത്. ഇവയ്ക്ക് കാലോചിതമായ നിരക്കുകൾ ബാധകമാക്കിയാണ് ഓരോ വർഷവും അനുമതി നൽകുന്നത്. മറ്റു കാർഷികാവശ്യങ്ങൾക്ക് ധനസഹായവും, പരിശീലനവും കൃഷി വകുപ്പ് മുഖേനയാണ് നൽകുന്നത്. ഇക്കാര്യത്തിൽ വേണ്ട നടപടി സ്വീകരിക്കാൻ കൃഷി വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**കൃഷി വകുപ്പ് സ്വീകരിച്ച നടപടി**

പ്രസ്തുത ശിപാർശ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരെ സംബന്ധിക്കുന്നതാണ്. ജനകീയാസൂത്രണം നിലവിൽ വന്നതിനു ശേഷം പഞ്ചായത്തുകൾക്ക് എസ്. സി. പി. / റ്റി. എസ്. പി. വിഭാഗങ്ങളിൽ പദ്ധതികൾ നടപ്പാക്കുന്നതിന് പ്രത്യേകം തുക വകയിരുത്തുന്നതുകൊണ്ട് ഈ വിഭാഗങ്ങളിൽപ്പെടുന്ന കൃഷിയെ ആശ്രയിച്ച് ജീവിക്കുന്ന വ്യക്തികൾക്കായി പ്രത്യേക പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കുന്നില്ല.

**ശിപാർശ 55 (ഖണ്ഡിക 174)**

ധാന്യവിളകൾക്ക് പുറമേ സാമ്പത്തിക നേട്ടങ്ങൾ കൈവരിക്കാനുതകുന്ന വാണിജ്യ വിളകളെ സംബന്ധിച്ച പരിജ്ഞാനം പട്ടികവർഗ്ഗക്കാർക്ക് പകർന്നു കൊടുത്തു ടി സംരംഭത്തിൽ മുന്നേറുവാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും, സഹായ-സഹകരണങ്ങളും നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**കൃഷി വകുപ്പ് സ്വീകരിച്ച നടപടി**

ജനകീയാസൂത്രണ പദ്ധതികൾ നിലവിൽ വന്നതു മുതൽ കൃഷി വകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മാത്രമായി പ്രത്യേകിച്ച് പദ്ധതികളൊന്നും തന്നെ നടപ്പിലാക്കുന്നില്ല. എന്നാൽ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളിലും പരിശീലന പരിപാടികളിലും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് കാര്യമായ മുൻഗണന നൽകി വരുന്നുണ്ട്.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

വാണിജ്യ വിളകളെ സംബന്ധിച്ച പരിജ്ഞാനം പട്ടികവർഗ്ഗക്കാർക്ക് പകർന്നു കൊടുക്കുവാനും, ടി സംരംഭത്തിൽ മുന്നേറുവാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും സഹായ സഹകരണങ്ങളും നൽകുന്നതിന് കൃഷി വകുപ്പുമായി ബന്ധപ്പെട്ടു നടപടി സ്വീകരിച്ചിട്ടുണ്ട്.

## ശിപാർശ 56 (ഖണ്ഡിക 175)

ജില്ലയിൽ സ്ഥാപിച്ചിട്ടുള്ള പട്ടികവർഗ്ഗക്കാർക്കായുള്ള വ്യാവസായിക പരിശീലന കേന്ദ്രത്തിൽ നൽകി വരുന്ന പരിശീലന പരിപാടികൾ കാലത്തിനനുസരിച്ച് നവീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

തിരുവനന്തപുരം ജില്ലയിൽ കുട്ടമല വ്യാവസായിക പരിശീലന കേന്ദ്രത്തിൽ പ്രവർത്തിച്ചു വരുന്ന ഇലക്ട്രീഷ്യൻ, കാർപ്പെന്ററി കോഴ്സുകൾ നാഷണൽ കൗൺസിൽ ഓഫ് വൊക്കേഷണൽ ട്രെയിനിംഗ് അംഗീകരിച്ച തൊഴിൽ സാദ്ധ്യതകൾ ഉള്ള കോഴ്സുകളാണ്. വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള വ്യാവസായിക പരിശീലന കേന്ദ്രങ്ങളിലും ഇത്തരം ട്രേഡുകൾ നിലവിലുണ്ട്.

### തൊഴിൽ വകുപ്പ് സ്വീകരിച്ച നടപടി

പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി ആരംഭിച്ച ആര്യനാട് ഐ. ടി. ഐ.-യിൽ 10-8-2009-ലെ സ. ഉ. (എം. എസ്.) നമ്പർ 71/09/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ഇലക്ട്രോണിക്, മെക്കാനിക്, വയർമാൻ, പെയിന്റർ, ജനറൽ എന്നീ ട്രേഡുകളിലായി 2 വീതം യൂണിറ്റുകൾ ആരംഭിച്ചിരുന്നു. തുടർന്ന് അപ്ഗ്രഡേഷന്റെ ഭാഗമായി 20-3-2007-ലെ സ. ഉ. (എം.എസ്.) നമ്പർ 35/07/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ, മെക്കാനിക്ക് ഡീസൽ, പ്ലംബർ എന്നീ 3 ട്രേഡുകളിലായി 2 വീതം യൂണിറ്റുകൾ 2007-ൽ ആരംഭിക്കുകയുണ്ടായി. 2007-ൽ ആരംഭിച്ച 3 ട്രേഡുകളിലേയ്ക്കാവശ്യമായ സാധന സാമഗ്രികൾ 2007-09 വരെയുള്ള കാലയളവിൽ, നവീകരണത്തിന്റെ ഭാഗമായി 3,62,984 രൂപയ്ക്ക് സംഭരണം നടത്തിയിട്ടുണ്ട്.

ലോക ബാങ്ക് സഹായത്തോടെ 2009-10 വർഷത്തിൽ ഐ.ടി.ഐ.-കളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനായി ആര്യനാട് ഐ.ടി.ഐ.-യെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി പുതിയ ട്രേഡ് തുടങ്ങുന്നതിനുള്ള ഭൗതിക സാഹചര്യം ഒരുക്കുന്നതിനായി 191.3 ലക്ഷം രൂപയുടെ കേന്ദ്ര സഹായം ലഭിക്കും.

## ശിപാർശ 57 (ഖണ്ഡിക 176)

തിരുവനന്തപുരം ജില്ലയിലെ പട്ടികവർഗ്ഗ കോളനികളിൽ വൈദ്യുതീകരണം, ശുദ്ധജല വിതരണം, ആരോഗ്യ പരിപാലനം എന്നീ പ്രശ്നങ്ങളെല്ലാം പരിഹരിക്കാൻ തീവ്ര ശ്രമങ്ങൾ നടക്കുന്നുണ്ടെങ്കിലും പ്രവർത്തനങ്ങൾ ഒന്നും തന്നെ പൂർണ്ണത കൈവരിച്ചിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ജില്ലയിലെ പട്ടികവർഗ്ഗ മേഖലയിലെ വൈദ്യുതി, ഇറിഗേഷൻ, റോഡ്, പാലം തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക്

തടസ്സമായി നിൽക്കുന്നത് വനം വകുപ്പിന്റെ നിലവിലുള്ള നിയമങ്ങളാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ നിലവിലുള്ള വന നിയമങ്ങളിൽ ഇളവ് വരുത്തുകയും, ടി പ്രവർത്തനങ്ങൾക്കായി ബ്ലോക്കിനും, ഗ്രാമപഞ്ചായത്തിനും, വൈദ്യുതി ബോർഡിനും ഡിപ്പോസിറ്റ് വർക്കിനായി മാറി നൽകിയ ഫണ്ട് ചെലവഴിക്കാതെ കിടക്കുന്നതും സമയബന്ധിതമായി വിനിയോഗിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

2006-ലെ വനാവകാശ നിയമം നടപ്പിലാക്കിയതോടെ വികസന പ്രവർത്തനങ്ങൾക്കുള്ള വനം വകുപ്പിന്റെ തടസ്സം നീങ്ങി കിട്ടിയിട്ടുണ്ട്. ഇത്തരം കേസ്സുകളിൽ ബന്ധപ്പെട്ട വകുപ്പുകൾക്ക് വേണ്ടി വനാവകാശ സമിതികളിൽ അപേക്ഷ സമർപ്പിക്കാൻ പട്ടികവർഗ്ഗ വികസന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

### ശിപാർശ 58 (ഖണ്ഡിക 177)

ആദിവാസികളുടെ ക്ഷേമത്തിനായി ചില അവസരങ്ങളിൽ സർക്കാർ നേരിട്ട് മറ്റു വിഭാഗക്കാർക്കും, ചാരിറ്റബിൾ സൊസൈറ്റി, സന്നദ്ധ സംഘടന എന്നിവയ്ക്കും ഗ്രാന്റ് അനുവദിക്കാറുണ്ട്. ടി ഗ്രാന്റുകൾ പലപ്പോഴും പട്ടികവർഗ്ഗക്കാർക്ക് പ്രയോജനപ്പെടാറില്ല എന്ന് സമിതി കണ്ടെത്തുകയുണ്ടായി. ആദിവാസി ക്ഷേമത്തിനായി അനുവദിക്കുന്ന ഫണ്ട് അവർക്ക് തന്നെയാണ് പ്രയോജനപ്പെടുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും പ്രസ്തുത ഫണ്ട് ദുർവിനിയോഗം ചെയ്യുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

ആദിവാസി ക്ഷേമത്തിനായി അനുവദിക്കുന്ന ഫണ്ട് അവർക്ക് തന്നെ പ്രയോജനപ്പെടുത്തുന്നതിന് ബന്ധപ്പെട്ട പി.ഒ./ടി.ഡി.ഒ.-മാർ ശിപാർശ ചെയ്യുന്ന പദ്ധതികൾക്ക് മാത്രമായി ഫണ്ട് വിനിയോഗിക്കുന്നതാണ്. ഫണ്ട് ദുർവിനിയോഗം കാണുന്ന പക്ഷം ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

### ശിപാർശ 59 (ഖണ്ഡിക 178)

തിരുവനന്തപുരം ജില്ലയിൽ 80 ഊരുകൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ടി ഊരുകൂട്ടങ്ങൾ കാലാകാലങ്ങളിൽ കൂടി വികസന പദ്ധതികൾ ശിപാർശ ചെയ്ത് സമർപ്പിക്കുന്നു. എന്നാൽ മിക്ക പദ്ധതികളും ഫണ്ടിന്റെ അഭാവവും വനം വകുപ്പിന്റെ ഇടപെടലും കാരണം നടപ്പിലാക്കാൻ കഴിയുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ടിന്റെ 50% ത്രിതല പഞ്ചായത്തിന് ഏൽപ്പിച്ചിട്ടുള്ളതിൽ ഭവനനിർമ്മാണം, ഭവനപുനരുദ്ധാരണം, കിണർ, കക്കൂസ് എന്നീ പദ്ധതികൾക്കായി വളരെ തുച്ഛമായ

ഫണ്ടാണ് നീക്കി വച്ചിട്ടുള്ളതെന്നും ഇതിന്റെ ആനുകൂല്യം ചുരുക്കം ചിലർക്ക് മാത്രമാണ് ലഭിക്കാറുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സാനിട്ടേഷൻ സംവിധാനങ്ങളുടെ ക്രമീകരണത്തിനും കിണർ, കക്കൂസ് എന്നിവ നിർമ്മിക്കുന്നതിനും ആവശ്യമായ ഫണ്ടുകൾ അനുവദിക്കണമെന്നും വനം വകുപ്പ് അനുഭാവപൂർവ്വം ടി വിഷയത്തിൽ ആവശ്യമായ ഇളവുകൾ വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

ഈ വിഷയം പഞ്ചായത്തുകളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. കുടിവെള്ളം എത്താത്ത പട്ടികവർഗ്ഗ സങ്കേതങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ച് വരുന്നു. ടി പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച് വനം വകുപ്പിന്റെ ഭാഗത്ത് നിന്നുണ്ടാകാവുന്ന തടസ്സം 2006-ലെ വനാവകാശ നിയമത്തിന്റെ പരിധിയിൽ പരിഹരിക്കാൻ കഴിയുന്നതാണ്.

**ശിപാർശ 60 (ഖണ്ഡിക 179)**

ജില്ലയിൽ കിണർ നിർമ്മാണത്തിനായി കഴിഞ്ഞ 5 വർഷങ്ങളിലായി 350-ൽ പരം ആൾക്കാർക്ക് 5000, 7500, 10000 രൂപ എന്നീ ക്രമത്തിൽ ധനസഹായം നൽകിയിട്ടുള്ളതായി കാണുന്നു. കക്കൂസ് നിർമ്മിക്കുന്നതിന് 500-ൽ പരം കുടുംബങ്ങൾക്ക് കഴിഞ്ഞ 5 വർഷങ്ങളായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഗ്രാമപഞ്ചായത്തിൽ നിന്നും ഡിപ്പാർട്ടുമെന്റിൽ നിന്നും 2000 രൂപ, 4000 രൂപ ക്രമത്തിൽ ധനസഹായം നൽകിയിട്ടുണ്ടെങ്കിലും 3500-ൽ പരം വീടുകളിൽ ഇനിയും കക്കൂസ് വേണ്ടതായിട്ടുണ്ടെന്ന് രേഖകളിൽ സൂചിപ്പിച്ചിരിക്കുന്നു. ജില്ലയിലെ പല ഗ്രാമപഞ്ചായത്തുകളും പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ട് വിനിയോഗിക്കുന്നതിൽ അലംഭാവം കാണിക്കാറുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഗ്രാമപഞ്ചായത്തുകൾ പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ട് പ്രയോജനപ്രദമായി യഥാസമയം തന്നെ ചെലവഴിക്കണമെന്നും ചെലവഴിക്കാത്ത ഗ്രാമപഞ്ചായത്തുകളുടെ ലിസ്റ്റ് സമിതിക്ക് ലഭ്യമാക്കണമെന്നും ശിപാർശ ചെയ്യുന്നു.

**തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി**

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാരുടെ വികസനത്തിനായി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന പ്രത്യേക ഘടക പദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതങ്ങൾ നഷ്ടപ്പെടുന്നതല്ല. 2006-07 വാർഷിക പദ്ധതി മുതൽ ഈ സമ്പ്രദായം നടപ്പാക്കിയിട്ടുണ്ട്. ഒരു വാർഷിക പദ്ധതിയിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക അടുത്ത വർഷം ക്യാരി ഓവർ ചെയ്ത് വിനിയോഗിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. അനുവദിക്കുന്ന വിഹിതം യഥാസമയം തന്നെ വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും തദ്ദേശഭരണ

സ്ഥാപനം, ബ്ലോക്ക് പഞ്ചായത്ത്, ജില്ല, സംസ്ഥാനം എന്നീ തലങ്ങളിൽ പ്രതിമാസ അവലോകന യോഗങ്ങൾ സംഘടിപ്പിക്കണമെന്ന് 13-2-2009-ലെ സർക്കാർ ഉത്തരവ് (എം. എസ്.) 28/2009/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. വിവിധ തലങ്ങളിൽ നടത്തുന്ന അവലോകന യോഗങ്ങളുടെ അടിസ്ഥാനത്തിൽ നിർവ്വഹണത്തിലെ പ്രായോഗിക പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും അവ യഥാസമയം പരിഹരിക്കുന്നതിനും കഴിയുന്നതാണ്. ഇതിലൂടെ അനുവദിക്കുന്ന ഫണ്ടിന്റെ കാര്യക്ഷമമായ വിനിയോഗം ഉറപ്പുവരുത്തുന്നതിനും കഴിയുന്നതാണ്.

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം യഥാസമയം പ്രയോജന പ്രദമായി ചെലവഴിക്കണമെന്ന് ഗ്രാമ പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകാൻ പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

പ്രത്യേക ഘടക പദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതങ്ങൾ വകമാറ്റി ചെലവഴിക്കാൻ പാടില്ലെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. എന്നിരുന്നാലും മുൻകാലങ്ങളിൽ ചില തദ്ദേശഭരണ സ്ഥാപനങ്ങൾ ആ ഫണ്ടുകൾ വകമാറ്റി ചെലവഴിച്ചിരുന്നു. അപ്രകാരം വകമാറ്റിയതിന് തത്തുല്യമായ തുക പൊതു വിഭാഗം ഫണ്ടിൽ നിന്ന് പരിഹാര വകയിരുത്തൽ നടത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയിനത്തിൽ പരിഹരിക്കാൻ അവശേഷിക്കുന്ന തുക പൂർണ്ണമായും നടപ്പുവർഷം (2009-10) പരിഹരിക്കേണ്ടതുണ്ട്.

ജനകീയാസൂത്രണം 2008-09 വർഷം 50%-ൽ താഴെ മാത്രം റ്റി. എസ്. പി. ഫണ്ട് ചെലവഴിച്ച ഗ്രാമപഞ്ചായത്തുകളുടെ പേരു വിവരം അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.

### 3-2-2010-ലെ സമിതിയുടെ തെളിവെടുപ്പ് യോഗം

ഖണ്ഡിക 179-ലെ ശിപാർശയിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫണ്ട് വകമാറ്റി ചെലവഴിക്കുകയും അതിന് തത്തുല്യമായ തുക പൊതു വിഭാഗം ഫണ്ടിൽ നിന്നും പരിഹാര വകയിരുത്തൽ നടത്തിയിട്ടില്ലായെന്നും സമിതി വിലയിരുത്തി. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറിയിൽ നിന്നും 2010 ഫെബ്രുവരി മാസം 3-ാം തീയതി മുൻ നിശ്ചയ പ്രകാരം തെളിവെടുപ്പ് നടത്തുമ്പോൾ പ്രസ്തുത ശിപാർശ കൂടി ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയിൽ നിന്നും തെളിവെടുക്കാനും സമിതി തീരുമാനിച്ചു.

സമിതി തീരുമാന പ്രകാരം 3-2-2010-ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയിൽ നിന്നും മേൽ വിഷയം സംബന്ധിച്ച് തെളിവെടുപ്പ് നടത്തുകയും ജനകീയാസൂത്രണത്തിന്റെ ഭാഗമായി എസ്. സി. പി./ടി. എസ്. പി. പദ്ധതി നടപ്പിലാക്കുന്നതിനായി പ്രത്യേക തുക വകയിരുത്തിയത് സംബന്ധിച്ച് വിശദ വിവരം ലഭ്യമായിട്ടുണ്ടോയെന്ന് സമിതി

ആരാഞ്ഞപ്പോൾ വിശദ വിവരം എത്തിക്കാമെന്നും ഫണ്ട് ലാപ്സാകാതിരിക്കാൻ വേണ്ടി നിലവിലുള്ള പരിഹാര തുക എന്ന ആശയം അനുസരിച്ച് അടുത്ത വർഷം വർഷാന്ത്യ കണക്കുകൾ കൊടുക്കുമ്പോൾ എസ്. ടി. ഫണ്ട് പൂർണ്ണമായി ചെലവഴിക്കാത്ത പഞ്ചായത്തുകൾക്ക് ബാക്കി വരുന്ന അത്രയും തുക അടുത്ത വർഷത്തെ ജനറൽ സെക്ടറിൽ നിന്നും ഡൈവർട്ട് ചെയ്യണമെന്നും അങ്ങനെ ഡൈവർട്ട് ചെയ്ത ചില പഞ്ചായത്തുകളുടെ ഫണ്ട് മിക്കതും എസ്. സി. /എസ്. ടി.-യിൽ പോയിട്ടുണ്ടെന്നും അതൊരു ശാശ്വത പരിഹാരമല്ലെന്നും ഡൈവർട്ട് ചെയ്ത ഫണ്ട് ഉപയോഗിച്ച് ഒരു ഏരിയായിൽ കുറച്ച് വർക്ക് ചെയ്തിട്ടുണ്ടെന്നും വയനാട്ടിലെ ഒരു ബ്ലോക്കും കണ്ണൂരിലെ 600 ബ്ലോക്കുമൊഴികെ ട്രൈബൽസിന്റെ ഹൗസ് ഹോൾഡ് സർവ്വേ ഇപ്പോൾ എടുത്തു കഴിഞ്ഞെന്നും ഇടുക്കി ജില്ലയിലും പത്തനംതിട്ട ജില്ലയിലും സർവ്വേ പൂർത്തിയായെന്നും ഈ സർവ്വേ പൂർത്തിയാകുമ്പോൾ വീടില്ലാത്തവർ എത്ര?; കടമുള്ളവർ എത്ര; എന്നിങ്ങനെയുള്ള കൃത്യമായ കണക്ക് ലഭ്യമാക്കുന്നതനുസരിച്ച് എസ്. സി. /എസ്. ടി. വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും ചേർന്ന് എസ്. ടി. ഡെവലപ്മെന്റ് പ്ലാൻ ഉണ്ടാക്കി കുറച്ചു കൂടി ഉപയോഗ പ്രദമായി ഫണ്ട് ചെലവഴിക്കാൻ കഴിയുമെന്നും ഫണ്ട് ലാപ്സാകാതെ സൂക്ഷിക്കുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി വിശദമാക്കി.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

ഗ്രാമപഞ്ചായത്തുകൾ പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ട് പ്രയോജനപ്രദമായി യഥാസമയം തന്നെ ചെലവഴിക്കണമെന്നും, ചെലവഴിക്കാത്ത ഗ്രാമപഞ്ചായത്തുകളുടെ ലിസ്റ്റ് എസ്റ്റിമേറ്റ്സ് സമിതിക്ക് ലഭ്യമാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് കത്ത് എഴുതിയിട്ടുണ്ട്.

9-6-2010-ലെ സമിതി യോഗം ആവശ്യപ്പെട്ട അധിക വിവരം

പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ട് പ്രയോജനപ്രദമായി യഥാസമയം ചെലവഴിക്കാത്ത ഗ്രാമപഞ്ചായത്തുകളുടെ ഏറ്റവും പുതിയ ലിസ്റ്റ് ബന്ധപ്പെട്ട വകുപ്പിനോട് ആരായാൻ തീരുമാനിച്ചു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

2011 ഡിസംബർ 31 വരെ സംസ്ഥാനത്ത് ജില്ലാടിസ്ഥാനത്തിൽ പഞ്ചായത്തുകൾ ടി. എസ്. പി. വിനിയോഗിച്ചതിന്റെ കണക്ക് അനുബന്ധം III ആയി ചേർത്തിരിക്കുന്നു. തിരുവനന്തപുരം ജില്ലയിലെ വിവിധ പഞ്ചായത്തുകൾ 2011 ഡിസംബർ 31 വരെ ചെലവഴിച്ച ടി. എസ്. പി. ഫണ്ടിന്റെ വിവരം അനുബന്ധം IV ആയി ചേർത്തിരിക്കുന്നു.

## ശിപാർശ 61 (ഖണ്ഡിക 180 &181)

ഖണ്ഡിക 180

ജില്ലയിൽ ഫുഡ് ഫോർ വർക്ക് പദ്ധതിക്കായി കഴിഞ്ഞ 3 വർഷങ്ങളിലായി 24 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഫുഡ് സപ്പോർട്ട് പദ്ധതിക്കായി ജില്ലയിൽ കഴിഞ്ഞ 3 വർഷങ്ങളിലായി 9 ലക്ഷം രൂപ അനുവദിക്കുകയും, ടി തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ടെന്ന് കാണുന്നു. മൺസൂൺ കാലങ്ങളിലും, പ്രകൃതി ക്ഷോഭങ്ങൾ ഉണ്ടാകുമ്പോഴും സൗജന്യ റേഷൻ നൽകുന്ന പതിവും നിലവിലുണ്ട്. ഫുഡ് ഫോർ വർക്ക് പദ്ധതിയിൻ കീഴിലും, മറ്റവസരങ്ങളിലും നല്കുന്ന സൗജന്യ റേഷന്റെ ഗുണനിലവാരം ഉറപ്പ് വരുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

ഫുഡ് സപ്പോർട്ട് പദ്ധതി പ്രകാരം സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സ്ഥാപനങ്ങളിൽ നിന്നും ഗുണ നിലവാരമുള്ള അരിയാണ് മുൻകൊല്ലങ്ങളിൽ വാങ്ങി വിതരണം ചെയ്തിട്ടുള്ളത്.

ഖണ്ഡിക 181

ജില്ലയിലെ വ്യാജവാറ്റ് കേന്ദ്രങ്ങൾ ഉൾവനങ്ങളിൽ ആയതിനാൽ ഫലപ്രദമായി തടയുന്നതിന് കഴിയുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. വനം, എക്സൈസ്, എസ്. ടി. വകുപ്പ് എന്നിവ സംയുക്തമായി ഇതിനെതിരെ പ്രവർത്തിക്കണമെന്നും സ്വീകരിക്കുന്ന നടപടി വിവരം സമിതിയെ അറിയിക്കണമെന്നും നിർദ്ദേശിക്കുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

തിരുവനന്തപുരം ജില്ലയിലെ ആദിവാസി കേന്ദ്രങ്ങളിൽ ഉൾവനത്തിൽ വ്യാജവാറ്റ് തടയുന്നതിന് വനം, എക്സൈസ് എന്നീ വകുപ്പുകളുമായി ചേർന്ന് അടിയന്തിര നടപടി സ്വീകരിക്കാൻ നെടുമങ്ങാട് പ്രോജക്ട് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

9-6-2010-ലെ സമിതി യോഗം ആവശ്യപ്പെട്ട അധിക വിവരം

തിരുവനന്തപുരം ജില്ലയിലെ ആദിവാസി കേന്ദ്രങ്ങളിൽ ഉൾവനത്തിൽ വ്യാജവാറ്റ് തടയുന്നതിന് വനം, എക്സൈസ് എന്നീ വകുപ്പുകളുമായി ചേർന്ന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് പട്ടികവർഗ്ഗ വികസന വകുപ്പിനോട് ആരായാൻ തീരുമാനിച്ചു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

വനാതിർത്തി പ്രദേശങ്ങളിലെ സങ്കേതങ്ങൾ കേന്ദ്രീകരിച്ച് ചിലയിടങ്ങളിൽ വ്യാജവാറ്റ് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. എല്ലാ മാസവും ആദ്യത്തെ ശനിയാഴ്ച

നടക്കുന്ന താലൂക്ക് വികസന സമിതി യോഗത്തിൽ റവന്യൂ, വനം, എക്സൈസ്, പോലീസ് വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ എന്നിവർ പങ്കെടുക്കുന്നു. സ്ഥലം എം. എൽ. എ. യുടെ അദ്ധ്യക്ഷതയിൽ നടക്കുന്ന യോഗത്തിൽ ടി വിഷയം സജീവമായി ചർച്ച ചെയ്തു ആവശ്യമായ റെയ്ഡും മറ്റ് ബോധവൽക്കരണ പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നുണ്ട്.

## ശിപാർശ 62 (ഖണ്ഡിക 185 & 186)

ഖണ്ഡിക 185

പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, ജില്ലാ കളക്ടർ, സ്കൂൾ പ്രിൻസിപ്പൽ എന്നിവരുൾപ്പെട്ട ഗവേണിംഗ് ബോഡിയും ജില്ലാ കളക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ പ്ലാനിംഗ് ഓഫീസർ എന്നിവരടങ്ങുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയും സ്കൂളിനുണ്ട്. ഗവേണിംഗ് ബോഡി 6 മാസത്തിലൊരിക്കലും എക്സിക്യൂട്ടീവ് കമ്മിറ്റി 3 മാസത്തിലൊരിക്കലും കൂടുന്നു. സ്കൂളിന്റെ പ്രവർത്തനം കുറെക്കൂടി മെച്ചപ്പെടുത്തുന്നതിനായി ഗവേണിംഗ് ബോഡിയിൽ സ്ഥലം എം. എൽ. എ. യെ കൂടി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

23-12-2009 തീയതിയിലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 110/2009/പ.ജ.പ.വ.വി.വ. പ്രകാരം സ്ഥലം എം. എൽ. എ. യെ മോഡൽ റസിഡൻഷ്യൽ സ്കൂൾ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

ഖണ്ഡിക 186

കുട്ടികൾക്കാവശ്യമായ എല്ലാ ആനുകൂല്യങ്ങളും പഠനത്തോടൊപ്പം കലാ കായിക മേഖലകളിൽ വേണ്ടത്ര പരിശീലനവും നൽകുന്നുണ്ട്. പ്രസ്തുത സ്കൂളിന്റെ അതിർത്തിയിൽ തന്നെ മൂന്ന് കിണറുകളുണ്ടെങ്കിലും അടിക്കടി ജലക്ഷാമം അനുഭവപ്പെടുന്നതായി സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. വാട്ടർ അതോറിറ്റിയുമായി സഹകരിച്ച് സ്കൂളുകളിലെ ജലക്ഷാമത്തിന് താമസംവിനാ ശാശ്വത പരിഹാരം കാണണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

കേരള വാട്ടർ അതോറിറ്റി മുഖേന കട്ടേല ഡോ. അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്കൂളിൽ ശുദ്ധജല വിതരണം സുഗമമാക്കി ഇപ്പോൾ മതിയായ തോതിൽ ശുദ്ധജല ലഭ്യത ഉറപ്പ് വരുത്തിയിട്ടുണ്ട്.

## ശിപാർശ 63 (ഖണ്ഡിക 189)

പ്രസ്തുത പട്ടികവർഗ്ഗ മേഖലയിലെ ഏറ്റവും വലിയ പ്രശ്നം ഗതാഗത സൗകര്യങ്ങളുടെ അഭാവമാണ്. ചോനാംപാറ, മാങ്കാവ് എന്നിവ ഒഴിച്ചുള്ള സങ്കേതങ്ങളിലേക്ക് ഗതാഗത സൗകര്യം ഇല്ല. കോളനികളിലേയ്ക്ക് റോഡ് സൗകര്യം ഇല്ലാത്തതിനാൽ ഭവനനിർമ്മാണ സാമഗ്രികളെല്ലാം തലച്ചുമടായി മാത്രമേ യഥാസ്ഥാനങ്ങളിൽ എത്തിക്കാൻ കഴിയൂ. ഒരു ചാക്ക് സിമന്റ് എത്തിക്കാൻ തന്നെ 600 രൂപയോളം ചെലവ് വരുന്ന സാഹചര്യത്തിൽ ഭവനനിർമ്മാണത്തിനായി പഞ്ചായത്തിൽ നിന്നുമനുവദിക്കുന്ന 35,000 രൂപയുടേയും വകുപ്പിൽ നിന്നുമനുവദിക്കുന്ന 75,000 രൂപയുടേയും നല്ലൊരു പങ്ക് ചുമട്ടുകൂലിക്ക് തന്നെ ചെലവഴിക്കേണ്ടി വരുന്നതിനാൽ തുക മിക്കപ്പോഴും പര്യാപ്തമാവാതെ ഭവനനിർമ്മാണം പാതി വഴിയിൽ നിന്നു പോകുന്നതായി സമിതിയുടെ സന്ദർശന വേളയിൽ വ്യക്തമായി. ആയതിനാൽ ഉൾ വനങ്ങളിൽ ഗതാഗത സൗകര്യം കുറഞ്ഞ മേഖലകളിലെ ആദിവാസികൾക്ക് ഭവനനിർമ്മാണത്തിന് അനുവദിക്കുന്ന തുക ചുമട്ടുകൂലിക്കും കൂടി പര്യാപ്തമാകുന്ന തരത്തിൽ വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

ഗതാഗത സൗകര്യം ഇല്ലാത്തത് കാരണം ബുദ്ധിമുട്ടുള്ള പട്ടികവർഗ്ഗ മേഖലകളെ എല്ലാം ഒരേ തരത്തിൽ കാണാൻ കഴിയുന്നതല്ല. കോട്ടൂർ പോലുള്ള മേഖലകളിൽ അഞ്ചോ ആറോ കിലോമീറ്ററുകൾ തലച്ചുമടായി സാധനങ്ങൾ കൊണ്ടു പോകേണ്ടിവരുമ്പോൾ ഇടുക്കി ജില്ലയിലെ ഇടമലക്കുടി പോലുള്ള സ്ഥലങ്ങളിൽ 20 കിലോ മീറ്ററിലധികം ദൂരം തലച്ചുമടായി കൊണ്ടുപോകേണ്ട സാഹചര്യമുണ്ട്. അതിനാൽ ഇത്തരം സ്ഥലങ്ങളിലേക്ക് ഒരു ഏകീകൃത നിരക്ക് നിശ്ചയിക്കാൻ കഴിയില്ല. ആയതിനാൽ ഇത്തരത്തിലുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്തു പട്ടികവർഗ്ഗക്കാർക്ക് വേണ്ടിയുള്ള ഭവനനിർമ്മാണ ഗ്രാന്റ് ഇപ്പോൾ 1.25 ലക്ഷം രൂപ ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

### 9-6-2010-ലെ സമിതി യോഗം ആവശ്യപ്പെട്ട അധിക വിവരം

ഭവനനിർമ്മാണ ഗ്രാന്റായി അനുവദിച്ചിട്ടുള്ള 1.25 ലക്ഷം രൂപയ്ക്ക് പുറമെ ഉൾവനങ്ങളിൽ ഗതാഗത സൗകര്യം കുറഞ്ഞ മേഖലകളിലെ ആദിവാസികൾക്ക് നിശ്ചിത ദൂരത്തിലധികം തലച്ചുമടായി സാധനങ്ങൾ കൊണ്ടുപോകുന്നതിന് ചുമട്ടുകൂലിയായി അധിക തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പട്ടികവർഗ്ഗ വികസന വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

സർക്കാർ ഉത്തരവ് നമ്പർ (കൈ) 93/2011/പ.ജ.പ.വ.വി.വ. തീയതി 15-9-11 പ്രകാരം പട്ടികവർഗ്ഗക്കാരുടെ ഭവനനിർമ്മാണ ഗ്രാന്റ് തുക രണ്ടരലക്ഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

**ശിപാർശ 64 (ഖണ്ഡിക 191)**

കേരളത്തിലെ ഏക കാണിചന്തയാണ് കോട്ടൂരിലെ കാണിച്ചന്ത. വനം വകുപ്പിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ബുധൻ, ശനി എന്നീ ദിവസങ്ങളിൽ നടക്കുന്ന ചന്തയിൽ കിലോമീറ്ററുകൾ താണ്ടി തലച്ചുമടായാണ് പട്ടികവർഗ്ഗക്കാർ തങ്ങളുടെ ഉല്പന്നങ്ങൾ എത്തിക്കുന്നത്. ഇവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കാറില്ലെന്ന് മാത്രമല്ല ഇടനിലക്കാർ ഇവരെ വഞ്ചിക്കുന്നതായും സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ഇവരുടെ സാധനങ്ങൾ ലേലം കൊള്ളാൻ ആളില്ലാതെ പലപ്പോഴും കുറഞ്ഞ വിലയ്ക്ക് വിൽക്കേണ്ടി വരാറുണ്ട്. ഈ ദുഃസ്ഥിതി അവസാനിപ്പിക്കുന്നതിനായി ഈ പ്രദേശത്ത് ആദിവാസികൾക്കായി ഒരു സഹകരണ സംഘവും സ്റ്റോറും രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തനം സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലാണ്. ഈ സഹകരണ സംഘങ്ങളുടെ Apex Body ആയി പ്രവർത്തിക്കുന്നത് തിരുവനന്തപുരത്ത് പേരൂർക്കടയിലുള്ള SC/ST ഫെഡറേഷനാണ്. ഈ ഫെഡറേഷനിൽ പട്ടികജാതി വിഭാഗങ്ങളുടെയും പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും സഹകരണ സംഘങ്ങൾ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങളിലെ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി 2009-10 വർഷത്തിൽ SC/ST ഫെഡറേഷന് 73.50 ലക്ഷം രൂപ SCA to TSP ഇനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിന് മാത്രമായി പ്രത്യേകം Apex Society നിലവിലില്ല. അമ്പൂരി പ്രദേശത്തെ കാർഷിക വിളകൾ വിപണനം ചെയ്യാനുതകുന്നവിധം ഒരു സൊസൈറ്റി രൂപീകരിക്കുന്ന കാര്യം പരിശോധിക്കാൻ സഹകരണ വകുപ്പിന് നിർദ്ദേശം നൽകുന്നതാണ്.

**സഹകരണ വകുപ്പ് സ്വീകരിച്ച നടപടി**

സഹകരണ സംഘം മുഖേന കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സഹകരണ വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും പ്രവർത്തനരഹിതമായിരുന്നതുമായ "പാങ്കാവ് ഗിരിജൻ സർവ്വീസ് സഹകരണ സംഘം ലിമിറ്റഡ് നമ്പർ റ്റി 770" നെ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചുവരുന്നു. കുന്നത്തുമല പട്ടികവർഗ്ഗ സഹകരണ സംഘത്തിന്റെ നിയന്ത്രണത്തിൽ കോട്ടൂരിലുള്ള തടിയേതര വനവിഭവങ്ങൾ ശേഖരിക്കുന്നതിന് കളക്ഷൻ സെന്റർ പുനരാരംഭിക്കുന്ന നടപടികൾ സഹകരണ വകുപ്പിന്റെ മേൽനോട്ടത്തിൽ സ്വീകരിച്ചിരുന്നെങ്കിലും ടി സംഘത്തിലെ അംഗങ്ങളോ മറ്റ് പട്ടികവർഗ്ഗ വിഭാഗക്കാരോ ആരും തന്നെ ആയതിന് താൽപ്പര്യം കാണിച്ചിട്ടില്ല. കോട്ടൂർ ആസ്ഥാനമാക്കി പ്രവർത്തിച്ചിരുന്ന വ്ലാവെട്ടി ഗിരിജൻ സർവ്വീസ് സഹകരണ സംഘത്തിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന കൺസ്യൂമർ സ്റ്റോർ തുറന്നു പ്രവർത്തിപ്പിക്കുന്നതിന്റെ ഭാഗമായി സംഘത്തിൽ ഒരു പാർട്ട് ടൈം

അഡ്മിനിസ്ട്രേറ്ററെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അമ്പൂരി പഞ്ചായത്ത് പ്രവർത്തന പരിധിയാക്കി കുന്നത്തുമല പട്ടികവർഗ്ഗ സഹകരണ സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സംഘത്തിന്റെ കീഴിൽ ഒരു കൺസ്യൂമർ സ്റ്റോർ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ മേഖലയിൽ പുതിയ പട്ടികവർഗ്ഗ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

**ശിപാർശ 65 (ഖണ്ഡിക 192)**

അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് തുടങ്ങുന്നതിന് പദ്ധതിയിട്ടപ്പോൾ വനത്തിനുള്ളിൽ താമസിച്ചു വരികയായിരുന്ന ആദിവാസികളെ മാറ്റി പാർപ്പിക്കുന്നതിനായി 52-ഓളം വീടുകൾ പണിതു തുടങ്ങിയെങ്കിലും കാട്ടിൽ നിന്ന് നാട്ടിലേയ്ക്ക് താമസം മാറാനുള്ള ആദിവാസികളുടെ വിസമ്മതത്തെ തുടർന്ന് പ്രസ്തുത പുനരധിവാസ പരിപാടി തടസ്സപ്പെട്ടതായി സന്ദർശനവേളയിൽ സമിതിയ്ക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ഔഷധസസ്യങ്ങളുടെ അപൂർവ്വ ശേഖരമുള്ള അഗസ്ത്യാർകൂടത്തിൽ നിന്നും വിലപ്പെട്ട ഔഷധസസ്യങ്ങൾ കൃത്യമായി ശേഖരിക്കാൻ ഈ വനാന്തരങ്ങളിൽ താവളമുറപ്പിച്ചിരിക്കുന്ന ആദിവാസികൾക്കേ കഴിയൂ. ആയതിനാൽ കാർഷിക മേഖല, ഔഷധ സസ്യ പരിപാലനം, വനവിഭവ ശേഖരണം എന്നിവയുമായി ബന്ധപ്പെട്ട കഴിയുന്ന ആദിവാസികളെ ഈ വനമേഖലയിൽ നിന്നു മാറ്റി പാർപ്പിക്കുന്നതിനുള്ള ശ്രമം ഉപേക്ഷിക്കണമെന്നും, മറിച്ച് അവർക്ക് ഈ മേഖലകളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും, സാമ്പത്തിക പുരോഗതി കൈവരിക്കാനും സഹായകരമായ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

2006-ലെ കേന്ദ്ര വനാവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികൾക്ക് അവർക്കവകാശപ്പെട്ട ഭൂമിയിൽ തന്നെ പട്ടയം നൽകണമെന്ന് നിബന്ധനയുണ്ട്. എന്നാൽ ക്രിട്ടിക്കൽ വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് എന്ന നിർവ്വചനത്തിൽ വരുന്ന നാഷണൽ പാർക്കുകൾ, വന്യമൃഗസങ്കേതങ്ങൾ എന്നിവിടങ്ങളിൽ താമസിക്കുന്ന ആദിവാസി കുടുംബങ്ങളെ അവർക്കുകൂടി സ്വീകാര്യമായ പുനരധിവാസ പദ്ധതികൾ പ്രകാരം മാറ്റി പാർപ്പിക്കാവുന്നതാണ്. എന്നാൽ അഗസ്ത്യാർ വനം ബയോളജിക്കൽ പാർക്ക് എന്ന ഗണത്തിൽപ്പെടുന്നതിനാൽ ഇത്തരമൊരു മാറ്റിപ്പാർപ്പിക്കൽ സാധ്യമാണെന്ന് തോന്നുന്നില്ല.

<u>9-6-2010-ലെ സമിതി യോഗം ആവശ്യപ്പെട്ട അധിക വിവരം</u>

സമിതിയ്ക്ക് ലഭിച്ച മറുപടിയിന്മേൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും സമിതി ശിപാർശയ്ക്കുള്ള മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെടുകയും ചെയ്തു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

അഗസ്ത്യവനം മേഖലയിൽ നിവസിക്കുന്ന പട്ടികവർഗ്ഗക്കാരെ ടി പ്രദേശത്തു നിന്നും മാറ്റിപ്പാർപ്പിക്കുന്നതിന് നിലവിൽ നടപടിയൊന്നും സ്വീകരിക്കുന്നില്ല. കാർഷിക മേഖല, ഔഷധ സസ്യപരിപാലനം, വനവിഭവ ശേഖരണം എന്നീ മേഖലകളിൽ അവർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും അതുവഴി സാമ്പത്തിക പുരോഗതി കൈവരിക്കുവാനും ഉതകുമാറുള്ള ഉപജീവനോപാധി പ്രവർത്തനങ്ങൾക്കായുള്ള പരിപാടികളും മറ്റനുബന്ധ പദ്ധതികളും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രത്യേക കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തിയും, ജില്ലാ പഞ്ചായത്തിന്റെ ഗിരിവർഗ്ഗ ഉപപദ്ധതി ഫണ്ട് വിനിയോഗിച്ചും നടപ്പാക്കിയിട്ടുണ്ട്. ഇതുകൂടാതെ Palode Tropical Botanical Garden & Research Institute (TBGRI) മുഖേന അഗസ്ത്യവന മേഖലയിലെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഔഷധസസ്യ പരിപാലനത്തിനായുള്ള മറ്റൊരു ബൃഹത് പദ്ധതി പ്രകാരം ഔഷധ സസ്യങ്ങൾ വച്ചു പിടിപ്പിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്.

## ശിപാർശ 66 (ഖണ്ഡിക 194)

അഗസ്ത്യവനം കോളനിയിൽ നിന്നും 2003-ൽ റസിഡൻഷ്യൽ സ്കൂളിൽ പഠിച്ച 15 കുട്ടികൾ 50% മാർക്ക് നേടിയിട്ടുള്ളതായി കാണുന്നു. വനത്തിനുള്ളിലൂടെ 23 കിലോമീറ്ററോളം സഞ്ചരിച്ച് കോട്ടൂരിലെത്തി പഠിക്കേണ്ടി വരുന്നതിനാൽ ഈ പ്രദേശത്തെ ഭൂരിഭാഗം കുട്ടികളും നിലവാരമുള്ള വിദ്യാഭ്യാസം ആർജ്ജിക്കുന്നില്ലെന്ന് സമിതിക്ക് കണ്ടെത്താൻ കഴിഞ്ഞു. ആയതിനാൽ കോട്ടൂർ വനമേഖലയിലെ ആദിവാസി കുട്ടികളുടെ വിദ്യാഭ്യാസത്തിനായി കോട്ടൂർ കേന്ദ്രമാക്കി ഒരു റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കോട്ടൂർ പ്രദേശമടക്കമുള്ള ജില്ലയിലെ പട്ടികവർഗ്ഗ പെൺകുട്ടികൾക്കായി തിരുവനന്തപുരത്ത് കട്ടേലയിലും, ആൺകുട്ടികൾക്ക് കൊല്ലം ജില്ലയിലെ കുളത്തുപ്പുഴയിലും പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പ്രവേശനം നല്കുന്നു. തിരുവനന്തപുരത്ത് ഞാറനീലിയിൽ പ്രവർത്തിക്കുന്ന സെൻട്രൽ ബോർഡ് ഓഫ് സെക്കൻഡറി എഡ്യൂക്കേഷൻ സ്കൂളിലും ടി കുട്ടികൾക്ക് പ്രവേശനം നല്കുന്നു. പുറമേ വീട്ടിൽ നിന്നും പോയി വന്നു പഠിക്കുന്നതിനുകഴിയാത്ത ആൺകുട്ടികൾക്കായി നന്ദിയോട് ആൺകുട്ടികളുടെ പ്രീമെട്രിക് ഹോസ്റ്റലും ഞാറനീലിയിൽ പെൺകുട്ടികൾക്കായി പ്രീമെട്രിക് ഹോസ്റ്റലും പ്രവർത്തിച്ചു വരുന്നു. ദുർഘടമായ വനപ്രദേശങ്ങളിലും, മലമ്പ്രദേശങ്ങളിലും റസിഡൻഷ്യൽ സ്കൂളുകൾ തുടങ്ങിയാൽ ടി സ്ഥലങ്ങളിൽ വെള്ളം,

വെളിച്ചം ഇവയെത്തിക്കാൻ ബുദ്ധിമുട്ടാണെന്നതിന് പുറമെ അദ്ധ്യാപകരെ കിട്ടാനും ബുദ്ധിമുട്ടാണ്. മാത്രവുമല്ല, മോഡൽ റസിഡൻഷ്യൽ സ്കൂളിലെ അദ്ധ്യാപകർക്ക് ഇത്തരം പ്രദേശങ്ങളിൽ ജോലി ചെയ്യുമ്പോൾ അവരുടെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കാനും ബുദ്ധിമുട്ടാണെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

### 9-6-2010-ലെ സമിതി യോഗം ആവശ്യപ്പെട്ട അധികവിവരം

പ്രസ്തുത ശിപാർശയിൻമേൽ ലഭിച്ച മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും വെള്ളവും വെളിച്ചവും കിട്ടത്തക്ക രീതിയിൽ കോട്ടൂരിനടുത്ത് തന്നെ മോഡൽ റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുന്നതിനുള്ള സാധ്യത ഒന്നുകൂടി പരിശോധിച്ച് മറുപടി ലഭ്യമാക്കണമെന്ന് ബന്ധപ്പെട്ട വകുപ്പിനോട് ആവശ്യപ്പെടാൻ സമിതി തീരുമാനിച്ചു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

ഒന്നുകൂടി പരിശോധിക്കുന്നതാണ്.

### ശിപാർശ 67 (ഖണ്ഡിക 196)

കോട്ടൂർ വനപ്രദേശത്തുള്ള കോളനിയായതിനാൽ വൈദ്യുതി എത്തിക്കുന്നതിന് സാങ്കേതികമായി ബുദ്ധിമുട്ടുകൾ ഉള്ളതായി ബന്ധപ്പെട്ടവരിൽ നിന്നും സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. വനാന്തരങ്ങളിൽ കുടിവെള്ളവും വൈദ്യുതിയും എത്തിക്കുന്നതിന് ഏറെ ബുദ്ധിമുട്ടുകൾ നിലവിലുണ്ടെങ്കിലും പ്രസ്തുത പ്രശ്നങ്ങൾക്ക് ഘട്ടം ഘട്ടമായി ശാശ്വത പരിഹാരം ഉണ്ടാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

വനാന്തരങ്ങളിൽ കുടിവെള്ളം, വൈദ്യുതി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് വനം വകുപ്പ് ഉന്നയിച്ചിരുന്ന തടസ്സം 2006-ലെ വനാവകാശ നിയമം നടപ്പിൽ വന്നതോടു കൂടി ഇല്ലാതായിട്ടുണ്ട്.

### ശിപാർശ 68 (ഖണ്ഡിക 197)

പുറത്തുനിന്നുള്ളവർ ആദിവാസികളെ കരുവാക്കി നടത്തുന്ന വ്യാജവാറ്റും മദ്യപാനവും കോട്ടൂർ മേഖലയിൽ വ്യാപകമാണെന്ന് കാണാം. ടി പ്രദേശത്തിന്റെ വികസനത്തിന് വിഘാതമായി നിൽക്കുന്ന പ്രധാന ഘടകങ്ങളിലൊന്നാണ് ഇത്. കോളനികളിൽ വർദ്ധിച്ചുവരുന്ന വ്യാജ ചാരായ ഉല്പാദനം നിർത്തലാക്കുവാൻ എക്സൈസ് വകുപ്പിന്റെ റെയ്ഡുകൾ ഊർജ്ജിതമാക്കണമെന്നും, ഇതിന്റെ പുറകിൽ പ്രവർത്തിക്കുന്ന യഥാർത്ഥ കുറ്റവാളികളെ കണ്ടെത്തി കർശനമായ ശിക്ഷാ നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

പട്ടികവർഗ്ഗ കോളനികളിൽ വ്യാജചാരായ ഉല്പാദനവും വിപണനവും തടയുന്നതിനായി എക്സൈസ് / പോലീസ് വകുപ്പുകൾ സംയുക്തമായി റെയ്ഡുകൾ നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. മദ്യത്തിന്റെ ഉപയോഗം മൂലമുണ്ടാകുന്ന ദോഷങ്ങൾ സംബന്ധിച്ച് പട്ടികവർഗ്ഗ സങ്കേതങ്ങളിൽ സെമിനാറുകളും, ബോധവൽക്കരണ ക്ലാസ്സുകളും നിലവിൽ നടത്തിവരുന്നുമുണ്ട്.

### നികുതി വകുപ്പ് സ്വീകരിച്ച നടപടി

എല്ലാ കോളനികളിലും വ്യാജമദ്യത്തിന്റെ ഉൽപ്പാദനവും, വിതരണവും വിൽപ്പനയും തടയുന്നതിനുവേണ്ടി കർശന നടപടി സ്വീകരിക്കുകയും റെയ്ഡിൽ യഥാർത്ഥ കുറ്റവാളികളെ ശിക്ഷിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച വരുന്നുണ്ട്. കൂടാതെ റെയ്ഡുകൾ ഊർജ്ജിതപ്പെടുത്തുവാൻ താഴെ തട്ടിലുള്ള ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

### ശിപാർശ 69 (ഖണ്ഡിക 198)

കാടിന് നിറസമൃദ്ധിയായി നെയ്യാർ-കോട്ടൂർവനമേഖലകളിൽ കരനെൽപ്പാടങ്ങൾ വ്യാപകമായി തുടങ്ങിയിട്ടുള്ളതായി സമിതിയ്ക്ക് കാണാൻ കഴിഞ്ഞു. പ്രതീക്ഷയ്ക്ക് വക നൽകുന്ന കരനെൽപ്പാടങ്ങൾ എന്ന ആശയം സംസ്ഥാനത്താകമാനമുള്ള വനമേഖലകളിലെ പട്ടികവർഗ്ഗക്കാരിൽ എത്തിക്കാൻ പട്ടികവർഗ്ഗ വികസന വകുപ്പ് മുൻകയ്യെടുക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

വനാന്തരങ്ങളിൽ കര നെൽ കൃഷി ചെയ്യാൻ തയ്യാറാവുന്ന ആദിവാസികൾക്ക് കൃഷി വകുപ്പിന്റെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

### ശിപാർശ 70 (ഖണ്ഡിക 202)

ഭൂമിയില്ലാത്ത ആദിവാസികൾ ഈ മേഖലയിൽ കുറവാണെങ്കിലും ഉൾവനങ്ങളിൽ താമസിക്കുന്ന 178 ഓളം കുടുംബങ്ങൾ ഭവനരഹിതരാണെന്ന് കാണുന്നു. 2004-ൽ അമ്പൂരി പഞ്ചായത്തിന് ഭവനനിർമ്മാണത്തിനുള്ള അലോട്ട്മെന്റ് 6,94,000 രൂപയായിരുന്നു. വീടൊന്നിന് 75,000 രൂപ വീതം വച്ച് 11 വീടുകൾക്കുള്ള പ്രോജക്ട് സമർപ്പിക്കുകയും 10 വീടുകളുടെ അറ്റകുറ്റപ്പണികൾക്കും കിണർ നന്നാക്കുന്നതിനും തുക വകയിരുത്തുകയും ചെയ്തിട്ടുള്ളതായി പഞ്ചായത്ത് പ്രസിഡന്റിൽ നിന്നും സമിതിയ്ക്ക് അറിയാൻ കഴിഞ്ഞു.

ഭവന നിർമ്മാണത്തിനായി അനുവദിക്കുന്ന തുക തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. നിർമ്മാണ സാമഗ്രികൾ കടത്തു വഴി എത്തിക്കുന്നതിന് ഏറെ ചെലവുണ്ടെന്ന് സമിതിയ്ക്ക് ബോദ്ധ്യമായി. സ്വന്തം ഭൂമിയിൽ നിൽക്കുന്ന വൃക്ഷങ്ങൾ ഭവന നിർമ്മാണത്തിനായി മുറിക്കാൻ പട്ടികവർഗ്ഗക്കാർക്ക് അനുവാദമില്ല. സ്വന്തം ഭൂമിയിലെ വനപട്ടികയിൽപ്പെടാത്ത മരങ്ങൾ മുറിച്ച് ഉപയോഗിക്കാനുള്ള അനുമതി നൽകുകയാണെങ്കിൽ ഭവന നിർമ്മാണച്ചെലവ് ഏറെ കുറയുമെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ തങ്ങളുടെ ഭൂമിയിൽ നിൽക്കുന്ന നിരോധിത വൃക്ഷങ്ങൾ ഒഴികെയുള്ള വൃക്ഷങ്ങൾ ഭവന നിർമ്മാണത്തിനായി മുറിച്ച് ഉപയോഗിക്കാൻ ആദിവാസികൾക്ക് സർക്കാർ അനുമതി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

വന ഭൂമിയിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് വീട് നിർമ്മിക്കുന്നതിന് തടി ലഭ്യമാക്കുന്ന കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയും, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പട്ടികവർഗ്ഗ കുടുംബങ്ങളുടെ വീട് നിർമ്മാണത്തിന് സൗജന്യമായ തടി അനുവദിച്ചുകൊണ്ട് 26-11-2009-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 52/2009/വനം പ്രകാരം ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. തങ്ങളുടെ സ്വന്തം ഭൂമിയിൽ നിൽക്കുന്ന നിരോധിത വൃക്ഷങ്ങൾ ഒഴികെയുള്ള വൃക്ഷങ്ങൾ ഭവനനിർമ്മാണത്തിനായി മുറിച്ചു ഉപയോഗിക്കാൻ അനുമതി നൽകാൻ വനം വകുപ്പിനോട് ആവശ്യപ്പെടുന്നതാണ്.

**ശിപാർശ 71 (ഖണ്ഡിക 203)**

അമ്പൂരി മേഖലയിൽ ഒരു ട്രൈബൽ സ്കൂൾ ഉണ്ടെങ്കിലും 15 കിലോമീറ്ററോളം ചുറ്റളവുള്ള പ്രദേശത്തെ പല കുട്ടികൾക്കും ഈ സ്കൂളിൽ എത്തിച്ചേരാൻ ബുദ്ധിമുട്ടായതിനാൽ സ്കൂളിൽ പോയിത്തുടങ്ങേണ്ട പ്രായം കഴിഞ്ഞിട്ടും സ്കൂളിൽ ചേർന്നിട്ടില്ലാത്ത ധാരാളം കുട്ടികളുണ്ടെന്ന് സന്ദർശന വേളയിൽ സമിതിയ്ക്ക് കാണാൻ കഴിഞ്ഞു. വന്യമൃഗങ്ങൾ വിഹരിക്കുന്ന വനത്തിലൂടെ കുഞ്ഞുങ്ങൾക്ക് സ്കൂളിലെത്താൻ സാധ്യമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അമ്പൂരി കേന്ദ്രമാക്കി ഒരു റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്ന കാര്യം സജീവമായി പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

അമ്പൂരി പ്രദേശമടക്കുള്ള ജില്ലയിലെ പട്ടികവർഗ്ഗ പെൺകുട്ടികൾക്കായി തിരുവനന്തപുരത്ത് കട്ടേലയിലും, ആൺകുട്ടികൾക്ക് കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴയിലും പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളിൽ പ്രവേശനം നല്കുന്നു. തിരുവനന്തപുരത്ത് ഞാറനീലിയിൽ പ്രവർത്തിക്കുന്ന സെൻട്രൽ ബോർഡ് ഓഫ്

സെക്കൻഡറി എഡ്യൂക്കേഷൻ സ്കൂളിലും ടി കുട്ടികൾക്ക് പ്രവേശനം നല്കുന്നു. പുറമേ വീട്ടിൽ നിന്നും പോയി വന്നു പഠിക്കുന്നതിനുകഴിയാത്ത ആൺകുട്ടികൾക്കായി നന്ദിയോട് ആൺകുട്ടികളുടെ പ്രീ മെട്രിക് ഹോസ്റ്റലും, ഞാറനീലിയിൽ പെൺകുട്ടികളുടെ പ്രീ മെട്രിക് ഹോസ്റ്റലും പ്രവർത്തിച്ചുവരുന്നു. ദുർഘടമായ വന പ്രദേശങ്ങളിലും, മലമ്പ്രദേശങ്ങളിലും റസിഡൻഷ്യൽ സ്കൂളുകൾ തുടങ്ങിയാൽ ടി സ്ഥലങ്ങളിൽ വെള്ളം, വെളിച്ചം ഇവയെത്തിക്കാൻ ബുദ്ധിമുട്ടാണെന്നതിന് പുറമെ അദ്ധ്യാപകരെ കിട്ടാനും ബുദ്ധിമുട്ടാണ്. മാത്രവുമല്ല, മോഡൽ റസിഡൻഷ്യൽ സ്കൂളിലെ അദ്ധ്യാപകർക്ക് ഇത്തരം പ്രദേശങ്ങളിൽ ജോലി ചെയ്യുമ്പോൾ അവരുടെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കാനും ബുദ്ധിമുട്ടാണെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

9-6-2010-ലെ സമിതി യോഗം ആവശ്യപ്പെട്ട അധികവിവരം

പ്രസ്തുത ശിപാർശയിന്മേൽ ലഭിച്ച മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും വെള്ളവും വെളിച്ചവും കിട്ടത്തക്കരീതിയിൽ കോട്ടൂരിനടുത്തുതന്നെ മോഡൽ റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുന്നതിനുള്ള സാധ്യത ഒന്നുകൂടി പരിശോധിച്ച് മറുപടി ലഭ്യമാക്കണമെന്ന് ബന്ധപ്പെട്ട വകുപ്പിനോട് ആവശ്യപ്പെടാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

ഒന്നുകൂടി പരിശോധിക്കുന്നതാണ്.

**ശിപാർശ 72 (ഖണ്ഡിക 204)**

അമ്പൂരിയിൽ ഒരു പ്രൈമറി ഹെൽത്ത് സെന്റർ ഉണ്ടെങ്കിലും സബ്സെന്ററുകൾ ഇല്ലെന്ന് കാണുന്നു. ഹെൽത്ത് സെന്ററിന് പഞ്ചായത്തിൽ നിന്നും പണിതുകൊടുത്ത ഒരു ചെറിയ കെട്ടിടം മാത്രമേ നിലവിലുള്ളൂ. ഇവിടെ മാസത്തിലൊരിക്കൽ ഡോക്ടർ സന്ദർശനം നടത്തി ചികിത്സിക്കുന്നതായും അംഗനവാടികളിൽ മാസത്തിലൊരു തവണ മെഡിക്കൽ ക്യാമ്പ് നടത്താറുള്ളതായും സമിതിയുടെ സന്ദർശനത്തിൽ വ്യക്തമായി. സെറ്റിൽമെന്റുകൾ പല സ്ഥലങ്ങളിലായി വ്യാപിച്ചു കിടക്കുന്നതിനാൽ പുരവിമല, ചാക്കപ്പാറ, കാരിയാഴി എന്നീ മേഖലകൾ കേന്ദ്രമാക്കി മൂന്ന് സബ്സെന്ററുകളെങ്കിലും അത്യാവശ്യമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ പ്രസ്തുത മേഖലകളിൽ സബ്സെന്ററുകൾ ആരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

പ്രൈമറി ഹെൽത്ത് സെന്ററുകൾ പ്രവർത്തിക്കുന്നത് ആരോഗ്യ വകുപ്പിന്റെ കീഴിലാണ്. പുരവിമല, ചാക്കപ്പാറ, കാരിക്കുഴി എന്നീ മേഖലകൾ കേന്ദ്രമാക്കി സബ്സെന്ററുകൾ തുടങ്ങുന്നതിന് ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട നടപടി സ്വീകരിക്കുന്നതാണ്.

## ശിപാർശ 73 (ഖണ്ഡിക 206)

അമ്പൂരി പ്രദേശത്തെ കാർഷിക ഉൽപ്പന്നങ്ങൾ പലതും വിപണനം ചെയ്യാനാകാതെ നശിച്ചുപോകുന്നതായി സന്ദർശന വേളയിൽ സമിതിയ്ക്ക് അറിയാൻ സാധിച്ചു. സഹകരണ വകുപ്പിന്റെ സഹായത്തോടെ ഈ പ്രദേശത്ത് ഒരു സൊസൈറ്റി രൂപീകരിച്ചാൽ ഉല്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് വേണ്ട സംവിധാനം ഉണ്ടാക്കുവാൻ ആവശ്യമായ തുകയും മാർക്കറ്റിംഗ് സെന്ററും ലഭ്യമാകുമെന്നതിനാൽ സൊസൈറ്റി രൂപീകരിക്കുന്നതിനു വേണ്ട ശ്രമങ്ങൾ താമസംവിനാ ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

പട്ടികവർഗ്ഗ മേഖലയിൽ സൊസൈറ്റികൾ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലാണ്. ഇവിടെയൊരു സൊസൈറ്റി അധികമായി ആവശ്യമാണെങ്കിൽ അത് സഹകരണ വകുപ്പിൽ രൂപീകരിക്കാവുന്നതാണ്.

### സഹകരണ വകുപ്പ് സ്വീകരിച്ച നടപടി

സഹകരണ സംഘം മുഖേന കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സഹകരണ വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും പ്രവർത്തന രഹിതമായിരുന്നതുമായ "പാങ്കാവ് ഗിരിജൻ സർവ്വീസ് സഹകരണ സംഘം ലിമിറ്റഡ് നമ്പർ റ്റി 770" നെ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ചുവരുന്നു. കുന്നത്തുമല പട്ടികവർഗ്ഗ സഹകരണ സംഘത്തിന്റെ നിയന്ത്രണത്തിൽ കോട്ടൂരിലുള്ള തടിയേതര വന വിഭവങ്ങൾ ശേഖരിക്കുന്നതിന് കളക്ഷൻ സെന്റർ പുനരാരംഭിക്കുന്ന നടപടികൾ സഹകരണ വകുപ്പിന്റെ മേൽനോട്ടത്തിൽ സ്വീകരിച്ചിരുന്നെങ്കിലും ടി സംഘത്തിലെ അംഗങ്ങളോ മറ്റ് പട്ടികവർഗ്ഗ വിഭാഗക്കാരോ ആരും തന്നെ ആയതിന് താൽപ്പര്യം കാണിച്ചിട്ടില്ല. കോട്ടൂർ ആസ്ഥാനമാക്കി പ്രവർത്തിച്ചിരുന്ന വ്ലാവെട്ടി ഗിരിജൻ സർവ്വീസ് സഹകരണ സംഘത്തിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന കൺസ്യൂമർ സ്റ്റോർ തുറന്നു പ്രവർത്തിപ്പിക്കുന്നതിന്റെ ഭാഗമായി സംഘത്തിൽ ഒരു പാർട്ട് ടൈം അഡ്മിനിസ്ട്രേറ്ററെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അമ്പൂരി പഞ്ചായത്ത് പ്രവർത്തന പരിധിയാക്കി കുന്നത്തുമല പട്ടികവർഗ്ഗ സഹകരണ സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സംഘത്തിന്റെ കീഴിൽ ഒരു കൺസ്യൂമർ സ്റ്റോർ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ മേഖലയിൽ പുതിയ പട്ടികവർഗ്ഗ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

## ശിപാർശ 74 (ഖണ്ഡിക 207)

പ്രസ്തുത മേഖലയിലെ പട്ടികവർഗ്ഗക്കാർക്ക് റബ്ബർ കൃഷിക്കായി ധനസഹായം നൽകുന്നതായും രണ്ട് സെറ്റിൽമെന്റ് ഒഴികെയുള്ള എല്ലാ സെറ്റിൽമെന്റുകളിലും റബ്ബർ ബോർഡിന്റെ സഹായത്തോടെ റബ്ബർ കൃഷി ചെയ്യുന്നതായും സമിതിയ്ക്ക് കാണാൻ കഴിഞ്ഞു. കൃഷിയ്ക്ക് ആവശ്യമായ വളവും മറ്റ് സൗകര്യങ്ങളും റബ്ബർ ബോർഡ് തന്നെ നൽകുന്നതിനാൽ വരുമാനദായകമായ രീതിയിൽ റബ്ബർ കൃഷി ഇവിടെ മുന്നേറുന്നതായും സമിതി കണ്ടെത്തി. ബാക്കിയുള്ള സെറ്റിൽമെന്റുകളിൽ റബ്ബർ കൃഷി പ്രായോഗിക മല്ലെങ്കിലും അനുയോജ്യമായ മറ്റിനങ്ങളുടെ ഉൽപ്പാദനം കൃഷി വകുപ്പിന്റെ സഹായത്തോടെ ആരംഭിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

റബ്ബർ ബോർഡും, സർക്കാരും ചേർന്നു പട്ടികവർഗ്ഗക്കാർക്ക് വേണ്ടി നടപ്പാക്കുന്ന പ്രോജക്ടിന്റെ രണ്ടാം ഘട്ടം പുരോഗമിച്ചുവരികയാണ്. ഇത് പൂർത്തിയായ ശേഷം റബ്ബർ കൃഷി നടപ്പാക്കാൻ കഴിയാത്ത സെറ്റിൽമെന്റുകളിൽ മറ്റു കൃഷികൾ നടപ്പാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## ശിപാർശ 75 (ഖണ്ഡിക 208)

ഈ പ്രദേശത്തെ പട്ടികവർഗ്ഗ ഭവനങ്ങളിലെല്ലാം സാനിട്ടറി സൗകര്യങ്ങൾ ഉണ്ടെന്നാണ് സമിതിയ്ക്ക് കാണാൻ കഴിഞ്ഞത്. ആദിവാസികളെ കരുവാക്കി പുറത്തുനിന്നുള്ളവരാണ് ഈ മേഖലയിൽ വ്യാജവാറ്റ് വ്യാപകമാക്കിയിട്ടുള്ളതെന്നും പണം മുടക്കുന്നത് പുറത്തുനിന്നുള്ളവരാണെങ്കിലും റെയ്ഡ് നടത്തുമ്പോൾ ഇവർ രക്ഷപ്പെടുകയും പകരം പാവപ്പെട്ട സ്ഥലവാസികൾ പ്രതികളാകുകയുമാണ് പതിവെന്നും എക്സൈസ് അധികാരികളിൽ നിന്നും സമിതിയ്ക്ക് വ്യക്തമായി. ഏറ്റവും കൂടുതൽ അബ്കാരി കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നത് നെയ്യാർ ഡാം പോലീസ് സ്റ്റേഷനിലാണെന്നും സമിതി കണ്ടെത്തി. ഈ അവസ്ഥ തുടരാൻ അനുവദിക്കരുതെന്നും പട്ടികവർഗ്ഗക്കാർക്ക് ആവശ്യമായ ബോധവൽക്കരണം നൽകുന്നതിന് പുറമേ വനം, പോലീസ്, എക്സൈസ് എന്നീ വകുപ്പുകൾ സംയുക്തമായി പ്രയത്നിച്ച് വ്യാജവാറ്റ് നിശ്ശേഷം തടയണമെന്നും സമിതി നിർദ്ദേശിച്ചു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

അമ്പൂരി അടക്കം തിരുവനന്തപുരം ജില്ലയിലെയും, സംസ്ഥാനത്തൊട്ടാകെയും പട്ടികവർഗ്ഗ മേഖലയിലെ വ്യാജ വാറ്റ് വില്പന തടയുന്നതിന് വനം, പോലീസ്, എക്സൈസ്, വനിതാ കമ്മീഷൻ ഇവയുടെ സഹകരണത്തോടെ ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുന്നുണ്ട്. കണ്ണൂർ ജില്ലയിലെ എക്സൈസ് വകുപ്പ് ബോധവൽക്കരണത്തിനായി

ഒരു നാടകം തന്നെ ആവിഷ്കരിച്ച് പട്ടികവർഗ്ഗ മേഖലയിൽ പ്രദർശിപ്പിച്ചുവരുന്നുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കൂടെ സഹകരണത്തോടെ ഈ ദൃശ്യ പ്രവർത്തനം വ്യാപിപ്പിക്കുന്നതാണ്.

## ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടി

നെയ്യാർ ഡാം പോലീസ് സ്റ്റേഷൻ അധീനതയിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് വ്യാജവാറ്റിനെതിരെ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു വരുന്നുണ്ടെന്നും പ്രസ്തുത പ്രദേശങ്ങളിൽ എക്സൈസ്, വനം വകുപ്പുമായി ചേർന്ന് റെയ്ഡുകൾ നടത്തി വ്യാജവാറ്റ് തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നെടുമങ്ങാട്, നെയ്യാറ്റിൻകര, ആറ്റിങ്ങൽ സബ് ഡിവിഷനുകളിൽ വ്യാജമദ്യ-മയക്കുമരുന്ന ലോബികളെ അമർച്ച ചെയ്യുന്നതിന് ശക്തമായ റെയ്ഡുകൾ നടത്തി ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ആളുകൾക്കെതിരെ കേസ്സുകൾ രജിസ്റ്റർ ചെയ്തു നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

## നികുതി വകുപ്പ് സ്വീകരിച്ച നടപടി

എല്ലാ ഡിവിഷനുകളിലേയും പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ വ്യാജമദ്യ ഉൽപ്പാദനവും വിൽപ്പനയും ഉപഭോഗവും തടയുന്നതിനായി ബോധവൽക്കരണ സെമിനാറുകൾ, മൈക്ക് അനൗൺസ്മെന്റ്, ഡോക്യുമെന്ററി പ്രദർശനം എന്നിവ നടത്തുന്നുണ്ട്. കൂടാതെ റവന്യൂ, ഫോറസ്റ്റ് എന്നീ വകുപ്പുകളുമായി സംയുക്തമായി റെയ്ഡുകൾ നടത്തുകയും രഹസ്യ നിരീക്ഷണങ്ങളും നടത്തുന്നുണ്ട്.

## ശിപാർശ 76 (ഖണ്ഡിക 209)

അമ്പൂരി പട്ടികവർഗ്ഗ മേഖലയിലെ ആദിവാസികൾക്ക് അവരുടെ ഭൂമിക്ക് കൈവശാവകാശരേഖ ഇല്ലാത്തതിനാൽ ബാങ്ക് ലോൺ പോലുള്ള ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ലെന്ന വസ്തുതയും 70 വർഷം കഴിഞ്ഞിട്ടുപോലും പട്ടയം നൽകിയിട്ടില്ലാത്ത കേസുകളും സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. അമ്പൂരി പഞ്ചായത്തിൽ 521 പട്ടിക വർഗ്ഗക്കാർക്ക് 10 സെന്റിൽ താഴെയുള്ള ഭൂമിയേ ഉള്ളൂവെന്നും ബാക്കി ഭൂമി വനഭൂമിയാണെന്നും 10 സെന്റിന് താഴെയുള്ള ഭൂമിയ്ക്ക് കൈവശരേഖ തയ്യാറാക്കിയിട്ട് ആരും കൈപ്പറ്റിയില്ലെന്നും സമിതിയ്ക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ഭൂപ്രശ്നം പരിഹരിക്കുന്നതിന് പ്രസ്തുത മേഖലയിലെ കൈവശഭൂമി മുഴുവനും റവന്യൂ വകുപ്പും സർവ്വേ വകുപ്പും കൂടി സംയുക്തമായി അളന്ന് ബന്ധപ്പെട്ട എല്ലാ പട്ടികവർഗ്ഗക്കാർക്കും കൈവശ രേഖ നൽകുന്നതിന് സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

പട്ടികവർഗ്ഗക്കാർ താമസിക്കുകയും, കൃഷി ചെയ്യുകയും മറ്റ് രീതികളിൽ ഉപജീവനത്തിനായി വിനിയോഗിച്ച വരികയും ചെയ്തു വരുന്ന ഭൂമിയിലുള്ള അവകാശം അവർക്ക് നൽകുന്നതിനായി 2006-ലെ വനാവകാശ നിയമപ്രകാരം നടപടി പുരോഗമിച്ച വരികയാണ്. ഇതിൻ പ്രകാരം ഓരോ കുടുംബങ്ങളും ഉപയോഗിച്ചവരുന്ന 10 ഏക്കറിൽ കവിയാതെയുള്ള ഭൂമിയുടെ പട്ടയം അവർക്ക് ലഭിക്കുന്നതാണ്.

<u>9-6-2010-ലെ സമിതിയോഗം ആവശ്യപ്പെട്ട അധികവിവരം</u>

പട്ടികവർഗ്ഗക്കാർ താമസിക്കുകയും കൃഷി ചെയ്യുകയും മറ്റ് ഉപജീവനത്തിനായി വിനിയോഗിച്ചവരുകയും ചെയ്യുന്ന ഭൂമിയുടെ പട്ടയം ഇതുവരെ എത്രപേർക്ക് നൽകിയിട്ടുണ്ടെന്ന് ബന്ധപ്പെട്ട വകുപ്പിനോട് ആരായുവാൻ തീരുമാനിച്ചു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

പട്ടികവർഗ്ഗക്കാർ താമസിക്കുകയും, കൃഷി ചെയ്യുകയും മറ്റ് രീതികളിൽ ഉപജീവനത്തിനായി വിനിയോഗിച്ച വരികയും ചെയ്തു വരുന്ന ഭൂമിയിലുള്ള അവകാശം അവർക്ക് നൽകുന്നതിനായി 2006-ലെ വനാവകാശ നിയമപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം ഓരോ കുടുംബങ്ങളും കൈവശം വച്ചവരുന്ന 10 ഏക്കറിൽ കവിയാതെയുള്ള ഭൂമിയുടെ കൈവശാവകാശ രേഖ ലഭിക്കുന്നതിനായി 292 പേർ വനാവകാശ സമിതി (FRC) മുഖേന അപേക്ഷ സമർപ്പിക്കുകയും ഇവരുടെ ഭൂമി റവന്യൂ വകുപ്പ് സർവ്വേ ചെയ്ത് 173 പേർക്ക് കൈവശാവകാശരേഖ നൽകുകയും ചെയ്തിട്ടുണ്ട്. 90 പേർക്കു കൂടി രേഖ നൽകുന്നതിനുള്ള നടപടിയും ത്വരിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പട്ടയം ആർക്കും നൽകിയിട്ടില്ല.

**ശിപാർശ 77 (ഖണ്ഡിക 210)**

നെയ്യാർ ജലസംഭരണിയോട് ചേർന്ന് കിടക്കുന്നതിനാൽ ഇക്കോ ടൂറിസത്തിന് വളരെയേറെ സാധ്യതകളുള്ള പ്രദേശമാണ് അമ്പൂരി. ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന ഔഷധ സസ്യകൃഷി, തേനീച്ച വളർത്തൽ മുതലായവയ്ക്ക് പ്രാധാന്യം നൽകികൊണ്ട് പുതിയ പ്രോജക്ടുകൾ ആരംഭിച്ച് ടൂറിസം വകുപ്പുമായി യോജിച്ച് ഈ പ്രദേശത്ത് ഇക്കോ ടൂറിസം വികസിപ്പിച്ചെടുക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

അമ്പൂരിയിലെ പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി ടൂറിസം വകുപ്പുമായി യോജിച്ച ഇക്കോ ടൂറിസം വികസിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## ശിപാർശ 78 (ഖണ്ഡിക 212 & 215)

ഖണ്ഡിക 212

തൊടുമല വാർഡിലുള്ളവർക്കായി ഒരു മൊബൈൽ ഡിസ്പെൻസറി ബോട്ട് ആരംഭിക്കണമെന്ന പുരവിമല നിവാസികളുടെ ആവശ്യം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

തൊടുമല വാർഡിലുള്ളവർക്കായി മൊബൈൽ ഡിസ്പെൻസറി ബോട്ട് ആരംഭിക്കുന്നതിന് ആരോഗ്യ വകുപ്പിനോട് അഭ്യർത്ഥിക്കുന്നതാണ്.

ഖണ്ഡിക 215

വിതുര പഞ്ചായത്തിനായി 2004-2005-ലെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി റോഡുകളുടെയും പാലങ്ങളുടെയും വികസനത്തിനായി തുക മാറ്റിവച്ചിരിക്കുന്നതായി സമിതിയ്ക്ക് കാണാൻ കഴിഞ്ഞു. ഒറ്റയാടി കുരൽ പാഞ്ചകാല റോഡ് ടാറിംഗിന് 6.70 ലക്ഷം രൂപയും മീനാങ്കൽ പന്നിക്കാല റോഡ് ടാറിംഗിന് 7.60 ലക്ഷം രൂപയും തലത്തുത്ത്ക്കാവ്-വൃന്ദാവനം പാലത്തിന് 10 ലക്ഷം രൂപയും 26-ാം മൈലിൽ കല്ലാർ നദിക്കു കുറുകെ മറ്റൊരു പാലത്തിന് 9 ലക്ഷം രൂപയും 2004 മാർച്ചിൽ ഗ്രാമപഞ്ചായത്തിന് കൈമാറിയിരുന്നുവെങ്കിലും വർക്കുകളൊന്നും നടന്നതായി സമിതിയ്ക്ക് കാണാൻ കഴിഞ്ഞില്ല. ഫണ്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം നേടാനുള്ള കാലതാമസം മൂലമാണ് ജോലികൾ നടക്കാത്തതെന്നും തദവസരത്തിൽ സമിതിയ്ക്ക് കണ്ടെത്താൻ കഴിഞ്ഞു. ഫണ്ട് അനുവദിച്ചു കിട്ടിയിട്ടും പദ്ധതികൾ നടപ്പിലാക്കാൻ അലംഭാവം വരുത്തുന്നത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായി സമിതി കണക്കാക്കുന്നു. ആയതിനാൽ പഞ്ചായത്തുകൾ ഫണ്ട് കൈപ്പറ്റിയശേഷം ക്ഷേമപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നുണ്ടെന്ന് വകുപ്പ് അധികൃതർ ഉറപ്പുവരുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

ബഹു. നിയമസഭാ കമ്മിറ്റി ചൂണ്ടിക്കാട്ടിയ നാല് പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. പഞ്ചായത്തുകൾക്ക് നൽകുന്ന ഫണ്ട് എന്ത് ആവശ്യത്തിനാണോ നൽകുന്നത് അതേ ആവശ്യത്തിനുതന്നെ ഉപയോഗിക്കുന്നുവെന്ന് ബന്ധപ്പെട്ട പഞ്ചായത്ത് അധികൃതരുമായി ബന്ധപ്പെട്ട് ഉറപ്പുവരുത്തുന്നുണ്ട്. ഇതിനു പുറമേ, ഓരോ വർഷവും മാർച്ച് 31-നു ശേഷം

വകുപ്പിലെ ഉദ്യോഗസ്ഥർ ഓരോ പഞ്ചായത്തിനും മുൻ വർഷം ഏതെല്ലാം പ്രോജക്ടുകൾക്ക് എത്ര തുകവീതം വകയിരുത്തിയെന്നും ചെലവഴിച്ചു എന്നും വിലയിരുത്തി റിപ്പോർട്ട് ഡയറക്ടർ മുഖേന സർക്കാരിന് നൽകി. മേയ് മാസം പഞ്ചായത്ത് ഡയറക്ടർ, ഗ്രാമ വികസന കമ്മീഷണർ എന്നിവരെ കൂടി ഉൾപ്പെടുത്തി അവലോകനയോഗം ചേർന്ന് തുക നിർദ്ദിഷ്ടകാര്യത്തിന് ചെലവഴിച്ചുവെന്ന് ഉറപ്പുവരുത്തുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

### ശിപാർശ 79 (ഖണ്ഡിക 216)

ആദിവാസി സങ്കേതങ്ങളിലേക്ക് റോഡ് വെട്ടുന്നതിന് വനം വകുപ്പ് തടസ്സം നിൽക്കുന്നതിനാൽ റോഡ് നിർമ്മാണത്തിനായി അനുവദിക്കുന്ന തുക വിനിയോഗിക്കാനാവാത്ത സന്ദർഭങ്ങൾ സമിതിയുടെ ശ്രദ്ധയിൽ വരികയുണ്ടായി. ജനകീയാസൂത്രണ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തിയിരുന്ന നാരകത്തിൻ കാല റോഡ്, കരിമ്പിൻകാല-ഒഴിവുകാല റോഡ് എന്നിവയുടെ പണി വനം വകുപ്പിന്റെ എതിർപ്പുമൂലം മുടങ്ങിയിരിക്കുന്നതായി സമിതി മുമ്പാകെ തെളിവ് നൽകപ്പെട്ടു. ആദിവാസി മേഖലയിൽ നിലവിലുള്ള റോഡുകളുടെ വികസനപ്രവർത്തനങ്ങൾക്കും പല അവസരങ്ങളിലും റോഡ് ടാർ ചെയ്യുന്നതിനുപോലും വനം വകുപ്പ് തടസ്സം നിൽക്കുന്നതിൽ സമിതി ശക്തമായ അതൃപ്തി രേഖപ്പെടുത്തി. റിസർവ് സ്റ്റാറ്റസ് ഉള്ള വനത്തിനുള്ളിലെ നിർമ്മാണ പ്രവർത്തനങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ആവശ്യമാണെന്ന റെയിഞ്ച് ഓഫീസറുടെ വിശദീകരണം സമിതിയ്ക്ക് പൂർണ്ണമായി ഉൾക്കൊള്ളാനാകുന്നില്ല. റോഡ് നിർമ്മാണം വനം വകുപ്പിന്റെയും കൂടി ആവശ്യമാണെന്നതിനാൽ വനത്തിന്റെ സ്വാഭാവികതയ്ക്ക് കോട്ടം തട്ടാത്തവിധത്തിൽ തന്നെ രണ്ട് വകുപ്പുകളുടെയും കൂട്ടായ ശ്രമങ്ങളിലൂടെ പദ്ധതികൾ രൂപപ്പെടുത്തുകയും ബന്ധപ്പെട്ടവരുടെ അംഗീകാരത്തോടെ റോഡ് നിർമ്മാണപ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

പട്ടികവർഗ്ഗ സങ്കേതങ്ങളിലേക്ക് റോഡ് നിർമ്മിക്കുന്നതിന് വനഭൂമി വിട്ടു കിട്ടുന്നതിന് 2006-ലെ വനാവകാശ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഊര് കൂട്ടങ്ങളുടെ തീരുമാന പ്രകാരം ഈ ആവശ്യത്തിന് വനഭൂമി ലഭ്യമാക്കാൻ ഇപ്പോൾ തടസ്സമില്ല.

### ശിപാർശ 80 (ഖണ്ഡിക 217)

വനം വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്ന് ആദിവാസികൾക്ക് വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാകാറുള്ളതായി സമിതിയ്ക്ക് പ്രസ്തുത സന്ദർശനത്തിനിടെ മനസ്സിലായി. വനം വകുപ്പിന്റെ കുടിയൊഴിപ്പിക്കലിന്റെ ഭാഗമായി ചില ആദിവാസികളുടെ പുരയിടങ്ങളിലെ വൃക്ഷങ്ങൾ വെട്ടി നശിപ്പിക്കുകയും വീട് അടിച്ചു തകർക്കുകയും ചെയ്തു

സംഭവങ്ങൾ സമിതി മുമ്പാകെ സ്ഥലവാസികൾ ബോധിപ്പിക്കുകയുണ്ടായി. ഏറെ ബുദ്ധിമുട്ടനുഭവിച്ച ശേഷമാണ് പ്രസ്തുത സംഭവങ്ങളിൽ ഭൂമിയുടെ ഉടമസ്ഥാവകാശം സ്ഥാപിക്കാൻ സാധിച്ചതെന്ന് സമിതിയുടെ അന്വേഷണങ്ങളിൽ വ്യക്തമായി. ആദിവാസികളുടെ നേർക്കുള്ള ഇത്തരം അതിക്രമങ്ങൾ ഒരു കാരണവശാലും അനുവദിക്കരുതെന്നും പട്ടിക വർഗ്ഗക്കാരെ ഉൾപ്പെടുത്തികൊണ്ട് പട്ടികവർഗ്ഗ വികസന വകുപ്പും ധന വകുപ്പും സംയുക്തമായി ഓരോ മേഖലയിലും ഓരോ സമിതി രൂപീകരിച്ച് മാസത്തിലൊരിക്കലെങ്കിലും യോഗം ചേരുകയും പ്രാദേശിക പ്രശ്നങ്ങൾ ചർച്ച ചെയ്ത് കഴിയുന്നത്ര സ്വീകാര്യമായ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

2006-ലെ വനാവകാശ നിയമം നടപ്പിലായതോടെ വനം വകുപ്പും പട്ടികവർഗ്ഗക്കാരും തമ്മിലുള്ള പ്രശ്നങ്ങൾ ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ടി നിയമ പ്രകാരം വനഭൂമിയിൽ താമസിക്കുന്നതിനും കൃഷി ചെയ്യുന്നതിനും ഉപജീവനം നടത്തുന്നതിനുമുള്ള അവകാശം പട്ടികവർഗ്ഗക്കാർക്ക് രേഖാമൂലം ലഭിക്കുന്നതാണ്.

### ശിപാർശ 81 (ഖണ്ഡിക 218)

2001-02-ൽ 30 പേർക്ക് 42,000 രൂപ വീതം ഭവനനിർമ്മാണ ഗ്രാന്റ് അനുവദിച്ചതിൽ 28 വീട്ടുകൾ പൂർത്തീകരിച്ചതായി കാണുന്നുണ്ട്. 2003-04-ൽ 20 വീടുകൾക്ക് തുക അലോട്ട് ചെയ്തുവെങ്കിലും മൂന്ന് പേർ അഡ്വാൻസ് കൈപ്പറ്റുകയുണ്ടായില്ല . ബാക്കി 17 പേർക്ക് 35,000 രൂപ വീതം നൽകിയിട്ടുള്ളതായി രേഖകളിൽ കാണുന്നു. മിക്ക ഭവനനിർമ്മാണ പ്രവർത്തനങ്ങളും പൂർത്തിയാകാതെ കിടക്കുന്നതായാണ് സമിതിയ്ക്ക് കാണാൻ കഴിഞ്ഞത്. വീടിന്റെ പണിയുടെ ഓരോ ഘട്ടങ്ങൾ പൂർത്തിയാകുമ്പോൾ ഗഡുക്കളായാണ് ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചു നൽകുന്നത്. എന്നാൽ പല ഘട്ടങ്ങളിലും പണി തീർക്കാൻ തുക പര്യാപ്തമാകാതെ വരുമ്പോഴാണ് ആദിവാസികൾക്ക് പണി പൂർത്തീകരിക്കുവാനും തുക പൂർണ്ണമായും കൈപ്പറ്റാനും സാധിക്കാതെ വരുന്നതെന്ന് സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ആയതിനാൽ പട്ടികവർഗ്ഗക്കാർക്ക് അനുവദിക്കുന്ന ഭവനനിർമ്മാണ വായ്പ ഗവൺമെന്റ് നൽകുന്ന തുകയാണോ അതോ ഏജൻസികൾ നൽകുന്ന തുകയാണോ കൂടുതൽ എന്ന് പരിശോധിച്ച് അതിൽ കൂടുതലായ തുക നൽകണമെന്നും സ്റ്റേജ് സർട്ടിഫിക്കറ്റുകൾ കൊടുക്കുന്ന മുറയ്ക്ക് അടിയന്തിരമായി ഏജൻസികൾക്ക് ഈ പണം കൊടുക്കുവാനുള്ള നടപടി സ്വീകരിക്കണമെന്നും ഏറ്റവും ചുരുങ്ങിയ കാലയളവിൽ വീട് പണി പൂർത്തിയാക്കാൻ ഗുണഭോക്താക്കളെ സഹായിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

സർക്കാരിൽ നിന്നും പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണത്തിന് വായ്പ നൽകുന്നില്ല. തുക മുഴുവനും ഗ്രാന്റായിട്ടാണ് നൽകുന്നത്. ഗ്രാന്റ് തുക 42,000 രൂപയിൽ

നിന്നും 75,000 രൂപ ആയും പിന്നീട് 1 ലക്ഷം രൂപ ആയും ഇപ്പോൾ 1.25 ലക്ഷം രൂപ ആയും വർദ്ധിപ്പിച്ചിട്ടുണ്ട്. ഓരോ സ്റ്റേജ് പൂർത്തിയായാൽ അടുത്ത സ്റ്റേജിനുള്ള തുക നൽകുന്നതിൽ കാലതാമസം ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.

**ശിപാർശ 82 (ഖണ്ഡിക 220)**

പട്ടികവർഗ്ഗ ക്ഷേമ പ്രവർത്തനങ്ങളുടെ ഗുണഭോക്താക്കളെ തീരുമാനിക്കുന്നത് വ്യവസ്ഥകൾക്കനുസരിച്ച് ഊരുകൂട്ടങ്ങളിൽ തന്നെയായിരിക്കണമെന്നും മാനദണ്ഡങ്ങൾ മറികടക്കാൻ ശ്രമിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

പട്ടികവർഗ്ഗ വികസന പദ്ധതികൾക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഊര് കൂട്ടങ്ങൾ തന്നെയാണ്.

**ശിപാർശ 83 (ഖണ്ഡിക 223)**

വിതുരയിൽ പ്രവർത്തിച്ചിരുന്ന ഒരു മരപ്പണി പരിശീലനകേന്ദ്രം പിന്നീട് നിർത്തലാക്കുകയുണ്ടായി. ഇവിടെ നിന്നും പരിശീലനം നേടിയവർക്കെല്ലാം കെ. എസ്. ആർ. ടി. സി., കൊച്ചിൻ പോർട്ട് എന്നിവിടങ്ങളിൽ ജോലി ലഭിക്കുകയും ചെയ്തിരുന്നു. ടി പരിശീലന കേന്ദ്രത്തിൽ പഠിച്ചവർക്കെല്ലാം ജോലി ലഭിച്ചിട്ടും ടി സ്ഥാപനം നിർത്തലാക്കണമെന്നുള്ള കാരണം ആരായുവാനും പ്രസ്തുത സ്ഥാപനം പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. കേരളത്തിലെ ഏക ട്രൈബൽ ഐ. ടി. ഐ. ആര്യനാടാണ് പ്രവർത്തിക്കുന്നത്. ഇവിടെ പ്രവേശനം നൽകേണ്ട കുട്ടികളുടെ എണ്ണം സംബന്ധിച്ച് പ്രത്യേകം നിർദ്ദേശമൊന്നും ഇല്ലാത്തതിനാൽ അപേക്ഷിക്കുന്നവർക്കെല്ലാം പ്രവേശനം നൽകി വരുന്നതായി കാണുന്നു. കുറഞ്ഞ മുതൽ മുടക്കിൽ ആരംഭിച്ച് എളുപ്പത്തിൽ സ്വയം പര്യാപ്തത കൈവരിക്കാനുതകുന്നതും കാലിക പ്രാധാന്യമർഹിക്കുന്നതുമായ മേഖലകളിൽ പരിശീലനം നൽകുകയാണെങ്കിൽ പ്രസ്തുത ഐ.ടി.ഐ.യിലേയ്ക്ക് ധാരാളം കുട്ടികളെ ആകർഷിക്കാൻ കഴിയുമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

കേന്ദ്രസഹായം ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ തൊഴിൽ സാധ്യതയുള്ള NCVT കോഴ്സ് (ഇലക്ട്രീഷ്യൻ) തുടങ്ങുന്നതിന് നേരത്തെ വകുപ്പ് നേരിട്ട് നടത്തിയിരുന്ന കാർപ്പെന്ററി സർട്ടിഫിക്കറ്റ് കോഴ്സ് നിർത്തേണ്ടതായി വന്നു. എന്നാൽ NCVT അഫിലിയേഷനനുസരിച്ചുള്ള കെട്ടിട വിസ്തൃതിയുടെ അപര്യാപ്തതമൂലം വകുപ്പിന്റെ തന്നെ കെട്ടിടം ലഭ്യമായ തിരുവനന്തപുരം ജില്ലയിലെ കുട്ടമലയിലേക്ക് സ്ഥാപനം

മാറ്റപ്പെടുകയുണ്ടായി. ടി സ്ഥാപനത്തിൽ കാർപ്പെന്ററി ട്രേഡിലും NCVT അംഗീകാരത്തോടു കൂടി കോഴ്സ് നടത്തി വരുന്നു.

ആര്യനാട് പ്രവർത്തിക്കുന്ന വ്യാവസായിക പരിശീലന കേന്ദ്രം ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നവയാണ്.

**ശിപാർശ 84 (ഖണ്ഡിക 224)**

ചെട്ടിയാംപാറയിൽ 1965-ൽ തുടങ്ങിയ ഒരു ആയുർവേദ ആശുപത്രിയും ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റും പ്രവർത്തിക്കുന്നു. എന്നാൽ മൊബൈൽ യൂണിറ്റ് ആദിവാസി കേന്ദ്രങ്ങളിൽ എത്താറില്ലെന്നാണ് സ്ഥലവാസികളിൽ നിന്നും സമിതിയ്ക്ക് മനസ്സിലായത്. ആയുർവേദ ആശുപത്രിയിൽ നിലവിൽ ഒരു ഡോക്ടർ , ഒരു ഫാർമസിസ്റ്റ്, ഒരു കഷായ സെർവ്വന്റ് എന്നിവർ ജോലി നോക്കുന്നു. ആദിവാസികളുടെ സൗകര്യാർത്ഥം പ്രസ്തുത ആയുർവേദ ആശുപത്രി 40 കിടക്കകളെങ്കിലുമുള്ള കൂടുതൽ സൗകര്യങ്ങളോടുകൂടി ഒന്നാക്കി ഉയർത്തുന്നതിനും മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സേവനം മുടങ്ങാതെ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് കേന്ദ്രമാക്കി ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റ് പ്രവർത്തിച്ചു വരുന്നു. ടി യൂണിറ്റിന്റെ സേവനം എല്ലാ സെറ്റിൽമെന്റുകളിലും മുടങ്ങാതെ ലഭ്യമാക്കുന്നതിന് വേണ്ട നിർദ്ദേശം നൽകുന്നതാണ്.

ചെട്ടിയാംപാറയിൽ പ്രവർത്തിക്കുന്ന ആയുർവേദാശുപത്രി കൂടുതൽ സൗകര്യത്തോടു കൂടിയ ഒന്നായി ഉയർത്തുന്നതിന് ആരോഗ്യ വകുപ്പിനോട് അഭ്യർത്ഥിക്കുന്നതാണ്.

<u>22-6-2010-ലെ സമിതിയോഗം ആവശ്യപ്പെട്ട അധിക വിവരം</u>

പ്രസ്തുത ഖണ്ഡികയിലെ ശിപാർശയിന്മേൽ ആരോഗ്യ വകുപ്പിൽ നിന്നും മറുപടി ലഭ്യമാക്കാൻ നിർദ്ദേശിച്ചു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2006-2008)-യുടെ ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 224-ലെ ശിപാർശയിൽ പറഞ്ഞിരിക്കുന്ന "ഭാരതീയ ചികിത്സാ വകുപ്പിൻ കീഴിൽ 40 കിടക്കകളുള്ള ആശുപത്രിക്ക് സ്റ്റാഫ് പാറ്റേൺ നിലവിലില്ലാത്തതിനാൽ ചെട്ടിയാം പാറയിലെ ആയുർവേദ ആശുപത്രി 50 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്ന കാര്യം കെട്ടിടമുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനമോ, പട്ടികവർഗ്ഗ വികസന വകുപ്പോ ഒരുക്കിനൽകുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്" എന്ന വിഷയം സർക്കാർ പരിശോധിച്ചു.

ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിൽ നിലവിലെ സൗകര്യങ്ങൾ അപര്യാപ്തമാണെന്ന് കാണുന്ന പക്ഷം ആ വകുപ്പിന് തന്നെ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് അറിയിക്കുന്നു.

**ശിപാർശ 85 (ഖണ്ഡിക 225)**

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, ഇടുക്കി എന്നീ ജില്ലകൾക്കായി ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റ് നിലവിലുണ്ട്. എന്നാൽ ട്രഷറി നിയന്ത്രണങ്ങൾ കാരണം ഡീസൽ അടിക്കാനുള്ള തുക യഥാസമയം ലഭിക്കാത്തതിനാൽ യൂണിറ്റിന്റെ പ്രവർത്തനം സുഗമമായി നടക്കുന്നില്ലെന്നാണ് കാണുന്നത്. മൊബൈൽ മെഡിക്കൽ യൂണിറ്റ് പോലുള്ള അവശ്യ സർവ്വീസുകളുടെ അക്കൗണ്ടുകളെ ട്രഷറിയുടെ പരിധിയിൽ നിന്നും മാറ്റി നിയന്ത്രണം ബാധകമാവാത്ത അക്കൗണ്ടിലേക്ക് മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിൽ തിരുവനന്തപുരം, ഇടുക്കി ജില്ലകൾ കേന്ദ്രീകരിച്ച് ഓരോ മൊബൈൽ മെഡിക്കൽ യൂണിറ്റ് പ്രവർത്തിച്ചു വരുന്നുണ്ട്.

ട്രഷറി നിയന്ത്രണം നിലവിലില്ല.

<u>22-6-2010-ലെ സമിതിയോഗം ആവശ്യപ്പെട്ട അധിക വിവരം</u>

ഭാവിയിൽ ട്രഷറി നിയന്ത്രണം ഉണ്ടാകുന്ന പക്ഷം അവശ്യ സർവ്വീസുകളെ ബാധിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് സമിതിയുടെ ശിപാർശ ആവർത്തിക്കാൻ തീരുമാനിച്ചു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

ഇപ്പോൾ ട്രഷറി നിയന്ത്രണം നിലവിലില്ല. ഭാവിയിൽ ഉണ്ടാകുന്ന പക്ഷം അവശ്യ സർവ്വീസുകളെ ബാധിക്കാത്ത തരത്തിൽ ട്രഷറിയിൽ നിന്നും തുക പിൻവലിക്കുന്നതിനായി നടപടി സ്വീകരിക്കുന്നതാണ്.

**ശിപാർശ 86 (ഖണ്ഡിക 226)**

തൊളിക്കോടിൽ ഏകദേശം 150-ൽ പരം ആളുകൾ ആത്മഹത്യ ചെയ്തിട്ടുള്ളതായും ഈ പ്രദേശത്ത് ആത്മഹത്യാ പ്രവണത വർദ്ധിച്ചുവരുന്നതായും സമിതി മുൻപാകെ വ്യക്തമാക്കിയിരുന്നു. ശരിയായ ബോധവത്കരണത്തിലൂടെ മാത്രമേ ഈ വിപത്ത്

നിയന്ത്രിക്കാനാവൂ എന്ന് സമിതി കരുതുന്നു. ആയതിനാൽ ആദിവാസിക്ഷേമ സമിതി, സന്നദ്ധ സംഘടനകൾ, പഞ്ചായത്ത് എന്നിവയുടെയെല്ലാം ആഭിമുഖ്യത്തിൽ ആത്മഹത്യയ്ക്കെതിരെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

ഇക്കാര്യത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി വരുന്നുണ്ട്.

**ശിപാർശ 87 (ഖണ്ഡിക 228)**

റബ്ബർ ബോർഡ് മുഖാന്തിരം ഈ പ്രദേശങ്ങളിൽ റബ്ബർ തൈകൾ വിതരണം ചെയ്ത് കൃഷി ചെയ്തു വരുന്നുണ്ടെങ്കിലും ആദിവാസികൾക്ക് മുൻകൂർ പണം നൽകിയിട്ടുള്ള തമിഴ്നാട്ടിലെ ചിട്ടി കമ്പനിക്കാർ മരങ്ങൾ വലുതാകുന്നതോടെ വന്ന് റബ്ബർ വെട്ടി പാൽ ശേഖരിച്ചു വരുന്നതായി സമിതിയ്ക്ക് മനസ്സിലാക്കാൻ കഴിഞ്ഞു ഈ വിഷയം അന്വേഷിച്ച് ആവശ്യമായ നിയമനടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

പട്ടികവർഗ്ഗക്കാർക്ക് അടിയന്തിര സാമ്പത്തിക ആവശ്യങ്ങളുണ്ടാകുമ്പോഴാണ് റബ്ബർ ഉൾപ്പെടെയുള്ള കൃഷികൾ തുച്ഛമായ വിലയ്ക്ക് പണയപ്പെടുത്തുന്നത്. എന്നാൽ ഇത്തരത്തിലുള്ള ചൂഷണം തടയുന്നതിന് ബന്ധപ്പെട്ട വ്യക്തികൾ പരാതി നൽകാൻ തയ്യാറാകാത്തത് കാരണം ഫലപ്രദമായ നടപടി സ്വീകരിക്കാൻ കഴിയാറില്ല. ആയതിനാൽ അടിയന്തിര സാഹചര്യങ്ങളിൽ ഗിരിജൻ സൊസൈറ്റികൾ, വി. എസ്. എസ്., കുടുംബശ്രീ മുതലായവ വഴി ധനസഹായം ലഭ്യമാക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരുന്നു. കൂടാതെ റബ്ബർ ബോർഡിന്റെ സഹായത്തോടെ നടപ്പാക്കിയ റബ്ബർ കൃഷിയിൽ നിന്നുള്ള പാൽ ശേഖരിച്ചു വിൽപ്പന നടത്തുന്നതിനായി റബ്ബർ കൃഷിക്കാരുടെ സൊസൈറ്റികൾ രൂപീകരിച്ചു റബ്ബർ ബോർഡിന്റെ നിയന്ത്രണത്തിൽ പ്രവർത്തിപ്പിക്കുന്ന കാര്യവും സർക്കാർ സജീവമായി പരിഗണിച്ചുവരുന്നു.

<u>22-6-2010-ലെ സമിതി യോഗം ആവശ്യപ്പെട്ട അധിക വിവരം</u>

ആദിവാസികൾക്ക് മുൻകൂർ പണം നൽകിയിട്ടുള്ള തമിഴ്നാട്ടിലെ ചിട്ടി കമ്പനിക്കാർ ആദിവാസികൾ കൃഷി ചെയ്തു വരുന്ന റബ്ബർ മരങ്ങൾ വലുതാകുന്നതോടെ അവ വെട്ടി പാൽ ശേഖരിക്കുന്നതിനെതിരെയും അവരോട് ചെയ്യുന്ന ചൂഷണത്തിനും അതിക്രമത്തിനും എതിരെയും നിലവിലുള്ള നിയമത്തിലെ വകുപ്പുകൾ ഉപയോഗിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടാൻ തീരുമാനിച്ചു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

പട്ടികവർഗ്ഗക്കാർക്ക് അടിയന്തിര സാമ്പത്തിക ആവശ്യങ്ങളുണ്ടാകുമ്പോഴാണ് റബ്ബർ ഉൾപ്പെടെയുള്ള കൃഷികൾ തുച്ഛമായ വിലയ്ക്ക് പണയപ്പെടുത്തുന്നത്. എന്നാൽ ഇത്തരത്തിലുള്ള ചൂഷണം തടയുന്നതിന് ബന്ധപ്പെട്ട വ്യക്തികൾ പരാതി നല്കാൻ തയ്യാറാക്കാത്തത് കാരണം ഫലപ്രദമായ നടപടി സ്വീകരിക്കാൻ കഴിയാറില്ല. ആയതിനാൽ അടിയന്തിര സാഹചര്യങ്ങൾ പട്ടികവർഗ്ഗ സേവന സഹകരണ സംഘങ്ങൾ, ധനസംരക്ഷണ സമിതികൾ, കുടുംബശ്രീ മുതലായവ വഴി ധനസഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ റബ്ബർ ബോർഡിന്റെ സഹായത്തോടെ നടപ്പാക്കിയ റബ്ബർ കൃഷിയിൽ നിന്നുള്ള പാൽ ശേഖരിച്ച് വിൽപ്പന നടത്തുന്നതിനായി റബ്ബർ കൃഷിക്കാരുടെ സൊസൈറ്റികൾ രൂപീകരിച്ച് റബ്ബർ ബോർഡിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്നു.

**ശിപാർശ 88 (ഖണ്ഡിക 229)**

മീനാങ്കൽ എൽ.പി.സ്കൂൾ ഹൈസ്കൂളായി ഉയർത്തിയെങ്കിലും സ്ഥലസൗകര്യം തീരെ കുറവായിരുന്നതിനാൽ സ്കൂളിന്റെ വികസനം സാധ്യമാകാത്ത സ്ഥിതിയാണ്. ആയതിനാൽ പ്രസ്തുത സ്കൂളിന് ആവശ്യമായ സ്ഥലം വാങ്ങുന്നതിനും മീനാങ്കൽ കേന്ദ്രീകരിച്ച് ഒരു ട്രൈബൽ സ്കൂൾ ആരംഭിക്കുന്നതിനും ആവശ്യമായ സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

മീനാങ്കൽ ട്രൈബൽ ഹൈസ്കൂളിന് പുതിയ കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. മീനാങ്കലിൽ പട്ടികവർഗ്ഗ പെൺകുട്ടികൾക്കായി ഒരു പ്രീ മെട്രിക് ഹോസ്റ്റൽ അനുവദിച്ചുവെങ്കിലും അനുയോജ്യമായ കെട്ടിടം ലഭ്യമല്ലാത്തതിനാൽ ആരംഭിക്കാനായിട്ടില്ല. ടി സ്ഥലത്ത് അന്വേഷണത്തിൽ പെൺകുട്ടികളുടെ പ്രീ മെട്രിക് ഹോസ്റ്റൽ നടത്തുന്നതിന് സുരക്ഷിതമായ സർക്കാർ കെട്ടിടങ്ങളോ സ്വകാര്യ വാടക കെട്ടിടങ്ങളോ ലഭ്യമല്ല. ഈ സാഹചര്യത്തിൽ ഭൂമി വാങ്ങി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഊർജ്ജിതമായ ശ്രമം നടത്തുന്നതാണ്.

**ശിപാർശ 89 (ഖണ്ഡിക 230)**

1951-ൽ ആരംഭിച്ച പട്ടികവർഗ്ഗ കോളനിയായ ചെട്ടിയാമലയിൽ ഇപ്പോഴും കാര്യമായ വികസനപ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ലെന്ന് സമിതി വിലയിരുത്തുന്നു. പട്ടികവർഗ്ഗക്ഷേമ പ്രവർത്തനങ്ങൾക്കായി ആവശ്യത്തിലേറെ ഫണ്ട് ലഭ്യമാകുന്ന സാഹചര്യത്തിൽ ചില കോളനികളിൽ യാതൊരുവിധ വികസനവും നടക്കാതിരിക്കുന്നത് വിരോധാഭാസമായി സമിതി കരുതുന്നു. ആയതിനാൽ ചെട്ടിയാമല കോളനിയുടെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികൾ താമസംവിനാ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

ചെട്ടിയാമല കോളനിയിൽ പല വികസന പദ്ധതികളും നടപ്പാക്കിയിരുന്നു. ട്രൈബൽ ഹോസ്റ്റൽ, തൊഴിൽ പരിശീലന കേന്ദ്രം (മരപ്പണി), വ്യാവസായിക പരിശീലന കേന്ദ്രം, ആയൂർവദ ഡിസ്പെൻസറി, കുടിവെള്ള പദ്ധതി, റോഡ്, റബ്ബർ കൃഷി എന്നിവ അവയിൽ ചിലത് മാത്രമാണ്. വ്യാവസായിക പരിശീലന കേന്ദ്രം തുടങ്ങുന്നതിനായി കാർപ്പെന്ററി സെന്റർ നിർത്തലാക്കുകയുണ്ടായെങ്കിലും വ്യാവസായിക പരിശീലനകേന്ദ്രം തുടർന്നു പ്രവർത്തിക്കാൻ കഴിയാതെ അവിടെ നിന്നും കുട്ടമലയിലേക്ക് മാറ്റുകയുണ്ടായി. കുട്ടികൾ കുറവായതിനാൽ ട്രൈബൽ ഹോസ്റ്റലിന്റെ പ്രവർത്തനവും നിലച്ചു. കുടിവെള്ള പദ്ധതിയ്ക്ക് അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം പ്രവർത്തന രഹിതമാവുകയായിരുന്നു. കോളനി നിവാസികൾക്ക് അനുയോജ്യമായ പദ്ധതികൾ ഊരു കൂട്ടം മുഖേന ആവിഷ്കരിച്ച് ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ നടപ്പാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

### കൊല്ലം ജില്ല

### ശിപാർശ 90 (ഖണ്ഡിക 233)

ജില്ലയിൽ പട്ടികവർഗ്ഗക്കാരുടെ ഭൂമി അന്യാധീനപ്പെട്ടുപോയ 18 കേസ്സുകൾ നിലവിലുണ്ടെന്നും ഭൂമി തിരിച്ചെടുത്തു പട്ടികവർഗ്ഗക്കാർക്ക് നൽകുന്നതിനുള്ള നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ടി കേസ്സുകളിൽ ആവശ്യമായ നടപടികൾ റവന്യൂ വകുപ്പ് സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

അന്യാധീനപ്പെട്ട ഭൂമി തിരിച്ചു നൽകുന്നതിനുള്ള 1999-ലെ നിയമം നടപ്പാക്കുവാൻ സുപ്രീംകോടതി വിധി പ്രസ്താവിച്ച സാഹചര്യത്തിൽ ടി നിയമപ്രകാരമുള്ള കേസ്സുകൾ ദ്രുത ഗതിയിൽ തീർപ്പാക്കുന്നതിന് റവന്യൂ വകുപ്പ് നടപടി സ്വീകരിച്ചു വരുന്നു.

### 22-6-2010-ലെ സമിതി യോഗം ആവശ്യപ്പെട്ട അധികവിവരം

കൊല്ലം ജില്ലയിലെ പട്ടികവർഗ്ഗക്കാരുടെ ഭൂമി അന്യാധീനപ്പെട്ടുപോയത് സംബന്ധിച്ച് നിലവിലുള്ള കേസ്സുകളുടെ ഇപ്പോഴത്തെ സ്ഥിതി റവന്യൂ വകുപ്പിനോട് ആരായാൻ തീരുമാനിച്ചു.

### റവന്യൂ വകുപ്പ് സ്വീകരിച്ച നടപടി

കൊല്ലം ജില്ലയിൽ 11 കേസ്സുകളിൽ ഭൂമി നഷ്ടപ്പെട്ടുപോയ ഒരു കേസ്സിൽ ഭൂമി തിരികെ പിടിച്ച് കക്ഷിയ്ക്ക് നൽകിയിട്ടുണ്ട്. ബാക്കിയുള്ള 10 കേസ്സുകളിൽ 7 കേസ്സുകളിൽ ഉൾപ്പെട്ട കക്ഷികൾക്ക് പകരം ഭൂമി കണ്ടെത്തി കൈവശ രേഖ നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന

മൂന്ന് കേസ്സുകളിൽ ഒരു കക്ഷിയ്ക്ക് ഭൂമി ആവശ്യമില്ലായെന്ന് രേഖാമൂലം മൊഴി നൽകിയിട്ടുണ്ട്. ഒരു കേസ്സിൽ അനന്തരാവകാശികൾ ഇല്ലാതെ അപേക്ഷക മരണപ്പെട്ടു. മറ്റൊരു കേസ്സിൽ അവകാശ തർക്കം നിലനിൽക്കുന്നതിനാൽ കൈവശാവകാശ രേഖ നൽകുവാൻ സാധിച്ചിട്ടില്ല.

**ശിപാർശ 91 (ഖണ്ഡിക 234)**

ജില്ലയിൽ കൃഷിഭൂമി പാട്ടത്തിന്റെ പേരിൽ മറ്റുള്ളവർ കൈവശം വയ്ക്കുന്ന അവസ്ഥ ചെറുകര, വില്ലുമല, പെരുവഴിക്കാല, കല്ലുപച്ച, ഇടത്തറ, അച്ചൻകോവിൽ എന്നീ പട്ടികവർഗ്ഗ കോളനികളിൽ നിലവിലുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ടി കോളനികളിൽ ആരിൽ നിന്നെല്ലാമാണ് ഇങ്ങനെ കൃഷിഭൂമി പാട്ടത്തിന് വാങ്ങിയിട്ടുള്ളതെന്നും ആരൊക്കെയാണ് വാങ്ങിയിട്ടുള്ളതെന്നുമുള്ള വിശദാംശങ്ങൾ ശേഖരിക്കണമെന്നും അതിനെതിരെ നിയമനടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

പട്ടികവർഗക്കാരുടെ കൃഷിഭൂമി പാട്ടത്തിന് എടുക്കുന്നത് നിയമവിരുദ്ധമായതിനാൽ റവന്യൂ വകുപ്പ് മുഖേന നടപടി സ്വീകരിക്കാവുന്നതാണ്. എന്നാൽ ഭൂമി പാട്ടത്തിന് നല്കിയവർ പലപ്പോഴും പരാതി നല്കാൻ വിമുഖത കാണിക്കുന്നത് ഫലപ്രദമായ നടപടികൾക്ക് തടസ്സമാകുന്നുണ്ട്.

<u>22-6-2010-ലെ സമിതി യോഗം ആവശ്യപ്പെട്ട അധിക വിവരം</u>

പട്ടികവർഗ്ഗക്കാരുടെ കൃഷി ഭൂമി പാട്ടത്തിന്റെ പേരിൽ നിയമവിരുദ്ധമായി മറ്റുള്ളവർ കൈവശം വച്ചിട്ടുള്ള വിവരം റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോയെന്ന് പട്ടികവർഗ്ഗ വികസന വകുപ്പിനോട് ആരായാൻ തീരുമാനിച്ചു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

ഉണ്ട്. റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുണ്ട്. കൊല്ലം ജില്ലയിലെ ഭൂരിഭാഗം സെറ്റിൽമെന്റുകളിലും പട്ടികവർഗ്ഗക്കാരുടെ കൃഷിഭൂമി പാട്ടത്തിന്റെ പേരിൽ മറ്റുള്ളവർ കൈവശപ്പെടുത്തുന്ന സംഭവങ്ങളെ സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ പരാതികൾ ഭൂമിയുടെ ഉടമസ്ഥരായ പട്ടികവർഗ്ഗക്കാരിൽ നിന്നും എഴുതി വാങ്ങി

പോലീസിന് കൈമാറുകയും, ഇതിനകം തന്നെ പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമത്തിലെ വകുപ്പുകൾ ഉൾപ്പെടുത്തി കേസ്സുകൾ രജിസ്റ്റർ ചെയ്ത് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേസ്സുകൾ സംബന്ധിച്ചുള്ള വിവരം തുടർ നടപടികൾക്കായി ജില്ലാ കളക്ടറുടെ ശ്രദ്ധയിലും കൊണ്ടുവന്നിട്ടുണ്ട്.

**ശിപാർശ 92 (ഖണ്ഡിക 235)**

ജില്ലയിലെ പട്ടികവർഗ്ഗ സങ്കേതങ്ങളിലെ കൃഷിയിടങ്ങളിൽ കാട്ടാനയും, കാട്ട് പന്നികളും ഇറങ്ങി കൃഷി നശിപ്പിക്കാറുണ്ടെന്നും, ഇതിനെതിരെ ഫലപ്രദമായ നടപടികൾ വനം വകുപ്പ് സ്വീകരിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ടി കാരണങ്ങളാൽ കൃഷി നാശം ഉണ്ടാകാതിരിക്കാൻ സോളാർ ഫെൻസിംഗ് ഉൾപ്പെടെയുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കണമെന്നും, കൃഷി നാശം സംഭവിക്കുന്ന പട്ടികവർഗ്ഗ കർഷകർക്ക് ധനസഹായം നല്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

പട്ടികവർഗ്ഗക്കാരുടെ കൃഷി ഭൂമി മുഴുവനും സോളാർ ഫെൻസിംഗ് നടത്തുക എന്നത് പ്രായോഗികമല്ല. കൃഷി നാശം സംഭവിക്കുന്നവർക്ക് വനം വകുപ്പിൽ നിന്നുള്ള നഷ്ടപരിഹാര തുക കാലോചിതമായി വർദ്ധിപ്പിക്കുന്നതിനും, ആയത് കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനും വനം വകുപ്പ് മുഖേന നടപടി സ്വീകരിക്കാവുന്നതാണ്.

<u>22-6-2010-ലെ സമിതി യോഗം ആവശ്യപ്പെട്ട അധിക വിവരം</u>

ഖണ്ഡിക 235-ൻ മേൽ മറുപടി ലഭ്യമാക്കണമെന്ന് വനം-വന്യജീവി വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

**വനം-വന്യജീവി വകുപ്പ് സ്വീകരിച്ച നടപടി**

കൊല്ലം ജില്ലയിൽ വരുന്ന വനം ഡിവിഷനുകൾ പുനലൂർ, തെന്മല, അച്ചൻകോവിൽ എന്നിവയാണ്. എല്ലാ പട്ടികവർഗ്ഗ സങ്കേതങ്ങളിലും പങ്കാളിത്ത വനപരിപാലന സ്ഥാപനങ്ങളായ വനസംരക്ഷണ സമിതികളും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും പ്രവർത്തിക്കുന്നുണ്ട്. ദേശീയ വനവൽക്കരണ പരിപാടിയുടെ ഭാഗമായി ലഭ്യമാകുന്ന എൻട്രി പോയിന്റ് ആക്റ്റിവിറ്റികളുടെ ഭാഗമായി വിവിധ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വന്യജീവികളുടെ ആക്രമണം തടയുന്നതിന് വൈദ്യുതി വേലി ഉൾപ്പെടെയുള്ള പ്രതിരോധ

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അർഹമായ നഷ്ടപരിഹാരവും നൽകാൻ സംവിധാനമുണ്ട്. ഇപ്പോൾ നിലവിലിരിക്കുന്ന ചട്ടപ്രകാരം കൃഷിനാശത്തിന് കണക്കാക്കുന്ന നഷ്ടത്തിന്റെ 75 ശതമാനം പരമാവധി 50,000 രൂപ വരെ നഷ്ടപരിഹാരം നൽകുന്നുണ്ട്.

## ശിപാർശ 93 (ഖണ്ഡിക 236)

അച്ചൻകോവിൽ, പെരുവഴിക്കാല എന്നീ പട്ടികവർഗ്ഗ കോളനികളിൽ വനവിഭവങ്ങൾ ശേഖരിക്കാൻ ഉൾ വനങ്ങളിൽ പോകുന്നവർക്ക് വന്യജീവി ആക്രമണം മൂലം അപകടം സംഭവിച്ച 4 കേസ്സുകളും ജില്ലയിൽ മൊത്തം 8 കേസ്സുകളും നിലവിലുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു.

ഇത്തരത്തിൽ വന്യജീവി ആക്രമണത്തിനിരയായവർക്ക് ആവശ്യമായ ധനസഹായവും സൗജന്യ ചികിത്സയും മറ്റും നല്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

വന്യജീവികളുടെ ആക്രമണത്തിനിരയാകുന്നവരുൾപ്പെടെയുള്ള പട്ടികവർഗ്ഗക്കാരായ എല്ലാ രോഗികൾക്കും സൗജന്യ ചികിത്സ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും നൽകിവരുന്നുണ്ട്. കൂടാതെ ചികിത്സാ ധനസഹായവും നല്കിവരുന്നു. ഇത്തരത്തിൽ ദുരിതമനുഭവിക്കുന്നവർക്ക് വനം വകുപ്പിൽ നിന്നുള്ള നഷ്ടപരിഹാരം യഥാസമയം ലഭ്യമാക്കാൻ വനം വകുപ്പിന് നിർദ്ദേശം നൽകുന്നതാണ്.

## ശിപാർശ 94 (ഖണ്ഡിക 237)

ജില്ലയിലെ ചെറുകര, വഞ്ചിയോട്, മുള്ളുമല, വെള്ളംതെറ്റി തുടങ്ങിയ കോളനികളിൽ ശുദ്ധജലം എത്തിക്കുന്നതിന് വേണ്ടി സ്ഥാപിച്ചിട്ടുള്ള പൈപ്പ് ലൈനുകൾ ഉപയോഗ യോഗ്യമല്ലെന്നും, കുരിയോട്ടുമല കോളനിയിലെ 3 കുഴൽക്കിണറുകളിൽ ഒരെണ്ണം മാത്രമേ ഉപയോഗ യോഗ്യമായിട്ടുള്ളൂ എന്നും സമിതി മനസ്സിലാക്കുന്നു.

ആയതിനാൽ ടി കോളനികളിലെ കുടിവെള്ള വിതരണം കുറ്റമറ്റതാക്കുവാനും, കുഴൽ കിണറുകൾ പ്രവർത്തന ക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

കിണറുകളും കുഴൽ കിണറുകളും റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമമാക്കുന്നതിന് ത്രിതല പഞ്ചായത്തുകളുടെ പട്ടികവർഗ്ഗ ഉപപദ്ധതിയിൽപ്പെടുത്തി നടപടി സ്വീകരിക്കുന്നതാണ്.

<u>22-6-2010-ലെ സമിതി യോഗം ആവശ്യപ്പെട്ട അധിക വിവരം</u>

സമിതിയുടെ ശിപാർശയ്ക്ക് അടിസ്ഥാനമായിട്ടുള്ള കോളനികളിൽ ശുദ്ധജലം എത്തിക്കുന്നതിനു വേണ്ടി സ്ഥാപിച്ചിട്ടുള്ള പൈപ്പ്ലൈനുകളും, കുഴൽക്കിണറുകളും ഇതിനകം ഉപയോഗ യോഗ്യമാക്കിയിട്ടുണ്ടോയെന്നും ബന്ധപ്പെട്ട വകുപ്പിനോട് ആരായാൻ തീരുമാനിച്ചു.

### ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടി

ചെറുകര കോളനിയിലെ കുടിവെള്ള പദ്ധതി കുളത്തൂപ്പുഴ പഞ്ചായത്തിന് 1998-ൽ കൈമാറിയതിനാൽ കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ അല്ല പ്രസ്തുത പദ്ധതി. കുരിയോട്ടുമലയിലെ 3 കുഴൽ കിണറുകൾ കേരള വാട്ടർ അതോറിറ്റിയുടെ അധീനതയിലല്ല. വഞ്ചിയോട് കോളനിയിൽ പൈപ്പിലുള്ള അറ്റകുറ്റപ്പണികൾ നടത്തി ശുദ്ധജല വിതരണം നടത്തി വരുന്നു. മുള്ളുമല, വെള്ളംതെറ്റി എന്നീ കോളനികളിൽ വാട്ടർ അതോറിറ്റിയുടെ പദ്ധതികളൊന്നും തന്നെയില്ല.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

കൊല്ലം ജില്ലയിലെ ചെറുകര, വഞ്ചിയോട്, മുള്ളുമല, വെള്ളംതെറ്റി തുടങ്ങിയ സെറ്റിൽമെന്റുകളിൽ മതിയായ കിണറുകൾ കുഴിച്ച് ശുദ്ധജല വിതരണം ഉറപ്പ് വരുത്തിയിട്ടുണ്ട്. കുരിയോട്ടുമല കോളനി നിവാസികൾക്ക് ശുദ്ധജലം നൽകുന്നതിന് വേണ്ടി വാട്ടർ അതോറിറ്റി മുഖേന പൈപ്പ് ലൈനുകളും ടാപ്പുകളും സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കുരിയോട്ടുമല കോളനിയിൽ ഒരു സന്നദ്ധ സംഘടന നിർമ്മിച്ച് നൽകിയ പൊതു കിണറിൽ ആവശ്യത്തിന് ജലം ലഭ്യമാണ്. ഇതിനും പുറമേ കോളനിയിൽ 7 കിണറുകൾ നിർമ്മിക്കുന്നതിനുള്ള അനുമതിയും ഫണ്ടും ട്രൈബൽ റീസെറ്റിൽമെന്റ് & ഡെവലപ്മെന്റ് മിഷൻ (TRDM) ലഭ്യമാക്കിയിട്ടുള്ളതും കിണർ നിർമ്മാണം ആരംഭിച്ചിട്ടുള്ളതുമാണ്.

### ശിപാർശ 95 (ഖണ്ഡിക 238)

ജില്ലയിലെ പ്രധാനപ്പെട്ട പട്ടികവർഗ്ഗ കോളനികളിലെ പ്രൈമറി ഹെൽത്ത് സെന്ററുകൾ ജീവനക്കാരുടെ അഭാവം കൊണ്ടും വില്ലുമല ട്രൈബൽ കോളനിയിലെ

ഗവ. ആയുർവേദ ഡിസ്പെൻസറി, കടമാൻകോട് കോളനിയിലെ എ.എൻ.എം. സെന്റർ എന്നിവ യഥാസമയം മരുന്നുകൾ ലഭ്യമല്ലാത്തതിനാലും തൃപ്തികരമായ പ്രവർത്തനം കാഴ്ച വയ്ക്കുന്നില്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ വില്ലുമല ഗവ. ആയുർവേദ ഡിസ്പെൻസറി, കടമാൻകോട് എ.എൻ.എം. സെന്റർ, ജില്ലയിലെ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള പ്രൈമറി ഹെൽത്ത് സെന്ററുകൾ എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ജില്ലയിൽ മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ കൂടി പ്രയോജനം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

കൊല്ലം ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിൽ കുളത്തൂപ്പുഴയിൽ ഒരു ഗവൺമെന്റ് ആയുർവേദ ആശുപത്രിയും, കടമാൻകോടിൽ ഒരു ആക്സിലറി-കം-മിഡ്വൈഫറി സെന്ററും പ്രവർത്തിച്ച് വരുന്നുണ്ട്.

ടി ആയുർവേദ ആശുപത്രിയിൽ പ്രതിവർഷം 50,000 രൂപയുടെ മരുന്നുകൾ ആയുർധാരയിൽ നിന്നും വാങ്ങി നല്കുന്നുണ്ട്. ഇതിലേക്ക് ബജറ്റിൽ മതിയായ ഫണ്ട് ലഭ്യമാകുന്നതിനാൽ മരുന്ന് വിതരണത്തിന് തടസ്സം ഇപ്പോൾ നേരിടുന്നില്ല. കൂടാതെ പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തിയും മരുന്നുകൾ വിതരണം നടത്തി വരുന്നു.

ആക്സിലറി-കം-മിഡ്വൈഫറി സെന്ററിൽ ജില്ലാ മെഡിക്കൽ ഓഫീസർക്ക് ഇൻഡന്റ് സമർപ്പിച്ച് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കി വരുന്നുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിലുള്ള രണ്ട് ആശുപത്രികൾ കൂടുതൽ മെച്ചപ്പെട്ട ചികിത്സാസൗകര്യം ലഭ്യമാക്കുന്നതിനായി ആരോഗ്യ വകുപ്പിന് കൈമാറിയിരിക്കുകയാണ്. ആരോഗ്യ വകുപ്പിൽ നിന്നും ദുർഘട പ്രദേശങ്ങളിൽ ജോലി ചെയ്യാൻ സന്നദ്ധരായ മെഡിക്കലാഫീസർമാരുടെ അഭാവം, കുറഞ്ഞ ഓണറേറിയം എന്നിവയുടെ കാരണത്താൽ വകുപ്പിൻ കീഴിലുണ്ടായിരുന്ന 6 ഔട്ട് പേഷ്യന്റ് ക്ലിനിക്കുകളിൽ 3 എണ്ണത്തിന്റേയും പ്രവർത്തനം നിലച്ചിരിക്കുകയാണ്.

മേൽ സാഹചര്യത്തിൽ പുതിയ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ആരോഗ്യ വകുപ്പിൻ കീഴിൽ തുടങ്ങുന്നതാണ് അഭികാമ്യം.

<u>22-6-2010-ലെ സമിതി യോഗം ആവശ്യപ്പെട്ട അധിക വിവരം</u>

പ്രസ്തുത ശിപാർശയിൻമേൽ ആരോഗ്യ കുടുംബ ക്ഷേമ വകുപ്പിൽ നിന്നും മറുപടി ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

**ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി**

കൊല്ലം ജില്ലയിലെ പട്ടികവർഗ്ഗ കോളനികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സി. എച്ച്. സി., കുളത്തൂപ്പുഴ, പി. എച്ച്. സി.-കളായ തെന്മല, ആര്യങ്കാവ്, അച്ചൻകോവിൽ എന്നിവിടങ്ങളിലെ ഒഴിവുകളെല്ലാം നികത്തി പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ട്.

കടമാൻകോട് സബ് സെന്ററിൽ രണ്ട് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരേയും (ഒരാൾ ട്രൈബൽ വകുപ്പിൽ നിന്ന്) ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറേയും നിയമിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

ഈ പ്രദേശത്തെ ആദിവാസി ഊരുകൾ സന്ദർശിച്ച് പ്രതിരോധ കുത്തിവയ്പുകൾ നടത്തുന്നതിനും മറ്റ് ആരോഗ്യ സേവനങ്ങൾ നടത്തുന്നതിനുമായി ഒരു ട്രൈബൽ മൊബൈൽ യൂണിറ്റ് 7-9-2011 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

<u>14-2-2012-ൽ സമിതി ആവശ്യപ്പെട്ട അധികവിവരം</u>

കൊല്ലം ജില്ലയിലെ എല്ലാ ട്രൈബൽ കേന്ദ്രങ്ങളിലും സന്ദർശനം നടത്തി ആരോഗ്യ പ്രവർത്തനം നടത്തുന്നതിനായി ഒരു സ്ഥിരം സംവിധാനം എന്ന നിലയ്ക്ക് ഒരു ട്രൈബൽ മൊബൈൽ ആരോഗ്യ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുക. ആയത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ സമിതിയെ അറിയിക്കുക.

**ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി**

കൊല്ലം ജില്ലയിൽ രണ്ടു ട്രൈബൽ മൊബൈൽ യൂണിറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. നാഷണൽ ഹെൽത്ത് മിഷന്റെ അധീനതയിൽ പുനലൂർ ആസ്ഥാനമായും കേരള മെഡിക്കൽ സർവ്വീസ് സൊസൈറ്റി ലിമിറ്റഡിന്റെ അധീനതയിൽ കുളത്തൂപ്പുഴ ആസ്ഥാനമായുമാണ് ഇവ പ്രവർത്തിക്കുന്നത്. ഇവ രണ്ടും വ്യത്യസ്ത ഏരിയകളിലായി 20 മുതൽ 24 വരെ പ്രതിമാസ ക്യാമ്പുകൾ നടത്തി വരുന്നു. ട്രൈബൽ വകുപ്പിലെ ട്രൈബൽ പ്രൊമോട്ടർമാർ വഴിയാണ് ക്യാമ്പുകളിലേക്ക് ട്രൈബൽ വിഭാഗങ്ങളെ കൊണ്ടുവരുന്നത്. രോഗ ചികിത്സ, പ്രതിരോധ കുത്തിവെയ്പ്പ്, ഗർഭിണികളുടെ പരിചരണം എന്നിവ ഈ ക്യാമ്പുകളിൽ നടത്തി വരുന്നു. കുളത്തൂപ്പുഴ ആസ്ഥാനമായുള്ള ട്രൈബൽ മെഡിക്കൽ യൂണിറ്റിൽ ലാബ് സൗകര്യം ലഭ്യമാണ്. അസുഖം കൂടുതലുള്ള രോഗികളെ ബന്ധപ്പെട്ട പി.എച്ച്.സി./സി.എച്ച്.എസ്./പുനലൂർ താലൂക്കാശുപത്രി എന്നിവിടങ്ങളിലേക്ക് റഫർ ചെയ്തു വരുന്നു.

## ശിപാർശ 96 (ഖണ്ഡിക 239)

ജില്ലയിലെ അച്ചൻകോവിൽ പ്രീമെട്രിക് ഹോസ്റ്റൽ, കുളത്തൂപ്പുഴ എം.ആർ.എസ്. എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ലെന്നും കെട്ടിടങ്ങളിലെ അസൗകര്യങ്ങൾ കുട്ടികളുടെ പഠനത്തെ ബാധിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ടി സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെ അസൗകര്യങ്ങൾ പരിഹരിച്ച് മെച്ചമായ അന്തരീക്ഷം സൃഷ്ടിക്കാൻ വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

കൊല്ലം ജില്ലയിലെ അച്ചൻകോവിൽ പ്രീ-മെട്രിക് ഹോസ്റ്റൽ കെട്ടിടം അറ്റകുറ്റപ്പണി നടത്തി നവീകരിച്ചിട്ടുണ്ട്.

കുളത്തൂപ്പുഴ മോഡൽ റസിഡൻഷ്യൽ സ്കൂളിന് കുളത്തൂപ്പുഴ പഞ്ചായത്തിലെ 13.55 ഏക്കർ ഭൂമി ലഭ്യമാക്കി കിറ്റ്കോ മുഖേന കെട്ടിട നിർമ്മാണ നടപടികൾ പുരോഗമിച്ച് വരുന്നു.

## ശിപാർശ 97 (ഖണ്ഡിക 240)

ജില്ലയിലെ കിഴക്കൻ മേഖലകളിലെ പട്ടികവർഗ്ഗ കോളനികളിൽ മിക്കവയും ഉൾവനങ്ങളിലായതിനാൽ ആറും ഏഴും കിലോ മീറ്ററുകൾ കുട്ടികൾ വനത്തിലൂടെ നടന്ന് സ്കൂളിലെത്തേണ്ട സ്ഥിതിയാണുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ടി കോളനികളിലേയ്ക്ക് ഗതാഗത യോഗ്യമായ റോഡുകൾ നിർമ്മിക്കണമെന്നും, വാഹന സൗകര്യം ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

പട്ടികവർഗ്ഗ വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി റോഡ് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്. ഇതിനാവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ പുനലൂർ ടി.ഡി.ഒ. യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## ശിപാർശ 98 (ഖണ്ഡിക 242)

ജില്ലയിലെ ഊരുകൂട്ടങ്ങളുടെ നിർദ്ദേശങ്ങളിൽ പല പോരായ്മകളും കടന്നുകൂടാറുണ്ട്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് നിലവിലുള്ള മാനദണ്ഡം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന ഊരുകൂട്ടങ്ങൾ നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി നടത്തിക്കൊണ്ടു പോകുന്നതിനുള്ള ബുദ്ധിമുട്ട്, ഊരുകൂട്ടയോഗത്തിന്റെ പ്രാധാന്യത്തെപ്പറ്റി പട്ടികവർഗ്ഗക്കാർക്കുള്ള അജ്ഞത, ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗ്രാമസഭയോടൊപ്പം

ഊരുകൂട്ടവും നടത്തി വരുന്നതിനാൽ ഊരുകൂട്ടം അപ്രസക്തമാകുന്ന അവസ്ഥ തുടങ്ങിയ പല പോരായ്മകളും ഊരുകൂട്ടങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുന്നതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ പോരായ്മകൾ പരിഹരിക്കുന്നതിന് നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായി മാത്രം ഊരുകൂട്ടം സംഘടിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന ഊരുകൂട്ടങ്ങൾ ചട്ടങ്ങൾക്ക് വിധേയമായും ഫലപ്രദമായും സംഘടിപ്പിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നതാണ്. ഊരുകൂട്ടങ്ങൾ സംഘടിപ്പിക്കുമ്പോൾ അവിടെ വകുപ്പിന്റെ ജീവനക്കാരുടെയും പ്രൊമോട്ടർമാരുടെയും സാന്നിദ്ധ്യം ഉറപ്പാക്കുന്നതാണ്.

**ശിപാർശ 99 (ഖണ്ഡിക 243)**

പാട്ടത്തിന്റെ പേരിൽ പട്ടികവർഗ്ഗ കോളനികളിൽ മറ്റ് വിഭാഗക്കാർ താമസമാക്കിയിട്ടുള്ളതായും ടി താമസക്കാർ പട്ടികവർഗ്ഗക്കാരെ ചൂഷണം ചെയ്യുന്നതായും സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇതിനെതിരെ പട്ടികവർഗ്ഗക്കാരെ ബോധവൽക്കരിക്കുവാൻ എസ്. ടി. പ്രൊമോട്ടർമാർ ശ്രദ്ധിക്കണമെന്നും ഇത്തരം കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ടവരെ അറിയിക്കണമെന്നും ബന്ധപ്പെട്ട വകുപ്പ് അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

പാട്ടത്തിന്റെ പേരിൽ പട്ടികവർഗ്ഗ കോളനികളിൽ ഇതര വിഭാഗക്കാർ താമസിക്കുന്നതിന് എതിരെയും പട്ടികവർഗ്ഗക്കാരെ ചൂഷണം ചെയ്യുന്നതിന് എതിരെയും പട്ടികവർഗ്ഗക്കാരെ ബോധവൽക്കരിക്കാൻ പട്ടികവർഗ്ഗ പ്രൊമോട്ടർമാർക്ക് നിർദ്ദേശം നൽകാൻ എല്ലാ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ശിപാർശ 100 (ഖണ്ഡിക 244)**

കളത്തുപ്പുഴ പഞ്ചായത്തിൽ നിന്നും കിണർ, കക്കൂസ്/കുളിമുറി എന്നിവ നിർമ്മിക്കുന്നതിനായി യഥാക്രമം ലഭ്യമാക്കിയ 7,500, 5,000 രൂപയും, കക്കൂസ് നിർമ്മാണത്തിനായി ലഭ്യമാക്കിയ 2,000 രൂപ എന്നിവ അപര്യാപ്തമായതിനാൽ ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നും, പണി പൂർത്തീകരിച്ചവ നിലവാരമില്ലാത്ത നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ച്

നിർമ്മിച്ചതിനാൽ അധിക കാലം ഈട് നില്ക്കുന്നില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ ധനസഹായം വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

ത്രിതല പഞ്ചായത്തുകൾ മുഖേന നല്കുന്ന ധനസഹായങ്ങളുടെ നിരക്ക് വർദ്ധിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നതാണ്.

<u>22-6-2010-ലെ സമിതി യോഗം ആവശ്യപ്പെട്ട അധിക വിവരം</u>

കിണർ, കക്കൂസ്/കുളിമുറി എന്നിവ നിർമ്മിക്കുന്നതിന് നൽകിവന്ന തുക വർദ്ധിപ്പിച്ചോയെന്നത് സംബന്ധിച്ച റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് ലഭ്യമാക്കാൻ നിർദ്ദേശിച്ചു.

**തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി**

സർക്കാർ അതാത് കാലത്ത് നിശ്ചയിക്കുന്ന സബ്സിഡി മാനദണ്ഡങ്ങൾക്കനുസരിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതി എടുക്കുന്ന തീരുമാനപ്രകാരമാണ് ആനുകൂല്യ തുക നൽകുന്നതെന്നും തുക വർദ്ധിപ്പിക്കണമെന്ന എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സബ്സിഡി മാനദണ്ഡങ്ങൾക്ക് വിധേയമായി പരമാവധി തുക ഇതിനായി വകയിരുത്തിയിട്ടുണ്ടെന്നും കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നുള്ള വിവരം സമിതിയെ അറിയിക്കുന്നു.

**ശിപാർശ 101 (ഖണ്ഡിക 245)**

കൊല്ലം ജില്ലയിലെ ഒട്ടുമിക്ക പട്ടിക വർഗ്ഗകോളനികളും മദ്യത്തിന്റെ പിടിയിലാണെന്നും വ്യാജ വാറ്റ് നിർമ്മാണവും വിതരണവും വ്യാപകമാണെന്നും കോളനി നിവാസികളുടെ മദ്യാസക്തി മുതലെടുത്ത് കോളനിക്കകത്തും ചുറ്റുവട്ടത്തുമായി വ്യാജവാറ്റും വിൽപ്പനയും കോളനിക്കുപുറത്തുള്ള മറ്റ് ആളുകൾ നടത്തി വരുന്നതായും സമിതി മനസ്സിലാക്കുന്നു. ആയിനാൽ ഇതിനെതിരെ ഫലപ്രദമായ ബോധവൽക്കരണവും നിയമ നടപടിയും അടിയന്തിരമായും ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**നികുതി വകുപ്പ് സ്വീകരിച്ച നടപടി**

കൊല്ലം ഡിവിഷനിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനികളായ വാഞ്ചിയോട് പാറങ്കോട്, ചക്കമല, കുളത്തൂപ്പുഴ, 50 ഏക്കർ, ഇടമുളയ്ക്കൽ, തൊണ്ണൂർ, ചണ്ണപ്പേട്ട, വനത്തുമുക്ക്, 4 സെന്റ് കോളനി, ഉറുകുന്ന്, മലവേടർ. കോളനി കടയ്ക്കാമൺ എന്നീ സ്ഥലങ്ങളിൽ മദ്യവിൽപ്പനയും വ്യാജമദ്യ ഉൽപ്പാദനവും തടയുന്നതിന് എക്സൈസ്,

പോലീസ്, റവന്യൂ, വനം എന്നീ വകുപ്പുകൾ സംയുക്തമായി റെയ്ഡുകൾ നടത്തി കുറ്റവാളികളെ കണ്ടെത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ബോധവൽക്കരണ പരിപാടികൾ ഗ്രാമപഞ്ചായത്ത്, സന്നദ്ധ സംഘടനകൾ എന്നിവയുമായി ചേർന്ന് സെമിനാറുകളും ഡോക്യുമെന്ററി പ്രദർശനവും ടി കോളനികളിൽ നടത്തിയിട്ടുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും പിടിയിൽ നിന്നും പട്ടിക വർഗ്ഗക്കാരെ പിന്തിരിപ്പിക്കാൻ വകുപ്പ് ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നുണ്ട്. ഐക്യദാർഢ്യ പക്ഷാചരണ കാലത്ത് ഇത് ഒരു മുഖ്യ വിഷയമായി പ്രചാരണം നടത്തുന്നുണ്ട്. സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പട്ടിക വർഗ്ഗകോളനികൾ കേന്ദ്രീകരിച്ച് നടത്തുന്ന വ്യാജവാറ്റ് തടയുന്നതിന് ജില്ലയിലെ എക്സൈസ് അധികൃതർക്ക് പ്രത്യേകമായ നിർദ്ദേശം നല്കിയിട്ടുണ്ട്.

## ശിപാർശ 102 (ഖണ്ഡിക 246)

കൊല്ലം ജില്ലയിലെ പല കോളനികളും ഗതാഗത സൗകര്യങ്ങളുടേയും റോഡുകളുടേയും കാര്യത്തിൽ പിന്നിലാണ്. അച്ചൻകോവിൽ, ചെറുകര, ഇടത്തറ, വില്ലുമല, പെരുവഴിക്കാല, വഞ്ചിയോട്, ഇടപ്പണ, കഴവിയോട്, മൊക്ക, മരുതിമൂട് എന്നീ കോളനികൾ അവയിൽ പ്രധാനപ്പെട്ടതാണ്. വാഹനസൗകര്യം ഇല്ലാത്തതിനാലും വനം വകുപ്പും ഓയിൽ പാം കോർപ്പറേഷനും റീഹാബിലിറ്റേഷൻ പ്ലാന്റേഷനും കോളനിയിലേക്കുള്ള റോഡ് വിപുലീകരിക്കുന്നതിനും വികസിപ്പിക്കുന്നതിനും തടസ്സമായി നിൽക്കുന്നതിനാലുമാണ് വികസന പ്രവർത്തനങ്ങൾ ടി കോളനികളിൽ എത്താത്തതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ടി കോളനികളുടെ വികസനത്തിന് വിഘാതമായി നിൽക്കുന്ന ഗതാഗത പ്രശ്നപരിഹാരത്തിനായി റോഡു വിപുലീകരണത്തിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

വനത്തിനുള്ളിലെ റോഡ് നിർമ്മാണത്തിൽ വനം വകുപ്പിന്റെ ഭാഗത്ത് നിന്നുള്ള തടസ്സം ഒരു പരിധി വരെ കേന്ദ്ര വനാവകാശ നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ഇപ്പോൾ പരിഹരിക്കാൻ കഴിയുന്നതാണ്. കോർപ്പസ് ഫണ്ട് ഉപയോഗിച്ച് ഘട്ടംഘട്ടമായി റോഡ് വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതാണ്.

### ശിപാർശ 103 (ഖണ്ഡിക 247)

പെരുവഴിക്കാല കോളനിയിലേയ്ക്ക് പഴയ ഒരു ക്കപ്പറോഡാണുള്ളതെന്നും ടി റോഡ് ഗതാഗത സൗകര്യമില്ലാത്തതാണെന്നും റോഡ് മുറിച്ചൊഴുകുന്ന പിറംപടി തോട്ടിൽ വനം വകുപ്പ് നിർമ്മിച്ച പാലം മഴക്കാലത്ത് വെള്ളത്തിൽ ഒലിച്ച് പോയതിനാൽ മഴക്കാലത്ത് കുട്ടികൾക്ക് സ്കൂളിൽ പോകാൻ കഴിയാത്ത അവസ്ഥയാണെന്നും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. ആയതിനാൽ പിറംപടിതോട്ടിൽ പാലം നിർമ്മിച്ച് ടി കോളനി റോഡ് ഗതാഗത യോഗ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

2009-10-ലെ കോർപ്പസ് ഫണ്ട് മുഖേന അനുവദിച്ച 369.11 ലക്ഷം രൂപയുള്ള ഭരണാനുമതി ലഭ്യമാക്കികഴിഞ്ഞതിനാൽ പ്രസ്തുത റോഡുകളുടെ പ്രൊപ്പോസൽ അടുത്ത സാമ്പത്തിക വർഷം പരിഗണിക്കുന്നതിന് സമർപ്പിക്കുന്നതിന് ടി.ഡി.ഒ.യോട് ആവശ്യപ്പെട്ടിട്ടുണ്ട്. വകയിരുത്തികിട്ടുന്ന തുകയുടെ ലഭ്യതയനുസരിച്ച് മുൻഗണനാ ക്രമത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

### 22-6-2010-ലെ സമിതി യോഗം ആവശ്യപ്പെട്ട അധികവിവരം

2009-10-ലെ കോർപ്പസ് ഫണ്ട് മുഖേന അനുവദിച്ച 369.11 ലക്ഷം രൂപയ്ക്ക് ഭരണാനുമതി കിട്ടിയോയെന്ന് ബന്ധപ്പെട്ട വകുപ്പിനോട് ആരായാൻ തീരുമാനിച്ചു

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

2010-11 വർഷം പെരുവഴിക്കാല പട്ടികവർഗ്ഗ സാങ്കേതത്തിൽ കുളത്തൂപ്പുഴ ഗ്രാമ പഞ്ചായത്ത് മുഖേന പാലം പണിയുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

## പത്തനംതിട്ട ജില്ല

### ശിപാർശ 104 (ഖണ്ഡിക 248)

പത്തനംതിട്ട ജില്ലയിൽ 35 സങ്കേതങ്ങളിലായി മലയരയൻ, മലവേടൻ, മലപ്പണ്ടാരം, ഉള്ളാടൻ, കൊച്ചുവേലൻ, മുഡുക എന്നീ വിഭാഗങ്ങളിൽപ്പെട്ട ആളുകൾ വസിക്കുന്നു. ജില്ലയിൽ 18 ഒറ്റപ്പെട്ട മേഖലകൾ ഉണ്ട്. ജില്ലയിൽ ഭൂരഹിത ഭവനരഹിതർ 152 പേരും ഭൂമിയുള്ള പാർപ്പിടമില്ലാത്തവർ 312 പേരുമാണ്. 1245 പേർക്ക് ഭൂമിയുടെ കൈവശ രേഖ ലഭിച്ചിട്ടുണ്ട്. വിവിധ കൃഷി രീതികൾ നടപ്പാക്കുന്നതിന് പ്രത്യേക കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്നുണ്ട്. എന്നാൽ കൃഷിക്കാവശ്യമായ വിത്തും പരിശീലനവും നൽകുന്നില്ല. കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നുണ്ട്. കാർഷിക ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിനായി വാഹനസൗകര്യം ലഭ്യമാണ്. ഉല്പന്നങ്ങൾ നേരിട്ടുവിൽക്കുന്ന രീതി നിലവിലുള്ളതിനാൽ

ചൂഷണത്തിന് വിധേയരാകാനുള്ള സാദ്ധ്യത കുറവാണ്. പട്ടികവർഗ്ഗ സങ്കേതങ്ങളിലും അവരുടെ കൃഷി ഭൂമിയിലും വന്യജീവികൾക്ക് കൃഷി നശിപ്പിക്കുന്ന സംഭവങ്ങൾ ഉണ്ടാകാറുണ്ട്. ഏതാനും കോളനികൾ ചുറ്റും വനം വകുപ്പ് മുള്ളുവേലി കെട്ടി നൽകിയിട്ടുണ്ട്. എന്നാൽ ഇതിന് വകുപ്പിന്റെ മേൽനോട്ടത്തിൽ നടപടികൾ സ്വീകരിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. വനം വകുപ്പുമായി സഹകരിച്ച് എല്ലാ കോളനികൾക്ക് ചുറ്റും മുള്ളുവേലി കെട്ടി കൃഷിയിടങ്ങൾ സംരക്ഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

വന്യജീവികൾ കൃഷിയിടങ്ങൾ നശിപ്പിക്കുന്നത് തടയാനായി വലിയ സാമ്പത്തിക ബാദ്ധ്യത വരാത്തയിടങ്ങളിൽ സോളാർ ഫെൻസിംഗ് നടത്തുന്നതിന് ആവശ്യമായ സഹായം വനം വകുപ്പിന് ഈ വകുപ്പിൽ നിന്നും നല്കാൻ കഴിയുന്നതാണ്. ഇത് കൂടാതെ വനം വകുപ്പിനെക്കൊണ്ട് കിടങ്ങുകൾ നിർമ്മിച്ച് വന്യ ജീവിയിൽ നിന്നുമുള്ള സംരക്ഷണം ഉറപ്പാക്കുന്നതാണ്. ഈ നടപടികൾ ബഡ്ജറ്റിൽ ലഭ്യമാകുന്ന തുകയുടെ തോതനുസരിച്ച് ഘട്ടംഘട്ടമായി ഏറ്റെടുക്കുന്നതാണ്.

**ശിപാർശ 105 (ഖണ്ഡിക 249)**

ജില്ലയിൽ പരമ്പരാഗത തൊഴിൽ മേഖലകളിൽ തൊഴിൽ പരിശീലനം നൽകുന്നില്ലെന്ന് സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. എസ്.ടി. വിഭാഗക്കാർക്ക് പരമ്പരാഗത തൊഴിൽ മേഖലകളിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

പരമ്പരാഗത തൊഴിൽ മേഖലകളിൽ പരിശീലനം നല്കുന്നതിന് മറ്റ് ജില്ലകളിൽ വകുപ്പിന്റെ കീഴിൽ പരിശീലന കേന്ദ്രങ്ങൾ (കൈത്തറി, നെയ്ത്ത്, ചൂരൽപ്പണി, തയ്യൽ തുടങ്ങിയവ) ഉണ്ടെങ്കിലും നിലവിൽ വേണ്ടത്ര പരിശീലനാർത്ഥികളെ ലഭിക്കാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. ആയത് കൂടുതൽ മെച്ചപ്പെടുത്തുന്നതിലേയ്ക്ക് ഏതെങ്കിലും ജില്ലകൾ കേന്ദ്രീകരിച്ച് പരിശീലന കേന്ദ്രം തുടങ്ങുന്നതായിരിക്കും ഉചിതം.

**ശിപാർശ 106 (ഖണ്ഡിക 250)**

പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടില്ല. എന്നാൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ റാന്നിയിൽ പ്രവർത്തിക്കുന്ന വ്യാവസായിക പരിശീലന കേന്ദ്രത്തിൽ പ്ലംബർ ട്രേഡിൽ പരിശീലനം നല്കിവരുന്നു. ആദിവാസികൾ കൂടുതലുള്ള കോളനികളിൽ വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കണമെന്നും കൂടുതൽ തൊഴിലുകളിൽ പരിശീലനം നല്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

13-2-2007-ൽ മിനിസ്ട്രി ഓഫ് ട്രൈബൽ അഫയേഴ്സ് ഡൽഹിയിൽ വിളിച്ചുകൂട്ടിയ സെക്രട്ടറിമാരുടെ വാർഷിക അവലോകന യോഗത്തിൽ പ്രസ്തുത വിഷയം ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ കുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിലേയ്ക്ക് പുതിയ വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് പകരം അംഗീകൃത വൊക്കേഷണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് വഴി പരിശീലനം നല്കാവുന്നതാണ് എന്ന് തീരുമാനിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരത്തെ കഴക്കൂട്ടത്തെ അപ്പാരൽ ട്രെയിനിംഗ് & ഡിസൈൻ സെന്റർ മുഖേനയും കളമശ്ശേരി Food Craft Institute മുഖേനയും പട്ടിക വർഗ്ഗ വിഭാഗത്തിലെ യുവതീ യുവാക്കൾക്ക് പരിശീലനം നല്കുകയും അത് വഴി അവർക്ക് തൊഴിൽ ഉറപ്പ് നൽകിയും വരുന്നു. പട്ടിക വർഗ്ഗ സങ്കേതങ്ങൾ പ്രധാനപ്പെട്ട വാസകേന്ദ്രങ്ങളിൽ നിന്നും വളരെ അകലെയായതിനാൽ സാധാരണ നിരക്കിലുള്ള ശമ്പളത്തിൽ പരിശീലകരെ കിട്ടുക പ്രയാസമാണ്. പരിശീലകരായി വരുന്നവർക്ക് താമസ സൗകര്യം നൽകിയാൽ തന്നെ കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ സൗകര്യം എന്നിവയുടെ കുറവും പരിശീലകരെ കിട്ടാൻ ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യങ്ങളാണ്.

## തൊഴിൽ വകുപ്പ് സ്വീകരിച്ച നടപടി

വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ പത്തനംതിട്ട ജില്ലയിൽ ഒരു പുതിയ വനിത ഐ.ടി.ഐ.(ഐ.ടി.ഐ. മെഴുവേലി) 2008-09 വർഷം ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഇത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കു വേണ്ടി മാത്രമല്ല. ഐ.ടി.ഐ. പ്രവർത്തിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാൻ തയ്യാറുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ അപേക്ഷയിന്മേൽ ഐ.ടി.ഐ. അനുവദിക്കുക എന്നതാണ് ഇപ്പോൾ സർക്കാർ സ്വീകരിച്ചിരിക്കുന്ന നയം. ആദിവാസികൾ കൂടുതലുള്ള കോളനികൾ ഉൾപ്പെടുന്ന പഞ്ചായത്ത് ഭരണ സമിതികൾ, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന മുറയ്ക്ക് ഐ.ടി.ഐ. സ്ഥാപിക്കുന്ന കാര്യം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരിഗണിക്കുന്നതാണ്.

## ശിപാർശ 107 (ഖണ്ഡിക 251)

ജില്ലയിലെ ഏതാനും എസ്.ടി. സങ്കേതങ്ങളിൽ മാത്രമേ കുടിവെള്ള പദ്ധതി നടപ്പിലാക്കിയിട്ടുള്ളൂ. വാട്ടർ അതോറിറ്റി, ത്രിതല പഞ്ചായത്ത്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് മുതലായവയുമായി സഹകരിച്ച് കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് വകുപ്പ് ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. കുടിവെള്ള വിതരണ പദ്ധതികൾ ത്വരിതഗതിയിൽ നടപ്പിലാക്കി ജലവിതരണം സുഗമമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

കുടിവെള്ള സൗകര്യമില്ലാത്ത എസ്.ടി. കോളനികളുടെ ലിസ്റ്റ് എല്ലാ പി.ഒ/ടി.ഡി.ഒ.മാരോടും ആവശ്യപ്പെട്ടിട്ടുണ്ട്. അനുയോജ്യമായ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുന്നതിന് പി.ഒ/ടി.ഡി.ഒ. യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇനിയും കുടിവെള്ളം എത്താത്ത പട്ടികവർഗ്ഗ കോളനികളിൽ കുടിവെള്ളം എത്തിക്കാൻ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടി

പത്തനംതിട്ട ജില്ലയിലെ അംഗീകരിക്കപ്പെട്ട 10 പട്ടികവർഗ്ഗ കോളനിയിലേക്കുള്ള കുടിവെള്ള വിതരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് കൈക്കൊണ്ട നടപടികളുടെ റിപ്പോർട്ട് അനുബന്ധം V ആയി ചേർത്തിട്ടുണ്ട്.

## ശിപാർശ 108 (ഖണ്ഡിക 252)

ജില്ലയിലെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ നിലവിലില്ല എന്നാൽ സബ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ടി സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ തൃപ്തികരമാണെന്ന് സമിതി വിലയിരുത്തുന്നു. എന്നാൽ ജില്ലയിൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കാത്തതുമൂലം രോഗികളെ അടിയന്തര സാഹചര്യങ്ങളിൽ ആശുപത്രിയിൽ എത്തിക്കാൻ സാധിക്കുന്നില്ല. പ്രസ്തുത സാഹചര്യം കണക്കിലെടുത്ത് ജില്ലയിൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, ഇടുക്കി ജില്ലകളിൽ ഓരോ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. ടി രണ്ട് യൂണിറ്റുകളിലുമായി സംസ്ഥാനത്തെ എല്ലാ സെറ്റിൽമെന്റുകളും സന്ദർശിക്കാൻ കഴിയില്ല. ആരോഗ്യ വകുപ്പിൽ നിന്നുള്ള ഡോക്ടർമാരാണ് ഇവിടെ സേവനം നടത്തുന്നത്.

വകുപ്പിൻ കീഴിൽ നല്ലൂർനാട്, അട്ടപ്പാടി എന്നിവിടങ്ങളിൽ പ്രവർത്തിച്ചിരുന്ന ആശുപത്രികൾതന്നെ ആരോഗ്യ വകുപ്പിൽനിന്നുള്ള മെഡിക്കൽ ഓഫീസർമാരുടെയും, പാരാ മെഡിക്കൽ സ്റ്റാഫിന്റെയും അഭാവത്താൽ പട്ടികവർഗ്ഗക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട ചികിത്സ ലഭിക്കുന്നതിനായി ആരോഗ്യ വകുപ്പിന് കൈമാറുകയുണ്ടായി. ഔട്ട് പേഷ്യന്റ് ക്ലിനിക്കുകളുടെ പ്രവർത്തനവും (ഇടുക്കി, അട്ടപ്പാടി) ഡോക്ടർമാർക്ക് നല്കുന്ന ഓണറേറിയം വളരെ കുറവായ സാഹചര്യത്തിൽ മന്ദീഭവിച്ചിരിക്കുന്ന അവസ്ഥയിലാണ്.

മേൽ സാഹചര്യങ്ങൾ വെച്ച നോക്കുമ്പോൾ ആരോഗ്യ വകുപ്പിൻ കീഴിൽ മൊബൈൽ മെഡിക്കൽ യൂണിറ്റ് അനുവദിക്കുന്നതായിരിക്കും അഭികാമ്യം.

**ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി**

പത്തനംതിട്ട ജില്ലയിൽ ട്രൈബൽ ഏരിയായിൽ പി.എച്ച്.സികൾ നിലവിൽ ഇല്ല. എന്നാൽ രോഗികളെ യഥാസമയം അടിയന്തര സാഹചര്യങ്ങളിൽ ആശുപത്രികളിൽ എത്തിക്കാൻ ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റ് സീതത്തോട്, ചിറ്റാർ എന്നീ മേഖലകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്.

**ശിപാർശ 109 (ഖണ്ഡിക 253)**

എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും പ്രാഥമിക വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്. ഏറ്റവും കുറഞ്ഞ ദൂരത്തിൽ സ്കൂളുകളും മറ്റും പ്രവർത്തിക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ വടശ്ശേരിക്കരയിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിൽ വേണ്ടത്ര സൗകര്യങ്ങൾ ലഭ്യമല്ല. വേണ്ടത്ര അദ്ധ്യാപകർ ഇല്ലാത്തതിനാൽ മെച്ചപ്പെട്ട അദ്ധ്യയനം കുട്ടികൾക്ക് ലഭ്യമാകുന്നില്ല. ഇതു കൂടാതെ ആൺകുട്ടികൾക്ക് ഒന്നും പെൺകുട്ടികൾക്ക് ഒന്നുമായി രണ്ട് പ്രീ-മെട്രിക് ഹോസ്റ്റലും ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. ആൺകുട്ടികൾക്കുള്ള ഹോസ്റ്റൽ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും ഹോസ്റ്റലുകളിൽ നിലവിലുള്ള സൗകര്യങ്ങൾ പര്യാപ്തമല്ലെന്നും സമിതി വിലയിരുത്തുന്നു. ജില്ലയിലെ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ആവശ്യമായ അദ്ധ്യാപകരെ നിയമിച്ച് പഠന നിലവാരം മെച്ചപ്പെടുത്തണമെന്നും പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ അപര്യാപ്തതകൾ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്സ്വീകരിച്ച നടപടി**

മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ അദ്ധ്യാപക തസ്തികകളിൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നാണ് നിയമനം നടത്തുന്നത്. എന്നാൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും അദ്ധ്യാപകരെ നിയമിച്ചു ലഭിക്കാത്ത തസ്തികയിലെ ഒഴിവുകളിലേയ്ക്ക് കേരള പട്ടികജാതി പട്ടികവർഗ്ഗ റസിഡൻഷ്യൽ എഡ്യൂക്കേഷണൽ സൊസൈറ്റി മുഖേന കരാർ അടിസ്ഥാനത്തിൽ നിയോഗിക്കുന്നതിന് സർക്കാർ അനുമതി ലഭിച്ച പ്രകാരം നടപടി സ്വീകരിക്കുന്നു. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ക്രിയാത്മക നടപടി സ്വീകരിച്ചിട്ടുണ്ട്. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ പ്രത്യേക കോച്ചിംഗ് നൽകുന്നുണ്ട്. ഗൈഡൻസ് & കൗൺസലിംഗിന് സ്റ്റുഡന്റ് കൗൺസിലറെ നിയോഗിച്ചിട്ടുണ്ട്. അദ്ധ്യാപകർക്ക് തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്

മാനേജ്മെന്റ്, നാഷണൽ കൗൺസിൽ ഓഫ് എഡ്യുക്കേഷണൽ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ മൈസൂർ റീജിയണൽ കോളേജ് ഓഫ് എഡ്യുക്കേഷൻ ഇവ മുഖേന ഇൻ-സർവ്വീസ് കോഴ്സ് നടത്തുന്നുമുണ്ട്. 2007 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ 15-ൽ 9 സ്കൂളുകളിലും 2008-ലും 2009-ലും 15-ൽ 13 സ്കൂളുകളിലും 100% വിജയം കൈവരിക്കാനായിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കര മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 2007-ലെ എസ്.എസ്.എൽ.സി. പരീക്ഷകളിൽ 94% വിജയവും 2008,2009 വർഷങ്ങളിൽ 100% വിജയവും നേടിയിരുന്നു.

പത്തനംതിട്ട ജില്ലയിലെ ചിറ്റാർ പ്രീ-മെട്രിക് ഹോസ്റ്റൽ (ഗേൾസ്) നവീകരണം നടത്തിയിട്ടുണ്ട്. വടശ്ശേരിക്കരയിൽ പ്രവർത്തിക്കുന്ന ആൺകുട്ടികളുടെ പ്രീ-മെട്രിക് ഹോസ്റ്റൽ, കട്ടമീൻചിറയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള കെട്ടിടങ്ങൾ അറ്റകുറ്റപ്പണി നടത്തി നവീകരിക്കുന്നതിന് 15 ലക്ഷം രൂപ ചെലവിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മുഖേന നടപടി സ്വീകരിച്ചുവരുന്നു.

### ശിപാർശ 110 (ഖണ്ഡിക 254)

32 പട്ടികവർഗ്ഗ പ്രൊമോട്ടർമാർ ജില്ലയിലുണ്ട്. വകുപ്പിന്റേയും പട്ടികവർഗ്ഗക്കാരുടെയും ഇടയിൽ മദ്ധ്യവർത്തികളായി പ്രവർത്തിക്കുന്ന ഇവർ ഇതര ഏജൻസികളും ത്രിതല പഞ്ചായത്തും നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികളെക്കുറിച്ച് പട്ടികവർഗ്ഗക്കാരെ ബോധവൽക്കരിക്കുന്നതിനും ആരോഗ്യ ബോധവൽക്കരണം നടത്തുന്നതിനും സങ്കേതങ്ങൾക്ക് അനുയോജ്യമായ പദ്ധതികളും തീരുമാനങ്ങളും കൈക്കൊള്ളുന്നതിനും ഊരുകൂട്ടങ്ങളെ സഹായിക്കുന്നു. മെച്ചപ്പെട്ട സാനിറ്റേഷൻ സംവിധാനം ജില്ലയിൽ നിലവിലുണ്ട്. ത്രിതല പഞ്ചായത്തുകൾ മുഖേന കിണർ നിർമ്മിക്കുന്നതിന് 10,000 രൂപയും കക്കൂസ് നിർമ്മിക്കുന്നതിന് 2,000 രൂപയും നൽകി വരുന്നു. ടി തുകയുടെ അപര്യാപ്തതമൂലം പദ്ധതികൾ പൂർത്തീകരിക്കുവാൻ സാധിക്കാതെ വരുന്നതിനാൽ ഇതിനായി കൂടുതൽ തുക അനുവദിക്കണമെന്നു സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

പട്ടികവർഗ്ഗ മേഖലയിലെ കക്കൂസുകളുടെ നിർമ്മാണം പഞ്ചായത്തുകളുടെ പദ്ധതിയായിട്ടാണ് നടപ്പിലാക്കുന്നത്. നിലവിൽ ഒരു കക്കൂസിന് 2,500 രൂപ നല്കാൻ കഴിയുന്നതാണ്. ഇത് വീണ്ടും വർദ്ധിപ്പിക്കുന്ന കാര്യം തദ്ദേശസ്വയംഭരണ വകുപ്പ് പരിഗണിക്കേണ്ടതാണ്. വകുപ്പ് നേരിട്ട് കോളനികളിലെ കുടിവെള്ള പദ്ധതികൾക്കായി കിണർ നിർമ്മിക്കുമ്പോൾ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക നൽകുന്നുണ്ട്.

## ശിപാർശ 111 (ഖണ്ഡിക 255)

സങ്കേതങ്ങളിൽ വ്യാജവാറ്റ് തടയുന്നതിന് അയൽക്കൂട്ടങ്ങളുടേയും ഊരുകൂട്ടങ്ങളുടേയും സന്നദ്ധസംഘടനകളുടേയും വനസംരക്ഷണ സമിതികളുടേയും സഹായത്തോടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ജില്ലയിലെ പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് തടസ്സമായിട്ടുള്ള പ്രധാനഘടകം ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ചുള്ള അജ്ഞതയാണെന്നു സമിതി വിലയിരുത്തുന്നു. ആയതിനാൽ ഇത് സംബന്ധിച്ച് ബോധവൽക്കരണ പരിപാടികൾ പട്ടികവർഗ്ഗ പ്രൊമോട്ടർമാർ മുഖേനയും വകുപ്പ് നേരിട്ടും നടപ്പിലാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

പട്ടികവർഗ വികസന വകുപ്പ് നടപ്പാക്കുന്ന വിവിധ പദ്ധതികളെ പറ്റി ഈ വിഭാഗങ്ങൾക്ക് ഐക്യദാർഢ്യ പക്ഷാചരണ കാലത്ത് സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചും ,കോളനികൾ കേന്ദ്രീകരിച്ചും ബോധവൽക്കരണം നടത്തുന്നുണ്ട്. ഇത് കൂടാതെ വകുപ്പിന്റെ മുഴുവൻ പദ്ധതികളെയും സംബന്ധിക്കുന്ന കൈപ്പുസ്തകം തയ്യാറാക്കി എല്ലാ പട്ടികവർഗ്ഗ പ്രൊമോട്ടർമാർക്കും വിതരണം ചെയ്യുന്നതാണ്.

## ശിപാർശ 112 (ഖണ്ഡിക 256)

അനുവദിക്കുന്ന ഫണ്ടിന്റെ ഭൂരിഭാഗവും സാമ്പത്തിക വർഷാവസാനത്തോടനുബന്ധിച്ച് മാറുന്നതിനാൽ ക്ഷേമ പരിപാടികൾ നിശ്ചിത സമയത്തിനുള്ളിൽ നടപ്പിലാക്കാൻ കഴിയുന്നില്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പദ്ധതികൾ ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പാക്കുന്നതിനും 6 മാസത്തിന് മുമ്പെങ്കിലും ഫണ്ട് അനുവദിച്ച് തുക മാറി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

പദ്ധതികൾ നടപ്പിലാക്കുന്നതിലേയ്ക്ക് വർക്കിംഗ് ഗ്രൂപ്പിന്റെയും, സർക്കാരിന്റെയും അനുമതി ഓരോ പദ്ധതിയുടെയും സ്വഭാവമനുസരിച്ച് ലഭിക്കേണ്ടതുണ്ട്. മേൽ പ്രകാരം അനുമതി ആവശ്യമുള്ള പദ്ധതികൾക്ക് അനുമതി കഴിയുന്നതും വേഗം ലഭ്യമാക്കി തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. പ്രത്യേക അനുമതി ആവശ്യമില്ലാത്ത പദ്ധതികൾക്ക് ഏപ്രിൽ/മേയ് മാസം മുതൽ തന്നെ തുകകൾ അനുവദിച്ച് നല്കുന്നുണ്ട്.

## ശിപാർശ 113 (ഖണ്ഡിക 257)

ആവശ്യാനുസരണം സമയബന്ധിത പദ്ധതികൾ നടപ്പിലാക്കാൻ നിലവിലുള്ള ത്രിതല പഞ്ചായത്ത് സംവിധാനം അപര്യാപ്തമാണെന്നും പദ്ധതികൾ പാതി വഴിയിൽ ഉപേക്ഷിക്കപ്പെടുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. പട്ടികവർഗ്ഗക്ഷേമ പരിപാടികൾ ത്രിതല പഞ്ചായത്തുകളിൽ സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കുവാൻ പ്രത്യേക സംവിധാനം രൂപീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത് തദ്ദേശസ്വയംഭരണ വകുപ്പായതിനാൽ ഇക്കാര്യത്തിൽ വേണ്ട നിർദ്ദേശം ആ വകുപ്പിന് നല്കുന്നതാണ്.

22-6-2010-ലെ സമിതിയോഗം ആവശ്യപ്പെട്ട അധികവിവരം

പ്രസ്തുത ശിപാർശയിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും മറുപടി ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

**തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി**

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ഉപയോഗിച്ച് പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായുള്ള വികസനപദ്ധതികൾ നടപ്പിലാക്കുന്നതിന് അമാന്തം നേരിടുന്നത് പ്രധാനമായും താഴെ പറയുന്ന കാരണങ്ങൾ കൊണ്ടാണ്.

- പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമൂഹികവും സാംസ്കാരികവുമായ രീതികൾക്ക് അനുസൃതമായല്ല മിക്ക ഗ്രാമപഞ്ചായത്തുകളും വികസന പദ്ധതികൾ രൂപപ്പെടുത്തുന്നത്.
- ക്രിയാത്മകമായ പങ്കാളിത്തം ഊരുകൂട്ടങ്ങൾ മുഖേന സംഘടിപ്പിക്കേണ്ടതാണ്.
- പട്ടികവർഗ്ഗ ക്ഷേമ കർമ്മ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.
- ഭവനനിർമ്മാണം പോലുള്ള പദ്ധതികൾക്ക് അസംസ്കൃത വസ്തുക്കൾ നിർമ്മാണ സ്ഥലത്ത് എത്തിക്കുന്നതിനുള്ള ബുദ്ധിമുട്ട് പ്രതികൂലമായി ബാധിക്കുന്നു.

ആലപ്പുഴ ജില്ലയിലെ 12 ഗ്രാമപഞ്ചായത്തുകളിൽ പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ട് പ്രകാരമുള്ള പദ്ധതികൾ വിലയിരുത്തുന്നതിന് പ്രസിഡന്റ്/എസ്.ടി. വിഭാഗത്തിലെ മെമ്പർ ചെയർമാനായും ഗ്രാമപഞ്ചായത്ത് സെക്രട്ടറി കൺവീനറായും സ്ഥിരം സമിതി അദ്ധ്യക്ഷന്മാർ, വൈസ് പ്രസിഡന്റ് എന്നിവരും എസ്. ടി. കോ-ഓർഡിനേറ്റർ, ഊരുകൂട്ടം ഭാരവാഹികൾ എന്നിവരും അംഗങ്ങളായുമുള്ള പ്രത്യേക മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുള്ളതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ പ്രാതിനിധ്യമുള്ള മറ്റ് ഗ്രാമപഞ്ചായത്തുകളിലും ഈ രീതി പിന്തുടരുന്നതാണ് എന്ന് സെക്രട്ടറിമാർ അറിയിച്ചിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഭവന നിർമ്മാണം/പുനരുദ്ധാരണം മുതലായ പദ്ധതികളുടെ നിർവ്വഹണത്തെ സർക്കാർ അംഗീകൃത ഏജൻസികളെ ചുമതലപ്പെടുത്തുക, എസ്.ടി. പ്രൊമോട്ടർമാരുടെ നിയന്ത്രണം ഗ്രാമപഞ്ചായത്തിന് നൽകുക, എസ്.ടി. പ്രൊമോട്ടർമാർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, പഞ്ചായത്ത് ഭരണസമിതി എന്നിവർ ഉൾപ്പെടുന്ന മോണിറ്ററിംഗ് സമിതി

രൂപീകരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥരെ കൂടി പങ്കെടുപ്പിച്ചുകൊണ്ട് മാസംതോറും അവലോകന യോഗങ്ങൾ നടത്തുക, കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ സേവനം യഥാസമയം ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നത് ഉറപ്പാക്കുക, പട്ടികവർഗ്ഗ താലൂക്ക്-ജില്ലാതല ഓഫീസർമാർ പഞ്ചായത്ത് തലത്തിലുള്ള പ്രത്യേക അവലോകനവും പദ്ധതി നടത്തിപ്പ് വിലയിരുത്തുകയും ചെയ്യുക എന്നിവ വഴി ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിനും പദ്ധതികൾ ഫലപ്രാപ്തിയിൽ എത്തിക്കുന്നതിനും സാധിക്കുന്നതാണ്.

## ശിപാർശ 114 (ഖണ്ഡിക 262)

സങ്കേതങ്ങളിൽ എല്ലാം മെഡിക്കൽ ക്യാമ്പുകളും ആരോഗ്യ ബോധവൽക്കരണവും നൽകുന്നുണ്ട്. പി. എച്ച്. സി.-യുടെ സേവനം എസ്. ടി. വിഭാഗക്കാർക്കും ലഭ്യമാകുന്നുണ്ടെങ്കിലും മരുന്നും ഡോക്ടറുടെ സേവനവും തൃപ്തികരമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ജില്ലയിലെ പട്ടിക വർഗ്ഗക്കാർ അധിവസിക്കുന്ന പ്രദേശത്തെ പി.എച്ച്.സികളിൽ ആവശ്യാനുസരണം മരുന്നും ഡോക്ടറുടെ സേവനവും ലഭ്യമാക്കണമെന്ന സമിതി ശിപാർശ ചെയ്യുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

സംസ്ഥാനത്തെ മുഴുവൻ പട്ടികവർഗ്ഗക്കാർക്ക് ആരോഗ്യ മേഖലയിലെ സേവനം ലഭ്യമാക്കുന്നതിന് നിലവിൽ ആരോഗ്യ വകുപ്പ് നടപ്പാക്കുന്ന സേവനങ്ങൾക്ക് പുറമേ പട്ടികവർഗ്ഗ വികസനവകുപ്പ് സമഗ്ര ആരോഗ്യ പദ്ധതി കൂടി നടപ്പാക്കുന്നുണ്ട്. ഈ പദ്ധതിയിൻ പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളിലും, മെഡിക്കൽ കോളേജുകളിലും, ശ്രീചിത്ര മെഡിക്കൽ സെന്റർ, റീജിയണൽ ക്യാൻസർ സെന്റർ, സഹകരണ മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലും ആദിവാസികളുടെ ചികിത്സക്കാവശ്യമായ മുഴുവൻ തുകയും സ്ഥാപനങ്ങൾക്ക് മുൻകൂറായി നല്കുന്നുണ്ട്. ഇത് കൂടാതെ ആദിവാസികൾ കൂടുതലായി താമസിക്കുന്ന പ്രദേശങ്ങളിലെ താലൂക്കാശുപത്രികൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നീ സ്ഥാപനങ്ങളിലും ഫണ്ട് അനുവദിച്ച നല്കുന്നുണ്ട്. അടിയന്തര ചികിത്സ ആവശ്യമായ സന്ദർഭങ്ങളിൽ ആംബുലൻസിനും ഈ ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നുണ്ട്. ആശുപത്രിയിൽ രോഗിയുടെ സഹായി ആയി നില്ക്കുന്ന ഒരാൾക്ക് ദിവസം 50 രൂപ നല്കുവാനും ഈ പദ്ധതിയിൽ വ്യവസ്ഥയുണ്ട്. ഇത് കൂടാതെ ആശുപത്രിയിൽ പ്രവേശിപ്പിക്കാതെ ചികിത്സ ആവശ്യമായി വരുന്ന രോഗികൾക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിക്കുന്നുണ്ട്.

### ആരോഗ്യകുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി

പട്ടികവർഗ്ഗക്കാർ അധിവസിക്കുന്ന പ്രദേശത്തെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള ആരോഗ്യസ്ഥാപനങ്ങളിൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേനയാണ് മരുന്ന് വിതരണം നടത്തുന്നത്. സ്ഥാപന മേധാവികൾ ആവശ്യപ്പെടുന്ന തനുസരിച്ചാണ് മരുന്നുകൾ കോർപ്പറേഷൻ നൽകുന്നത്. കൂടാതെ ആശുപത്രി വികസന സമിതി മുഖേനയും അത്യാവശ്യ മരുന്നുകൾ വാങ്ങുന്നതിനുള്ള സൗകര്യം ഉണ്ട്. ആരോഗ്യ വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന ഗ്രാന്റിൽ നിന്നും അത്യാവശ്യഘട്ടങ്ങളിൽ മരുന്ന് വാങ്ങാവുന്നതാണ്. ഡോക്ടർമാരുടെ ഒഴിവുകൾ പി.എസ്.സി. മുഖേന നികത്തുമ്പോൾ പട്ടിക വർഗ്ഗക്കാർ അധിവസിക്കുന്ന പ്രദേശത്തെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലെ ഒഴിവുകൾ നികത്തുന്നിന് മുൻഗണന നൽകി വരുന്നു. നാഷണൽ,റൂറൽ ഹെൽത്ത് മിഷൻ മുഖേനയും ഡോക്ടർമാരെ നിയമിച്ച് വരുന്നു.

### കോട്ടയം ജില്ല

### ശിപാർശ 115 (ഖണ്ഡിക 263)

കോട്ടയം ജില്ലയിൽ 110 പട്ടികവർഗ്ഗ സങ്കേതങ്ങളിലായി ഹിന്ദു മലയരയ, ക്രിസ്ത്യൻ മലയരയ, ഉള്ളാട, മലവേടൻ തുടങ്ങിയ പട്ടികവർഗ്ഗ സമുദായക്കാർ അധിവസിക്കുന്നു. സ്വന്തമായി ഭൂമിയും പാർപ്പിടവും ഇല്ലാത്ത 136 പട്ടികവർഗ്ഗ കുടുംബങ്ങളും പാർപ്പിടമില്ലാത്തവരായി 268 പേരും ഇവിടെ ഉണ്ട്. ജില്ലയിൽ പട്ടികവർഗ്ഗക്കാരുടെ ഭൂമി അന്യാധീനപ്പെട്ടുപോയ 421 കേസ്സുകൾ ഉണ്ട്. തിരിച്ചെടുക്കാൻ ഉത്തരവുണ്ടെങ്കിലും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. അന്യാധീനപ്പെട്ടുപോയ ഭൂമി പട്ടികവർഗ്ഗക്കാർക്ക് നിലവിലുള്ള നിയമമനുസരിച്ച് വീണ്ടെടുത്ത് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

പട്ടികവർഗ്ഗക്കാരുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുനൽകുന്നതിനുള്ള 1999ലെ നിയമം ഊർജ്ജിതമായി നടപ്പാക്കുവാൻ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള എല്ലാ കേസ്സുകളും തീർപ്പാക്കുവാൻ ആർ.ഡി.ഒ.-മാർ സത്വര നടപടി സ്വീകരിച്ചുവരുന്നു.

### ശിപാർശ 116 (ഖണ്ഡിക 264)

കൃഷി വകുപ്പിൽ നിന്നും വാഴ, വാനില മുതലായവ കൃഷി ചെയ്യുന്നതിനുള്ള ധനസഹായവും പരിശീലനവും നൽകി വരുന്നു. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നിന്ന് കാർഷിക ഉല്പന്നങ്ങൾ വിപണിയിലെത്തിക്കാൻ വാഹന സൗകര്യം ഭാഗികമായി മാത്രമേ

ലഭിക്കുന്നുള്ളൂ. കാർഷിക വിളകൾക്ക് ന്യായമായ വില ലഭിക്കുന്നുണ്ട്. ജില്ലയിൽ മൂന്ന് തൊഴിൽ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പരമ്പരാഗത തൊഴിൽ പരിശീലനവും തയ്യൽ, മരപ്പണി, ഡ്രൈവിംഗ്, കമ്പ്യൂട്ടർ പരിശീലനങ്ങളും എസ്.ടി. വിഭാഗക്കാർക്കായി നൽകി വരുന്നു. കുടിവെള്ളം വിതരണം കേരളാ വാട്ടർ അതോറിറ്റി മുഖേന പൈപ്പ് ലൈൻ വഴിയും ഗ്രൗണ്ട് വാട്ടർ അതോറിറ്റി മുഖേന കുഴൽ കിണറും കൂടാതെ പൊതു കിണറും വഴിയും നടപ്പാക്കുന്നു. പട്ടികവർഗ്ഗ സങ്കേതങ്ങളിലും അവരുടെ കൃഷിയിടങ്ങളിലും കാട്ടുപന്നി തുടങ്ങിയവ കൃഷി നശിപ്പിക്കുന്ന സംഭവങ്ങൾ ഉണ്ടാവാറുള്ളതായി സമിതി മനസ്സിലാക്കുന്നു. ഇതിനെതിരെ ഫലപ്രദമായ നടപടികൾ പട്ടികവർഗ്ഗ വികസന വകുപ്പിന്റേയും വനം വകുപ്പിന്റേയും ആഭിമുഖ്യത്തിൽ നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ വനം വകുപ്പുമായി ആലോചിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

**ശിപാർശ 117 (ഖണ്ഡിക 265)**

എസ്. ടി. സങ്കേതങ്ങളിൽ മെഡിക്കൽ പരിശീലന ക്യാംപുകൾ നടത്താറുണ്ട്. എല്ലാ സങ്കേതങ്ങളിലും പ്രൈമറി ഹെൽത്ത് സെന്ററുകൾ ഇല്ല. ഇടമറുക്, തലനാട്, മേലുകാവ് എന്നിവിടങ്ങളിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലെ നിലവിലുള്ള സൗകര്യങ്ങൾ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആകയാൽ പ്രസ്തുത പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലെ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ജില്ലയിലെ പട്ടികവർഗ്ഗ സങ്കേതങ്ങളിലേക്കായി ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റും ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ കൂടുതൽ സൗകര്യങ്ങൾ നൽകുവാൻ ആരോഗ്യ വകുപ്പിന് നിർദ്ദേശം നൽകുന്നതാണ്. കൂടാതെ കൂടുതൽ ദുർഘടമായ പ്രദേശങ്ങളിൽ സഞ്ചരിക്കുന്ന വൈദ്യസഹായ യൂണിറ്റുകൾ തുടങ്ങുന്നതിനും ആരോഗ്യ വകുപ്പിനോട് അഭ്യർത്ഥിക്കുന്നതാണ്.

**ശിപാർശ 118 (ഖണ്ഡിക 267)**

ജില്ലയിലെ മിക്ക പട്ടികവർഗ്ഗ സങ്കേതങ്ങളിലേക്കും ഗതാഗതയോഗ്യമായ റോഡുകൾ ഇല്ല എന്നും ബസ് സൗകര്യം വളരെ കുറവാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഗതാഗതയോഗ്യമായ റോഡുകൾ നിർമ്മിക്കണമെന്നും ആവശ്യാനുസരണം ബസ് സൗകര്യം ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പട്ടികവർഗ്ഗ മേഖലകളിൽ ഘട്ടം ഘട്ടമായി ഗതാഗത യോഗ്യമായ റോഡുകൾ നിർമ്മിക്കുന്നതാണ്.

### ശിപാർശ 119 (ഖണ്ഡിക 268)

20 പട്ടികവർഗ്ഗ പ്രൊമോട്ടർമാർ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ ഓരോ പഞ്ചായത്ത് വാർഡുകളിലും പട്ടികവർഗ്ഗ സങ്കേതങ്ങൾ കേന്ദ്രീകരിച്ച് ഊരുകൂട്ടങ്ങൾ നിലവിലുണ്ട്. ഇവിടത്തെ സങ്കേതങ്ങളിലെ സാനിട്ടേഷൻ സൗകര്യം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മെച്ചമായ സാനിട്ടേഷൻ സംവിധാനം ഒരുക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നു സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ള പട്ടികവർഗ്ഗ വികസന വകുപ്പിന്റെ Grant-in-Aid ഉപയോഗിച്ച് പഞ്ചായത്തുകൾക്ക് സാനിറ്റേഷൻ പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്.

### ഇടുക്കി ജില്ല

### ശിപാർശ 120 (ഖണ്ഡിക 272)

വാസയോഗ്യമായ പാർപ്പിടങ്ങളുടെ അഭാവമാണ് ജില്ലയിലെ പട്ടികവർഗ്ഗക്കാർ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന് എന്ന് സമിതി മനസ്സിലാക്കി. 4000 പാർപ്പിടരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾ ജില്ലയിലുണ്ടെന്ന് കണക്കാക്കപ്പെടുന്നു. ദുർഘട പ്രദേശങ്ങളിലുള്ളവർക്ക് 75,000 രൂപയും മറ്റുള്ളവർക്ക് 70,000 രൂപയും ഭവന നിർമ്മാണ സാമ്പത്തിക സഹായമായി നൽകി വരുന്നു. ഈ തുക വാസയോഗ്യമായ ഒരു വീട് നിർമ്മിക്കുന്നതിന് വളരെ കുറവാണെന്നു സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഭവന നിർമ്മാണത്തിനനുവദിക്കുന്ന തുക കാലോചിതമായി വർദ്ധിപ്പിക്കുണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

ഭവന നിർമ്മാണത്തിനുള്ള തുക 1-4-2009 മുതൽ 1,25,000 രൂപയാക്കി ഉയർത്തിയിട്ടുണ്ട്.

### ശിപാർശ 121 (ഖണ്ഡിക 273)

ജില്ലയിൽ ആകെ 242 വീടുകൾ പണിയുവാൻ നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിച്ചതിൽ മറയൂരിൽ 143-ഉം പൂപ്പാറ കോളനിയിൽ 47-ഉം വീടുകളുടെ പണി പൂർത്തിയായിയെന്നും കണ്ടള കോളനിയിൽ അനുവദിച്ച 72 വീടുകളുടെ പണി പല ഘട്ടങ്ങളിലാണെന്നും ചില വീടുകളുടെ ഒന്നാം ഘട്ടം പണി മാത്രമേ പൂർത്തിയായിട്ടുള്ളുവെന്നും രണ്ടാം ഘട്ട പണി എക്സ്പെർട്ട് കമ്മിറ്റിയുടെ പരിശോധന നടക്കാത്തതുമൂലം മുടങ്ങിക്കിടക്കുകയാണെന്നും

സമിതിക്ക് മനസ്സിലാക്കാൻ സാധിച്ചു. എക്സ്പെർട്ട് കമ്മിറ്റി സമയബന്ധിതമായി പരിശോധിച്ച് റിപ്പോർട്ട് നൽകാത്തത് ഗുരുതരമായ വീഴ്ചയായി സമിതി കണക്കാക്കുന്നു. ആയതിനാൽ ഭവന നിർമ്മാണം ത്വരിതഗതിയിൽ ആക്കുന്നതിന് വേണ്ട നടപടികൾ ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

വീടുപണി എക്സ്പെർട്ട് കമ്മിറ്റി പരിശോധിക്കണമെന്ന വ്യവസ്ഥ ഇപ്പോൾ ഒഴിവാക്കിയിട്ടുണ്ട്. സൈറ്റ് മാനേജരുടെ സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഓരോ ഗഡുക്കളും മുൻകൂറായി നൽകുവാൻ നടപടി സ്വീകരിക്കുകയും വീടുപണി ഇപ്പോൾ ത്വരിതഗതിയിൽ പുരോഗമിക്കുകയും ചെയ്യുന്നുണ്ട്.

## ശിപാർശ 122 (ഖണ്ഡിക 274)

നിർമ്മിതികേന്ദ്രം മുഖേന പണി പൂർത്തിയാക്കിയ മറയൂർ, പൂപ്പാറ കോളനികളിലെ 190 ഓളം വീടുകൾ മഴക്കാലങ്ങളിൽ ചോർന്നൊലിക്കുന്നതായി സമിതി മനസ്സിലാക്കുകയും കോൺക്രീറ്റ് ടെറസ്സിന്റെ ഇരുവശവും സിമന്റ് പൂശുവാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി അധികൃതർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ഇതിന്മേൽ സ്വീകരിച്ച നടപടി സമിതിയെ അറിയിക്കണമെന്ന് നിർദ്ദേശിക്കുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

കോൺക്രീറ്റിംഗിലെ അപാകത നിർമ്മിതി കേന്ദ്രത്തെ അറിയിക്കുകയും വീടുകൾക്ക് അറ്റകുറ്റപ്പണികൾ നിർമ്മിതികേന്ദ്രം നടപ്പാക്കുകയും ചെയ്തിരുന്നു. എന്നാൽ അതിനുശേഷവും ചില വീടുകളിൽ കാണപ്പെട്ട ചോർച്ച നിർമ്മിതി കേന്ദ്രത്തെ അറിയിച്ചപ്പോൾ പണികൾക്ക് ഒരു വർഷത്തിൽ കൂടുതൽ ഗ്യാരന്റി നൽകാൻ കഴിയില്ല എന്ന നിലപാടാണ് അവർ സ്വീകരിച്ചിട്ടുള്ളത്.

## <u>22-6-2010 -ലെ സമിതിയോഗം ആവശ്യപ്പെട്ട അധികവിവരം</u>

വീടുകൾക്കുണ്ടായിട്ടുള്ള ചോർച്ചയ്ക്ക് ശാശ്വത പരിഹാരം കാണുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് ആരായാൻ തീരുമാനിച്ചു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

നിലവിൽ ചോർന്നൊലിക്കുന്ന വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് പ്രത്യേകം പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കി Tribal Resettlement & Development Mission തുടർനടപടി സ്വീകരിച്ചിട്ടുണ്ട്.

## ശിപാർശ 123 (ഖണ്ഡിക 275)

മണൽ ദൗർലഭ്യവും പ്രതികൂല കാലാവസ്ഥയുംമൂലമാണ് വീടുകളുടെ പണി പൂർത്തിയാക്കാൻ കഴിയാത്തതെന്ന് നിർമ്മിതി കേന്ദ്രം അധികൃതർ അഭിപ്രായപ്പെട്ടു എന്നാൽ നിർമ്മിതി കേന്ദ്രം ഈ വിഷയത്തിൽ സ്വീകരിക്കുന്ന ഉദാസീനത സമിതി ഗൗരവമായി കാണുന്നു. സമയബന്ധിതമായി ഭവന നിർമ്മാണം കുറ്റമറ്റരീതിയിൽ പൂർത്തീകരിക്കാൻ നിർമ്മിതി കേന്ദ്രത്തിന് സാധിക്കുന്നില്ലെങ്കിൽ ഗ്രാമ-പഞ്ചായത്തിനേയോ മറ്റ് ഏജൻസികളെയോ ഭവന നിർമ്മാണം ഏൽപ്പിക്കണമെന്നും നിർമ്മിതി കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് പരിശോധന നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

നിർമ്മിതി കേന്ദ്രത്തിനെ പട്ടികവർഗ്ഗ മേഖലയിലെ ഭവന നിർമ്മാണം ഏല്പിക്കുന്നത് ഭാവിയിൽ ഒഴിവാക്കുന്നതാണ്. നിർമ്മിതി കേന്ദ്രത്തിന്റെ നിരുത്തരവാദിത്വപരമായ പ്രവർത്തനം ഭവന നിർമ്മാണ വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

### 22-6-2010 -ലെ സമിതി യോഗം ആവശ്യപ്പെട്ട അധിക വിവരം

പ്രസ്തുത ശിപാർശയ്ക്കു ഭവന നിർമ്മാണ വകുപ്പിനോട് മറുപടി ലഭ്യമാക്കണ-മെന്നാവശ്യപ്പെടാൻ സമിതി നിർദ്ദേശിച്ചു

### ഭവനനിർമ്മാണ വകുപ്പ് സ്വീകരിച്ച നടപടി

6-3-2007-ലെ സ. ഉ. (കൈ) നമ്പർ 18/07/പ.ജ.പ.വ.ക്ഷേമ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2560 വീടുകളുടെ നിർമ്മാണം സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനെ ഏൽപ്പിച്ചിരുന്നു. 70,000 രൂപ എന്ന നിരക്കിൽ ആകെ 2556 വീടുകൾക്കായി ആകെ 17,89,20,000 രൂപ പട്ടികജാതി വികസന വകുപ്പിൽ നിന്നും ലഭിച്ചു. ടി പദ്ധതിയിൽ ഉൾപ്പെട്ട വീടുകളുടെ നിർമ്മാണം സംസ്ഥാന നിർമ്മിതികേന്ദ്രം നേരിട്ടല്ല നടത്തിയിരുന്നത്. ഗുണഭോക്താക്കൾ നേരിട്ട് വീടുകൾ നിർമ്മിക്കുകയും പൂർത്തീകരിക്കുന്നതിന് ആനുപാതികമായി ഗഡുക്കളായി തുക നൽകുകയുമാണ് ചെയ്തിരുന്നത്.

2559 വീടുകളുടെ നിർമ്മാണം ആരംഭിച്ചതിൽ 2209 വീടുകൾ പൂർണ്ണമായും പൂർത്തീകരിച്ചിട്ടുണ്ട്. 2006-07 വർഷത്തെ പദ്ധതി ആയതിനാൽ 70,000 രൂപ മാത്രമാണ് ഒരു വീടിന് അനുവദിച്ചിരുന്നത്. ഭവനരഹിതരായവർക്ക് വീട് ലഭിക്കുന്ന ഒരു പദ്ധതി ആയതിനാൽ 2013 വരെയും തുക ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് ഗഡുക്കളായി നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ ബാക്കി 95,62,750 രൂപ (തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി

അറുപത്തിരണ്ടായിരത്തി എഴുന്നൂറ്റി അൻപത് രൂപ) കെസ്റ്റിക്കിന്റെ പക്കലുണ്ട്. ടി തുക പട്ടികജാതി വികസന വകുപ്പിന് തിരികെ നൽകുന്നതിന് അറിയിപ്പ് നൽകുകയും ഡെപ്പോസിറ്റ് ചെയ്യേണ്ട അക്കൗണ്ടിന്റെ വിവരം ലഭിക്കുന്ന മുറയ്ക്ക് തിരികെ അടയ്ക്കുന്നതാണെന്ന് സംസ്ഥാന നിർമ്മിതികേന്ദ്രം ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

എന്നാൽ 2006-07 -ലെ പദ്ധതി വിഹിതത്തിൽ അനുവദിച്ച 70,000 രൂപ അപര്യാപ്തമായതിനാലും അതിനുശേഷമുള്ള വർഷങ്ങളിൽ അനുവദിച്ച പദ്ധതിയിൽ പട്ടികജാതി വികസന വകുപ്പ് പദ്ധതി വിഹിതത്തിൽ വർദ്ധനവ് അനുവദിക്കുകയും ചെയ്തതിനാൽ 2006-07 പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിനുള്ള താൽപ്പര്യം കുറയുകയും ചെയ്തു. മേൽ സാഹചര്യത്തിൽ ഈ പദ്ധതി മറ്റൊരു ഏജൻസിയെ ഏൽപ്പിക്കുന്ന കാര്യം പ്രാവർത്തികമായിരുന്നില്ല.

## ശിപാർശ 124 (ഖണ്ഡിക 276)

ജില്ലയിലെ മിക്കവാറും എല്ലാ സ്ഥലങ്ങളിലും റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. റേഷൻ കടകൾ വഴി നല്ല അരിയും ധാന്യങ്ങളും വിതരണം ചെയ്യുന്നുണ്ടെന്നും ഇപ്പോൾ കൊടുക്കുന്ന കാർഡുകൾ എ.പി.എൽ. കാർഡുകളാണെന്നും എ.പി.എൽ. കാർഡുടമകൾക്ക് കിലോയ്ക്ക് 3 രൂപാ നിരക്കിൽ അരി നൽകാൻ പ്രത്യേക സർക്കാർ ഉത്തരവ് ആവശ്യമാണെന്നും ബന്ധപ്പെട്ടവർ സമിതിയെ അറിയിച്ചു. ആയതിനാൽ ഗവൺമെന്റ് ടി വിഷയത്തിൽ പ്രത്യേക ഉത്തരവിറക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

ബി. പി. എൽ. ലിസ്റ്റ് പുതുക്കുന്നതിനുള്ള നടപടി പുരോഗമിച്ച് വരികയാണ്. അർഹതപ്പെട്ട എല്ലാ പട്ടികവർഗ്ഗക്കാർക്കും ബി. പി. എൽ. പദ്ധതി ഉറപ്പാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നല്കുന്നതാണ്.

## ശിപാർശ 125 (ഖണ്ഡിക 277)

ഇടമലക്കുടി പട്ടികവർഗ്ഗ കോളനിയിൽ റോഡ് സൗകര്യമില്ലാത്തത് കാരണം 3 രൂപ വിലയുള്ള അരിയ്ക്ക് 8.50 രൂപാ നൽകേണ്ടി വരുന്നു. 22 കി.മീറ്റർ തലച്ചുമടായി സാധനങ്ങൾ കൊണ്ടുവരുന്നതുമൂലം ഒരു കിലോ അരിയിൽ 5 രൂപ 50 പൈസ കൂടി ചുമട്ടുകൂലിയായി നൽകേണ്ടിവരുന്നതായി സമിതിക്ക് മനസ്സിലായി. എടവനക്കുടി, പെരമ്പയാർക്കുടി എന്നീ കോളനികളിലും ഇതുപോലെ ഉയർന്ന തുക ഈടാക്കുന്നതായി സമിതി മനസ്സിലാക്കി. പട്ടിക വർഗ്ഗക്കാരിൽ നിന്ന് ഒരു കിലോ അരിക്ക് ഇത്രയും തുക

ഈടാക്കുന്നത് അന്യായമാണ്. ഈ സ്ഥലങ്ങളിൽ വിതരണം ചെയ്യുന്ന അരിക്കുള്ള ചുമട്ടുകൂലി സബ്സിഡിയായി അനുവദിക്കണമെന്നും ടി കോളനികളിൽ ഗതാഗത സൗകര്യം മെച്ചപ്പെടുന്നതിനാവശ്യമായ നടപടി അടിയന്തരമായി പ്രാവർത്തിക മാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

ഇടമലക്കുടിയിൽ ദേവികുളം ഗിരിജൻ സർവ്വീസ് സഹകരണ സംഘം നടത്തുന്ന റേഷൻ കടകളിലൂടെയാണ് പട്ടികവർഗ്ഗക്കാർക്ക് അരിയും റേഷൻ സാധനങ്ങളും വിതരണം ചെയ്യുന്നത്. ഇതിനായി ചുമട്ടുകൂലി ഇനത്തിൽ സൊസൈറ്റി ചെലവഴിക്കുന്ന തുക ഇപ്പോൾ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും സൊസൈറ്റിക്ക് നൽകി വരുന്നതും പട്ടിക വർഗ്ഗക്കാർക്ക് യഥാർത്ഥ വിലയ്ക്ക് തന്നെ റേഷൻ സാധനങ്ങൾ നൽകി വരുന്നതുമാണ്. വിദൂര ആദിവാസി മേഖല ആയ ഇടമലക്കുടിയിൽ റോഡ് സൗകര്യം ലഭ്യമാക്കാൻ ഇപ്പോൾ നടപടി സ്വീകരിച്ചു വരുന്നുണ്ട്.

**ശിപാർശ 126 (ഖണ്ഡിക 278)**

ഇടമലക്കുടി, പരമ്പയാർക്കുടി, മിന്നപ്പാറക്കുടി എന്നിവിടങ്ങളിലായി 5000 ത്തിൽപ്പരം ആദിവാസികൾ താമസിക്കുന്നു. 411 റേഷൻ കടകൾ ഉണ്ട്. ഇനി 200 കുടുംബങ്ങൾക്കു കൂടി റേഷൻ കാർഡുകൾ വിതരണം ചെയ്യാൻ ഉണ്ട്. ഇനിയും റേഷൻ കാർഡ് ലഭിച്ചിട്ടില്ലാത്ത ആദിവാസി കുടുംബങ്ങളുടെ പട്ടിക ഒരു നിശ്ചിത സമയ പരിധിവച്ച് പഞ്ചായത്തുതലത്തിൽ തയ്യാറാക്കുകയും റേഷൻ കാർഡ് ലഭ്യമാക്കാനുള്ള നടപടി സമയബന്ധിതമായി പൂർത്തീകരിക്കുകയും വേണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

ഇടമലക്കുടിയിൽ സ്ഥിരമായി താമസിക്കുന്നവർക്ക് റേഷൻകാർഡ് നല്കാൻ പൊതു വിതരണ വകുപ്പ് വഴി നടപടി സ്വീകരിച്ചിട്ടുണ്ട്. ഇനിയും കാർഡ് ലഭ്യമാകാത്തവരുടെ വിവരം പൊതു വിതരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

**ശിപാർശ 127 (ഖണ്ഡിക 280)**

ജില്ലയിലെ ഭൂമി വിതരണം ചെയ്ത കോളനികളിൽ 49 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് വൈദ്യുതീകരണത്തിനു വേണ്ടി തയ്യാറാക്കിയിട്ട് ഒരു മാസമായെന്നും പണം അനുവദിച്ചാൽ 2 ട്രാൻസ്ഫോർമറും സ്ഥാപിച്ച് 1.8 കി.മി. 11 കെ. വി. ലൈൻ വലിച്ച് മൂന്നു മാസത്തിനുള്ളിൽ പണി പൂർത്തീകരിക്കാമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വ്യക്തമാക്കി. പ്രസ്തുത കോളനികൾ വൈദ്യുതീകരിക്കുന്നതിനാവശ്യമായ സത്വര നടപടികൾ ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

ജില്ലയിൽ ഭൂമി വിതരണം ചെയ്ത (പുനരധിവാസ) കോളനികൾ വൈദ്യുതീകരിക്കുന്നതിന് വൈദ്യുതി ബോർഡ് തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. വൈദ്യുതീകരണം എത്രയും വേഗം പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

### ശിപാർശ 128 (ഖണ്ഡിക 282)

ആദിവാസി മേഖലയിൽ മണ്ണ് സംരക്ഷണത്തിന് പല പദ്ധതികളും ആവിഷ്കരിക്കുന്നുണ്ടെന്നും ബണ്ട് കെട്ടുന്നതിനായി 8.5 ലക്ഷം രൂപ അനുദിച്ചതിൽ 7.5 ലക്ഷം ചെലവഴിച്ചതായും 2004-ലെ റേറ്റ് പ്രകാരമുള്ള എസ്റ്റിമേറ്റ് തുകയാണെന്നും ഈ റേറ്റിൽ പണി നടത്താനാവില്ലെന്നും പേയ്മെന്റിന്റെ കാലതാമസം പ്രവർത്തനങ്ങൾക്ക് വിഘാതമാകുന്നുവെന്നും സെസ്സിന്റെ അനുമതിയോടെയാണ് ബണ്ട് നിർമ്മിക്കുന്നതെന്നും അധികൃതർ സമിതിയെ അറിയിച്ചു. മണ്ണൊലിപ്പ് തടയുന്നതിന് കയ്യാല കെട്ടുന്ന രീതി സ്വീകരിക്കുന്നുണ്ടെന്നും സമിതി മനസ്സിലാക്കി. ബണ്ട് നിർമ്മാണത്തിന്റെ പേയ്മെന്റിന് കാലതാമസം ഒഴിവാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി</u>

സമിതിയുടെ നിർദ്ദേശാനുസരണം പ്രവർത്തിക്കുന്നതാണ്.

### ശിപാർശ 129 (ഖണ്ഡിക 284)

വ്യാജമദ്യം, കഞ്ചാവ് എന്നിവയുടെ ഉൽപ്പാദനവും വിതരണവും ജില്ലയിൽ ചെറിയ തോതിൽ ഉണ്ടെന്നും പ്രസ്തുത കേസുകളിൽ പിടിക്കപ്പെടുന്നവരിൽ നിന്നും ഇവയുടെ ഉത്ഭവത്തെക്കുറിച്ച് അറിയാൻ കഴിയുന്നില്ലെന്നും വനം വകുപ്പധികൃതർ സമിതിയെ അറിയിച്ചു. വ്യാജ മദ്യ-മയക്കുമരുന്ന് ലോബികളെ ജില്ലയിൽ വേരുറപ്പിക്കാൻ അനുവദിക്കരുതെന്നും അതിനായി പോലീസ് - എക്സൈസ് വിഭാഗത്തിന്റെ പ്രവർത്തനം സജീവമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

ബഹുമാനപ്പെട്ട സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പോലീസ്, എക്സൈസ് വകുപ്പുകളുടെ സഹകരണത്തോടെ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

### ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശയിന്മേൽ അനന്തര നടപടികൾ സ്വീകരിച്ച് ഇടുക്കി എസ്.പി. റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ജില്ലയിലെ വിദൂരസ്വവും, ഒറ്റപ്പെട്ടതുമായ മേഖലകളിൽ പ്രവർത്തിക്കുന്ന വ്യജ മദ്യ, കഞ്ചാവ് ലോബികൾക്കെതിരെ നടപടികളെടുക്കുന്നതിന്,

എക്സൈസ്, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുകളുമായി സഹകരിച്ച് സംയുക്ത റെയിഡുകൾ സംഘടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലയിലുടനീളം ഒട്ടനവധി കേസുകൾ രജിസ്റ്റർ ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കുകയുമുണ്ടായി. തുടർന്നും ഇക്കാര്യത്തിൽ വേണ്ട ശ്രദ്ധ പുലർത്തുന്നതിനും കൂടുതൽ റെയിഡുകൾ നടത്തുന്നതിനും ജില്ലയിൽ നിന്നും വ്യാജ മദ്യ, കഞ്ചാവ് ലോബികളെ വേരോടെ നശിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും വേണ്ട കർശന നിർദ്ദേശങ്ങൾ ജില്ലയിലെ എല്ലാ പോലീസുദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ടെന്നും എസ്. പി. റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം അറിയിക്കുന്നു.

**നികുതി വകുപ്പ് സ്വീകരിച്ച നടപടി**

വ്യാജമദ്യ ലോബികളെ അമർച്ച ചെയ്യുവാൻ ജില്ലകളിലുടനീളം മറ്റ് ഡിപ്പാർട്ട്മെന്റുകളുമായി സഹകരിച്ച് ശക്തമായ നടപടികൾ സ്വീകരിക്കുകയും ജില്ലാ, താലൂക്ക്, പഞ്ചായത്ത്തല കമ്മിറ്റികളിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ബഹുജന പങ്കാളിത്തത്തോടുകൂടി ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നുമുണ്ട്.

**ശിപാർശ 130 (ഖണ്ഡിക 285)**

വന്യജീവികളുടെ ഉപദ്രവങ്ങൾ ഇടയ്ക്കിടെ ഉണ്ടാകാറുണ്ടെന്നും കൃഷിനാശത്തിന് കാരണമാകാറുണ്ടെന്നും സമിതിയെ അധികൃതർ അറിയിച്ചു വന്യജീവി ആക്രമണത്തിനെതിരെ സോളാർ ഫെൻസിംഗ് ഉൾപ്പെടെയുള്ള ഫലപ്രദമായ നടപടികൾ ഉണ്ടാകണമെന്നു സമിതി നിർദ്ദേശിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

വന്യ ജീവികളുടെ ആക്രമണത്തിൽ നിന്നും ആദിവാസികളേയും, അവരുടെ കൃഷിയേയും രക്ഷിക്കാൻ സോളാർ ഫെൻസിംഗ്, ട്രഞ്ച് നിർമ്മാണം എന്നീ മാർഗ്ഗങ്ങൾ അവലംബിക്കുന്നതാണ്.

**ശിപാർശ 131 (ഖണ്ഡിക 286)**

ഇടുക്കി ജില്ലയിൽ ട്രൈബൽ മേഖലയിലെ 105 സ്കൂളുകളുള്ളതിൽ 15 എണ്ണം ഹയർ സെക്കന്ററി സ്കൂളുകളാണ്. 100 സ്കൂളുകളിൽ എസ്. എസ്. എ. പാഠ്യപദ്ധതിയാണ്.

ജില്ലയിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ കുട്ടികൾക്ക് പഠനത്തിന് ആവശ്യമായ സൗകര്യങ്ങൾ ഉണ്ട്. ഈ സ്കൂളുകളിൽ നൂറുശതമാനം വിജയവും ലഭിക്കുന്നുണ്ട്. ടി മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പ്ലസ് ടു കോഴ്സ് അനുവദിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

ഇടുക്കി ജില്ലയിൽ മൂന്നാർ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു ആരംഭിച്ചു

**ശിപാർശ 132 (ഖണ്ഡിക 287)**

എസ്. എസ്. എൽ. സി. തോൽക്കുന്നവർക്ക് വീണ്ടും പരീക്ഷയെഴുതാൻ സഹായം നൽകുന്നുവെന്നും പ്രീമെട്രിക് ഹോസ്റ്റലുകളിൽ വേണ്ടത്ര സൗകര്യങ്ങളില്ലെന്നും സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ഏകദേശം 20% കുട്ടികൾ സ്കൂളുകളിൽ വരുന്നില്ലെന്നും അവർക്കായി ഏകാദ്ധ്യാപക വിദ്യാലയങ്ങൾ പ്രവർത്തിപ്പിക്കുകയും എസ്. ടി. പ്രൊമോട്ടർമാർ വഴി പ്രേരിപ്പിച്ച് വിദ്യാഭ്യാസം നൽകാൻ ശ്രമിച്ചു വരികയാണെന്നും സമിതിയെ അധികൃതർ അറിയിച്ചു. സ്കൂളുകളിൽ എത്താതെ പോകുന്ന 20% കുട്ടികളെ സ്കൂളിൽ എത്തിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ഇടുക്കി ജില്ലയിൽ സർക്കാർ ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂൾ എന്നിവയുടെ സമീപത്ത് കൂടുതൽ പ്രീ-മെട്രിക് ഹോസ്റ്റലുകൾ സ്ഥാപിക്കുവാൻ നടപടി എടുക്കുന്നതാണ്.

**ശിപാർശ 133 (ഖണ്ഡിക 288)**

മെഡിക്കൽ - എഞ്ചിനീയറിംഗ് കോഴ്സുകൾ കഴിഞ്ഞവർ, സർക്കാർ സർവ്വീസിലുള്ളവർ എന്നിവരെ സംബന്ധിച്ച് വ്യക്തമായ കണക്ക് വകുപ്പ് തയ്യാറാക്കിയിട്ടില്ലെന്ന് സമിതിക്ക് ബോധ്യമായി. വിദ്യാഭ്യാസ പുരോഗതി വിലയിരുത്തുന്നതിന് ഇത് സംബന്ധിച്ച കണക്കുകൾ സൂക്ഷിക്കേണ്ടത് അത്യാവശ്യമാണെന്നും ആകയാൽ ഇത് സംബന്ധിച്ച കണക്കുകൾ തയ്യാറാക്കി സമിതിക്ക് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

ഉന്നത വിദ്യാഭ്യാസം കഴിഞ്ഞു പോകുന്ന പട്ടികവർഗ്ഗ വിഭാഗങ്ങൾ പിന്നീട് അവർ നേടിയെടുക്കുന്ന തൊഴിൽ മേഖലയെ പറ്റി വകുപ്പിനെ അറിയിക്കുവാൻ താല്പര്യപ്പെടാത്തതാണ് ഇത് സംബന്ധിച്ച ഒരു വിവരവും വകുപ്പിൽ ലഭ്യമാകാത്തതിന് കാരണം. എന്നാൽ പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, കില എന്നിവയുടെ നേതൃത്വത്തിൽ നടന്നുവരുന്ന പട്ടികവർഗ്ഗ മേഖലയിലെ സമ്പൂർണ്ണ സർവ്വേ പൂർത്തിയാകുന്ന മുറയ്ക്ക് ഈ വിവരങ്ങൾ ലഭ്യമാകുന്നതാണ്.

<u>22-6-2010-ലെ സമിതിയോഗം ആവശ്യപ്പെട്ട അധികവിവരം</u>

പട്ടികവർഗ്ഗ മേഖലയിലെ സമ്പൂർണ്ണ സർവ്വേ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് ബന്ധപ്പെട്ട വകുപ്പിനോട് ആരായാൻ തീരുമാനിച്ചു

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

കില, തദ്ദേശസ്വയംഭരണ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ നടത്തിയ സമ്പൂർണ്ണ സർവ്വേ അവസാന ഘട്ടത്തിലാണ്. ഇടുക്കി, കോട്ടയം തിരുവനന്തപുരം എന്നീ ജില്ലകളിലെ ഏതാനും പ്രദേശങ്ങൾകൂടി ഇനി സർവ്വേ ചെയ്യാനുണ്ട്. ഇതുവരെ പൂർത്തിയായ സർവ്വേ കണക്കുകൾ കില പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബാക്കി ജോലികൾ ഈ വർഷം ഫെബ്രുവരി 28-നകം പൂർത്തീകരിക്കുന്നതാണ്.

**ഭവന നിർമ്മാണ വകുപ്പ് സ്വീകരിച്ച നടപടി**

ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയത്തിൽ മെഡിക്കൽ - എഞ്ചിനീയറിംഗ് കോഴ്സുകൾ കഴിഞ്ഞ പട്ടികവർഗ്ഗത്തിലുള്ള ജീവനക്കാർ ആരുംതന്നെയില്ല. പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരു ജീവനക്കാരി പ്യൂൺ തസ്തികയിൽ ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയത്തിൽ ജോലി ചെയ്തുവരുന്നുണ്ട്. ടി കാര്യാലയത്തിന് ഉപകാര്യാലയങ്ങൾ ഇല്ല. ഭവന നിർമ്മാണ ബോർഡിൽ മെഡിക്കൽ കോഴ്സ് കഴിഞ്ഞ പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെട്ട ജീവനക്കാർ ആരും തന്നെയില്ല. എഞ്ചിനീയറിംഗ് കോഴ്സ് കഴിഞ്ഞ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട 36 ജീവനക്കാർ ഭവന നിർമ്മാണ ബോർഡിൽ വിവിധ തസ്തികകളിൽ ജോലി ചെയ്തു വരുന്നു. ഭവന നിർമ്മാണ ബോർഡിൽ വിവിധ തസ്തികകളിൽ ജോലി ചെയ്തുവരുന്ന പട്ടികജാതി / പട്ടികവർഗ്ഗത്തിൽപ്പെട്ട ജീവനക്കാരുടെ ജില്ല തിരിച്ചുള്ള വിവരം താഴെ ചേർത്തിരിക്കും പ്രകാരമാണ്.

**ഭവനനിർമ്മാണ ബോർഡിൽ ജോലി ചെയ്യുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ ജില്ലതിരിച്ചുള്ള വിവരം**

| Sl. No. | District | Assistant secretary | Accounts Officer | Revenue Surveyor Grade I | Junior Superintendent | Assistant Grade I | Assistant Grade II | Gr. Confidential Assistant | Driver | Clerical Assistant | L.G.E | Full Time Sweeper | Regional Engineer | Executive Engineer | Assistant Exicutive Engineer | Assistant Engineer | First Grade Drafsman | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | Thiruvananthapuram | 2 | | | 3 | 2 | 1 | 1 | 2 | 1 | | 1 | | 3 | 3 | 1 | 5 | 25 |
| 2 | Kollam | | | | 1 | 1 | | | | | 2 | | | | | 1 | 1 | 6 |
| 3 | Pathanamthitta | | | | | | | | | | | | | | | | | |
| 4 | Alappuzha | | | | | | | | | | 2 | | | | | 1 | 3 | 6 |
| 5 | Kottayam | 1 | | | | 1 | | | | 1 | | | | | 1 | 1 | | 5 |
| 6 | Ernakulam | | 1 | 1 | 1 | 1 | 2 | | | | 1 | 1 | | | | | 3 | 11 |
| 7 | Idukki | | | | | | | | | | 1 | | | 1 | | 2 | | 4 |
| 8 | Thrissur | | | | 1 | | | | | | | | | 1 | | | | 2 |
| 9 | Malappuram | | | | | | | | | | 1 | | | | | | | 1 |
| 10 | Palakkad | | | | | | 1 | | | | | | | | | 1 | | 2 |
| 11 | Kozhikode | | | | | 1 | | | | | 1 | | 1 | 1 | 1 | | 1 | 6 |
| 12 | Wayanad | | | | | | | | | | | | | 1 | | | | 1 |
| 13 | Kannur | | | | | | | | | 1 | | | | | | | | 1 |
| 14 | Kasaragod | | | | | | | | | | | | | 1 | | 1 | | 2 |
| | Total | 3 | 1 | 1 | 6 | 6 | 4 | 1 | 2 | 3 | 8 | 2 | 1 | 8 | 5 | 8 | 13 | 72 |

**ഭവന നിർമ്മാണ ബോർഡിൽ ജോലി ചെയ്യുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ ജില്ലതിരിച്ചുള്ള വിവരം**

| Sl. No. | District | Assistant secretary | Accounts Officer | Revenue Surveyor Grade I | Junior Superintendent | Assistant Grade I | Assistant Grade II | Gr. Confidential Assistant | Driver | Clerical Assistant | L.G.E | Full Time Sweeper | Regional Engineer | Executive Engineer | Assistant Exicutive Engineer | Assistant Engineer | First Grade Drafsman | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | Thiruvananthapuram | | | | | | | | | | | | | | | | 1 | 1 |
| 2 | Kollam | | | | | | | | | | | | | | | | | |
| 3 | Pathanamthitta | | | | | | | | | | | | | | | | | |
| 4 | Alappuzha | | | | | | | | | | | | | | | | | |
| 5 | Kottayam | | | | | | | | | | | | | | | | | |
| 6 | Ernakulam | | | | | | 1 | | | | | | | | | | | 1 |
| 7 | Idukki | | | | | | | | | 1 | | | | | | | | 1 |
| 8 | Thrissur | | | | | | | | | | | | | | | | | |
| 9 | Malappuram | | | | | | | | | | | | | | | | | |
| 10 | Palakkad | | | | | | | | | | | | | | | | | |
| 11 | Kozhikode | | | | | | | | | | | | | | | | | |
| 12 | Wayanad | | | | | | | | | 1 | | | | | | | | 1 |
| 13 | Kannur | | | | | | 1 | | | | | | | | | | | 1 |
| 14 | Kasaragod | 1 | | | | | | | | | 1 | | | | | | | 2 |
| | Total | 1 | | | | | 2 | | | 2 | 1 | | | | | | 1 | 7 |

## ശിപാർശ 134 (ഖണ്ഡിക 289)

മറയൂർ ആദിവാസി കോളനിയിൽ താമസിക്കുന്ന ആദിവാസികൾക്ക് കുടി വെള്ളക്ഷാമം, കാട്ടാനശല്യം എന്നിവ മൂലമുള്ള ബുദ്ധിമുട്ടുകൾ സമിതി നേരിൽ കണ്ടു മനസ്സിലാക്കി. ടി കോളനിയിൽ ശുദ്ധ ജലം എത്തിക്കാൻ വേണ്ടിയുള്ള ചെക്ക് ഡാം നിർമ്മാണത്തിന് വനം വകുപ്പിൽ നിന്നും അനുമതി ലഭിച്ചാലേ നടപ്പാക്കാൻ കഴിയുകയുള്ളൂവെന്ന് ബന്ധപ്പെട്ടവർ

സമിതിയെ അറിയിച്ചു. മറയൂർ ആദിവാസി കോളനിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കുടക്കാട് ഒരു ചെക്ക് ഡാം നിർമ്മിക്കുന്നതിനുള്ള അനുമതി നല്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

മറയൂർ പുനരധിവാസ കോളനിയിലെ ശുദ്ധജല പദ്ധതിക്ക് വനം വകുപ്പിന്റെ തടസ്സം നീക്കുന്നതിന് 2006-ലെ വനാവകാശ നിയമ പ്രകാരം നടപടി സ്വീകരിക്കുവാൻ ഇടുക്കി സംയോജിത പട്ടികവർഗ്ഗ വികസന പ്രോജക്ട് ഓഫീസർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

**ശിപാർശ 135 (ഖണ്ഡിക 290)**

ആദിവാസികൾക്ക് പട്ടയം നൽകിയ ഭൂമിയിൽ വനംവകുപ്പ് ജണ്ട കെട്ടി തിരിച്ച് കൈവശമാക്കിയത് പരിശോധിക്കണമെന്നും ആദിവാസികൾക്ക് നൽകിയ ഭൂമി അവർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

ആദിവാസികൾക്ക് പട്ടയം നല്കിയ ഭൂമിയിൽ ജണ്ട കെട്ടിയിട്ടുണ്ടെന്നുള്ള സമിതിയുടെ നിരീക്ഷണം വനം വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതും ഈ ഭൂമി ഇവർക്ക് തിരികെ നല്കാൻ നടപടി സ്വീകരിക്കുന്നതുമാണ്.

<u>22-6-2010-ലെ സമിതി യോഗം ആവശ്യപ്പെട്ട അധിക വിവരം</u>

ആദിവാസികൾക്ക് ഭൂമി തിരികെ നൽകുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് ബന്ധപ്പെട്ട വകുപ്പിനോട് ആരായാൻ തീരുമാനിച്ചു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

ഇടുക്കി ജില്ലയിൽ മറയൂരിൽ ട്രൈബൽ റീസെറ്റിൽമെന്റ് & ഡെവലപ്മെന്റ് മിഷൻ മുഖേന 242 പട്ടികവർഗ്ഗക്കാർക്ക് ഒന്നര ഏക്കർ വീതം റവന്യൂ ഭൂമി 2002-ൽ പട്ടയം നൽകി പുനരധിവസിപ്പിച്ചിരുന്നു. ആയതിൽ 10 പേരുടെ പ്ലോട്ടുകളിൽപ്പെട്ട 3 ഏക്കറോളം സ്ഥലം വനഭൂമിയാണെന്ന് അവകാശവാദം ഉന്നയിച്ച് വനംവകുപ്പ് അധികൃതർ ജണ്ട ഇടുകയുണ്ടായി. ജണ്ട ഇട്ട സമയത്ത് പട്ടികവർഗ്ഗക്കാർ ശരിയായ അതിർത്തി ചൂണ്ടിക്കാണിച്ച് നൽകാത്തതുമൂലമാണ് ഇങ്ങനെ സംഭവിച്ചതെന്നറിയുന്നു. റവന്യൂ വകുപ്പിന്റെ രേഖകൾ പരിശോധിച്ചതിൽ ഈ സ്ഥലം റവന്യൂ ഭൂമിയാണെന്നും പട്ടികവർഗ്ഗക്കാരായ ഉടമസ്ഥർ ടി ഭൂമിയുടെ കരമടച്ചു വരുകയാണെന്നും കണ്ടെത്തുകയും ചെയ്തിരുന്നു. പട്ടികവർഗ്ഗക്കാർക്ക് പട്ടയം നൽകിയ സ്ഥലത്തിന്റെ അതിരിലൂടെ മുമ്പ് ടി.ആർ.ഡി.എം മുഖേന സൗരോർജ്ജ വേലി നിർമ്മിച്ചു നൽകിയിരുന്നു. ആയത്

പ്രവർത്തന രഹിതമായതിനെത്തുടർന്ന് വനംവകുപ്പ് ടി സ്ഥലത്ത് സൗരോർജ്ജവേലി നിർമ്മിക്കുന്നതിനായി പദ്ധതി തയ്യാറാക്കുകയും തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി 16-1-2012 മുതൽ കാടുവെട്ടി പണികളാരംഭിക്കുകയും ചെയ്തിട്ടുണ്ട്. ജണ്ട ഇട്ടിരിക്കുന്നത് പ്ലോട്ടുകൾക്കുള്ളിലാണെങ്കിലും പട്ടയ ഭൂമിയിൽ പ്രവേശിക്കുന്നതിനോ മറ്റു കാര്യങ്ങൾക്കോ വനംവകുപ്പിന്റെ ഭാഗത്തു നിന്നു നിലവിൽ തടസ്സങ്ങളൊന്നുമില്ലായെന്ന് ബോധിപ്പിച്ചു കൊള്ളുന്നു.

## എറണാകുളം ജില്ല

### ശിപാർശ 136 (ഖണ്ഡിക 292)

ജില്ലയിൽ പരമ്പരാഗത തൊഴിൽ പരിശീലന കേന്ദ്രങ്ങളും, വ്യാവസായിക പരിശീലന കേന്ദ്രങ്ങളും സ്ഥാപിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ജില്ലയിൽ ഓരോ പരമ്പരാഗത തൊഴിൽ പരിശീലന കേന്ദ്രവും, വ്യാവസായിക പരിശീലന കേന്ദ്രവും സ്ഥാപിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

എറണാകുളം ജില്ലയിൽ കുനമ്മാവിൽ പരമ്പരാഗത തൊഴിലിൽ പരിശീലനം നല്കുന്നതിലേക്കായി ഒരു നെയ്ത്ത് പരിശീലന കേന്ദ്രം പ്രവർത്തിച്ചുവരുന്നുണ്ട്.

### തൊഴിലും നൈപുണ്യവും വകുപ്പ് സ്വീകരിച്ച നടപടി

വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ ട്രെയിനിംഗ് വകുപ്പിന്റെ കീഴിൽ എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. (ഐ. ടി. ഐ. കളമശ്ശേരി, ഐ. ടി. ഐ. കളമശ്ശേരി (വനിത) എന്നിവ).

2009-10 വർഷത്തിൽ 19-6-2009ലെ സ.ഉ.(കൈ)75/09/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം എറണാകുളം ജില്ലയിലെ മണീട്, ആരക്കുഴ എന്നീ 2 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ പുതിയതായി വ്യാവസായിക പരിശീലന സ്ഥാപനങ്ങൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

### ശിപാർശ 137 (ഖണ്ഡിക 293)

ജില്ലയിലെ പൊങ്ങിൻചുവട് കോളനിക്കടുത്ത് പ്രൈമറി ഹെൽത്ത് സെന്ററോ, മെഡിക്കൽ യൂണിറ്റോ നിലവിലില്ലാത്തതിനാൽ കോതമംഗലത്തെത്തിയാൽ മാത്രമേ ചികിത്സ ലഭ്യമാകുന്നുള്ളൂ. കോളനി നിവാസികൾക്ക് ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് ഒരു പ്രാഥമികാരോഗ്യ കേന്ദ്രം സ്ഥാപിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

ഈ പ്രദേശത്ത് ഒരു പ്രാഥമികാരോഗ്യ കേന്ദ്രം സ്ഥാപിക്കുന്ന കാര്യം ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

22-6-2010-ലെ സമിതി യോഗം ആവശ്യപ്പെട്ട അധികവിവരം

പ്രസ്തുത ഖണ്ഡിക സംബന്ധിച്ച് ആരോഗ്യകുടുംബക്ഷേമ വകുപ്പിനോട് മറുപടി ആവശ്യപ്പെടാൻ സമിതി നിർദ്ദേശിച്ചു.

**ആരോഗ്യകുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി**

വേങ്ങൂർ സാമൂഹ്യാരോഗ്യ കേന്ദ്രത്തിന് കീഴിലുള്ള പൊങ്ങിൻചുവടിൽ സ്ഥിതി ചെയ്യുന്ന ആദിവാസി കോളനിയിൽ എത്തിച്ചേരുന്നതിന് പ്രസ്തുത സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ നിന്നും 65 കി.മീറ്ററും കോതമംഗലം താലൂക്ക് ആശുപത്രിയിൽ നിന്നും 40 കിലോമീറ്ററും സഞ്ചരിക്കേണ്ടതായുണ്ട്. ടി പ്രദേശത്ത് എത്തിച്ചേരുന്നതിന് റോഡോ മറ്റ് ഗതാഗത സൗകര്യങ്ങളോ ഇല്ല. കൂടാതെ, ഇവിടെ വൈദ്യുതിയും ആശയവിനിമയത്തിനുള്ള മറ്റ് സൗകര്യങ്ങളും ലഭ്യമല്ല.

ആരോഗ്യ വകുപ്പ് ഈ മേഖലയിൽ മാസത്തിലൊരിക്കൽ റൂട്ടീൻ ഇമ്മ്യൂണൈസേഷൻ പരിപാടികൾ കൃത്യമായി നടത്തിവരുന്നുണ്ട്. കൂടാതെ, എം. ഡി. എ. (മൾട്ടി ഡ്രഗ് അഡ്മിനിസ്ട്രേഷൻ) പൾസ് പോളിയോ തുടങ്ങിയ ദേശീയ രോഗപ്രതിരോധ പരിപാടികളും ആർ. സി. എച്ച്. ഫണ്ട് ഉപയോഗിച്ചുള്ള മെഡിക്കൽ ക്യാമ്പുകളും നടത്താറുണ്ട്. ഇതിനായി രോഗികളെ പരിശോധിക്കുന്നതിനും, പ്രതിരോധ കുത്തിവെയ്പുകൾ നടത്തുന്നതിനുമുള്ള താൽക്കാലിക സജ്ജീകരണം എം.പി.ഫണ്ട് ഉപയോഗിച്ച് ഒരുക്കിയിട്ടുണ്ട്. എന്നാൽ അവിടെ സ്ഥിരമായി ഒരു പ്രാഥമികാരോഗ്യ കേന്ദ്രം ആരംഭിക്കുന്നത് പ്രായോഗികമല്ല.

14-2-2012-ലെ സമിതി യോഗം ആവശ്യപ്പെട്ട അധികവിവരം

എറണാകുളം ജില്ലയിലെ പൊങ്ങിൻചുവട് കോളനി നിവാസികൾക്ക് ചികിത്സ ലഭ്യമാക്കുന്നതിന് പ്രാഥമികാരോഗ്യകേന്ദ്രം സ്ഥാപിക്കുന്നത് സംബന്ധിച്ച 293-ാം നമ്പർ ശിപാർശയിന്മേൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ലഭ്യമാക്കിയ മറുപടി സമിതി പരിഗണിക്കുകയും പൊങ്ങിൻചുവട് കോളനി നിവാസികൾക്ക് ചികിത്സ ഉറപ്പു വരുത്തുന്നതിനായി ഒരു പ്രാഥമിക ആരോഗ്യകേന്ദ്രം സ്ഥിരമായി സ്ഥാപിക്കുന്നത് പ്രായോഗികമല്ലെങ്കിൽ ഒരു സബ്സെന്റർ എങ്കിലും സ്ഥാപിച്ച് ആഴ്ചയിൽ രണ്ടോ മൂന്നോ ദിവസമെങ്കിലും പ്രസ്തുത കോളനി നിവാസികൾക്ക് ചികിത്സ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുകയും ചെയ്തു.

പ്രസ്തുത അധിക വിവരത്തിന് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് 13-10-2015, 26-7-2017, 10-4-2018 എന്നീ തീയതികളിൽ ലഭ്യമാക്കിയ മറുപടികൾ ചുവടെ ചേർക്കുന്നു.

**ആരോഗ്യകുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി**

എറണാകുളം ജില്ലയിലെ വേങ്ങൂർ പഞ്ചായത്തിലെ പൊങ്ങിൻ ചുവട്ടിൽ സ്ഥിതി ചെയ്യുന്ന ആദിവാസി കോളനിയിലെ ആകെ ജനസംഖ്യ 369 ആണ്. ആകെ ഏരിയ 10 സ്ക്വയർ കിലോമീറ്റർ ആണ്. വേങ്ങൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിന് കീഴിലുള്ള ടി പ്രദേശത്ത് എത്തിച്ചേരുന്നതിന് 60 കിലോമീറ്റർ ദൂരവും കോതമംഗലത്തു നിന്നും 30 കിലോമീറ്ററും ഉണ്ട്. ഇടമലയാർ ഭൂമിയുടെ മധ്യഭാഗത്താണ് ഇത് സ്ഥിതി ചെയ്യുന്നത്. ഈ കോളനിയിൽ ഒരു ഹെൽത്ത് സബ്സെന്ററും ഉണ്ട്. വേങ്ങൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിന്നും മാസത്തിൽ ഒരിക്കൽ മെഡിക്കൽ ടീം എത്തി ക്യാമ്പ്, ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം എന്നിവ നടത്തിവരുന്നു. വേങ്ങൂർ സി.എച്ച്.സി.യിലെ ജെ.എച്ച്.ഐയും ജെ.പി.എച്ച്.എനും ഇവിടത്തെ അധിക ചുമതല നൽകിയിട്ടുണ്ട്. ഈ സബ്സെന്ററിൽ പ്രത്യേകമായി സ്റ്റാഫിനെ നിയമിച്ചിട്ടില്ല. ടി പ്രദേശത്ത് പി.എച്ച്.സി. ആരംഭിക്കുന്നത് പ്രായോഗികമല്ല. ഇവിടത്തെ സബ്സെന്ററിൽ ഒരു ജെ.പി.എച്ച്.എൻ. ഒരു ജെ.എച്ച്.ഐ എന്നിവരുടെ തസ്തിക സൃഷ്ടിക്കുകയും താമസസൗകര്യവും വൈദ്യുതിയുടെയും വെള്ളത്തിന്റെയും ലഭ്യതയും ഉറപ്പുവരുത്തുകയും ചെയ്താൽ കുറച്ചുകൂടി മെച്ചപ്പെട്ട ഒരു പ്രവർത്തനം കാഴ്ചവയ്ക്കാൻ കഴിയുമെന്ന് അറിയിക്കുന്നു.

**22-11-2016-ലെ സമിതി യോഗം ആവശ്യപ്പെട്ട അധികവിവരം**

പ്രസ്തുത വിഷയം ആദിവാസി വിഭാഗങ്ങളെ സംബന്ധിച്ചുള്ളതാണെന്നും ആദിവാസി സമൂഹം ഇന്ത്യയിൽ ഏറ്റവും അധികം അടിച്ചമർത്തപ്പെടുന്നതും അവഗണിക്കപ്പെടുന്നതുമായ വിഭാഗമായതിനാൽ പ്രസ്തുത വിഷയം പ്രത്യേക പ്രാധാന്യം നൽകി പരിഗണിക്കണമെന്നും ആവശ്യപ്പെടാൻ നിർദ്ദേശിച്ചു.

**ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി**

പൊങ്ങിൻചുവട് കോളനി വേങ്ങൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ പരിധിയിലാണ്. പൊങ്ങിൻചുവട് ആദിവാസി കോളനിയിൽ 600 സ്ക്വയർഫീറ്റ് വിസ്തീർണ്ണമുള്ള കോൺക്രീറ്റ് കെട്ടിടമാണ് നിലവിലുള്ളത്. ടി പ്രദേശത്തേയ്ക്ക് വൈദ്യുതി, വെള്ളം എന്നീ സൗകര്യങ്ങൾ എത്തിയിട്ടില്ലായെന്നും വേങ്ങൂർ പഞ്ചായത്ത് 2017-18 വർഷത്തേയ്ക്ക് ടി പ്രദേശത്ത് വൈദ്യുതി, വെള്ളം, തുടങ്ങിയ സൗകര്യങ്ങൾ എത്തിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് വരുന്നു. ആയതിനുള്ള ഇലക്ട്രിക്, പ്ലംബിംഗ് പ്രവൃത്തികൾ നടത്തേണ്ടതായിട്ടുണ്ട്. കൂടാതെ വേങ്ങൂർ ഗ്രാമ പഞ്ചായത്ത് പദ്ധതി പ്രകാരം എല്ലാ മാസവും മെഡിക്കൽ ടീം ആദിവാസി കോളനി സന്ദർശിക്കുകയും സേവനങ്ങൾ നൽകുകയും ചെയ്തു വരുന്നു. എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് മെഡിക്കൽ ക്യാമ്പുകളും സ്പെഷ്യലൈസ്ഡ് മെഡിക്കൽ ക്യാമ്പുകളും നടത്തിവരുന്നു. ഡോക്ടർമാരുടേയും മറ്റ് ജീവനക്കാരുടേയും അപര്യാപ്തത കൂടുതൽ സേവനങ്ങൾ നൽകുന്നതിന് തടസ്സമാകുന്നുണ്ട്.

## ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി

എറണാകുളം ജില്ലയിലെ കുന്നത്തുനാട് താലൂക്ക്, പെരുമ്പാവൂർ അസംബ്ലി നിയോജക മണ്ഡലത്തിലെ കൂവപ്പിട പഞ്ചായത്തിന്റെ കീഴിലുള്ള ആറ് പഞ്ചായത്തുകളിൽ ഒന്നായ വേങ്ങൂരിന്റെ ആറാം വാർഡിൽപ്പെട്ട ആദിവാസി കോളനിയാണ് പൊങ്ങിൻചുവട് കോളനി. ഈ കോളനിയിൽ 109 വീടുകളാണ് ഉള്ളത്. ടി കോളനിയിൽ 374 ആളുകൾ താമസിക്കുന്നു. അഞ്ച് വയസ്സിൽ താഴെയുള്ള 28 കുട്ടികൾ ഉണ്ട്.

വേങ്ങൂർ പഞ്ചായത്ത് ആസ്ഥാനത്ത് നിന്നും വേങ്ങൂർ സി.എച്ച്.സി.യിൽ നിന്നും 60 കി.മി. അകലെയാണ് ഈ കോളനി സ്ഥിതി ചെയ്യുന്നത്. ഇടമയാർ ഡാമിന്റെ സമീപത്ത് കൂടിയുള്ള റോഡിലൂടെ കടന്ന് 12 കിലോ മീറ്ററോളം നിബിഢ വനത്തിലൂടെ യാത്ര ചെയ്താലാണ് പ്രസ്തുത കുടിയിലെത്താൻ സാധിക്കുക ഏറ്റവും അടുത്ത ജനവാസ കേന്ദ്രം വടാട്ടുപാറയാണ്.

മലയ വിഭാഗത്തിൽ പെട്ട ആദിവാസികളാണ് പൊങ്ങിൻചുവട്ടിൽ ഉള്ളത്. 2010-11-ൽ രണ്ട് മുറികളുള്ള ഒരു കെട്ടിടം പഞ്ചായത്ത് നിർമ്മിച്ച് ആരോഗ്യ പ്രവർത്തനങ്ങൾക്കായി വിട്ടുനൽകിയിട്ടുണ്ട്. അതിനോട് ചേർന്ന് തന്നെ കുടുംബശ്രീ പ്രവർത്തനങ്ങൾക്കായി. ഒരു കെട്ടിടവുമുണ്ട്. കുടിയുടെ കേന്ദ്ര ഭാഗത്തായി ഐ.സി.ഡി.എസ്-ന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു അംഗൻവാടിയും ഒരു കമ്മ്യൂണിറ്റി ഹാളുമുണ്ട്. കൂടാതെ പട്ടിക വർഗ്ഗ വകുപ്പിന്റെ കീഴിലായി ഒരു ഭക്ഷ്യ പൊതുവിതരണ കേന്ദ്രവും ഉണ്ട്. വേങ്ങൂർ സാമൂഹികാരോഗ്യ കേന്ദ്രം മെഡിക്കൽ ആഫീസറുടെ മേൽനോട്ടത്തിലുള്ള ആരോഗ്യ സംഘം മാസത്തിൽ കുറഞ്ഞത് ഒരു തവണയെങ്കിലും കുടി സന്ദർശിക്കുന്നുണ്ട്.

മേഖലാ ചുമതലയുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് എന്നിവർ പ്രതിമാസ സന്ദർശനം നടത്താറുണ്ട്. കൂടാതെ ദേശീയ ആരോഗ്യ പരിപാടികൾ ഇടങ്ങിയ പ്രത്യേക സാഹചര്യങ്ങളിൽ അധിക സന്ദർശനങ്ങളും നടത്താറുണ്ട്. പകർച്ചവ്യാധി മരണമോ, മാതൃശിശു മരണങ്ങളോ ടി മേഖലയിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. കുട്ടികൾക്കുള്ള രോഗപ്രതിരോധ കുത്തിവെയ്പുകൾ എല്ലാ മാസവും നടത്താറുണ്ട്.

ഡിസംബറിൽ കുടിവെള്ളക്ഷാമമുണ്ടാകുകയും, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ആയത് രൂക്ഷമാകുകയും ചെയ്യുന്നു. സാധാരണ ആദിവാസികോളനികളിലുള്ളതുപോലെ പുകയില ഉപയോഗം, വെറ്റിലമുറുക്ക്, ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം ഇവ കൂടുതലായുണ്ട്.

വനവിഭവങ്ങളുടെ ശേഖരണവും, വിപണനവുമാണ് കുടിയിലുള്ളവരുടെ പ്രധാന തൊഴിൽ.

പൊങ്ങിൻചുവട് ആദിവാസി കോളനിയുടെ പൊതു സ്ഥിതി ഇപ്രകാരമാണ്. ഇത്രയും കുറഞ്ഞ ജനസംഖ്യയുള്ള വിദൂര ആദിവാസി മേഖലയിൽ ഒരു പ്രാഥമികാരോഗ്യ കേന്ദ്രം സ്ഥാപിക്കുന്നത് സാങ്കേതികമായി വളരെയധികം പ്രായോഗിക ബുദ്ധിമുട്ടുള്ളതാണ്. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് (ഊര് ആശ), ആശാവർക്കർ എന്നിവരെ ഉൾപ്പെടുത്തി ഊർജ്ജിത ആരോഗ്യ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരുന്ന ഘട്ടത്തിലാണ് സമഗ്ര ആരോഗ്യ സംരക്ഷണത്തിനായി ആർദ്രം മിഷൻ രൂപീകരിച്ചിട്ടുള്ളത്. നിശ്ചിത മാനദണ്ഡ പ്രകാരം അടിസ്ഥാന സൗകര്യങ്ങളും ഡോക്ടർമാരുൾപ്പെടെയുള്ള ജീവനക്കാരും പകൽ മുഴുവൻ പ്രവൃത്തി സമയവും (രാവിലെ 9 മണി മുതൽ വൈകിട്ട് 6 മണിവരെ) ഉള്ള രോഗീസൗഹൃദ കുടുംബാരോഗ്യ കേന്ദ്രങ്ങൾ നിലവിൽ വരുന്നതോടെ പൊങ്ങിൻചുവട് കോളനിവാസികളുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പുതിയ ആരോഗ്യ കേന്ദ്രം തുടങ്ങാതെതന്നെ പരിഹാരം ഉണ്ടാകുന്നതാണ്.

## ശിപാർശ 138 (ഖണ്ഡിക 294)

ജില്ലയിൽ ഇടുക്കി സംയോജിത പട്ടികവർഗ്ഗ വികസന പ്രോജക്റ്റിന്റെ കീഴിലുള്ള മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സേവനം ലഭ്യമാണെങ്കിലും ഇത് അപര്യാപ്തമായതിനാൽ എറണാകുളം ജില്ലയ്ക്കായി ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റ് സംവിധാനം കൂടി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

ഈ ശിപാർശകൾ ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

### ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി

കുട്ടമ്പുഴ മേഖലയിൽ മൊബൈൽ മെഡിക്കൽ യൂണിറ്റ് ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. എൻ.ആർ.എച്ച്.എം.ന്റെ മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സൗകര്യം ജില്ലയിൽ ഇപ്പോൾ പ്രയോജനപ്പെടുത്തുന്നുണ്ട്.

## ശിപാർശ 139 (ഖണ്ഡിക 296)

സ്കൂളുകളുടെ പ്രവർത്തനം ശരാശരി നിലവാരത്തിലുണ്ടെങ്കിലും ഹോസ്റ്റൽ സൗകര്യം ഇടമലയാർ, പിണവൂർക്കുടി എന്നിവിടങ്ങളിലേയുള്ളൂ. എന്നാൽ ടി പ്രദേശങ്ങളിൽ ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂൾ, മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവ ഇല്ല. അതിനാൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി

ജില്ലയിൽ ഹൈസ്കൂളുകളും, ഹയർ സെക്കന്ററി സ്കൂളുകളും ആരംഭിക്കുന്നതിനും പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

എറണാകുളം ജില്ലയിൽ ഇടമലയാർ, പിണവൂർക്കുടി, വാഴക്കുളം എന്നിവിടങ്ങളിലായി ഇപ്പോൾ 4 പ്രീമെട്രിക് ഹോസ്റ്റലുകൾ നിലവിലുണ്ട്. സർക്കാർ ഹൈസ്കൂളുകൾ, ഹയർ സെക്കൻഡറി സ്കൂളുകൾ എന്നിവയ്ക്ക് സമീപം അനുയോജ്യമായ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് കൂടുതൽ പ്രീ-മെട്രിക് ഹോസ്റ്റലുകൾ നിർമ്മിക്കുന്നതാണ്.

### ശിപാർശ 140 (ഖണ്ഡിക 297)

ജില്ലയിൽ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ (ഇ.ഡി.സി.) രൂപീകരിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നുണ്ട്. ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച് പട്ടികവർഗ്ഗ കോളനികളുടെ ക്ഷേമ പ്രവർത്തനങ്ങൾ കോളനിക്കാരുടെ സഹകരണത്തോടെ കാര്യക്ഷമമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് വനം വകുപ്പിന് നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

### വനം വകുപ്പ് സ്വീകരിച്ച നടപടി

വനം വകുപ്പിൽ പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ ക്ഷേമ പ്രവർത്തനങ്ങൾക്കായി വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ എന്നിവിടങ്ങളിൽ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും മറ്റു റിസർവ് വനപ്രദേശങ്ങളിൽ വന സംരക്ഷണ സമിതികളും രൂപീകരിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ തട്ടേക്കാട് പക്ഷി സങ്കേതമാണ് വന്യജീവി സങ്കേതമായിട്ടുള്ളത്. ഇവിടെ പട്ടികവർഗ്ഗക്കാർ ഉൾപ്പെടെയുള്ള വനാശ്രിത സമൂഹങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി 3 ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. മലയാറ്റൂർ വനം ഡിവിഷനിൽ 17 വനസംരക്ഷണ സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ഈ സമിതികളിലെല്ലാം വനത്തിനുള്ളിൽ താമസിക്കുന്ന പട്ടിക വർഗ്ഗക്കാർ അംഗങ്ങളാണ്.

### ശിപാർശ 141 (ഖണ്ഡിക 298)

പിണവൂർകുടി, വെള്ളാരംകുത്ത്, എളമ്പ്ളിശ്ശേരി, മേട്നാമ്പാറ എന്നീ പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ ബസ് യാത്രാ സൗകര്യം ലഭ്യമാണെങ്കിലും ഉൾവനപ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന തലവെച്ചപാറ, കഞ്ചിപാറ, തേര, വാരിയം, ഉറിയംപെട്ടി, താളുകണ്ടം, പൊങ്ങിൻചുവട് എന്നിവിടങ്ങളിൽ വേനൽക്കാലത്ത് ജീപ്പിൽ യാത്ര ചെയ്യാൻ മാത്രമേ സാധിക്കുന്നുള്ളൂ. ഉൾവനപ്രദേശങ്ങളിലെ കോളനി നിവാസികൾക്ക് ഗതാഗത സൗകര്യം ഒരുക്കുന്നതിനായി റോഡ്, കലുങ്ക് എന്നിവയുടെ നിർമ്മാണത്തിന് തടസ്സമാകുന്ന വനം വകുപ്പിന്റെ നിലപാട് ഒഴിവാക്കുവാൻ വനം വകുപ്പിന്റെ സഹകരണം തേടണമെന്നും വന നിയമം ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്യാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

2006-ലെ കേന്ദ്ര വനാവകാശ നിയമത്തിന്റെ വെളിച്ചത്തിൽ പ്രസ്തുത ആവശ്യങ്ങൾക്ക് വനഭൂമി ലഭ്യമാക്കുന്നതിന് വനാവകാശ സമിതിയുമായി ബന്ധപ്പെട്ട നടപടി സ്വീകരിക്കുന്നതാണ്. എന്നാൽ വിദൂര പ്രദേശങ്ങളിലേയ്ക്ക് ഗതാഗതയോഗ്യമായ റോഡ് നിർമ്മിക്കുന്നതിന് ആവശ്യമായ ഫണ്ടിന്റെ ലഭ്യതകൂടി ഒരു ഘടകമാണെന്ന് ബോധിപ്പിക്കുന്നു.

## തൃശ്ശൂർ ജില്ല

### ശിപാർശ 142 (ഖണ്ഡിക 300)

ഒളനപ്പറമ്പ്, ചക്കിപ്പറമ്പ്, നടാമ്പാടം, ആനക്കയം, കാക്കിനിക്കാട് എന്നീ കോളനികളിൽ കുടിവെള്ളക്ഷാമം നിലനിൽക്കുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു ആയതിനാൽ ടി കോളനികളിൽ പൈപ്പ് ലൈൻ സ്ഥാപിച്ചോ പൊതു കിണറുകൾ നിർമ്മിച്ചോ കുടിവെള്ള ക്ഷാമം പരിഹരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

സമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഒളനപ്പറമ്പ് ചക്കിപ്പറമ്പ്, നടാമ്പാടം, ആനക്കയം, കാക്കിനിക്കാട് എന്നിവിടങ്ങളിൽ അനുയോജ്യമായ കുടിവെള്ള പദ്ധതികൾക്ക് രൂപം നൽകി പ്രൊപ്പോസൽ സമർപ്പിക്കുവാൻ മൂവാറ്റുപുഴ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് നിർദ്ദേശം നല്കുന്നതാണ്.

### ശിപാർശ 143 (ഖണ്ഡിക 301)

എസ്. ടി. സങ്കേതങ്ങളിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നില്ലെങ്കിലും ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നിന്നും

ആദിവാസികൾക്ക് പ്രയോജനം ലഭിക്കുന്നുണ്ട്. അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ കോളനികളും ആരോഗ്യകേന്ദ്രവും തമ്മിൽ ദൂര കൂടുതൽ കാരണം ആരോഗ്യ പ്രവർത്തനങ്ങൾ തൃപ്തികരമല്ലെന്നും സമിതി വിലയിരുത്തുന്നു. പ്രസ്തുത ഗ്രാമപഞ്ചായത്തിൽ എസ്.ടി. കോളനികളോടനുബന്ധിച്ച് ആരോഗ്യ വകുപ്പിന്റെ സബ് സെന്ററുകൾ സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

### ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി

കേന്ദ്ര സർക്കാരിന്റെ അനുമതിയോടുകൂടി ഈ ഭാഗത്ത് ഒരു സബ് സെന്റർ തുടങ്ങാൻ വേണ്ട അടിയന്തര നടപടി കൈക്കൊള്ളുന്നതാണ്.

### ശിപാർശ 144 (ഖണ്ഡിക 302)

എസ്.ടി. സങ്കേതങ്ങളിൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ലെന്നും ജില്ലയിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യാനുസരണം മരുന്നു ലഭിക്കാത്ത സാഹചര്യമാണുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ജില്ലയിലെ എസ്.ടി. സങ്കേതങ്ങളിൽ ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റ് അനുവദിക്കണമെന്നും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യാനുസരണം മരുന്ന് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പ് സ്വീകരിച്ച നടപടി

ജില്ലയിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യത്തിന് മരുന്നുകൾ ലഭ്യമാണ്. ഒരു ട്രൈബൽ യൂണിറ്റ് വെറ്റിലപ്പാറ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. മൂന്ന് കോസ്റ്റൽ മെഡിക്കൽ യൂണിറ്റ് കൊടുങ്ങല്ലൂർ, വലപ്പാട്, ചാവക്കാട് എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നുണ്ട്.

### ആരോഗ്യ കുടുംബക്ഷേമ (ജെ) വകുപ്പ് സ്വീകരിച്ച നടപടി

എസ്. ടി. സങ്കേതങ്ങളിൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്.

31-3-2008 -ൽ സി. പി. സി. നിലവിലില്ലാതാകുകയും 2008-2009 സാമ്പത്തിക വർഷം മുതൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്നുകൾ സംഭരിച്ച് വിതരണം നടത്തി വരികയും ചെയ്യുന്നു. ആരോഗ്യ വകുപ്പിനു കീഴിലുള്ള ആശുപത്രികൾക്ക് വാർഷിക ഇൻഡെന്റുകളുടെ അടിസ്ഥാനത്തിൽ മരുന്നുകൾ സംഭരിച്ച് ആവശ്യാനുസരണം ജില്ലാ വെയർ ഹൗസുകൾ മുഖേന കോർപ്പറേഷൻ വിതരണം ചെയ്തു വരുന്നു.

### ശിപാർശ 145 (ഖണ്ഡിക 304)

പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ കൃഷിഭൂമിയുടെ ലഭ്യതക്കുറവ്, വനവിഭവങ്ങളുടെ ശോഷണം, അടിസ്ഥാന വിദ്യാഭ്യാസം കഴിഞ്ഞ് തുടർവിദ്യാഭ്യാസമില്ലായ്മ എന്നിവയാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ചെറുകിട കുടിൽ വ്യവസായങ്ങൾക്ക് ഊന്നൽ നൽകുന്ന തൊഴിലുകൾ പരിശീലിപ്പിക്കുന്നതിന് വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കണമെന്നും അതിലൂടെ വരുമാന മാർഗ്ഗം ഉണ്ടാക്കാൻ പട്ടികവർഗ്ഗക്കാരെ പ്രാപ്തരാക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ തുടർവിദ്യാഭ്യാസത്തിനാവശ്യമായ സൗകര്യങ്ങൾ നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് Training നല്കിയിട്ടുണ്ട്. ഇത്തരം തൊഴിൽ സാദ്ധ്യതയുള്ള Training മറ്റ് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടത്തുന്നതാണ്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പും നല്കി വരുന്നു.

### തൊഴിലും നൈപുണ്യവും വകുപ്പ് സ്വീകരിച്ച നടപടി

വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ തൃശ്ശൂർ ജില്ലയിൽ 2008-09 വർഷം ചേലക്കര, ഏറിയാട് എന്നീ പഞ്ചായത്തുകളിൽ ഓരോ വ്യാവസായിക പരിശീലന സ്ഥാപനം വീതം ആരംഭിച്ചിട്ടുണ്ട്. ഇവിടെ പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്കും നിയമാനുസൃതമുള്ള അഡ്മിഷൻ ലഭിക്കുന്നുണ്ട്.

### ശിപാർശ 145A (ഖണ്ഡിക 305)

തൃശ്ശൂർ ജില്ലയിലെ ഗതാഗതയോഗ്യമായ റോഡുകളിൽ നിന്നും മാറി ഉള്ളിൽ സ്ഥിതി ചെയ്യുന്ന അടിച്ചിൽതൊട്ടി, അരേകാപ്പ്, വെട്ടിവിട്ടുകാട് എന്നീ പട്ടികവർഗ്ഗ കോളനികളിലേക്ക് കൂടി ഗതാഗത സൗകര്യമുള്ള റോഡുകൾ നിർമ്മിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ടി കോളനികളിൽ ഗതാഗതയോഗ്യമായ റോഡുകൾ ഘട്ടം ഘട്ടമായി നിർമ്മിക്കുന്നതാണ്.

## പാലക്കാട് ജില്ല

### ശിപാർശ 146 (ഖണ്ഡിക 310)

മനുഷ്യന് ഒഴിച്ചു കൂടാനാവാത്ത അടിസ്ഥാന ജീവിത സൗകര്യങ്ങളിലൊന്നാണ് പാർപ്പിടം. ആധുനികതയുടെ സർവ്വസുഖങ്ങളിലും മുഴുകി കഴിയുന്ന ഒരു വിഭാഗം ജനതയെ ഉൾക്കൊള്ളുന്ന ഈ കാലഘട്ടത്തിൽ മറ്റൊരു വിഭാഗം ജനങ്ങൾക്ക് അത്യാവശ്യ സൗകര്യങ്ങളിലൊന്നായ പാർപ്പിട സൗകര്യം പോലും അന്യമാകുന്ന ഒരു സ്ഥിതി വിശേഷം തീർച്ചയായും അനുകമ്പാർഹമാണ്. ആയതിനുള്ള പരിഹാര നടപടി എന്ന നിലയിൽ ജില്ലയിലെ സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത പട്ടിക വർഗ്ഗക്കാരുടെ കണക്കും മറ്റ് വിവരങ്ങളും ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ ശേഖരിക്കുകയും അവർക്കെല്ലാം വീടു വച്ചു നൽകുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുകയും വേണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പാർപ്പിട നവീകരണത്തിന് സർക്കാർ സബ്സിഡി ലഭ്യമാക്കണമെന്നും ഇടങ്ങിവച്ചിരിക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കണമെന്നും ഭവന നിർമ്മാണ ഗഡുക്കൾ യഥാസമയം തന്നെ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു. വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ വീടുകളുടെ അറ്റകുറ്റപ്പണിക്കായി ഭവന നിർമ്മാണ ഗ്രാന്റ് ലഭ്യമാക്കുന്നതിൽ വകുപ്പ് ശ്രദ്ധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

സ്വന്തമായി വീടും സ്ഥലവുമില്ലാത്തവരുടെ കണക്ക് ശേഖരിച്ചിട്ടുണ്ട്. അതിൻ പ്രകാരം പാലക്കാട് ജില്ലയിൽ ഭവനരഹിതരായ 3413 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്. ഭൂമിയില്ലാത്തവർക്ക് ഭൂമി നല്കി വീട് വെച്ചു കൊടുക്കുന്നതിന് ആദിവാസി പുനരധിവാസ വികസന മിഷൻ (Tribal Re-settlement & Development Mission) മുഖേന നടപടി സ്വീകരിച്ചുവരുന്നു. ബാക്കിയുള്ളവർക്ക് ഇ.എം.എസ്. ഭവന പദ്ധതിയിലും, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതികളിലുംപെടുത്തി വീടുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഈ വകുപ്പ് മുഖേന നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതി പ്രകാരമുള്ള ഗഡുക്കൾ കാലതാമസം കൂടാതെ നല്കി വരുന്നുണ്ട്. വീടുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് ഈ വകുപ്പിൽ പദ്ധതിയില്ല. ഈ പദ്ധതി നടപ്പാക്കുന്നത് ത്രിതല പഞ്ചായത്തുകൾ മുഖേനയാണ്. പട്ടികവർഗ്ഗക്കാർക്ക് വീട് അറ്റകുറ്റപ്പണിക്കുള്ള ധനസഹായം ലഭ്യമാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെടാവുന്നതാണ്.

### തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി

അഹാഡ്സിന്റെ സമ്പൂർണ്ണ ഊരു വികസന പരിപാടിയിൽ ഉൾപ്പെടുത്തിക്കൊണ്ട് അട്ടപ്പാടിയിലെ 27 ഊരുകളിലെ മുഴുവൻ കുടുംബങ്ങൾക്കുമുള്ള ഭവന നിർമ്മാണം നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. 673 വീടുകളുടെ നിർമ്മാണം ഇതിനകം

പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനായി 14.18 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ സർപ്ലസ് ഫണ്ട് ഉപയോഗിച്ച് 31 ഊരുകൾ കൂടി സമ്പൂർണ്ണ ഊരു വികസന പരിപാടിയിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 2009-10 വർഷത്തിൽ പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

### ശിപാർശ 147 (ഖണ്ഡിക 311)

ആദിവാസികൾക്ക് ലഭിച്ച ഭൂമി മറ്റ് ആളുകൾ കൈവശപ്പെടുത്തിയതുമായി ബന്ധപ്പെട്ട് ഏകദേശം 1400 കേസ്സുകൾ അട്ടപ്പാടിയിൽ നിലവിലുണ്ടെന്നും 40 കൊല്ലം വരെ പഴക്കമുള്ള കേസ്സുകളാണിതെന്നും ആർ.ഡി.ഒ. ഒഴിപ്പിച്ചെടുക്കാൻ തീർപ്പാക്കിയതു പോലും ഇതുവരെ ഒഴിപ്പിച്ചെടുക്കാൻ സാധിച്ചിട്ടില്ലെന്നും കണ്ടെത്തി. പ്രസ്തുത കേസ്സുകളിൻമേൽ അടിയന്തരമായ തീർപ്പു കല്പിക്കുന്നതിന് നടപടിയുണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### റവന്യൂ വകുപ്പ് സ്വീകരിച്ച നടപടി

1999 -ലെ കേരള പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും ആക്ടിന്റെ (Act 12 of 1999) സെക്ഷൻ 5(1), 5(2), 6, 22 എന്നിവ 24-8-2000-ലെ OP No. 25332/99 -ന്റെ വിധി പ്രകാരം ബഹു. ഹൈക്കോടതി റദ്ദാക്കുകയും ഇതിനെതിരെ ഫയൽ ചെയ്ത SLP യിൽ ബഹു. സുപ്രീം കോടതി ഈ വിധി സ്റ്റേ ചെയ്യുകയും ഈ SLP ഇപ്പോഴും സുപ്രീം കോടതിയുടെ സജീവ പരിഗണനയിലുമാണ്. സുപ്രീം കോടതിയുടെ അന്തിമ വിധിക്ക് വിധേയമായി മാത്രമേ അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുത്ത് നൽകാൻ സാധിക്കുകയുള്ളൂ എന്ന വിവരം അറിയിക്കുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് സ്വീകരിച്ച നടപടി

പട്ടികവർഗ്ഗക്കാരുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചു നല്കുന്നതിന് 1999 -ലെ ആക്ട് പ്രകാരമുള്ള നടപടി സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ ത്വരിത ഗതിയിൽ റവന്യൂ ഡിവിഷണൽ ഓഫീസർമാർ നടപ്പാക്കി വരുന്നു.

### 22-6-2010 -ലെ സമിതി യോഗം ആവശ്യപ്പെട്ട അധിക വിവരം

പട്ടികവർഗ്ഗക്കാരുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചു നൽകുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലായെന്നും എത്രമാത്രം ഭൂമി തിരിച്ച് നൽകിയിട്ടുണ്ടെന്നും ബന്ധപ്പെട്ട വകുപ്പിനോട് ആരായാൻ തീരുമാനിച്ചു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

അട്ടപ്പാടി മേഖലയിൽ ഭൂമി അന്യാധീനപ്പെട്ട 162 പട്ടികവർഗ്ഗക്കാരുണ്ട്. ഇവർക്ക് ഓരോരുത്തർക്കും ഒരേക്കർ വീതം സ്ഥലം നൽകുവാൻ മണ്ണാർക്കാട് വില്ലേജിൽ തത്തേങ്ങലം എന്ന സ്ഥലത്ത് സ്ഥലം കണ്ടെത്തുകയും ആവശ്യമായ രേഖകൾ

യഥാസമയം ഹാജരാക്കിയ 57 പേർക്ക് 6-9-2011 -ന പാലക്കാട് വച്ച് ബഹു. മുഖ്യമന്ത്രി പട്ടയം നൽകുകയും ശേഷിക്കുന്നവർക്ക് പട്ടയം നൽകുവാൻ തുടർ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

### ശിപാർശ 148 (ഖണ്ഡിക 312)

ഗിരിജൻ സർവ്വീസ് സഹകരണ സംഘങ്ങളിൽ പട്ടയം പണയപ്പെടുത്തി തുച്ഛമായ തുക കടം എടുത്തിട്ടുള്ള മിക്കവരുടേയും പട്ടയങ്ങൾ ഇപ്പോഴും സൊസൈറ്റികളിൽ കെട്ടിക്കിടക്കുന്നതായി സമിതിക്ക് ബോധ്യമായതിനാൽ 1000 രൂപയ്ക്ക് താഴെ കടം എടുത്തിട്ടുള്ള വായ്പകൾ എഴുതി തള്ളണമെന്നും ടി പട്ടയങ്ങൾ തിരികെ കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

### സഹകരണ വകുപ്പ് സ്വീകരിച്ച നടപടി

1,000 രൂപയ്ക്ക് താഴെയുള്ള, മലമ്പുഴ പട്ടികവർഗ്ഗ സഹകരണ സംഘത്തിൽ നിന്നും 7-9-1994 -ൽ ലോൺ നമ്പർ 1/94-95 ആയി വേലായുധൻ, S/o. അപ്പ എടുത്ത വായ്പ, സർക്കാരിൽ നിന്നും കടാശ്വാസ പദ്ധതി പ്രകാരം എഴുതി തള്ളി 28-5-2017 -ന് ടിയാന് സംഘത്തിൽ നിന്നും പട്ടയം തിരികെ നൽകിയിട്ടുണ്ട്.

### ശിപാർശ 149 (ഖണ്ഡിക 312)

സഹകരണ വകുപ്പിന്റെ കീഴിൽ വരുന്ന കോട്ടത്തറ, പുതൂർ, മുക്കാലി, ഷോളയൂർ എന്നീ ഗിരിജൻ സർവ്വീസ് സഹകരണ സംഘങ്ങളിൽ പട്ടയം പണയം വച്ച് വായ്പയെടുത്തിട്ടുള്ള പട്ടികവർഗ്ഗക്കാർക്ക് ടി സംഘങ്ങൾ ഇപ്പോൾ പ്രവർത്തനരഹിതമായതിനാൽ പട്ടയം തിരിച്ചെടുക്കുന്നതിനോ വായ്പയെടുക്കുന്നതിനോ കഴിയുന്നില്ലെന്ന് സമിതിക്ക് മനസ്സിലായി. ആയതിനാൽ ലിക്വിഡേറ്റ് ചെയ്ത സംഘങ്ങളുടെ വായ്പാ വിവരങ്ങൾ തയ്യാറാക്കി വായ്പാ തുക കണക്കാക്കി കടബാദ്ധ്യതകളിൽ നിന്നും പട്ടികവർഗ്ഗക്കാരെ വിമുക്തമാക്കി പട്ടയം വീണ്ടെടുക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സഹകരണ വകുപ്പ് സ്വീകരിച്ച നടപടി

പാലക്കാട് ജില്ലയിൽ 14 പട്ടികവർഗ്ഗ സഹകരണ സംഘങ്ങളാണുള്ളത്. ടി സംഘങ്ങളിൽ നിന്ന് വായ്പ എടുത്തിട്ടുള്ളവരിൽ കേന്ദ്ര കടാശ്വാസ പദ്ധതി പ്രകാരം അപേക്ഷിച്ചിട്ടുള്ള വായ്പകൾ കഴിച്ച് കോട്ടത്തറ പട്ടികവർഗ്ഗ സംഘത്തിലെ ഒരു വായ്പയും മലമ്പുഴ പട്ടികവർഗ്ഗ സംഘത്തിന്റെ ഒരു വായ്പയും മാത്രമാണ് ഇപ്പോൾ നിലവിലുള്ളത്. ഇവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വ്യക്തിയുടെ പേര് | മേൽവിലാസം | വായ്പ നൽകിയ സംഘത്തിന്റെ പേര് | വായ്പ എടുത്ത വർഷം | വായ്പ തുക മുതൽ | പലിശ | ആകെ |
|---|---|---|---|---|---|---|
| എ. വേലായുധൻ | S/o. അപ്പു, നമ്പർ 41 ആനക്കൽ പട്ടിക വർഗ്ഗ കോളനി, ആനക്കൽ | മലമ്പുഴ പട്ടിക വർഗ്ഗ സഹകരണ സംഘം പി. 869 | 7-9-94 | 1000 | 1657 | 2657 |
| നഞ്ചൻ | S/o. ചാത്തൻ, സാമ്പാർകോട്, അഗളി പി.ഒ. | കോട്ടത്തറ പട്ടിക വർഗ്ഗ സഹകരണ സംഘം പി. 590 | 10-4-87 | 2400 | 2687 | 5087 |

ടി തുകകൾ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് ധനസഹായം ലഭ്യമാക്കി വായ്പ തുക സംഘത്തിന് നൽകി കണക്കവസാനിപ്പിച്ച് പട്ടയങ്ങൾ തിരികെ നൽകുന്നതാണ്.

## ശിപാർശ 148 & 149 എന്നിവയിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

ഈ പട്ടയങ്ങൾ ഏതേത് ഗിരിജൻ സർവ്വീസ് സഹകരണ സംഘത്തിൽ നിന്നുമാണ് പണയപ്പെടുത്തിയിട്ടുള്ളതെന്ന് ബന്ധപ്പെട്ടവർ വകുപ്പിനെ അറിയിക്കുന്ന പക്ഷം നടപടി സ്വീകരിക്കുന്നതാണ്. ലിക്വിഡേറ്റ് ചെയ്ത ഗിരിജൻ സർവ്വീസ് സഹകരണ സംഘങ്ങളുടെ വിവരം സഹകരണ വകുപ്പിൽ നിന്നും വാങ്ങി തുടർനടപടി സ്വീകരിക്കുന്നതാണ്. സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്നും പട്ടികവർഗ്ഗ വിഭാഗങ്ങൾ എടുത്ത 31-3-2006 -ന് നിലവിലുള്ളതായ 25,000 രൂപ വരെയുള്ള വായ്പകൾ എഴുതി തള്ളുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വാർഷിക വരുമാനം 1,50,000 രൂപയിൽ താഴെയുള്ളവർ ഇതിന്റെ ഗുണഭോക്താക്കളാണ്.

## ശിപാർശ 150 (ഖണ്ഡിക 313)

ആദിവാസികളുടെ അറിവില്ലായ്മമൂലം ഗ്രാമസഭയിൽ അവരുടെ പല ആവശ്യങ്ങളും ഉന്നയിക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ രൂപീകൃതമായ ഊരു സഭകൾ കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ ബോധവൽക്കരണം നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

ഈ വകുപ്പിൽ ലഭ്യമായ ഫണ്ട് വിനിയോഗിച്ച് ബോധവൽക്കരണ ക്യാമ്പുകൾ, സെമിനാർ എന്നിവ സംഘടിപ്പിച്ചും എസ്. റ്റി. പ്രൊമോട്ടർമാർ മുഖേനയും ഊരു കൂട്ടങ്ങളെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

**ശിപാർശ 151 (ഖണ്ഡിക 315)**

പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണമെന്നും എസ്.ടി. പ്രൊമോട്ടർക്ക് ഓണറേറിയം നൽകുന്നതിന് ട്രഷറി നിയന്ത്രണം തടസ്സമാകരുതെന്നും സമിതി നിർദ്ദേശിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി അവർക്ക് പ്രത്യേക പരിശീലനം നല്കുന്നുണ്ട്. അവർക്ക് ഓണറേറിയം നൽകുന്നതിന് ഇപ്പോൾ ട്രഷറി നിയന്ത്രണമില്ല.

**ശിപാർശ 152 (ഖണ്ഡിക 316)**

അട്ടപ്പാടി പ്രദേശത്തെ 40 റേഷൻ കടകൾ വഴിയാണ് ആദിവാസികൾക്ക് റേഷൻ വിതരണം നടത്തുന്നത്. റേഷൻ കടകളിൽ നിന്നും വിതരണം ചെയ്യു അരി ഗുണനിലവാരം കുറഞ്ഞ ഭക്ഷ്യയോഗ്യമല്ലാത്ത അരിയാണെന്നും സമിതി നേരിട്ട് മനസ്സിലാക്കി. പുതിയ കാർഡുകൾ കൊടുക്കുന്നത് എ.പി.എൽ. കാർഡ് മാത്രമാണെന്നും ബി.പി.എൽ. കാർഡിന്റെ എണ്ണം കേന്ദ്ര ഗവൺമെന്റ് അലോട്ട് ചെയ്യുതിൽ നിന്നും കൂടാൻ പാടില്ലെന്നും 449 എ.പി.എൽ. കാർഡുകാരെ സ്റ്റേറ്റ് സബ്സിഡി എന്നും പറഞ്ഞ് ബി.പി.എൽ. കാർഡുകാരാക്കി മാറ്റിയതിനാൽ എ.പി.എൽ. കാർഡിലുള്ള 8 രൂപ 90 പൈസയുടെ അരി 3 രൂപ 90 പൈസയ്ക്കാണ് പ്രസ്തുത ബി.പി.എൽ. കാർഡുകാർക്ക് വിതരണം ചെയ്യുന്നതെന്നും എന്നാൽ ഗവൺമെന്റ് സബ്സിഡി റേഷൻ കടക്കാർക്ക് ഇതുവരെ നൽകാത്തതിനാൽ ഈ വ്യവസ്ഥകൾ റേഷൻ കടക്കാർക്ക് ബാധ്യതയാകുന്നതായും സിവിൽ സപ്ലൈസ് അധികൃതർ സമിതിയെ അറിയിച്ചു. ആയതിനാൽ റേഷൻ കടക്കാർക്ക് നൽകാനുള്ള സബ്സിഡി താമസംവിനാ നൽകണമെന്നു സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

റേഷൻ കടക്കാർക്കുള്ള സബ്സിഡി താമസംവിനാ നല്കുന്നതിന് സിവിൽ സപ്ലൈസ് വകുപ്പിനോട് ആവശ്യപ്പെടാവുന്നതാണ്.

22-6-2010 -ലെ സമിതിയോഗം ആവശ്യപ്പെട്ട അധിക വിവരം

പ്രസ്തുത ശിപാർശയിൻമേൽ സിവിൽ സപ്ലൈസ് വകുപ്പിനോട് മറുപടി ആവശ്യപ്പെടാൻ സമിതി നിർദ്ദേശിച്ചു

**ഭക്ഷ്യ പൊതുവിതരണ വകുപ്പ് സ്വീകരിച്ച നടപടി**

റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ ഇനത്തിലുള്ള തുകയാണ് നൽകുന്നത്.2013-2014 സാമ്പത്തിക വർഷത്തിൽ എ.എ.വൈ. കമ്മീഷൻ ഇനത്തിൽ 1,86,65,407 രൂപയും അന്നപൂർണ്ണ കമ്മീഷൻ ഇനത്തിൽ 7,18,238 രൂപയും വർദ്ധിപ്പിച്ച കമ്മീഷൻ ഇനത്തിൽ 24,99,31,633 രൂപയും ഉൾപ്പെടെ ആകെ 26,93,15,278 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ടി സാമ്പത്തിക വർഷത്തിൽ 2014 ജനുവരി വരെ എഫ്.സി.ഐ. ക്ക് സ്റ്റേറ്റ് സബ്സിഡി ഇനത്തിൽ 432 കോടി രൂപയും നൽകിയിട്ടുണ്ട്.

**ശിപാർശ 153 (ഖണ്ഡിക 317)**

അട്ടപ്പാടി ബ്ലോക്കിൽ സാമ്പത്തിക ബുദ്ധിമുട്ടും സ്ഥലപരിമിതിയും പുറമ്പോക്കിലെ ജീവിതവുംമൂലം സ്വന്തമായി കക്കൂസില്ലാത്ത പട്ടികവർഗ്ഗക്കാർ ഉണ്ടെന്നു സമിതിക്ക് രേഖകളിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞു. ആയതിനാൽ ടി വിഭാഗത്തിന് സ്വന്തമായി കക്കൂസ് നിർമ്മിക്കാനുള്ള സൗകര്യവും സാമ്പത്തിക സഹായങ്ങളും നൽകണമെന്നു സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

കക്കൂസ്/കുളിമുറി നിർമ്മാണത്തിനുള്ള ധനസഹായം ഇപ്പോൾ ഗ്രാമ പഞ്ചായത്തുകൾ മുഖേനയാണ് നൽകിവരുന്നത്. അർഹതപ്പെട്ട എല്ലാ പട്ടികവർഗ്ഗ ഗ്രാന്റും ലഭ്യമാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകാവുന്നതാണ്.

22-6-2010-ലെ സമിതിയോഗം ആവശ്യപ്പെട്ട അധികവിവരം.

പ്രസ്തുത ശിപാർശയിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിനോട് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെടാൻ സമിതി നിർദ്ദേശിച്ചു.

3-9-2014-ന് സമിതി ആവശ്യപ്പെട്ട അധിക വിവരം

ഖണ്ഡിക 317-ലെ ശിപാർശയിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കവെ താഴെപ്പറയുന്ന ചോദ്യാവലിയിന്മേൽ മറുപടി ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

**തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി**

| ക്രമ നമ്പർ | ശിപാർശ 153 (ഖണ്ഡിക 317) | സ്വീകരിച്ച നടപടി |
|---|---|---|
| 1 | കക്കൂസില്ലാത്ത എത്ര വീടുകൾ ഉണ്ടായിരുന്നു എന്നാണ് കണ്ടെത്തിയത്? | 5806 |
| 2 | ഇതിൽ എത്ര കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിച്ച് നൽകി | 2974 |
| 3 | ഇതിനായി ഒരു കുടുംബത്തിന് എത്ര തുക വീതമാണ് അനുവദിച്ചത് | 2009 വരെ 1200 രൂപ, 2012 ജൂലൈ വരെ 2200 രൂപ 2014 ഓക്ടോബർ 1 വരെ 4600 രൂപ, ഒക്ടോബർ 2, 2014 മുതൽ 15400 രൂപ |
| 4 | ഏത് വകുപ്പാണ് അനുവദിച്ചത്? | തദ്ദേശസ്വയംഭരണ വകുപ്പ് ശുചിത്വ മിഷൻ മുഖേന |
| 5 | പണം ലഭിച്ച എല്ലാവരും കക്കൂസ് നിർമ്മിച്ച എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ ? | ഉണ്ട് |
| 6 | ഇവിടെ എത്ര വീടുകൾക്കാണ് അനുമതി ലഭിച്ചത്? | 1440 |
| 7 | ഇതിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയായി ? | 1150 |
| 8 | എത്രപേർക്ക് മുഴുവൻ തുകയും അനുവദിച്ചു? | 1150 |
| 9 | വീട് പൂർത്തിയാക്കിയവരെല്ലാം കക്കൂസ് നിർമ്മിച്ച എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ ? | ഉണ്ട്. |

അട്ടപ്പാടി ബ്ലോക്കിൽ സ്വന്തമായി കക്കൂസില്ലാത്ത പട്ടികവർഗ്ഗക്കാർക്ക് ആയത് നിർമ്മിക്കാനുള്ള സൗകര്യവും സാമ്പത്തിക സഹായങ്ങളും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളും പട്ടികവർഗ്ഗ വികസന വകുപ്പും നടപ്പിലാക്കിവരുന്ന ഭവന നിർമ്മാണ പദ്ധതികളുടെ ഭാഗമായും കക്കൂസ് നിർമ്മിച്ച വരുന്നുണ്ട്.

## ശിപാർശ 154 (ഖണ്ഡിക 318)

വിശാല ഭൂപ്രദേശമായ അട്ടപ്പാടിയിൽ മൂന്ന് പോലീസ് സ്റ്റേഷനും ഒരു എക്സൈസ് റേഞ്ച് ഓഫീസുമാണുള്ളത്. ആദിവാസികളെ കൂടി ഉൾപ്പെടുത്തി റെയ്ഡ് നടത്താറുണ്ടെങ്കിലും ആവശ്യമായ വാഹനങ്ങളും പ്രതിരോധ ആയുധങ്ങളും ഇല്ലാത്ത കാരണം റെയ്ഡുകൾ ഫലപ്രദമാക്കുന്നതിന് കഴിയുന്നില്ലെന്നും അട്ടപ്പാടിയിൽ ഒരു

റെയ്ഞ്ചാഫീസ് കൂടി വേണമെന്നും ആവശ്യമായ വാഹനം നൽകണമെന്നുമുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. വ്യാജചാരായം, കഞ്ചാവ് എന്നിവയുടെ ഉൽപ്പാദനവും വിതരണവും മറ്റും തടയുന്നതിന് ഒരു എക്സൈസ് റേയ്ഞ്ചാഫീസും ആവശ്യമായ വാഹനങ്ങളും കൂടി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കാവുന്നതാണ്.

<u>22-6-2010-ലെ സമിതി യോഗം ആവശ്യപ്പെട്ട അധികവിവരം</u>

പ്രസ്തുത ശിപാർശയിന്മേൽ നികുതി വകുപ്പിൽ നിന്ന് മറുപടി ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു

**നികുതി വകുപ്പ് സ്വീകരിച്ച നടപടി**

ഈ നിർദ്ദേശം നടപ്പിലാക്കുന്നത് മൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത കണക്കിലെടുത്ത്, പ്രസ്തുത ശിപാർശ തൽക്കാലം നടപ്പിലാക്കാൻ നിർവ്വാഹമില്ല.

**ശിപാർശ 155 (ഖണ്ഡിക 319)**

അട്ടപ്പാടിയിലെ പട്ടികവിഭാഗക്കാരുടെ സാംസ്ക്കാരിക ഉന്നമനത്തിനായി വ്യാജവാറ്റ്, കഞ്ചാവ് എന്നിവയ്ക്ക് എതിരെ ബോധവൽക്കരണം നടത്തുന്നതിനായി ഓരോ പഞ്ചായത്തിലും കലാസംഘങ്ങൾ രൂപീകരിച്ചിട്ടുണ്ടെന്നും അവരുടെ പരമ്പരാഗത കലാസാംസ്കാരിക പ്രോത്സാഹനത്തിനായി ജില്ലാതലത്തിലും സംസ്ഥാന തലത്തിലും കലാമത്സരങ്ങൾ സംഘടിപ്പിക്കാറുണ്ടെങ്കിലും സ്കൂൾ തലത്തിൽ ഇത്തരം മത്സരങ്ങൾ സംഘടിപ്പിക്കുന്നില്ലെന്ന് സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ആയതിനാൽ സ്കൂൾ തലത്തിൽ കൂടി ഇത്തരം കലാമത്സരങ്ങൾ സംഘടിപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽപെടുത്തുന്നതാണ്

<u>22-6-2010-ലെ സമിതി യോഗം ആവശ്യപ്പെട്ട അധികവിവരം</u>

പ്രസ്തുത ശിപാർശയിന്മേൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെടാൻ സമിതി നിർദ്ദേശിച്ചു.

### പൊതുവിദ്യാഭ്യാസവകുപ്പ് സ്വീകരിച്ച നടപടി

അട്ടപ്പാടിയിലെ പട്ടിക വർഗ്ഗക്കാരുടെ സാംസ്കാരിക ഉന്നമനത്തിനായി വ്യാജവാറ്റ്, കഞ്ചാവ് എന്നിവയ്ക്ക് എതിരെ ബോധവൽക്കരണം നടത്തുന്നതിനായി അവരുടെ പരമ്പരാഗത കലാ സാംസ്കാരിക പ്രോൽസാഹനത്തിനായി പാലക്കാട് ജില്ലയിലെ എല്ലാ സ്കൂളുകളിലും കലാമത്സരങ്ങൾ സംഘടിപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

### ശിപാർശ 156 (ഖണ്ഡിക 321)

കരാർ അടിസ്ഥാനത്തിൽ 10,000 രൂപയാണ് ഡോക്ടർമാർക്ക് നിശ്ചയിച്ചിരിക്കുന്ന പ്രതിമാസ വേതന നിരക്ക്. റൂറൽ ഏരിയായിൽ പ്രതിഫലം വർദ്ധിപ്പിക്കുകയാണെങ്കിൽ ആളിനെ കിട്ടുമെന്ന് സമിതി അനുമാനിക്കുന്നു. ആയതിനാൽ ഈ മേഖലയിലെ കരാർ അടിസ്ഥാനത്തിലുള്ള ഡോക്ടർമാരുടെ പ്രതിമാസവേതന നിരക്ക് വർദ്ധിപ്പിക്കണമെന്നും പ്രത്യേക ഇൻസെന്റീവ് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

ഈ മേഖലയിലെ കരാർ അടിസ്ഥാനത്തിലുള്ള ഡോക്ടർമാരുടെ പ്രതിമാസ വേതന നിരക്ക് എൻ.ആർ.എച്ച്.എം.-ലെ മെഡിക്കൽ ആഫീസർമാരുടെ വേതനത്തിന് തുല്യമായി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

### ആരോഗ്യകുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി

എം. ബി. ബി. എസ്., സ്പെഷ്യലിസ്റ്റ് (ഡിഗ്രി & ഡിപ്ലോമ) ഡോക്ടർമാർക്ക് 27,000 രൂപയും ഡെന്റൽ സർജൻമാർക്ക് 23,000 രൂപയും സി. ആർ. എസ്. ഡോക്ടർമാർക്ക് 15,000 രൂപയും സി. ആർ. എസ്. സ്പെഷ്യലിസ്റ്റ് ഡോക്ടർമാർക്ക് 23,000 രൂപയും, സി. ആർ. എസ്. സ്പെഷ്യലിസ്റ്റ് ഡിപ്ലോമ ഡോക്ടർമാർക്ക് 21,000 രൂപയും നൽകിവരുന്നു. ഇതിനു പുറമേ ഗ്രാമീണ മേഖലയിലുള്ള പുതൂർ, കോട്ടത്തറ, ഷോലയൂർ എന്നിവിടങ്ങളിൽ ഉള്ളവർക്ക് 5000 രൂപ ഗ്രാമീണ അലവൻസ് ആയും അഗളി പ്രദേശത്തുള്ളവർക്ക് 3000 രൂപയും നൽകിവരുന്നു. കൗൺസിലിംഗിലൂടെ നിർബന്ധിത ഗ്രാമീണ സേവനത്തിനായി തെരഞ്ഞെടുക്കുന്ന ഡോക്ടർമാരെ ഈ പ്രദേശങ്ങളിൽ നിയോഗിക്കുന്നതാണ്.

**ശിപാർശ 157 (ഖണ്ഡിക 323)**

മാനന്തവാടി, ഇടുക്കി, അട്ടപ്പാടി ആരോഗ്യ പദ്ധതികളുടെ പ്രവർത്തനത്തിനായി 2225-02-282-97 എന്ന ശീർഷകത്തിൽ 2006-07 സാമ്പത്തിക വർഷം 50 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. എന്നാൽ ഈ ആരോഗ്യ പദ്ധതിയുടെ കീഴിൽ പാടവയലിലും ഇലച്ചിവഴിയിലും പ്രവർത്തിച്ച വരുന്ന ഒ. പി. ക്ലിനിക്കുകളുടെ പ്രവർത്തനം തുടർന്നു കൊണ്ടു പോകുന്നതിന് 5 ലക്ഷം രൂപ കൂടി അടുത്ത സാമ്പത്തിക വർഷം അനുവദിക്കണമെന്നു സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

ഒ. പി. ക്ലിനിക്കുകളുടെ പ്രവർത്തനത്തിന് ആവശ്യമായ തുക ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തിവരുന്നുണ്ട്.

**ശിപാർശ 158 (ഖണ്ഡിക 324)**

വിവിധ പട്ടികവർഗ്ഗ ഊരുകളിൽ നിന്നും രോഗികളെ അട്ടപ്പാടിയിലുള്ള ആശുപത്രികളിലും ജില്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും എത്തിക്കുന്നതിന് ഐ.ടി.ഡി.പി. യുടെ കീഴിൽഉള്ള രണ്ട് ആംബുലൻസുകളുടെ സർവ്വീസിനും ടി. ഒ. പി. ക്ലിനിക്കുകളുടെ സാമാന്യം മെച്ചപ്പെട്ട സേവനത്തിനുമായി 20 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

ആംബുലൻസുകളുടെയും ഒ.പി. ക്ലിനിക്കുകകളുടെയും പ്രവർത്തനത്തിന് ആവശ്യമായ തുക ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തിവരുന്നുണ്ട്.

**ശിപാർശ 159 (ഖണ്ഡിക 325)**

അട്ടപ്പാടി ആരോഗ്യ പദ്ധതിയുടെ കീഴിൽ 500 ലക്ഷം രൂപ എസ്റ്റിമേറ്റുള്ള ആശുപത്രി കെട്ടിടത്തിന്റെ 53 കിടക്ക സൗകര്യമുള്ള ഒന്നാം ഘട്ടം കെട്ടിട നിർമ്മാണവും വയറിംഗ് ജോലികളും പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി 2006-07 സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപ 4225-02-282-99 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. ആശുപത്രിയ്ക്കാവശ്യമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള തുടർപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിനും അട്ടപ്പാടിയിലെ ജന പ്രതിനിധികളും ഉദ്യോഗസ്ഥരും ജില്ലാ മെഡിക്കൽ ഓഫീസറും ഉൾപ്പെടുന്ന ഒരു സമിതി രൂപീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

പട്ടികവർഗ്ഗക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലായിരുന്ന ആശുപത്രി അടിസ്ഥാന സൗകര്യങ്ങളടക്കം ആരോഗ്യ വകുപ്പിന് കൈമാറിയിട്ടുണ്ട്.

**ശിപാർശ 160 (ഖണ്ഡിക 326)**

അട്ടപ്പാടിയിൽ 1165 സ്വന്തം കിണറുകളും 1250 പൊതു കിണറുകളും 3430 സ്വന്തം പൈപ്പുകളും 5770 പൊതു ടാപ്പുകളും 56 മഴവെള്ള സംഭരണികളും മറ്റിനത്തിൽ 5930 ജലസ്രോതസ്സുകളും ജനങ്ങൾ ഉപയോഗപ്പെടുത്തുന്നു. എന്നാൽ ശുദ്ധജലവിതരണം കാര്യക്ഷമമല്ലെന്ന് സമിതിക്ക് മനസ്സിലാക്കാൻ സാധിച്ചു. വാട്ടർ അതോറിറ്റിയിൽ നിന്നും ജലനിധിയിലേയ്ക്ക് മാറിയപ്പോൾ ശുദ്ധീകരിക്കാതെയാണ് ജലവിതരണം നടത്തുന്നത്. ആയതിനാൽ ശുദ്ധജലവിതരണം ഉറപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ആദിവാസികളെ വാട്ടർ ചാർജ് നൽകുന്നതിൽ നിന്നും ഒഴിവാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

സമിതിയുടെ നിർദ്ദേശം ജലവിഭവ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

<u>22-6-2010-ലെ സമിതിയോഗം ആവശ്യപ്പെട്ട അധികവിവരം</u>

ഖണ്ഡിക 326-ലെ ശിപാർശയിന്മേൽ ജലവിഭവ വകുപ്പിൽ നിന്നും മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെടാൻ സമിതി നിർദ്ദേശിച്ചു.

**ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടി**

ജലനിധിയുടെ ഭാഗമായി അട്ടപ്പാടിയിൽ അഗളി, പുതൂർ, ഷോളയൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിൽ ജനറൽ വിഭാഗത്തിലും ടി.ഡി.പി. വിഭാഗത്തിലും ഉൾപ്പെടുത്തി കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ടി. ഡി. പി. -യുടെ ഭാഗമായി 59 കുടിവെള്ള പദ്ധതികളും ജനറൽ വിഭാഗത്തിൽ 49 കുടിവെള്ള പദ്ധതികളും നടപ്പിലാക്കി. (ഇതിൽ 3 എണ്ണം ബൃഹത് കുടിവെള്ള പദ്ധതികളാണ്.) ചെറിയ കുടിവെള്ള പദ്ധതികൾ കമ്മീഷൻ ചെയ്തു കഴിഞ്ഞാൽ ശുദ്ധീകരണ സംവിധാനങ്ങൾ ഉറപ്പുവരുത്തിയും പ്രത്യേക പരിശീലനം നൽകിയും തുടർ നടത്തിപ്പിലും പരിപാലനത്തിനും ഗുണഭോക്തൃ സമിതികൾക്ക് കൈമാറ്റം ചെയ്യുന്നത് കൂടാതെ ശുദ്ധീകരണത്തിനാവശ്യമായി 'WQ Kit' നൽകുകയും ചെയ്യുന്നുണ്ട്. കേരള ജല അതോറിറ്റിക്ക് അട്ടപ്പാടി മേഖലയിൽ നിലവിൽ ശുദ്ധജലവിതരണ പദ്ധതികൾ അതാത് പഞ്ചായത്തുകൾക്ക് മുൻകാലങ്ങളിൽ കൈമാറിയിട്ടുള്ളതാണ്. പ്രസ്തുത പദ്ധതികളെ സംബന്ധിക്കുന്ന കാര്യങ്ങളായ വിതരണം ചെയ്യുന്ന ജലത്തിന്റെ

ഗുണനിലവാരം ഉറപ്പാക്കൽ, വാട്ടർ ചാർജ്ജ് നൽകുന്നതിൽ നിന്നും ആദിവാസികളെ ഒഴിവാക്കൽ തുടങ്ങിയ കാര്യങ്ങൾ അതാത് പഞ്ചായത്തുകൾ/സ്ഥാപനങ്ങൾ തീരുമാനിച്ച് നടപ്പിൽ വരുത്തേണ്ടതാണ്. ഇടർനടപടികൾ സ്വീകരിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പിനു നിർദ്ദേശം നൽകിയിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി**

അട്ടപ്പാടിയിലെ അഗളി പഞ്ചായത്തിൽ കുടിവെള്ള വിതരണം നടത്തുന്നതിനുള്ള 8 കോടി രൂപയുടെ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**ശിപാർശ 161 (ഖണ്ഡിക 327)**

2004-05 വർഷം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി 1016 വീടുകളിൽ വയറിംഗ് നടത്തി വൈദ്യുതി കണക്ഷന് അഗളി കെ.എസ്.ഇ.ബി. ഓഫീസിൽ അപേക്ഷ നൽകിയിട്ട് പല വിധത്തിലുള്ള സാങ്കേതികത്വം പറഞ്ഞ് വൈദ്യുതീകരണത്തിനുള്ള കാലതാമസം വരുത്തുന്നു എന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. കുറുമ്പ വിഭാഗത്തിൽപ്പെട്ടവരുടെ ഊരുകൾ വനത്തിനുള്ളിലായതിനാൽ അവയൊന്നും വൈദ്യുതീകരിച്ചിട്ടില്ല. വനത്തിനുള്ളിലുള്ള ഏകദേശം 30 കോളനികൾ വൈദ്യുതീകരിക്കുന്നതിന് ആവശ്യമായ പ്രൊപ്പോസലുകൾ തയ്യാറാക്കി ഡയറക്ടറേറ്റിൽ അയച്ചുകൊടുത്തിട്ടുണ്ടെന്നും ഭരണാനുമതി ലഭിക്കാത്തത് കാരണമാണ് വൈദ്യുതീകരണം യഥാസമയം നടക്കാത്തതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ടി പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ആദിവാസികൾക്ക് വൈദ്യുതി ലഭിക്കുന്നതിന് മുൻഗണനയും ചാർജ് ഇളവും നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

അട്ടപ്പാടിയിലെ കുറുമ്പ മേഖലയിൽ ലൈൻ വലിച്ച് വൈദ്യുതി എത്തിക്കാവുന്ന പട്ടികവർഗ്ഗ കോളനികളിൽ മുഴുവൻ സമയബന്ധിതമായി വൈദ്യുതി എത്തിക്കാനും ലൈൻ വലിക്കുന്നതിന് ബുദ്ധിമുട്ടുള്ള പ്രദേശങ്ങളിൽ സോളാർ ലൈറ്റുപയോഗിച്ചും വൈദ്യുതി എത്തിക്കാനും സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്. പട്ടികവർഗ്ഗക്കാരെ വൈദ്യുതി ചാർജ് നൽകുന്നതിൽ നിന്ന് ഒഴിവാക്കുന്ന കാര്യം ഊർജ്ജ വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

**<u>22-6-2010 -ലെ സമിതി യോഗം ആവശ്യപ്പെട്ട അധികവിവരം</u>**

ഖണ്ഡിക 327-ലെ ശിപാർശയിന്മേൽ ഊർജ്ജ വകുപ്പിൽ നിന്നും മറുപടി ആവശ്യപ്പെടാൻ സമിതി നിർദ്ദേശിച്ചു.

## ഊർജ്ജ വകുപ്പ് സ്വീകരിച്ച നടപടി

സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് സംസ്ഥാനത്തെ പട്ടിക വർഗ്ഗ കോളനികളുടെ വൈദ്യുതീകരണത്തിനായി 2008-09 കാലയളവിൽ അനുവദിച്ച കോർപ്പസ് ഫണ്ടിൽ നിന്നും പാലക്കാട് ജില്ലയിലെ അട്ടപ്പാടി, മണ്ണാർക്കാട് ബ്ലോക്കുകളിൽ ഉൾപ്പെടുന്ന 33 പട്ടികവർഗ്ഗ കോളനികൾ വൈദ്യുതീകരിക്കുന്നതിനായി 2,93,38,169 രൂപ അനുവദിക്കുകയും, ടി തുക ഉപയോഗിച്ച് അട്ടപ്പാടി ബ്ലോക്കിലെ അഗളി സെക്ഷൻ ഓഫീസ് പരിധിയിൽ വരുന്ന 28 ആദിവാസി ഊരുകളും മണ്ണാർക്കാട് ബ്ലോക്കിലെ അഞ്ച് ആദിവാസി കോളനികളും വൈദ്യുതീകരിച്ചിട്ടുണ്ട്. വൈദ്യുതീകരിച്ച കോളനികളുടെ പട്ടിക അനുബന്ധം VI ആയി ചേർത്തിട്ടുണ്ട്. അഗളി സെക്ഷൻ ഓഫീസ് പരിധിയിൽ വരുന്ന താഴെ മേലെ ദൂതയാർ പട്ടികവർഗ്ഗ കോളനി വൈദ്യുതീകരണത്തിന് വനം വകുപ്പിന്റെ അനുമതി ലഭിച്ചിട്ടില്ല. ഭൂപ്രകൃതിയുടെ പ്രത്യേകത കൊണ്ടും, വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തത് കൊണ്ടും നിലവിലുള്ള വൈദ്യുതി വിതരണ ശൃംഖലയിൽ നിന്നും വൈദ്യുതി എത്തിക്കുവാൻ കഴിയാത്ത പ്രദേശങ്ങൾ വൈദ്യുതീകരിക്കുവാൻ കേന്ദ്ര ഗവൺമെന്റിന്റെ രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായ ഡീസെൻട്രലൈസ്ഡ് ഡിസ്ട്രിബ്യൂട്ടഡ് ജനറേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി അട്ടപ്പാടി ബ്ലോക്കിൽപ്പെടുന്ന ഏഴ് കോളനികളിൽ (വിശദ വിവരം അനുബന്ധം VII ആയി ചേർത്തിട്ടുണ്ട്) സൂര്യപ്രകാശത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുവാനുള്ള വിശദമായ പദ്ധതി അനുമതിക്കായി തയ്യാറാക്കി വരുന്നു.

## ശിപാർശ 162 (ഖണ്ഡിക 328)

അട്ടപ്പാടി മേഖലയിലെ പട്ടികവർഗ്ഗത്തിൽപ്പെട്ട വൈദ്യുത ഉപഭോക്താക്കൾ വൈദ്യുത ചാർജ് അടയ്ക്കാത്തതിനാൽ വൈദ്യുത കണക്ഷൻ വിച്ഛേദിക്കാനുള്ള സാധ്യത സമിതി മനസ്സിലാക്കുന്നു. പലർക്കും വൈദ്യുത ചാർജ് അടയ്ക്കാൻ കഴിയാത്ത സ്ഥിതിയിലാണ്. ആയതിനാൽ പട്ടികവർഗ്ഗ ഉപഭോക്താക്കൾക്ക് വൈദ്യുതി നിരക്കിൽ സബ്സിഡി നൽകുന്നതിനനുകൂലമായ തീരുമാനം വകുപ്പ് സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

പട്ടികവർഗ്ഗക്കാർ ഉപയോഗിക്കുന്ന വൈദ്യുതിക്ക് സബ്സിഡി നൽകുന്ന കാര്യം ഊർജ്ജ വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

## 22-6-2010 -ലെ സമിതിയോഗം ആവശ്യപ്പെട്ട അധികവിവരം

പ്രസ്തുത ശിപാർശയിന്മേൽ ഊർജ്ജ വകുപ്പിൽ നിന്നും മറുപടി ആവശ്യപ്പെടാൻ നിർദ്ദേശിച്ചു.

**ഊർജ്ജവകുപ്പ് സ്വീകരിച്ച നടപടി**

20-6-2013-ലെ ജി. ഒ. (എം. എസ്.) നമ്പർ 27/2013/പി.ഡി. ഉത്തരവു പ്രകാരം 500 വാട്ടിൽക്കൂടുതൽ കണക്റ്റഡ് ലോഡില്ലാത്തതും, ഒരുമാസം 20 യൂണിറ്റ് വരെ ഉപഭോഗമുള്ളതുമായ എല്ലാവിഭാഗം ഗാർഹിക ഉപഭോക്താക്കളെയും വൈദ്യുതി ചാർജ് അടയ്ക്കുന്നതിൽനിന്ന് സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് തുടർന്നും ഒഴിവാക്കേണ്ടതാണെന്നും, ഇതുമൂലമുണ്ടാകുന്ന റവന്യൂകമ്മി നികത്തുന്നതിനാവശ്യമായ തുക 2003-ലെ കേന്ദ്ര ഇലക്ട്രിസിറ്റി ആക്റ്റിലെ 65-ാം വകുപ്പുപ്രകാരം സർക്കാർ മുൻകൂർ ക്യാഷ് സബ്സിഡിയായി വൈദ്യുതി ബോർഡിനു ലഭ്യമാക്കുന്നതാണെന്നും സർക്കാർ ഉത്തരവായിട്ടുണ്ട്.

ഇലക്ട്രിസിറ്റി ആക്റ്റ്, 2003-ലെ സെക്ഷൻ 65 അനുസരിച്ച് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച നിരക്കിൽത്തന്നെ താരിഫ് ഈടാക്കേണ്ടതാണ്. സംസ്ഥാന ഗവണ്മെന്റ് ഏതെങ്കിലും വിഭാഗം ഉപഭോക്താക്കൾക്ക് കമ്മീഷൻ അംഗീകരിച്ച നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകാൻ തയ്യാറാണെങ്കിൽ, ഇപ്രകാരം താരിഫിൽ ഇളവ് അനുവദിക്കുന്നതുവഴി വിതരണ ലൈസൻസികൾക്കുണ്ടാകുന്ന വരുമാനക്കുറവ് സർക്കാർ മുൻകൂറായി, കമ്മീഷൻ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ പ്രകാരം നൽകേണ്ടതുണ്ട്. 6-8-2012-ലെ ജി. ഒ. (എം.എസ്.) നമ്പർ 18/2012/പി.ഡി. ഉത്തരവ് പ്രകാരം പ്രതിമാസം 120 യൂണിറ്റുവരെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെ 2012-13-ലെ വൈദ്യുതി താരിഫ് വർദ്ധനയിൽനിന്ന് ഒഴിവാക്കുന്നതാണെന്നും, ഈയിനത്തിലുള്ള വൈദ്യുതി കമ്മി ഒഴിവാക്കുന്നതിനായി പ്രതിമാസം 25 കോടി രൂപ വീതം വൈദ്യുതി ബോർഡിന് മുൻകൂർ ക്യാഷ് സബ്സിഡിയായി നൽകാവുന്നതാണെന്നും ഉത്തരവായിട്ടുണ്ട്. 2013-14-ലെ താരിഫ് വർദ്ധന നിലവിൽ വന്നപ്പോൾ 28-5-2013-ലെ ജി.ഒ. (എം.എസ്.) 24/13/പി.ഡി. നമ്പർ ഉത്തരവുപ്രകാരം മേൽപ്പറഞ്ഞ 25 കോടി രൂപയുടെ ക്യാഷ് സബ്സിഡി തുടർന്നും അനുവദിക്കുന്നതാണെന്നും, 120 യൂണിറ്റുവരെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെ 2013-14-ലെ താരിഫ് വർദ്ധനയിൽനിന്ന് ഒഴിവാക്കുന്നതിന് 2013 മേയ് മുതൽ 3 മാസത്തേയ്ക്ക് 10.58 കോടി രൂപ വീതം ക്യാഷ് സബ്സിഡി അനുവദിക്കുമെന്നും ഉത്തരവായിട്ടുണ്ട്.

മേൽപ്പറഞ്ഞ പ്രകാരം വൈദ്യുതി ചാർജ് അടയ്ക്കുന്നതിൽനിന്നും, താരിഫ് വർദ്ധനയിൽനിന്നും ഒരുവിഭാഗം ഉപഭോക്താക്കളെ ഒഴിവാക്കിയ സർക്കാർ നടപടിയുടെ ആനുകൂല്യം പട്ടികവർഗ്ഗഉപഭോക്താക്കൾക്കു ലഭ്യമാകുന്നതാണ്.

<u>3-9-2014-ലെ സമിതിയോഗം ആവശ്യപ്പെട്ട അധികവിവരം</u>

(1) അട്ടപ്പാടിയിൽ വൈദ്യുതി ചാർജ് അടയ്ക്കാത്തതിന്റെ പേരിൽ ആദിവാസികളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കണക്ഷൻ വിച്ഛേദിച്ചു; ഇതിൽ എത്രയെണ്ണം പിന്നീട് പുനഃസ്ഥാപിച്ചു?

(2) വൈദ്യുതി സബ്സിഡിയുടെ ആനുകൂല്യം അട്ടപ്പാടിയിലെ ആദിവാസികൾക്ക് ലഭ്യമായിട്ടുണ്ടോ; ആയത് ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്?

**ഊർജ്ജ വകുപ്പ് സ്വീകരിച്ച നടപടി**

അട്ടപ്പാടിയിൽ 81 ആദിവാസികളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചിട്ടുണ്ട്. ഇതിൽ 72 എണ്ണം പുനഃസ്ഥാപിച്ച് നൽകിയിട്ടുണ്ട്. വീടും വയറിംഗും പൊളിഞ്ഞു പോയതിനാൽ ബാക്കി 9 എണ്ണം പുനഃസ്ഥാപിച്ചിട്ടില്ല. അട്ടപ്പാടിയിലെ 5,359 ആദിവാസികളിൽ 271 പേർ പ്രതിമാസം 20 യൂണിറ്റിൽ താഴെ വൈദ്യുതി ഉപയോഗിക്കുന്നവരും, കണക്റ്റഡ് ലോഡ് 500 വാട്ട്സിൽ താഴെയുള്ളവരുമായ നോൺ-പേയിംഗ് ഗ്രൂപ്പിൽ ഉള്ളവരാണ്. അവർക്ക് വൈദ്യുതി ചാർജ് ഒഴിവാക്കിയിട്ടുണ്ട്. അപ്രകാരം അവർക്ക് വൈദ്യുതി സബ്സിഡിയുടെ ആനുകൂല്യം ലഭിക്കുന്നുണ്ട്.

**ശിപാർശ 163 (ഖണ്ഡിക 331)**

കൂടുതൽ കുട്ടികൾ താമസിക്കുന്ന ഹോസ്റ്റലുകളിൽ ആവശ്യത്തിന് പാചകക്കാരെയും, മറ്റ് ജീവനക്കാരെയും അനുവദിക്കണമെന്നും, അട്ടപ്പാടി മേഖലയിൽ 3 പ്രീ-മെട്രിക് ഹോസ്റ്റലുകൾ കൂടി അനുവദിക്കണമെന്നും, നിലവിലുള്ള എല്ലാ ഹോസ്റ്റലുകളുടെയും കെട്ടിടസൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി-പട്ടികവർഗ്ഗവികസനവകുപ്പ് സ്വീകരിച്ച നടപടി**

പട്ടികവർഗ്ഗവികസനവകുപ്പിലെ പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ ചുരുങ്ങിയത് 2 കുക്കുമാരുടെ തസ്തികകളും, 60-നുമേൽ കുട്ടികളുള്ള സ്ഥാപനങ്ങളിൽ 30:1 അനുപാതത്തിൽ കുക്ക് തസ്തികയും അനുവദിക്കുന്നതിനു നടപടി സ്വീകരിച്ചുവരുന്നു. അട്ടപ്പാടിയിൽ നിലവിൽ പെൺകുട്ടികൾക്കായുള്ള അഞ്ചും, ആൺകുട്ടികൾക്കായുള്ള ഒമ്പതും, ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും രണ്ടും പ്രീ-മെട്രിക് ഹോസ്റ്റലുകളടക്കം 16 പ്രീ-മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു.

**ശിപാർശ 164 (ഖണ്ഡിക 333)**

കഴിഞ്ഞവർഷം മാത്രം 40 ലക്ഷം രൂപ ഭക്ഷ്യയിനത്തിൽ നൽകുവാനുണ്ടെന്ന് അധികൃതർ സമിതിയെ അറിയിച്ചു. ആയതിനാൽ, കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും, അതതുവർഷത്തെ ആവശ്യങ്ങൾക്കും മതിയായ തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി-പട്ടികവർഗ്ഗവികസനവകുപ്പ് സ്വീകരിച്ച നടപടി**

പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ ഭക്ഷ്യയിനത്തിലുള്ള കുടിശ്ശിക തീർക്കുന്നതിനാവശ്യമുള്ള തുക അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ ആവശ്യാനുസരണമുള്ള തുക ഈയിനത്തിൽ ലഭ്യമാണ്.

## ശിപാർശ 165 (ഖണ്ഡിക 334)

ആദിവാസികുടുംബങ്ങളിൽനിന്നും എസ്.എസ്.എൽ.സി. പരീക്ഷയിൽ വിജയം കരസ്ഥമാക്കിയ 32 പേരിൽ 14 പേർക്കു ജോലിയുണ്ടെന്നും, ബാക്കിയുള്ളവർക്കു ജോലി ലഭിച്ചിട്ടില്ലെന്നും, ബി.ഡി.എസ്. പാസ്സായ ഒരാൾ പ്രൈവറ്റായി പ്രാക്ടീസ് നടത്തുകയാണെന്നും, എം.ബി.ബി.എസ്. പാസ്സായ ആൾ വടകോട്ടത്തറയിലെ അമൃത ആശുപത്രിയിൽ പ്രാക്ടീസ് നടത്തുകയാണെന്നും, എം.എ. & ബി.എഡ്. പാസ്സായ 7 പേരിൽ 5 പേർ അദ്ധ്യാപകരായും, ഒരാൾ എൽ.ഡി. ക്ലാർക്കായും, മറ്റേയാൾ അഹാഡ്സിലും ജോലിചെയ്യുന്നതായും അധികൃതർ സമിതിയെ അറിയിച്ചു. വിദ്യാഭ്യാസയോഗ്യതയനുസരിച്ച് എല്ലാ പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്കും ജോലി ഉറപ്പാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി-പട്ടികവർഗ്ഗവികസനവകുപ്പ് സ്വീകരിച്ച നടപടി

സംസ്ഥാനത്ത് നിലവിലുള്ള സംവരണസ്ഥിതിയനുസരിച്ച് 2% സർക്കാർ ജോലിയാണ് പട്ടികവർഗ്ഗക്കാർക്കു ലഭ്യമായിട്ടുള്ളത്. ഈ 2% ജോലിയിൽ 36 വിഭാഗങ്ങളിൽപ്പെടുന്ന മുഴുവൻ പട്ടികവിഭാഗത്തിൽപ്പെട്ടവർക്കും ജോലി ലഭിക്കുന്നില്ല. പൊതുമേഖലാ സ്ഥാപനങ്ങളിൽ സംവരണം നടപ്പാക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും സർക്കാർ ഖജനാവിൽനിന്നു ശമ്പളം നൽകുന്ന എയ്ഡഡ് മേഖലയിലും, അതുപോലെതന്നെ സഹകരണമേഖലയിലും ഇനിയും സംവരണം നടപ്പാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ, വിദ്യാഭ്യാസവും യോഗ്യതയുമുള്ള എല്ലാ ആദിവാസിയുവതീയുവാക്കൾക്കും യോഗ്യതയ്ക്കനുസരിച്ച് ജോലി നൽകാൻ ബുദ്ധിമുട്ടാണ്.

## ശിപാർശ 166 (ഖണ്ഡിക 335)

പ്ലസ് ടു തലം വരെയുള്ള വിദ്യാഭ്യാസം മാത്രമേ ഗവൺമെന്റുതലത്തിൽ പട്ടികവർഗ്ഗക്കാർക്കു കിട്ടുന്നുള്ളുവെന്നും, കോളേജ് പഠനവും, എൻട്രൻസ് കോച്ചിംഗിനുള്ള സംവിധാനവും ഇപ്പോൾ ലഭിക്കാത്തതുമൂലം പ്ലസ്ടു കഴിയുന്നതോടെ കുട്ടികൾ പഠനം നിർത്തുന്ന സ്ഥിതിവിശേഷമാണു നിലവിലുള്ളതെന്നും സമിതിക്കു മനസ്സിലാക്കാൻ സാധിച്ചു. ആയതിനാൽ, ഈസാഹചര്യം ഒഴിവാക്കുന്നതിനായി അട്ടപ്പാടിയിൽ ഒരു ട്രൈബൽ കോളേജും, മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷകൾക്കു പരിശീലനം നൽകുന്ന ഒരു പരിശീലനകേന്ദ്രവും സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി-പട്ടികവർഗ്ഗവികസനവകുപ്പ് സ്വീകരിച്ച നടപടി

അട്ടപ്പാടിയിൽ കോളേജ് ആരംഭിക്കുന്ന കാര്യത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പ്, കോഴിക്കോട് സർവ്വകലാശാല എന്നിവ മുഖേന നടപടി സ്വീകരിക്കാവുന്നതാണ്. പ്രൊഫഷണൽ കോഴ്സുകൾക്ക് കോച്ചിംഗ് നൽകുന്നതിന് സമർത്ഥരായ ഫാക്കൽട്ടിയെ അട്ടപ്പാടി ഭാഗത്ത് ലഭ്യമല്ല. എന്നാൽ, പ്ലസ് ടു സയൻസ് ബാച്ചിൽ

പഠിക്കുന്ന പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് പ്ലസ് ടു പരീക്ഷ കഴിഞ്ഞു പ്രവേശന പരീക്ഷയ്ക്കുമുമ്പായി പട്ടികവർഗ്ഗവികസനവകുപ്പ് കിർട്ടാഡ്സ് മുഖേന കോഴിക്കോട്ട് വെച്ച് തീവ്രപരിശീലനം 2007, 2008, 2009 എന്നീ വർഷങ്ങളിൽ നടത്തിയിരുന്നു. 2010-ലും തീവ്രപരിശീലനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## 22-6-2010-ലെ സമിതിയോഗം ആവശ്യപ്പെട്ട അധികവിവരം

പ്രസ്തുതശിപാർശയിന്മേൽ ഉന്നതവിദ്യാഭ്യാസവകുപ്പിൽനിന്ന് റിപ്പോർട്ട് ആവശ്യപ്പെടാൻ സമിതി തീരുമാനിച്ചു.

## ഉന്നതവിദ്യാഭ്യാസം (ബി) വകുപ്പ് സ്വീകരിച്ച നടപടി

12-9-2011-ലെ ജി. ഒ. (എം. എസ്.) 218/11/ഉ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അട്ടപ്പാടിയിൽ ഒരു ആർട്സ് & സയൻസ് കോളേജ് തുടങ്ങുവാൻ അനുമതി നൽകുകയും, ടി കോളേജിന്റെ പ്രവർത്തനം 2012-13 വർഷം മുതൽ ആരംഭിക്കുകയും ചെയ്തു. നിലവിൽ 4 കോഴ്സുകളിലായി 561 വിദ്യാർത്ഥികൾ അട്ടപ്പാടി ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിൽ പഠിച്ചുവരുന്നു. സ്വന്തമായി കെട്ടിടവും, മറ്റ് അത്യാവശ്യ അടിസ്ഥാനസൗകര്യങ്ങളും ഒരുക്കിയിട്ടുള്ള ടി കോളേജ് നല്ല നിലയിൽ പ്രവർത്തിച്ച് വരുന്നു. എന്നാൽ, സയൻസ് വിഷയങ്ങൾ കൈകാര്യം ചെയ്യാത്ത ടി കോളേജിൽ മെഡിക്കൽ/എൻജിനീയറിംഗ് എൻട്രൻസ് പരിശീലനകേന്ദ്രം ആരംഭിക്കുന്നതിന് ആവശ്യമായ ഫാക്കൽറ്റികൾ ഇല്ലാത്തതിനാൽ ടി ശിപാർശ പ്രായോഗികമായി നടപ്പിലാക്കുവാൻ ബുദ്ധിമുട്ടുള്ളതും അധികസാമ്പത്തികബാദ്ധ്യത ഉള്ളതുമാണ് എന്ന വിവരം സമിതിയെ അറിയിക്കുന്നു.

## ഉന്നതവിദ്യാഭ്യാസം (ജി) വകുപ്പ് സ്വീകരിച്ച നടപടി

2012-ൽ എസ്റ്റിമേറ്റ്സ് കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അട്ടപ്പാടിയിൽ രാജീവ്ഗാന്ധി മെമ്മോറിയൽ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് ആരംഭിച്ചിരുന്നു. നിലവിൽ പ്രസ്തുത കോളേജിൽ കൊമേഴ്സ് (വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ), ഹിസ്റ്ററി, പബ്ലിക് അഡ്മിനിസ്ട്രേഷൻ, മലയാളം തുടങ്ങിയ വിഷയങ്ങളിൽ ബിരുദകോഴ്സുകൾ നടന്നുവരുന്നുണ്ട്. കൂടാതെ, ഹയർ സെക്കൻഡറി ഡയറക്ടറേറ്റിന് കീഴിൽ വിദ്യാർത്ഥികളെ പ്രൊഫഷണൽ വിദ്യാഭ്യാസ പ്രവേശനത്തിന് സഹായിക്കുന്നതിനായി "ദിശ" പദ്ധതി നടപ്പിലാക്കിവരുന്നു.

## ശിപാർശ 167 (ഖണ്ഡിക 337)

കറുമ്പ ഊരിൽ നിലനിൽക്കുന്ന കഞ്ചാവുകൃഷി അവസാനിപ്പിക്കാൻ കൃഷി വകുപ്പും, ട്രൈബൽ ഡിപ്പാർട്ട്മെന്റും കൂടി യോജിച്ച് പ്രസ്തുത ഊരിലെ ആദിവാസികളെ ബോധവൽക്കരിക്കുകയും, ഏലം, കുരുമുളക് തുടങ്ങിയവ കൃഷി ചെയ്യാൻ വിത്തുകളും, സാമ്പത്തികസഹായവും നൽകുകയും ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

അട്ടപ്പാടി മേഖലയിലെ കഞ്ചാവുകൃഷി വലിയൊരളവോളം നിയന്ത്രണ വിധേയമാണെന്ന് വനം വകുപ്പിൽനിന്നും മനസ്സിലായിട്ടുണ്ട്. ഈ മേഖലയിൽ ആദിവാസികൾക്ക് വരുമാനദായകമായ തൊഴിൽ നൽകാൻ യുക്തമായ പദ്ധതികൾ തയ്യാറാക്കുന്നതിനും, നടപ്പാക്കുന്നതിനും വനം വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

### ശിപാർശ 168 (ഖണ്ഡിക 338)

അട്ടപ്പാടിയിലെ വനമേഖലയിലെ ചൂരൽ കത്തി നശിച്ചാലും അവ വെട്ടിയെടുക്കാൻ വനം വകുപ്പ് ആദിവാസികളെ അനുവദിക്കാത്തതുകാരണം പരമ്പരാഗതതൊഴിൽ ചെയ്യാൻ ആദിവാസികൾ ബുദ്ധിമുട്ട് അനുഭവിക്കുന്നു. ആയതിനാൽ, പട്ടികവർഗ്ഗക്കാർക്ക് പരമ്പരാഗതത്തൊഴിലിനായി ചൂരൽ വെട്ടിയെടുക്കുന്നതിനുള്ള അനുവാദം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

ചൂരൽ വെട്ടിയെടുക്കുന്നതിനുള്ള അനുവാദം പട്ടികവർഗ്ഗക്കാർക്കു നൽകാൻ വനം വകുപ്പിനു നിർദ്ദേശം നൽകുന്നതാണ്.

### ശിപാർശ 169 (ഖണ്ഡിക 344)

വനനശീകരണത്തെ ഫലപ്രദമായി തടയുന്നതിൽ വിജയിച്ച ഫാം സൊസൈറ്റികൾക്ക് പരിസ്ഥിതിസംരക്ഷണത്തിനായി പ്രതിവർഷം 22 ലക്ഷം രൂപയെങ്കിലും അനുവദിക്കണമെന്നാവശ്യപ്പെട്ട് ഗവണ്മെന്റിനു പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ടവർ സമിതിയെ അറിയിച്ചു. ടി സൊസൈറ്റികൾക്ക് പരിസ്ഥിതിസംരക്ഷണത്തിനായി പ്രതിവർഷം 20 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി-പട്ടികവർഗ്ഗവികസനവകുപ്പ് സ്വീകരിച്ച നടപടി

അട്ടപ്പാടി സഹകരണ ഫാമിംഗ് സൊസൈറ്റിക്ക് പട്ടികവർഗ്ഗവികസന വകുപ്പിന്റെ "ഗ്രൂപ്പ് ഫാമുകൾക്ക് ധനസഹായം" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി തുക വകയിരുത്തുന്നുണ്ട്.

### ശിപാർശ 170 (ഖണ്ഡിക 345)

ആദിവാസി കോളനികളിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയാവുന്ന ആളുകൾക്ക് നഷ്ടപരിഹാരമായി 50,000 രൂപ വരെ നൽകുന്നതിന് വനം വകുപ്പിന് അധികാരമുണ്ടെന്നും, പല കേസ്സുകളിലും നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ട്രൈബൽ ഡിപ്പാർട്ട്മെന്റുതലത്തിൽക്കൂടി ഇങ്ങനെ നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

വന്യമൃഗങ്ങളുടെ ആക്രമണത്തിന് വിധേയരായ ആദിവാസികൾക്ക് ഒരേ ആവശ്യത്തിന് രണ്ടു വകുപ്പുകളിൽനിന്നും ധനസഹായം നൽകുവാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുന്നതാണ്. എന്നാൽ, വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയാകുന്ന ആദിവാസികൾക്ക് പട്ടികവർഗ്ഗവികസനവകുപ്പിൽനിന്നും അടിയന്തര ചികിത്സാ സഹായധനം നൽകുന്നുണ്ട്.

### ശിപാർശ 171 (ഖണ്ഡിക 346)

അട്ടപ്പാടിയിലെ ഭൂതിവഴി ഊരിൽ വയറിംഗ് നടത്തി 2 വർഷം കഴിഞ്ഞിട്ടും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലെന്നും, ഹോസ്റ്റൽ സൗകര്യമില്ലാത്തതിനാൽ സ്കൂളുകളിൽ പോകാൻ കുട്ടികൾക്കു കഴിയുന്നില്ലെന്നും, വേനൽക്കാലത്ത് കുടിവെള്ളക്ഷാമം രൂക്ഷമാണെന്നും പ്രസ്തുത ഊര് സന്ദർശിച്ചപ്പോൾ നിവാസികൾ സമിതിയെ അറിയിച്ചു. ഭൂതിവഴി ഊരിലെ നിവാസികളുടെ ടി ആവശ്യത്തിന്മേൽ അടിയന്തരപരിഹാരത്തിനുള്ള നടപടി ഉണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

അട്ടപ്പാടിയിലെ ഭൂതിവഴി ഊരിൽ വയറിംഗ് പൂർത്തിയാക്കിയ 2 വീടുകളിൽ ഇപ്പോൾ വൈദ്യുതി കണക്ഷൻ ലഭ്യമാണ്. ബാക്കി 23 വീടുകൾ അഹാഡ്സ് പുനർനിർമ്മിച്ചുവരുന്നു. അതിൽ 20 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് വൈദ്യുതി കണക്ഷൻ നൽകാൻ കഴിയുന്നതാണ്. അട്ടപ്പാടി മേഖലയിൽ 16 പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ 740 സീറ്റുകൾ അനുവദിച്ചുനൽകിയിട്ടുണ്ട്. എന്നാൽ, നിലവിൽ 1,357 വിദ്യാർത്ഥികൾ താമസിക്കുന്നുണ്ട്. പ്രവേശനം നൽകുന്ന കുട്ടികളുടെ എണ്ണം, അനുവദിച്ച സീറ്റിന്റെ ഏകദേശം ഇരട്ടിയോളം വരും. ഇതിനനുസരിച്ച് കുക്കുമാരുടെ എണ്ണത്തിൽ യാതൊരു വർദ്ധനവും അനുവദിക്കാത്തത് പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കൂടുതൽ കുട്ടികളെ ഹോസ്റ്റലിൽ ചേർക്കാൻ കഴിയാത്തത് ഹോസ്റ്റൽ നിർമ്മാണത്തിന് ആവശ്യമായ ഭൂമി ലഭ്യമാകാത്തതിനാലാണ്. ഊരിലെ കുടിവെള്ളവിതരണം അഗളി പഞ്ചായത്താണ് നിർവ്വഹിക്കുന്നത്. ഇത് കുറേക്കൂടി ഫലവത്താക്കാൻ പഞ്ചായത്തിനോട് അഭ്യർത്ഥിക്കുന്നതാണ്.

### ജലവിഭവവകുപ്പ് സ്വീകരിച്ച നടപടി

അട്ടപ്പാടിയിലെ അഗളി ഗ്രാമപഞ്ചായത്തിൽ ഒരു ജലവിതരണപദ്ധതി നിലവിലുണ്ടായിരുന്നു. പ്രസ്തുതപദ്ധതി മുഖേന ഭൂതിവഴി ഊരിൽ ജലവിതരണം നടത്തിയിരുന്നു. എന്നാൽ, പിൽക്കാലത്ത് ടി പദ്ധതി പഞ്ചായത്തിന് കൈമാറുകയുണ്ടായി. ആയതിനാൽ, പദ്ധതി നടത്തിപ്പ് ഇപ്പോൾ പഞ്ചായത്തിന്റെ അധികാരപരിധിയിലാണ്.

22-6-2010-ലെ സമിതിയോഗം ആവശ്യപ്പെട്ട അധികവിവരം

അട്ടപ്പാടി മേഖലയിൽ പ്രീ-മെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണത്തിനാവശ്യമായ ഭൂമി റവന്യൂ വകുപ്പിനോട് ആവശ്യപ്പെടാനും, ഇക്കാര്യത്തിൽ പട്ടികവർഗ്ഗവികസനവകുപ്പ് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് ഇതിനോടകം കൈക്കൊണ്ടിട്ടുള്ളതെന്ന് ആരായാനും തീരുമാനിച്ചു.

**പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

റവന്യൂ വകുപ്പിൽനിന്നും ഭൂമി ലഭ്യമാകാത്ത സാഹചര്യത്തിൽ അട്ടപ്പാടി ഷോളയൂർ വില്ലേജിൽ 2 പ്രീ-മെട്രിക് ഹോസ്റ്റലുകൾ തുടങ്ങുന്നതിനായി 1.04 ഏക്കർ ഭൂമി പട്ടികവർഗ്ഗ വികസനവകുപ്പ് വിലയ്ക്കുവാങ്ങി അവിടെ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ മുഖേന ഹോസ്റ്റൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**ശിപാർശ 171(A) (ഖണ്ഡിക 347)**

റേഷൻകട വഴി വിതരണം ചെയ്ത ഭക്ഷ്യയോഗ്യമല്ലാത്ത അരി ഊരുനിവാസികൾ സമിതിയെ കാണിച്ചു. ഇത്തരം മോശപ്പെട്ട അരി വിതരണം ചെയ്ത റേഷൻകട പരിശോധിച്ച് നടപടിയെടുക്കാൻ സമിതി അധികൃതരെ ചുമതലപ്പെടുത്തിയിരുന്നു. ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന വിവരം സമിതിയെ അറിയിക്കണമെന്ന് അധികൃതരോട് നിരവധി തവണ ആവശ്യപ്പെട്ടിട്ടും മറുപടി നൽകാത്തത് സമിതി ഗൗരവപൂർവ്വം കാണുന്നു. മോശപ്പെട്ട അരി വിതരണം ചെയ്ത റേഷൻകട പരിശോധിച്ച് നടപടിയെടുത്തോയെന്ന വിവരം അടിയന്തരമായി സമിതിയെ അറിയിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

ഈ വിഷയം പൊതുവിതരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

22-6-2010-ലെ സമിതിയോഗം ആവശ്യപ്പെട്ട അധികവിവരം

പ്രസ്തുതവിഷയം സംബന്ധിച്ച് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അടിയന്തരമായി സമിതിയെ അറിയിക്കണമെന്ന് പൊതുവിതരണ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

### ഭക്ഷ്യ-പൊതുവിതരണ വകുപ്പ് സ്വീകരിച്ച നടപടി

റേഷൻകടകൾ വഴി ഉപയോഗശൂന്യമായ അരി ലഭിച്ചുവെന്ന പരാതി സംബന്ധിച്ച് അന്വേഷണം നടത്തിയതിൽ മൊത്തവിതരണ ഡിപ്പോയിലൂടെയും റേഷൻകടയിലൂടെയും വിതരണം ചെയ്ത അരി ഗുണനിലവാരമുള്ളതായിരുന്നുവെന്നും, മോശപ്പെട്ട അവസ്ഥയിലുള്ളതല്ലാത്തതായിരുന്നെന്നും പാലക്കാട് ജില്ലാ സപ്ലൈ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 28-11-2006-ൽ അഗളിയിലുള്ള എ.ആർ.ഡി. 82-ാം നമ്പർ റേഷൻകടയും, താവളത്ത് സ്ഥിതിചെയ്യുന്ന അരി മൊത്തവിതരണ ഡിപ്പോയും പരിശോധിച്ചതിൽ അരിയുടെ ഗുണനിലവാരത്തിൽ കുറവൊന്നും കാണുവാൻ കഴിഞ്ഞിട്ടില്ല. ആദിവാസി ഊരിൽനിന്നും കണ്ടെത്തിയ ഭക്ഷ്യയോഗ്യമല്ലാത്ത അരി റേഷൻകടയിൽനിന്നും വിതരണം ചെയ്തതല്ലായെന്നു മനസ്സിലാക്കുവാൻ കഴിഞ്ഞുവെന്ന് ജില്ലാ സപ്ലൈ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

### 3-9-2014-ലെ സമിതിയോഗം ആവശ്യപ്പെട്ട അധികവിവരം

അട്ടപ്പാടിയിലെ ഊരുകളിൽ വിതരണം ചെയ്ത അരി ഭക്ഷ്യയോഗ്യമായിരുന്നില്ലെന്നും, ഭക്ഷ്യയോഗ്യമല്ലാത്ത അരി വിതരണം ചെയ്തത് റേഷൻകടകൾ വഴിയായിരുന്നെന്നും ആദിവാസികൾ സമിതിയെ കാണിച്ച് ബോദ്ധ്യപ്പെടുത്തിയിരുന്നു. എന്നാൽ, ഈ അരി റേഷൻകടകൾ വഴി വിതരണം ചെയ്തതല്ലായെന്ന് ജില്ലാ സപ്ലൈ ഓഫീസർ എങ്ങനെയാണ് കണ്ടെത്തിയത്? റേഷൻകടകളിൽനിന്നും വാങ്ങിയതല്ലെങ്കിൽ എവിടെനിന്നാണ് ഈ അരി വാങ്ങിയതെന്ന് അന്വേഷിച്ച് കണ്ടെത്തിയിട്ടുണ്ടോ? റേഷൻകടകൾക്കു വിതരണം ചെയ്യാനായി നൽകിയ നല്ല അരി റേഷൻ വ്യാപാരികൾ മറിച്ചുവിറ്റ് ആദിവാസികൾക്കു മോശം അരി നൽകി എന്നാണ് സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് വ്യക്തമാക്കുന്നത്.

### ഭക്ഷ്യ-പൊതുവിതരണവകുപ്പ് സ്വീകരിച്ച നടപടി

28-11-2006-ൽ അന്നത്തെ ജില്ലാ സപ്ലൈ ഓഫീസറും, താലൂക്ക് സപ്ലൈ ഓഫീസറും അഗളിയിലെ 82-ാം നമ്പർ റേഷൻകടയും, താവളത്ത് സ്ഥിതിചെയ്യുന്ന മൊത്തവ്യാപാര ഡിപ്പോയും പരിശോധിച്ച് അരിയുടെ സ്റ്റോക്ക് ഗുണനിലവാരമുള്ളതാണെന്ന് റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ, പ്രസ്തുതകടയിലൂടെ വിതരണം ചെയ്തിരുന്ന അരി ഗുണനിലവാരമില്ലെന്ന് സമിതിക്കു ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ ഇത്തരം ഒരു റിപ്പോർട്ട് സമർപ്പിക്കുവാനുണ്ടായ സാഹചര്യം എന്താണെന്നുള്ള വിശദീകരണം ആവശ്യപ്പെടുകയും, 29-10-2014-ൽ ജില്ലാ സപ്ലൈ ഓഫീസറുടെ നിർദ്ദേശപ്രകാരം മണ്ണാർക്കാട് താലൂക്ക് സപ്ലൈ ഓഫീസർ അഗളിയിലെയും സമീപപ്രദേശങ്ങളിലെയും 51, 82, 95 എന്നീ നമ്പർ റേഷൻകടകൾ പരിശോധിക്കുകയും, ടി കടകളിലൂടെ വിതരണം

ചെയ്യുന്നത് ഗുണനിലവാരമുള്ള അരിയാണെന്നു ബോദ്ധ്യപ്പെടുകയും, ഇക്കാര്യത്തിൽ മൊഴി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ, ഏതു സാഹചര്യത്തിലാണ് 2006-ൽ വിതരണം ചെയ്ത അരി ഗുണനിലവാരമുള്ളതാണ് എന്നു ജില്ലാ സപ്ലൈ ഓഫീസറും, താലൂക്ക് സപ്ലൈ ഓഫീസറും റിപ്പോർട്ട് ചെയ്തതെന്ന് വർഷങ്ങൾക്കുശേഷം കണ്ടെത്തുവാൻ കഴിയുന്നില്ലായെന്ന് പാലക്കാട് ജില്ലാ സപ്ലൈ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സമിതിയുടെ കണ്ടെത്തൽ സംബന്ധിച്ച്, സർവ്വീസിൽ നിന്നും വിരമിച്ച് 3 വർഷത്തിനുശേഷം ജില്ലാ സപ്ലൈ ഓഫീസറിൽനിന്നും, താലൂക്ക് സപ്ലൈ ഓഫീസറിൽനിന്നും വിശദീകരണം ലഭ്യമാക്കുക ബുദ്ധിമുട്ടാണ്. ആയതിനാൽ, മേലിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ വേണ്ട എല്ലാവിധ മുൻകരുതലുകളും കൈക്കൊള്ളുന്നതാണ്.

## ശിപാർശ 172 (ഖണ്ഡിക 348)

ആദിവാസിക്ഷേമപ്രവർത്തനങ്ങളുടെ വിശദവിവരം അക്ഷയ പദ്ധതിയിൽ ഉൾപ്പെടുത്തി കമ്പ്യൂട്ടറിൽ രേഖപ്പെടുത്തി സൂക്ഷിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

നിർദ്ദേശാനുസരണം തുടർനടപടി സ്വീകരിക്കുന്നതാണ്.

## മലപ്പുറം ജില്ല

## ശിപാർശ 173 (ഖണ്ഡിക 350)

പട്ടികവർഗ്ഗക്കാരുടെ കൃഷിഭൂമി പാട്ടത്തിന് മറ്റുള്ളവർ കൈവശം വെയ്ക്കുന്ന അവസ്ഥ ഇവിടെ നിലവിലുള്ളതായി സമിതി മനസ്സിലാക്കുന്നു. നിയമാനുസൃതമല്ലാത്തവ കണ്ടെത്തി കൃഷിഭൂമികൾ തിരികെ ലഭ്യമാക്കുന്നതിനു നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

പട്ടികവർഗ്ഗക്കാരുടെ അന്യാധീനപ്പെട്ട ഭൂമി അനധികൃതമായി പട്ടികവർഗ്ഗക്കാരെല്ലാത്തവർ പാട്ടത്തിനെടുത്ത് കൃഷി ചെയ്താൽ അവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

### <u>22-6-2010-ലെ സമിതിയോഗം ആവശ്യപ്പെട്ട അധികവിവരം</u>

പട്ടികവർഗ്ഗക്കാരുടെ അന്യാധീനപ്പെട്ട കൃഷിഭൂമി എത്രമാത്രം വീണ്ടെടുത്ത് നൽകിയിട്ടുണ്ടെന്ന് ബന്ധപ്പെട്ട വകുപ്പിനോട് ആരായാൻ തീരുമാനിച്ചു.

## പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

പട്ടികവർഗ്ഗക്കാരുടെ കൃഷിഭൂമി അനധികൃതമായി പട്ടികവർഗ്ഗക്കാരല്ലാത്തവർ പാട്ടത്തിനെടുത്ത് കൃഷി ചെയ്താൽ അവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഉദാ. മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിലെ മൈലാട് പട്ടികവർഗ്ഗ കോളനിയിൽ ആദിവാസിഭൂമി കൈയേറി പാട്ടക്കൃഷി നടത്തുന്നതുമായി ബന്ധപ്പെട്ട ഒരു കേസ് നിലവിലുണ്ട്. ആയത് ഒഴിപ്പിക്കുന്നതിന് പോലീസ് വകുപ്പുമായി ബന്ധപ്പെട്ട് നടപടി എടുത്തിട്ടുണ്ട്.

## ശിപാർശ 174 (ഖണ്ഡിക 351)

പട്ടികവർഗ്ഗസങ്കേതങ്ങളിലും കൃഷിഭൂമികളിലും കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യജീവികൾ കൃഷി നശിപ്പിക്കുന്ന സംഭവങ്ങൾ ഉണ്ടാകാറുണ്ട്. ഇത് തടയുന്നതിന് പട്ടികവർഗ്ഗവികസനവകുപ്പിന്റെയും വനം വകുപ്പിന്റെയും മേൽനോട്ടത്തിൽ ട്രെഞ്ചുകൾ നിർമ്മിക്കുകയും, സോളാർ ഫെൻസിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മുഴുവൻ കോളനികളിലും ഇതു നടപ്പിലാക്കിയിട്ടില്ലെന്നു സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, എല്ലാ കോളനികളിലും പ്രസ്തുതസംവിധാനം നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

ഭാരിച്ച ചെലവുവരുന്നതും, ഫലപ്രദമായി നിലനിർത്താൻ ബുദ്ധിമുട്ടുള്ളതുമാണ് സോളാർ ഫെൻസിംഗ്. കോളനിനിവാസികൾ സദാ ജാഗ്രത പുലർത്തി അടിക്കാട് വെട്ടുകയും, ബാറ്ററി മെയിന്റനൻസ് നടത്തുകയും ചെയ്തില്ലെങ്കിൽ ഇവ പ്രവർത്തന രഹിതമാകും. എന്നാൽ, ട്രെഞ്ചുകൾ നിർമ്മിക്കുന്നപക്ഷം ആയത് തൊഴിലുറപ്പുപദ്ധതിയിൽ നടപ്പാക്കാനും, പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ നൽകാനും സാദ്ധ്യമാകുമെന്നതിനാൽ ആവശ്യമായ എല്ലാ കോളനികളിലും ട്രെഞ്ച് നിർമ്മിക്കുന്നതിന് തൊഴിലുറപ്പുപദ്ധതി പ്രകാരം നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണവകുപ്പിനോട് ആവശ്യപ്പെടുന്നതാണ്.

## ശിപാർശ 175 (ഖണ്ഡിക 353)

ആരോഗ്യ പരിപാലനരംഗത്ത് ഇടക്കര, ചുങ്കത്തറ, എടക്കര, ചാലിയാർ, ഊർങ്ങാട്ടിരി എന്നിവിടങ്ങളിൽ പ്രൈമറി ഹെൽത്ത് സെന്ററുകളും ചോകാട് റൂറൽ ഡിസ്പെൻസറിയും കരുളായി, പുള്ളിപ്പാടം എന്നിവിടങ്ങളിൽ ആയുർവേദ ഡിസ്പെൻസറികളും നിലവിലുണ്ട്. കൂടാതെ നിലമ്പൂർ താലൂക്ക് ആസ്ഥാനമായി ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റും പ്രവർത്തിക്കുന്നു. പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാണെങ്കിലും ആവശ്യത്തിന് മരുന്നു ലഭ്യമല്ലെന്ന് സമിതി മനസ്സിലാക്കുന്നു.

ആയതിനാൽ ജില്ലയിലെ പട്ടികവർഗ്ഗക്കാർ അധിവസിക്കുന്ന മേഖലകളിലെ പ്രൈമറി ഹെൽത്തു സെന്ററുകളിൽ ആവശ്യാനുസരണം മരുന്നു ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

ഈ കാര്യം ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

22-6-2010ലെ സമിതിയോഗം ആവശ്യപ്പെട്ട അധികവിവരം

പ്രസ്തുത ശിപാർശയിന്മേൽ ആരോഗ്യ വകുപ്പിൽ നിന്ന് മറുപടി ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

**ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി**

31-3-2008-ൽ സി.പി.സി. നിലവിലില്ലാതാകുകയും 2008-2009 സാമ്പത്തിക വർഷം മുതൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്നുകൾ സംഭരിച്ച് വിതരണം നടത്തിവരികയും ചെയ്യുന്നു. ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികൾക്ക് വാർഷിക ഇൻഡെന്റുകളുടെ അടിസ്ഥാനത്തിൽ മരുന്നുകൾ സംഭരിച്ച് ആവശ്യാനുസരണം ജില്ലാ വെയർ ഹൗസുകൾ മുഖേന കോർപ്പറേഷൻ വിതരണം ചെയ്തു വരുന്നു.

റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ഇടക്കര, ചുങ്കത്തറ, ചാലിയാർ, ഊർങ്ങാട്ടിരി, ചോക്കാട് തുടങ്ങിയ പ്രൈമറി റൂറൽ ഹെൽത്ത് സെന്ററുകളിൽ എല്ലാം തന്നെ കോർപ്പറേഷൻ മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്.

**ശിപാർശ 176 (ഖണ്ഡിക 354)**

പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസ സൗകര്യാർത്ഥം പ്രൈമറി സ്കൂളും 10 പ്രീമെട്രിക് ഹോസ്റ്റലുകളും പ്രാക്തന ഗോത്രവർഗ്ഗക്കാർക്ക മാത്രമായി ഒരു ആശ്രമം സ്കൂളും പ്രവർത്തിച്ച് വരുന്നു. ആശ്രമം സ്കൂളിൽ 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലായി 274 കുട്ടികൾ പഠിക്കുന്നുണ്ട്. ഹൈസ്കൂൾ ക്ലാസ്സുകളിലേക്ക് പ്രവേശനം തുടങ്ങിയെങ്കിലും അദ്ധ്യാപക തസ്തികകൾ അനുവദിച്ചു നൽകിയിട്ടില്ലെന്നും ദിവസവേതനാടിസ്ഥാനത്തിലാണ് അദ്ധ്യാപകരെ നിയമിച്ചിരിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. കൂടാതെ പെൺകുട്ടികൾക്ക് മൂന്ന് പ്രീമെട്രിക് ഹോസ്റ്റൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും അത് പര്യാപ്തമല്ല. മൊത്തത്തിൽ ജില്ലയിലെ വിദ്യാഭ്യാസ സൗകര്യങ്ങൾ തൃപ്തികരമല്ലെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ഹൈസ്കൂൾ ക്ലാസ്സുകളിലേക്ക് ആവശ്യമായ അദ്ധ്യാപകരുടെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തണമെന്നും പ്രീമെട്രിക് ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്നും പെൺകുട്ടികൾക്കായി കൂടുതൽ പ്രീമെട്രിക് ഹോസ്റ്റലുകൾ തുടങ്ങണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

പട്ടികവർഗ്ഗ വികസന വകുപ്പിലെ മോഡൽ റസിഡൻഷ്യൽ സ്കൂൾ സ്റ്റാഫ് പാറ്റേൺ ഏകീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഏകീകൃത പാറ്റേൺ അനുസരിച്ച് അധിക തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലാണ്. നിലവിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ കരാറടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ സർക്കാർ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു. പൂക്കോട്ടുംപാടം, മമ്പാട്, മണിമൂളി (ആൺകുട്ടികൾ), മണിമൂളി (പെൺകുട്ടികൾ), ചുങ്കത്തറ പ്രീ-മെട്രിക് ഹോസ്റ്റലുകൾക്ക് സ്വന്തം കെട്ടിടം പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു. കെട്ടിടം പണിയുന്നതിന് സ്വന്തമായി സ്ഥലം ലഭ്യമാകുന്ന മൂറയ്ക്ക് സർക്കാർ ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂൾ എന്നിവയ്ക്ക് സമീപം കൂടുതൽ ഹോസ്റ്റലുകൾ പെൺകുട്ടികൾക്കായി നിർമ്മിക്കുന്നതാണ്.

## ശിപാർശ 177 (ഖണ്ഡിക 355)

പട്ടികവർഗ്ഗ സങ്കേതങ്ങളിൽ കിണർ, കക്കൂസ് എന്നിവ നിർമ്മിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് മുഖാന്തരം പദ്ധതികൾ നടപ്പാക്കുന്നുണ്ട്. നിലവിലുള്ള സാനിട്ടേഷൻ സംവിധാനം 41% പേർക്ക മാത്രമാണെന്നു കണക്കുകൾ സൂചിപ്പിക്കുന്നു. ഇത് പരിഹരിക്കുന്നതിനാവശ്യമായ ഫണ്ട് ആവശ്യാനുസരണം കൂട്ടി ഫലപ്രദമായ സാനിട്ടേഷൻ സംവിധാനം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

ബ്ലോക്ക് പഞ്ചായത്തുകൾ വഴി നടപ്പാക്കുന്ന കിണർ, സാനിട്ടേഷൻ സൗകര്യം വർദ്ധിപ്പിക്കൽ എന്നിവയ്ക്ക് കൂടുതൽ തുക തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും വകയിരുത്തി വാങ്ങുവാൻ ഗ്രാമവികസന വകുപ്പിനോട് ആവശ്യപ്പെടാവുന്നതാണ്.

## ശിപാർശ 178 (ഖണ്ഡിക 356)

ജില്ലയിലെ പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് തടസ്സമായിട്ടുള്ള ഘടകങ്ങൾ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയും ലഹരിപദാർത്ഥങ്ങളുടെ വർദ്ധിച്ച ഉപയോഗവും ആണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ജില്ലയിലെ പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി വിദ്യാഭ്യാസത്തിന് കൂടുതൽ പ്രാധാന്യം നൽകി സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തണമെന്നും ലഹരിവിരുദ്ധ ബോധവൽക്കരണവും ഊരുകൂട്ടങ്ങളുടെ ശാക്തീകരണത്തിനുമായി നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

മുഴുവൻ ആദിവാസി വിദ്യാർത്ഥികളെയും സ്കൂളുകളിൽ പ്രവേശിപ്പിക്കുവാൻ ഊർജ്ജിതമായ ശ്രമം നടക്കുന്നുണ്ട്. സ്കൂളുകളിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് 1 മുതൽ 4 വരെ ക്ലാസിൽ പഠിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് സ്പെഷ്യൽ ഇൻസെന്റീവ് നൽകുന്നുണ്ട്. മദ്യത്തിനും, മയക്കുമരുന്നിനും എതിരെയുള്ള ബോധവൽക്കരണം സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചും, കോളനികൾ കേന്ദ്രീകരിച്ചും, ഐക്യദാർഢ്യ പക്ഷാചരണ കാലത്ത് നടത്തുന്നുണ്ട്.

## കോഴിക്കോട് ജില്ല

### ശിപാർശ 179 (ഖണ്ഡിക 359)

പട്ടികവർഗ്ഗസങ്കേതങ്ങളോടനുബന്ധിച്ച് സ്ഥാപിച്ചിട്ടുള്ള പി.എച്ച്.സി.കളെ ആശ്രയിച്ചാണ് നിലവിലുള്ള ആരോഗ്യ പരിപാലന സംവിധാനങ്ങൾ. പട്ടികവർഗ്ഗ കേന്ദ്രങ്ങളിൽ ചികിത്സാ സൗകര്യങ്ങളും മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ പ്രവർത്തനവും ഇല്ലാത്തതിനാൽ നിലവിലുള്ള ചികിത്സാ സൗകര്യങ്ങൾ അപര്യാപ്തമാണ്. കൂടുതൽ ചികിത്സാ കേന്ദ്രങ്ങൾ പട്ടികവർഗ്ഗ സങ്കേതങ്ങളോടനുബന്ധിച്ച് സ്ഥാപിക്കുകയും മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സേവനം ലഭ്യമാക്കുകയും വേണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

പട്ടികവർഗ്ഗ മേഖലകൾ കേന്ദ്രീകരിച്ച് മൊബൈൽ മെഡിക്കൽ യൂണിറ്റ് ആരംഭിക്കുവാനുള്ള സമിതിയുടെ ശിപാർശ ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

### 22-6-2010-ലെ സമിതിയോഗം ആവശ്യപ്പെട്ട അധികവിവരം

പ്രസ്തുത ശിപാർശയിന്മേൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്ന് മറുപടി ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

### ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി

കേരളത്തിന്റെ ജനസംഖ്യയുടെ 2% താഴെയാണ് കേരളത്തിന്റെ ആദിവാസി ജനസംഖ്യ. 19 ഓളം ആരോഗ്യ സ്ഥാപനങ്ങൾ വിവിധ പട്ടികവർഗ്ഗ മേഖലകളിൽ പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ നിന്നും ആദിവാസി സമൂഹത്തിനാവശ്യമായ വൈദ്യസഹായം നൽകിവരുന്നുണ്ട്.

താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ നിന്നും ആദിവാസി സമൂഹത്തിനാവശ്യമായ വൈദ്യസഹായം നൽകിവരുന്നു.

കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ നാദാപുരം അടിസ്ഥാനമാക്കി ഒരു ട്രൈബൽ ആശുപത്രിയ്ക്ക് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടെങ്കിലും 110 കിടക്കകൾ ഉള്ള സ്പെഷ്യലിസ്റ്റ് സേവനം നൽകുന്ന താലൂക്ക് ആശുപത്രി തൊട്ടടുത്തുതന്നെ നിലനിൽക്കുന്നതിനാൽ ഈ ശിപാർശ പ്രായോഗികമല്ല.

പേരാമ്പ്രയിലും കോഴഞ്ചേരിയിലും ഓരോ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ തുടങ്ങാൻ വേണ്ടിയുള്ള പ്രൊപ്പോസൽ ഉടൻ സമർപ്പിക്കുന്നതാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

### ശിപാർശ 180 (ഖണ്ഡിക 360)

എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും പ്രാഥമിക വിദ്യാഭ്യാസം ലഭിക്കുന്നുണ്ട്. ഒട്ടുമിക്ക സങ്കേതങ്ങളുടെയും ഒന്നരകിലോമീറ്ററിനുള്ളിൽ എൽ.പി. സ്കൂളുകളും 3 മുതൽ 8 കിലോമീറ്ററിനുള്ളിൽ യു.പി.യും ഹൈസ്കൂളുകളും ജില്ലയിൽ 4 പ്രീ മെട്രിക് ഹോസ്റ്റലുകളും ഉണ്ട്. എന്നാൽ കുറുവൽകണ്ടി, മേലെ പൊന്നങ്കയം എന്നീ രണ്ടു പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നിന്നും കുട്ടികൾക്ക് സ്കൂളിൽ എത്താൻ വളരെ പ്രയാസം നേരിടുന്നുണ്ട്. ആയതിനാൽ ടി സങ്കേതങ്ങളിൽ ഏകാദ്ധ്യാപക സ്കൂളുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

കുറുവൽക്കണ്ടിയിൽ ഏകാദ്ധ്യാപക സ്കൂൾ തുടങ്ങിക്കഴിഞ്ഞു. മേലെ പൊന്നങ്കയത്ത് ഏകാദ്ധ്യാപക സ്കൂൾ തുടങ്ങാൻ നടപടി സ്വീകരിക്കുന്നതാണ്.

### ശിപാർശ 181 (ഖണ്ഡിക 362)

മിക്ക കോളനികളിലും റോഡ് സൗകര്യം ഇല്ല. നിലവിലുള്ള റോഡുകൾ മിക്കതും ഗതാഗത സൗകര്യമില്ലാത്ത അവസ്ഥയാണുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനായി നിലവിലുള്ള റോഡുകൾ കുറ്റമറ്റതാക്കണമെന്നും ആവശ്യമായ സ്ഥലങ്ങളിൽ പുതിയ റോഡുകൾ നിർമ്മിക്കണമെന്നും പട്ടികവർഗ്ഗ സങ്കേതങ്ങളിലേക്ക് കൂടുതൽ ബസ് സർവ്വീസുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

പട്ടികവർഗ്ഗ മേഖലയിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കൂടുതൽ മേഖലകളിൽ റോഡ് നിർമ്മാണം ഏറ്റെടുക്കുന്നതാണ്. ഈ മേഖലകളിൽ കൂടുതൽ ബസ്സ് സർവ്വീസ് ആരംഭിക്കുന്നതിന് മോട്ടോർ വാഹന വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതാണ്.

## വയനാട് ജില്ല

### ശിപാർശ 182 (ഖണ്ഡിക 366)

ഐ.എ.വൈ. മുതലായ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ജില്ലയിലെ ധാരാളം പട്ടികവർഗ്ഗക്കാർക്ക് വീടുകൾ നിർമ്മിച്ചു നൽകുകയും വീടുകളുടെ പുനരുദ്ധാരണം നടത്തിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്. എങ്കിലും ഭവനരഹിതരായ പട്ടികവർഗ്ഗക്കാർ ഇപ്പോഴും ഉണ്ടെന്നാണ് സമിതിക്കു മനസ്സിലാക്കാൻ കഴിഞ്ഞത്. ആയതിനാൽ ജില്ലയിലെ സ്വന്തമായി വീടില്ലാത്ത പട്ടികവർഗ്ഗക്കാരുടെ കണക്കുകളടങ്ങുന്ന വിവരങ്ങൾ താമസംവിനാ ശേഖരിച്ച് അവർക്കെല്ലാം തന്നെ വീട് നിർമ്മിച്ച് നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

വയനാട് ജില്ലയിലെ ഭവനരഹിത പട്ടികവർഗ്ഗ കുടുംബങ്ങളുടെ കണക്ക് ശേഖരിച്ചിട്ടുണ്ട്. വീടില്ലാത്ത 12,437 കുടുംബങ്ങളിൽ 7933 കുടുംബങ്ങൾക്ക് വീടുവയ്ക്കുന്നതിനുള്ള ഭൂമിപോലും ഇല്ലാത്തവരാണ്. ഭൂമിയില്ലാത്തവർക്ക് വനാവകാശ നിയമ പ്രകാരവും ട്രൈബൽ മിഷൻ മുഖേനയും ഭൂമി നല്കി വീടുവച്ചു കൊടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മറ്റുള്ള കുടുംബങ്ങൾക്ക് ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയിലും ഈ വകുപ്പിന്റെ ഭവനനിർമ്മാണ പദ്ധതിയിലുംപെടുത്തി വീട് വയ്ക്കുന്നതിനുള്ള ധനസഹായം നല്കിവരുന്നു.

### ശിപാർശ 183 (ഖണ്ഡിക 367)

കല്പറ്റയിലെ നാരങ്ങാക്കണ്ടി പണിയ കോളനിയിലെ വീടുകളുടെ ശോചനീയാവസ്ഥ സമിതി നേരിൽ കണ്ടു മനസ്സിലാക്കുകയുണ്ടായി. പ്രസ്തുത വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തി വാസയോഗ്യമാക്കുവാൻ അടിയന്തിരനടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

വീടുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നത് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളായതിനാൽ ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതാണ്.

## ശിപാർശ 184 (ഖണ്ഡിക 368)

ഈ കോളനികളിൽ പ്രവർത്തിക്കുന്ന റേഷൻകടയിൽ ക്രമക്കേടുകൾ നടക്കുന്നതായും ആദിവാസികൾക്ക് കിലോയ്ക്ക് മൂന്ന് രൂപ വച്ചുകൊടുക്കേണ്ട അരിക്ക് 8 രൂപ ഈടാക്കുന്നതായും പഞ്ചസാരയും മണ്ണെണ്ണയും ന്യായവിലക്ക് നൽകുന്നില്ലെന്നും കോളനി നിവാസികൾ സമിതി മുമ്പാകെ പരാതി പറഞ്ഞു. ഇക്കാര്യത്തെക്കുറിച്ച് അന്വേഷിക്കണമെന്നും പരാതിക്കിടവരാതെ സത്യസന്ധമായ രീതിയിൽ റേഷൻകട നടത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

സമിതിയുടെ റിപ്പോർട്ടിൽ പരാമർശിച്ച പ്രദേശത്തെ റേഷൻ കടകളുടെ നടത്തിപ്പിലെ അപാകതകൾ പൊതുവിതരണ വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതും അവ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും പൊതുവിതരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## 22-6-2010-ലെ സമിതിയോഗം ആവശ്യപ്പെട്ട അധികവിവരം

കൽപ്പറ്റയിലെ നാരങ്ങാക്കണ്ടി പണിയ കോളനികളിൽ പ്രവർത്തിക്കുന്ന റേഷൻകടയിൽ ക്രമക്കേടുകൾ നടക്കുന്നതായും ആദിവാസികൾക്ക് കിലോയ്ക്ക് മൂന്ന് രൂപ വച്ചുകൊടുക്കേണ്ട അരിക്ക് 8 രൂപ ഈടാക്കുന്നതായും പഞ്ചസാരയും മണ്ണെണ്ണയും ന്യായവിലക്ക് നൽകുന്നില്ലെന്നും കോളനി നിവാസികൾ സമിതി മുമ്പാകെ പരാതി പറഞ്ഞു. ഇക്കാര്യത്തെക്കുറിച്ച് അന്വേഷിക്കണമെന്നും പരാതിക്കിടവരാതെ സത്യസന്ധമായ രീതിയിൽ റേഷൻകട നടത്തിപ്പിക്കുന്നതിനാവശ്യമായ എന്തൊക്കെ നടപടികൾ പൊതുവിതരണ വകുപ്പ് സ്വീകരിച്ചുവെന്ന് ആരായാൻ തീരുമാനിച്ചു.

## പൊതുവിതരണ വകുപ്പ് സ്വീകരിച്ച നടപടി

പഞ്ചസാരയും മണ്ണെണ്ണയും ന്യായവിലയ്ക്ക് നൽകുന്നില്ലായെന്നുള്ള കോളനി നിവാസികളുടെ പരാതിയിന്മേൽ ഉത്തരമേഖല വിജിലൻസ് സ്ക്വാഡ് കോളനിയിലെ ഏകദേശം 15-ഓളം വീടുകൾ സന്ദർശിക്കുകയും എല്ലാ മാസവും റേഷനരിയും, ഗോതമ്പും, പഞ്ചസാരയും, മണ്ണെണ്ണയും ലഭിക്കുന്നുവെന്നും അരിക്ക് രൂപയും ഗോതമ്പിന് 2 രൂപയുമാണ് വിലയെന്നും പഞ്ചസാരയുടെയും മണ്ണെണ്ണയുടെയും വില അറിയില്ലായെന്നും കോളനി നിവാസികൾ അറിയിച്ചു.

ടി റിപ്പോർട്ട് പ്രകാരം വൈത്തിരി താലൂക്കിൽ കൽപ്പറ്റ ടൗണിനടുത്തുള്ള നാരങ്ങാകണ്ടി പണിയ കോളനിയിലെ താമസക്കാർ സാമ്പത്തികമായും വിദ്യാഭ്യാസപരമായും വളരെ പിന്നോക്കാവസ്ഥയിൽ ഉള്ളവരാണെന്നും റേഷൻ കടയിൽ നിന്നും ലഭിക്കുന്ന റേഷൻ സാധനങ്ങളുടെ അളവിനെക്കുറിച്ചോ, വില നിലവാരത്തെക്കുറിച്ചോ ബോധവാൻമാർ അല്ലാത്തവരാണെന്നും മനസ്സിലാക്കുന്നു.

ആയതിനാൽ ടി കോളനി നിവാസികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതും റേഷൻ സമ്പ്രദായത്തെക്കുറിച്ച് ബോധവാൻമാരാക്കേണ്ടതും അത്യന്താപേക്ഷിതമായിരിക്കുകയാണ്. ആയതിലേയ്ക്കു വേണ്ടി താലൂക്കിലെ വിജിലൻസ് കമ്മിറ്റിയുടെ പ്രവർത്തനം ശക്തമാക്കുവാനും ട്രൈബൽ ഡിപ്പാർട്ടുമെന്റിന്റെ സഹകരണത്തോടു കൂടി എസ്.റ്റി. പ്രൊമോട്ടർമാർ, കുടുംബശ്രീ എന്നിവരുമായി ബന്ധപ്പെട്ട് കോളനിയിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് വേണ്ട അവബോധം കോളനി നിവാസികൾക്ക് നൽകുവാനും അർഹതപ്പെട്ട റേഷൻ വിഹിതം കോളനി നിവാസികൾക്ക് അർഹമായ നിരക്കിൽ ലഭ്യമാക്കുന്നുവെന്ന് നേരിട്ട് ബോദ്ധ്യപ്പെട്ട് ഉറപ്പുവരുത്തുവാനും വയനാട് ജില്ലാ സപ്ലൈ ഓഫീസർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## ശിപാർശ 185 (ഖണ്ഡിക 373)

വൈത്തിരി താലൂക്കിൽ രണ്ട് മോഡൽ റസിഡൻഷ്യൽ സ്കൂളുകളും ആറ് പ്രീമെട്രിക് ഹോസ്റ്റലുകളും പ്രവർത്തിക്കുന്നു. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 494 കുട്ടികളും ഹോസ്റ്റലുകളിൽ 230 കുട്ടികളുമുണ്ട്. കല്പറ്റയിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂൾ സമിതി സന്ദർശിക്കുകയും അതിന്റെ പ്രവർത്തനം തൃപ്തികരമാണെന്ന് വിലയിരുത്തുകയും ചെയ്തു. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി 11 ആൾട്ടർനേറ്റ് സ്കൂളുകളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ജില്ലയിൽ പലയിടങ്ങളിലായി പ്രവർത്തിക്കുന്ന സിംഗിൾ ടീച്ചർ സ്കൂളുകൾ, മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകൾ, ആൾട്ടർനേറ്റീവ് സ്കൂളുകൾ എന്നിവ ഏറെ പ്രയോജനം ചെയ്യുന്നതായി കാണുന്നു. പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസത്തിന് റസിഡൻഷ്യൽ സ്കൂളുകൾ വളരെ സഹായകരമാണെന്നതിനാൽ നിലവിലുള്ള റസിഡൻഷ്യൽ സ്കൂളുകളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ സ്ഥലങ്ങളിൽ പുതിയവ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

വയനാട് ജില്ലയിലെ നല്ലൂർനാട് മോഡൽ റസിഡൻഷ്യൽ സ്കൂളിന് സ്വന്തമായി കെട്ടിട സൗകര്യമുണ്ട്. കല്പറ്റയിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിന് കണിയാംപറ്റയിൽ സ്വന്തമായി കെട്ടിടംപണി പുരോഗമിച്ചുവരുന്നു. തിരുനെല്ലിയിൽ പ്രവർത്തിക്കുന്ന ആശ്രമം സ്കൂളിന് സ്വന്തമായി കെട്ടിടം പണിയാൻ പ്രിയദർശിനി ടീ എസ്റ്റേറ്റിൽ നിന്നും ഭൂമി ലഭ്യമായിട്ടുണ്ട്. പൂക്കോട് മോഡൽ റസിഡൻഷ്യൽ സ്കൂളിന് സ്വന്തമായി കെട്ടിടം പണിയുന്നതിന് പ്ലാനും, എസ്റ്റിമേറ്റും തയ്യാറാക്കി അയക്കുന്നതിന് KITCO എന്ന സ്ഥാപനത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## ശിപാർശ 186 (ഖണ്ഡിക 375)

ജില്ലയിൽ ആവശ്യാനുസരണം സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകാൻ ഉതകുന്ന സ്ഥാപനങ്ങളാണ് ഇവിടെ ഏറെ ഗുണം ചെയ്യുകയെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രാദേശിക പ്രാധാന്യമർഹിക്കുന്ന മേഖലകൾ ഉൾപ്പെടുത്തിക്കൊണ്ട് വയനാട് ജില്ലയിൽ പട്ടികവർഗ്ഗക്കാർക്കായി ഒരു പോളിടെക്നിക് കൂടി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

ഇക്കാര്യത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട നടപടി സ്വീകരിക്കുന്നതാണ്.

## ശിപാർശ 187 (ഖണ്ഡിക 376)

സുൽത്താൻ ബത്തേരി താലൂക്കിൽ മുത്തങ്ങയും മീനങ്ങാടിയും കേന്ദ്രമാക്കി പ്രവർത്തിക്കുന്ന രണ്ട് വ്യാവസായിക പരിശീലന കേന്ദ്രങ്ങളിൽ തയ്യൽ പരിശീലനം നൽകി വരുന്നു. ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ പ്രസ്തുത മേഖലയ്ക്ക് കഴിയുമെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആകയാൽ പ്രസ്തുത പരിശീലന പരിപാടികൾ വിപുലീകരിച്ച് അധുനിക സജ്ജീകരണങ്ങളോടു കൂടിയ വസ്ത്രങ്ങളുടെ രൂപകൽപ്പനയും നിർമ്മാണ സ്ഥാപനങ്ങളുടെ തലത്തിലേയ്ക്ക് ഉയർത്താൻ ശ്രമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

സുൽത്താൻ ബത്തേരി താലൂക്കിൽ മുത്തങ്ങ, മീനങ്ങാടി കേന്ദ്രമാക്കി രണ്ട് ടെയ്ലറിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗ യുവതികൾക്ക് കേന്ദ്ര സർക്കാരിന്റെ ടെക്സ്റ്റൈൽ മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന അപ്പാരൽ ട്രെയിനിംഗ് & ഡിസൈൻ സെന്റർ മുഖേന റെഡിമെയ്ഡ് വസ്ത്രനിർമ്മാണത്തിലും പരിശീലന പരിപാടികൾ നടപ്പിലാക്കുകയും, പ്രസ്തുത പരിശീലനം പൂർത്തിയാക്കുന്നവർക്ക് തൊഴിൽ സ്ഥാപനങ്ങളിൽ ജോലിയും ലഭിച്ചുവരുന്നുണ്ട്.

### വ്യവസായ വകുപ്പ് സ്വീകരിച്ച നടപടി

വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി താലൂക്കിൽ രണ്ട് വ്യാവസായിക പരിശീലന സ്ഥാപനങ്ങൾ (ITI/ITC) ആണ് ഉള്ളത്. നെൽമേനി പഞ്ചായത്തിലെ ചുള്ളിയോട് എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഗവ. വനിത ഐ.ടി.ഐ.യും മീനങ്ങാടി പഞ്ചായത്തിലെ 54-ാം മൈലിലെ അല്ലാന ഐ.ടി.സി.യും. രണ്ട് സ്ഥാപനങ്ങളും ടെയിലറിംഗ്/ഫാഷൻ ടെക്നോളജി മുതലായ കോഴ്സുകൾ ആണ് പഠിപ്പിക്കുന്നത്. ടി സ്ഥാപനങ്ങളിലെ പരിശീലന പരിപാടികൾ വിപുലീകരിച്ച് ആധുനിക സജ്ജീകരണങ്ങളോട് കൂടിയ വസ്ത്രങ്ങളുടെ രൂപകൽപ്പനയും നിർമ്മാണ സ്ഥാപനങ്ങളുടെ തലത്തിലേയ്ക്ക് ഉയർത്തലും വഴി ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാവുന്നതാണ്.

പ്രസ്തുത തൊഴിൽ പരിശീലന സ്ഥാപനങ്ങൾ വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലായതിനാൽ വ്യവസായ വകുപ്പ് നേരിട്ട് ഇടപെടുന്നതിനേക്കാൾ വ്യവസായ പരിശീലന വകുപ്പിന് തുടർ നടപടികൾക്കായുള്ള നിർദ്ദേശങ്ങളും ഫണ്ടും നൽകുന്നത് ഉചിതമായിരിക്കും.

### ശിപാർശ 188 (ഖണ്ഡിക 378)

വനസംരക്ഷണ സമിതികൾ വനസംരക്ഷണവുമായി ബന്ധപ്പെട്ട ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ടെങ്കിലും ഇ.ഡി.സി.കളുടെ പ്രവർത്തനം കാര്യമായി തുടങ്ങിയിട്ടില്ലെന്നാണ് വ്യക്തമാകുന്നത്. പ്രകൃതിദേവത കനിഞ്ഞനുഗ്രഹിച്ചിരിക്കുന്ന വയനാട് ജില്ലയിൽ ഇ.ഡി.സി.യുടെ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ ടൂറിസം മേഖല വികസിപ്പിക്കാനും തദ്വാരാ ഏറെ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് പട്ടികവർഗ്ഗ മേഖലയുടെയെല്ലാം സാമ്പത്തിക-സാമൂഹിക വ്യവസ്ഥിതിക്ക് അനുയോജ്യാവഹമായ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയുമെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ കൂടുതൽ ആകർഷകമായ പദ്ധതികൾ ആവിഷ്കരിച്ച് ഇ.ഡി.സി.യുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

ഇക്കോ ഡെവലപ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വനം വകുപ്പിന് നിർദ്ദേശം നല്കുന്നതാണ്.

### ശിപാർശ 189 (ഖണ്ഡിക 380)

ജില്ലയിൽ നിരവധി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും അവയോടനുബന്ധിച്ച് സബ് സെന്ററുകളും ഉണ്ടെങ്കിലും ആവശ്യാനുസരണം ഡോക്ടർമാരുടെ സേവനവും മരുന്നും ലഭ്യമല്ലാത്തതിനാൽ ഇവയുടെ പ്രവർത്തനം തൃപ്തികരമല്ലെന്നാണ് സമിതിക്ക് കാണാൻ കഴിഞ്ഞത്. താലൂക്ക് ആശുപത്രികളുടെ കീഴിൽ നാല് മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയുടെ സേവനവും കാര്യക്ഷമമല്ലെന്നാണ് സമിതിയുടെ വിലയിരുത്തൽ. പിന്നോക്കാവസ്ഥയിലുള്ള ജില്ലയെന്ന നിലയിൽ ഇവിടത്തെ ആരോഗ്യ പരിപാലനത്തിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കണമെന്നും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും സബ് സെന്ററുകളും ആവശ്യമായ ഡോക്ടർമാരെ നിയമിക്കുന്നതിനും ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനും അടിയന്തിരനടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

വയനാട് ജില്ലയിലെ ആദിവാസി മേഖലയിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും സബ് സെന്ററുകളിലും ആവശ്യമായ ഡോക്ടർമാരെ നിയമിക്കുവാനും, ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്ന കാര്യവും ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. എന്നാൽ സർക്കാർ ആശുപത്രികളിൽ ലഭ്യമല്ലാത്ത മരുന്നുകളും ടെസ്റ്റുകളും ലഭ്യമാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കിവരുന്ന സമഗ്ര ചികിത്സാ പദ്ധതി വഴി ജില്ലാ ആശുപത്രികളിലും, താലൂക്ക് ആശുപത്രികളിലും, കോഴിക്കോട് മെഡിക്കൽ കോളേജിലും ആവശ്യത്തിന് തുക ലഭ്യമാക്കിയിട്ടുണ്ട്. ഇത് കൂടാതെ ബഹുമാനപ്പെട്ട വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ആവശ്യമായ കേസ്സുകളിൽ സഹായധനം അനുവദിക്കുന്നുണ്ട്.

### ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി

പിന്നോക്ക ജില്ലകളിലും ആരോഗ്യ പരിപാലനത്തിനായി ആവശ്യമായ ഡോക്ടർമാരുടെ സേവനവും മരുന്നുകളും ആവശ്യപ്പെടുന്ന മുറയ്ക്ക് നൽകിവരുന്നു. മരുന്നുകൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ഗ്രാന്റ് എന്നിവയിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള സൗകര്യം നിലവിലുണ്ട്. ആരോഗ്യ വകുപ്പിലെ ഡോക്ടർമാർക്ക് പുറമേ നാഷണൽ റൂറൽ ഹെൽത്ത് മിഷൻ മുഖേനയും ഡോക്ടർമാരുടെ സേവനം നൽകിവരുന്നു.

## കണ്ണൂർ ജില്ല

### ശിപാർശ 190 (ഖണ്ഡിക 382)

8 പ്രീ മെട്രിക് ഹോസ്റ്റലുകളും മോഡൽ റസിഡൻഷ്യൽ സ്കൂളുകളും കോളേജുകളും ഉണ്ടെങ്കിലും ഹോസ്റ്റൽ സൗകര്യങ്ങൾ അപര്യാപ്തമാണ്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കൂൾ/കോളേജ് എന്നിവയോട് അനുബന്ധിച്ച് ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കണമെന്നും നിലവിലുള്ള ഹോസ്റ്റലുകൾ വിപുലീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

കണ്ണൂർ ജില്ലയിലെ ഇരിട്ടി പ്രീ മെട്രിക് ഹോസ്റ്റലിന് കെട്ടിടം പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു. പടിയൂർ, നടുവിൽ ഹോസ്റ്റലുകൾക്ക് കെട്ടിടം പണി നടന്നുവരുന്നു. 8 പ്രീ മെട്രിക് ഹോസ്റ്റലുകളിലെയും അടിസ്ഥാന സൗകര്യ വികസനത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സർക്കാർ ഹൈസ്കൂളുകൾ, ഹയർ സെക്കന്ററി സ്കൂളുകൾ എന്നിവയോടനുബന്ധിച്ച് സ്ഥലം ലഭ്യമാകുന്ന പക്ഷം കൂടുതൽ പ്രീ-മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കുന്നതാണ്.

## ശിപാർശ 191 (ഖണ്ഡിക 383)

കണ്ണൂർ ജില്ലയിൽ പട്ടികവർഗ്ഗസങ്കേതങ്ങളിൽ ത്രിതലപഞ്ചായത്ത് മുഖേന ടോട്ടൽ സാനിട്ടേഷൻ പദ്ധതി നടപ്പാക്കിവരുന്നുണ്ടെങ്കിലും അത് അപര്യാപ്തമായതിനാൽ സാനിട്ടേഷൻ സംവിധാനം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

ഈ വിഷയം തദ്ദേശസ്വയംഭരണ വകുപ്പിന്റെ ശ്രദ്ധയിൽപെടുത്തുന്നതാണ്.

### 22-6-2010-ലെ സമിതിയോഗം ആവശ്യപ്പെട്ട അധിക വിവരം

പ്രസ്തുത ശിപാർശയിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിനോട് മറുപടി ആവശ്യപ്പെടാൻ സമിതി നിർദ്ദേശിച്ചു.

### തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി

കണ്ണൂർ ജില്ലയിലെ 32 ഗ്രാമപഞ്ചായത്തുകളിലാണ് പട്ടികവർഗ്ഗ സങ്കേതങ്ങൾ നിലവിലുള്ളത്. സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളുടെ സമ്പൂർണ്ണ വെളിയിട വിസർജ്ജനമുക്ത പദ്ധതി പ്രഖ്യാപനത്തിന്റെ ഭാഗമായി എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പുതുതായി നിർമ്മിക്കുന്ന വീടുകൾക്ക് തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി വ്യക്തിഗത ഹൗസ് ഹോൾഡ് ലാട്രിൻ പദ്ധതിയും നടപ്പിലാക്കി വരുന്നു. പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ വാർഡ് തല ശുചിത്വ സമിതിയും ആരോഗ്യവകുപ്പ് ജീവനക്കാരും മോണിട്ടർ ചെയ്യുന്ന കുടിവെള്ള സൗകര്യവും ശുചിത്വ പരിപാലന സംവിധാനവും നിലവിലുണ്ട്.

## ശിപാർശ 192 (ഖണ്ഡിക 384)

ജില്ലയിലെ പട്ടികവർഗ്ഗ അധിവാസ മേഖലയിൽ കുടിവെള്ളക്ഷാമം ഇപ്പോഴും രൂക്ഷമാണ്. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ ത്വരിത ഗതിയിൽ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

കണ്ണൂർ ജില്ലയിലെ കുടിവെള്ള ക്ഷാമമുള്ള കോളനികളിൽ നിന്ന് പ്രോജക്റ്റാഫീസർ വഴി പ്രൊപ്പോസൽ വാങ്ങി ഇവിടങ്ങളിൽ കുടിവെള്ളം എത്തിക്കുവാൻ ഘട്ടം ഘട്ടമായി നടപടി സ്വീകരിക്കുന്നതാണ്.

### ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടി

കണ്ണൂർ ജില്ലയിലെ പട്ടികവർഗ്ഗ അധിവാസമേഖലയിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി 35 പട്ടികവർഗ്ഗ കോളനികളിൽ മൊത്തം 706.30 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ഭരണാനുമതി ലഭിക്കുന്നതിനായി കണ്ണൂർ ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള ഒരു പദ്ധതി വാട്ടർ അതോറിറ്റിയുടെ പി. എച്ച്. ഡിവിഷൻ കണ്ണൂർ ഡെപ്പോസിറ്റ് വർക്കായി ടെണ്ടർ ചെയ്തു കഴിഞ്ഞു. ടി ഡിവിഷനിൽ നിന്നും 12-10-2009-ലെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സാങ്ഷനുവേണ്ടി സമർപ്പിച്ച 7 പട്ടിക വർഗ്ഗ കോളനികൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതികൾക്ക് പ്രസ്തുത വകുപ്പിൽ നിന്നും ഇതുവരെ അനുമതി ലഭിച്ചിട്ടില്ല

### ശിപാർശ 193 (ഖണ്ഡിക 385)

സ്വന്തമായി ഭൂമിയും കൃഷിസ്ഥലവും ഇല്ലാത്തത് ജില്ലയിലെ പട്ടികവർഗ്ഗക്കാർ നേരിടുന്ന പ്രശ്നമെന്ന് സമിതി വിലയിരുത്തുന്നു. ഇത് പട്ടികവർഗ്ഗ വിഭാഗക്കാരുടെ പുരോഗതിക്ക് പ്രതിബന്ധമായി നിലനിൽക്കുന്നു. ജില്ലയിലെ ഭൂമിയും പാർപ്പിടവും ഇല്ലാത്ത എസ്. ടി. വിഭാഗക്കാരുടെ പേരുവിവരങ്ങൾ സമയബന്ധിതമായി ശേഖരിച്ച് അവർക്ക് ഭൂമി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

കണ്ണൂർ ജില്ലയിൽ ഭവന രഹിതരായ 1161 പട്ടികവർഗ്ഗ കുടുംബങ്ങൾ ഉള്ളതിൽ 890 കുടുംബങ്ങൾ ഭൂമി പോലും ഇല്ലാത്തവരാണ്. ഭൂമിയില്ലാത്തവർക്ക് വനാവകാശ നിയമ പ്രകാരവും ട്രൈബൽ മിഷൻ മുഖേനയും ഭൂമി നൽകി വീടുവച്ചു കൊടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മറ്റുള്ള കുടുംബങ്ങൾക്ക് ഇ. എം. എസ്. ഭവന നിർമ്മാണ പദ്ധതിയിലും ഈ വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതിയിലും ഉൾപ്പെടുത്തി വീട് വയ്ക്കുന്നതിനുള്ള ധനസഹായം നല്കിവരുന്നു.

## കാസർഗോഡ് ജില്ല

### ശിപാർശ 194 (ഖണ്ഡിക 386)

ജില്ലയിലെ 448 പട്ടികവർഗ്ഗ സങ്കേതങ്ങളിലായി മാവിലൻ, കുടിയ, മലയരയ, കൊറഗ, മലവേടർ എന്നീ വിഭാഗങ്ങൾ നിവസിക്കുന്നു. ഇതിൽ 627 കുടുംബങ്ങൾക്ക് ഭൂമിയും പാർപ്പിടവും ഇല്ലാത്തവരും 1066 പേർ ഭൂമിയുള്ള, പാർപ്പിടം ഇല്ലാത്ത കുടുംബങ്ങളുമാണ്. ജില്ലയിലെ എല്ലാ പട്ടികവർഗ്ഗ സങ്കേതങ്ങളിലും വാഹനസൗകര്യം ലഭ്യമല്ലാത്തതിനാൽ കാർഷിക വിളകൾ കർഷകർ നേരിട്ട് അടുത്ത വ്യാപാരകേന്ദ്രത്തിൽ

എത്തിക്കുന്നു. കാർഷിക വിളകൾക്ക് പലപ്പോഴും ന്യായവില ലഭിക്കുന്നില്ല. ഇടനിലക്കാരുടെ ചൂഷണങ്ങളിൽ നിന്നും ഇവരെ മോചിപ്പിക്കാൻ നിലവിൽ നടപടിയൊന്നുമില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ രൂപീകരിച്ച് കാർഷികോത്പന്നങ്ങൾ സംഘങ്ങൾ വഴി വിപണനം നടത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സഹകരണ വകുപ്പ് സ്വീകരിച്ച നടപടി

കാസർഗോഡ് ജില്ലയിൽ ഇപ്പോൾ തന്നെ പട്ടികവർഗ്ഗ സഹകരണ സംഘങ്ങളും പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളും നിലവിലുണ്ട്. എന്നാൽ പല സംഘങ്ങളും പ്രവർത്തനരഹിതമാണ്. പല സംഘങ്ങളും പാർട്ട് ടൈം അഡ്മിനിസ്ട്രേറ്റർമാരുടെ ഭരണത്തിൻ കീഴിലാണ്. അവയിൽ പലതിലും തെരഞ്ഞെടുപ്പ് നടത്തുന്നതിന് നാമനിർദ്ദേശ പത്രിക നൽകുവാൻപോലും അംഗങ്ങൾ തയ്യാറാകുന്നില്ല. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കാർഷികോൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനായി പുതിയ സംഘം രൂപീകരിച്ചാലും അംഗങ്ങൾക്ക് താൽപ്പര്യമില്ലെങ്കിൽ വിജയകരമായി നടത്തികൊണ്ടുപോകാൻ സാധിക്കില്ല. നിയമസഭാ എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം പട്ടികവർഗ്ഗ വിഭാഗക്കാരുടെ കാർഷികോൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിന് നിലവിലുള്ള പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ സാമ്പത്തിക സഹായം നൽകി നിയോഗിക്കുന്നതാണ്.

## <u>11-11-2009-ലെ സമിതി യോഗം ആവശ്യപ്പെട്ട അധിക വിവരം</u>

പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ സജീവമാക്കുന്നതിന് സഹകരണ വകുപ്പുമായി ബന്ധപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നാരായാൻ തീരുമാനിച്ചു.

## പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പ് സ്വീകരിച്ച നടപടി

നിലവിലുള്ളതും എന്നാൽ പ്രവർത്തന രഹിതവും പുനരുജ്ജീവിപ്പിക്കുന്നതിന് സാദ്ധ്യതയുള്ളതുമായ പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ സഹായിക്കുന്നതിന് വകുപ്പിന് ഇപ്പോൾ തന്നെ "പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം" എന്ന പദ്ധതി നിലവിലുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അത്തരം സംഘങ്ങളിൽ നിന്നും ആവശ്യമായ പ്രൊപ്പോസലുകൾ സമർപ്പിക്കുവാൻ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടുതലായി സഹകരണ സംഘങ്ങൾ ആവശ്യമുണ്ടെന്ന് കണ്ടാൽ ഇക്കാര്യത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന Federation-ന്റെ ഇടപെടൽ ആവശ്യപ്പെടുന്നതാണ്.

## ശിപാർശ 195 (ഖണ്ഡിക 387)

പരമ്പരാഗത തൊഴിൽ പദ്ധതി പ്രകാരം പരിശീലനം നൽകുന്നില്ലെങ്കിലും പരമ്പരാഗത തൊഴിലുകളെ പ്രോത്സാഹിപ്പിക്കുന്നതിന് ധനസഹായം നൽകിവരുന്നു. കൂടുതൽ തൊഴിൽ സാദ്ധ്യതകൾ കണ്ടെത്തുന്നതിനായി ജില്ലയിൽ എസ്. ടി. വിഭാഗക്കാർക്കായി വ്യവസായിക തൊഴിൽ പരിശീലനകേന്ദ്രം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

13-2-2007-ൽ മിനിസ്ട്രി ഓഫ് ട്രൈബൽ അഫയേഴ്സ് ഡൽഹിയിൽ വിളിച്ചുകൂട്ടിയ സെക്രട്ടറിമാരുടെ വാർഷിക അവലോകന യോഗത്തിൽ പ്രസ്തുത വിഷയം ചർച്ചചെയ്തതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ കുട്ടികൾക്ക് തൊഴിൽ പരിശീലനം നല്കുന്നതിലേക്ക് പുതിയ വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് പകരം അംഗീകൃത വൊക്കേഷണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് വഴി പരിശീലനം നല്കാവുന്നതാണ് എന്ന് തീരുമാനിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരത്തെ കഴക്കൂട്ടം അപ്പാരൽ ട്രെയിനിംഗ് & ഡിസൈൻ സെന്റർ മുഖേനയും കളമശ്ശേരി ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് മുഖേനയും പട്ടികവർഗ്ഗ വിഭാഗത്തിലെ യുവതീയുവാക്കൾക്ക് പരിശീലനം നല്കുകയും അതുവഴി അവർക്ക് തൊഴിൽ ഉറപ്പ് നല്കിയും വരുന്നു.

## തൊഴിൽ വകുപ്പ് സ്വീകരിച്ച നടപടി

വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ കാസർഗോഡ് ജില്ലയിൽ 2008-09, 2009-10 എന്നീ സാമ്പത്തിക വർഷം ഓരോ വ്യാവസായിക പരിശീലന സ്ഥാപനം യഥാക്രമം ഉദുമ, മടിക്കൈ എന്നീ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ പട്ടികവർഗ്ഗക്കാർക്കും നിയമാനുസൃതമുള്ള അഡ്മിഷൻ ലഭിക്കുന്നതാണ്.

## ശിപാർശ 196 (ഖണ്ഡിക 388)

പട്ടികവർഗ്ഗ കോളനികളിൽ കുടുംബക്ഷേമ ഉപകേന്ദ്രം, പ്രൈമറി ഹെൽത്ത് സെന്ററുകൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ മൊബൈൽ മെഡിക്കൽ യൂണിറ്റ് എന്നിവയുടെ സേവനം ലഭ്യമാണ്. എന്നാൽ സങ്കേതങ്ങൾ കേന്ദ്രീകരിച്ച് ആരോഗ്യ പരിപാലന കേന്ദ്രങ്ങൾ നിലവിലില്ല. മെഡിക്കൽ ക്യാമ്പുകളുടെ സേവനവും മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സേവനവും തൃപ്തികരമല്ല. കൂടാതെ ഡോക്ടർമാരുടെ അഭാവവും മരുന്നിന്റെ ലഭ്യതയില്ലായ്മയും സ്പെഷ്യൽ മൊബൈൽ യൂണിറ്റിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന് സമിതിക്ക് ബോദ്ധ്യമായി. എസ്. ടി. സങ്കേതങ്ങളോടനുബന്ധിച്ച് കൂടുതൽ ആരോഗ്യപരിപാലനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും

നിലവിലുള്ള മൊബൈൽ മെഡിക്കൽ യൂണിറ്റ് ഉൾപ്പെടെയുള്ള സേവനങ്ങൾ മെച്ചപ്പെടുത്തണമെന്നും ആവശ്യാനുസരണം മരുന്നുകളും ലഭ്യമാക്കുവാനും ഡോക്ടർമാരുടെ തസ്തിക നികത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

സമിതിയുടെ നിർദ്ദേശാനുസരണം കാസർഗോഡ് ജില്ലയിൽ കൂടുതൽ ആരോഗ്യ പരിപാലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആരോഗ്യ വകുപ്പിനോട് ആവശ്യപ്പെടാവുന്നതാണ്.

**ആരോഗ്യകുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി**

മൊബൈൽ മെഡിക്കൽ യൂണിറ്റുകളിൽ ഡോക്ടർമാരുടെ സേവനം നൽകിവരുന്നു. ഡോക്ടർമാരുടെ ഒഴിവുള്ള തസ്തികകളിൽ പി. എസ്. സി. യിൽ നിന്നും നിയമന ശിപാർശ ലഭിക്കുന്നതനുസരിച്ച് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**ശിപാർശ 197 (ഖണ്ഡിക 390)**

പട്ടികവർഗ്ഗ കോളനികളിൽ ദാരിദ്ര്യ നിർമ്മാർജ്ജന കേന്ദ്രപദ്ധതികളായ IAY, SGRY, SGSY, AAY, അന്നപൂർണ്ണ ഫുഡ് ഫോർ വർക്ക്, ഫുഡ് സപ്പോർട്ട് പ്രോഗ്രാം എന്നിവ നടപ്പിൽ വരുത്തിയിട്ടുണ്ടെങ്കിലും SGRY, AAY, അന്നപൂർണ്ണ എന്നീ പദ്ധതികളുടെ ആനുകൂല്യങ്ങൾ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ലഭിക്കുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോ എന്നും എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അവ ലഭിക്കുന്നുണ്ടോയെന്നും സമയാസമയങ്ങളിൽ പരിശോധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

SGRY, AAY, അന്നപൂർണ്ണ എന്നീ പദ്ധതികളുടെ ആനുകൂല്യങ്ങൾ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ലഭ്യമാക്കുന്നതിന് ഗ്രാമ വികസന വകുപ്പിന് നിർദ്ദേശം നല്കുന്നതാണ്.

**22-6-2010-ലെ സമിതിയോഗം ആവശ്യപ്പെട്ട അധിക വിവരം**

കേന്ദ്ര ഗവൺമെന്റ് പദ്ധതികളിൽ അർഹമായവയുടെ ആനുകൂല്യങ്ങൾ പട്ടികവർഗ്ഗക്കാർക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ട ചുമതല പട്ടികവർഗ്ഗ വികസന വകുപ്പിനുണ്ടെന്നും ആയതിനാൽ ഇതു സംബന്ധിച്ച് പരിശോധിച്ച് എന്തു നടപടി സ്വീകരിച്ചു എന്ന് സമിതിയെ അറിയിക്കണമെന്നും പ്രസ്തുത വകുപ്പിനോടാവശ്യപ്പെടാൻ സമിതി നിർദ്ദേശിച്ചു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി</u>

കേന്ദ്രാവിഷ്കൃത പദ്ധതികളായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരമുള്ള പദ്ധതികൾ, അന്ത്യോദയ അന്നയോജന, അന്നപൂർണ്ണ, ഇന്ദിരാ ആവാസ് യോജന എന്നീ പദ്ധതികളുടെ ആനുകൂല്യങ്ങൾ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ലഭിക്കുന്നുണ്ടെന്നും ടി പദ്ധതികൾ ഫലപ്രദമായി തന്നെ നടപ്പാക്കുന്നുണ്ടെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് ഗ്രാമ വികസന വകുപ്പുമായി ബന്ധപ്പെട്ട് ഉറപ്പാക്കുന്നുണ്ട്.

ടി പദ്ധതികളുടെ ഫലപ്രദമായ നിർവ്വഹണം വിലയിരുത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിച്ച്കൊണ്ട് ജില്ലാ തലത്തിലും, സംസ്ഥാന തലത്തിലും വിജിലൻസ് & മോണിറ്ററിംഗ് സമിതികൾ പ്രവർത്തിച്ച് വരുന്നുണ്ട്. സംസ്ഥാനത്ത് നാളിതുവരെ 36265 പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ കാർഡ് നൽകി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദ വിവരം അനുബന്ധം VIII ആയി ചേർത്തിട്ടുണ്ട്.

**ശിപാർശ 198 (ഖണ്ഡിക 391)**

എസ്. ടി. സങ്കേതങ്ങളിൽ ഇതര വിഭാഗങ്ങൾ താമസിക്കുന്നുണ്ടെന്നും അവർ സ്ത്രീകളെ ചൂഷണം ചെയ്യുന്ന സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്നും സാമ്പത്തിക പ്രയാസങ്ങളുണ്ടാകുന്ന അടിയന്തര ഘട്ടങ്ങളിൽ സഹായിച്ച് അവസരം മുതലെടുക്കുന്നതായും ചുരുങ്ങിയ കൂലിനൽകി കൂടുതൽ അധ്വാനിപ്പിക്കുന്ന സ്ഥിതി ഉള്ളതായും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ തടയുന്നതിന് ഫലപ്രദമായ മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

പട്ടികവർഗ സ്ത്രീകൾക്കെതിരെ അതിക്രമങ്ങളുണ്ടാകുമ്പോൾ നിലവിലുള്ള നിയമ പ്രകാരം കേസ് രജിസ്റ്റർചെയ്ത് നടപടി സ്വീകരിക്കുന്നുണ്ട്. എന്നാൽ ചൂഷണം തടയുന്നതിനായി പട്ടികവർഗ്ഗക്കാരെ ബോധവല്ക്കരിക്കുകയും ശാക്തീകരിക്കുകയും ചെയ്യുന്നതാണ് ഫലപ്രദമായ നടപടി. ഇതിനായി ബഡ്ജറ്റിൽ ലഭ്യമായ പരിമിതമായ ഫണ്ട് വിനിയോഗിച്ച് ക്യാമ്പുകളും സെമിനാറുകളും നടത്തുകയും, പട്ടികവർഗ്ഗ പ്രൊമോട്ടർമാർ വഴി ബോധവല്ക്കരണം നടത്തുകയും ചെയ്യുന്നു. ഇപ്പോൾ കുടുംബശ്രീ മുഖേനയും ഈ രംഗത്ത് പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ നടത്തിപ്പ്മൂലം ഈ മേഖലയിൽ ആദിവാസികൾക്ക് തൊഴിലവസരങ്ങളും വരുമാനവും ലഭ്യമാകുന്നുണ്ട്.

## ശിപാർശ 199 (ഖണ്ഡിക 392)

ജില്ലയിലെ പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിന് തടസ്സം നിൽക്കുന്ന ഘടകങ്ങളിൽ പ്രധാനം ആദിവാസികളുടെ ആവാസ വ്യവസ്ഥയുടെ തകർച്ചയും, ആദിവാസികളുടെ സാമൂഹ്യവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥയും ചുരുങ്ങിയ വേതനം നൽകി തൊഴിൽ മേഖലയിലുള്ള ചൂഷണം, സ്ത്രീകളെ ചൂഷണം ചെയ്യൽ, വ്യാജ മദ്യലോബികളുടെ സ്വാധീനം എന്നിയാണ്. ആയതിനാൽ ടി കാര്യങ്ങൾക്ക മുൻഗണന നൽകി പട്ടികവർഗ്ഗ വികസന വകുപ്പും പോലീസ് എക്സൈസ് എന്നീ വകുപ്പുകളും സംയുക്തമായി പ്രവർത്തിക്കണമെന്നും ചൂഷണങ്ങൾക്കെതിരെ ഫലപ്രദമായ നിയമനടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടി

പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസപരവും സാമൂഹ്യവുമായ പിന്നോക്കാവസ്ഥമൂലം കുറഞ്ഞ കൂലി നൽകിയും മദ്യം നൽകിയും അവരെ മറ്റുള്ളവർ ചൂഷണം ചെയ്യുന്നതായും പട്ടികവർഗ്ഗ സ്ത്രീകളെ ചൂഷണം ചെയ്യുന്നതുമായ പരാതികൾ ലഭിച്ചാൽ ആയതിനെക്കുറിച്ച് ഉടൻതന്നെ അന്വേഷണം നടത്തി കുറ്റക്കാരുടെ പേരിൽ നടപടികൾ കൈക്കൊള്ളുന്നുണ്ട്. സബ് ഡിവിഷണൽ ഓഫീസർമാരും സ്പെഷ്യൽ മൊബൈൽ സ്ക്വാഡും പട്ടികജാതി / പട്ടികവർഗ്ഗക്കാരുടെ പരാതികളിൽ ഉടൻതന്നെ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ജില്ലാ പോലീസ് സൂപ്രണ്ട് മുൻകൂട്ടി നിശ്ചയിച്ച തീയതികളിൽ കോളനികൾ സന്ദർശിച്ച് പരാതികൾ സ്വീകരിക്കുന്നുണ്ട്. ഈ വിവരം മുൻകൂട്ടി കോളനികളിൽ അറിയിക്കുന്നതിന് എസ്. എച്ച്. ഒ. മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## <u>21-1-2009-ലെ സമിതിയോഗം ആവശ്യപ്പെട്ട അധികവിവരം</u>

കാസർഗോഡ് ജില്ലാ പോലീസ് സൂപ്രണ്ട് കോളനികൾ സന്ദർശിച്ചിട്ടുള്ള സന്ദർഭങ്ങളിൽ ഇതുവരെ പട്ടികജാതി / പട്ടികവർഗ്ഗക്കാർ എത്ര പരാതികൾ തന്നിട്ടുണ്ട്. പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് കഴിഞ്ഞ വർഷം ജില്ലാ പോലീസ് സൂപ്രണ്ട് ഏതെല്ലാം കോളനികളിൽ ഏതെല്ലാം ദിവസങ്ങളിലാണ് സന്ദർശിച്ച് പരാതികൾ സ്വീകരിച്ചത് എന്നിവ സംബന്ധിച്ച വ്യക്തമായ മറുപടി സമിതിക്ക് ലഭ്യമാക്കുക.

ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടി

Name of colony visited by the district police Superintendent during the period 2006, 2007 and 2008

| Sl. No. | Date | Name of Colony | No.of Petition received | Remarks |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| **2006** | | | | |
| 1 | 14-1-2006 | Nelkala Colony (Kasargod PS) | 18 | Disposed |
| 2 | 26-1-2006 | Darbarkatta Colony (Kumbala PS) | 12 | Disposed |
| 3 | 16-2-2006 | Perdala Colony (Badiadka PS) | 40 | Disposed |
| 4 | 5-3-2006 | Madathil Colony (Bekal PS) | 22 | Disposed |
| 5 | 24-4-2006 | Puluvanchi Colony (Bedakam PS) | 77 | Disposed |
| 6 | 25-5-2006 | Chakilya Colony Chayyom (Nilesh war PS) | 30 | Disposed |
| 7 | 12-6-2006 | Kadumeni Colony (Chittrikal PS) | 8 | Disposed |
| 8 | 14-9-2006 | Olatt Chakkiya Colony (Cheemeni P S) | 5 | Disposed |
| 9 | 21-9-2006 | Amey Colony (Kasargod PS) | 18 | Disposed |
| 10 | 21-10-2006 | Kolangad Colony (Ambalathara PS) | 6 | Disposed |
| 11 | 16-12-2006 | Bandhiyod Aduka Colony (Kumbala PS) | 3 | Disposed |
| | | **Total Petitions** | **239** | |
| **2007** | | | | |
| 1 | 21-1-2007 | Meeliyatt Colony (Chandera PS) | 3 | Disposed |
| 2 | 29-1-2007 | Ammamkottu Colony | 13 | Disposed |
| 3 | 11-3-2007 | Perdala koraga Colony (Badiadka PS) | 1 | Disposed |
| 4 | 22-4-2007 | Vellamthatta Colony (Hosdurg PS) | 27 | Disposed |
| 5 | 29-4-2007 | Varanhoor Colony (Nileshwar PS) | 11 | Disposed |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 6 | 27-5-2007 | Aryanaduka Colony (Bekal PS) | 3 | Disposed |
| 7 | 10-6-2007 | Vaniyarkunnu Karakundu (Ambalath ara PS) | 17 | Disposed |
| 8 | 16-9-2007 | Vattamthatta Colony (Bedakam PS) | 2 | Disposed |
| 9 | 21-9-2007 | Kannadipara Colony (Cheemani PS) | 29 | Disposed |
| 10 | 21-10-2007 | Chenakode Colony (Kasaragod PS) | 1 | Disposed |
| | | **Total Petitions** | **107** | |
| **2008** | | | | |
| 1 | 23-2-2008 | Ambedkar Colony (Manjeshwar PS) | 15 | Disposed |
| 2 | 22-3-2008 | Attakkad (Vellarikundu PS) | 9 | Disposed |
| 3 | 29-3-2008 | Mavila Kadappuram (Chandera PS) | 1 | Disposed |
| 4 | 26-4-2008 | Nalamvathukkal (Bekal PS) | 6 | Disposed |
| 5 | 16-5-2008 | Pavoor (Manjeshwar PS) | 0 | Disposed |
| 6 | 24-6-2008 | Bandadka (Bedakam PS) | 38 | Disposed |
| 7 | 15-7-2008 | Kuzhingad Colony (Vellarikundu PS) | 47 | Disposed |
| 8 | 31-10-2008 | Anikkad (Cheemeni PS) | 29 | Disposed |
| | | **Total Petitions** | **145** | |

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

പട്ടികവർഗ്ഗ മേഖലകളിലെ ബോധവല്ക്കരണവും, അതിക്രമങ്ങൾക്കെതിരെ ശക്തമായ നടപടികളും ഇത്തരം ലോബികളെ നിയന്ത്രിക്കാൻ ഒരു പരിധിവരെ സഹായകരമാണ്. ഇത്തരം ബോധവല്ക്കരണ പരിപാടികളും നിയമനടപടികളും സ്വീകരിച്ചുവരുന്നു. ജില്ലാ തലത്തിൽ പോലീസ്, എക്സൈസ്, പട്ടികവർഗ്ഗ വികസന വകുപ്പ് ഇവയുടെ കൂട്ടായ പ്രവർത്തനം സമിതി നിർദ്ദേശിച്ച പോലെ ഫലപ്രദമായ വിധത്തിൽ തുടർന്നും നടത്തുന്നതാണ്.

**ശിപാർശ 200 (ഖണ്ഡിക 393)**

മലമ്പ്രദേശങ്ങളിലും ഉൾപ്രദേശങ്ങളിലും ഉള്ള കോളനി നിവാസികൾ റോഡ് സൗകര്യവും വാഹന സൗകര്യവും ഇല്ലാത്തതുമൂലം വളരെ ബുദ്ധിമുട്ടുന്നതായി സമിതിയുടെ

ശ്രദ്ധയിൽപ്പെട്ടു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പഴയ റോഡുകൾ ടാറിംഗ് നടത്തുന്നതിനും പുതിയ റോഡുകളും നടപ്പാതകളും നിർമ്മിക്കുന്നതിനും വകുപ്പ് നടപടി സ്വീകരിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. നിലവിലുള്ള റോഡുകൾ ഗതാഗത സൗകര്യമാക്കിയും പുതിയ റോഡുകൾ നിർമ്മിച്ചും ബസ് സർവ്വീസുകൾ ആരംഭിച്ചും ഈ ദുഃസ്ഥിതിക്ക് പരിഹാരം കാണണമെന്നു സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മുൻഗണനാ ക്രമത്തിൽ ഗതാഗത സൗകര്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

<u>പൊതുവായ നിർദ്ദേശങ്ങൾ /ശിപാർശകൾ</u>

**ശിപാർശ 201 (ഖണ്ഡിക 394)**

സംസ്ഥാനത്തിലെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ അടിസ്ഥാന ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഏറ്റെടുത്തിരിക്കുന്ന പല പദ്ധതികളും പല ഘട്ടങ്ങളിലായി മുടങ്ങിക്കിടക്കുകയാണെന്നു സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഏറ്റെടുത്തിരിക്കുന്ന പദ്ധതികൾ കാലതാമസം കൂടാതെ പൂർത്തീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ 202 (ഖണ്ഡിക 395)**

പട്ടികവർഗ്ഗ സമൂഹത്തിനുവേണ്ടി കേന്ദ്ര-സംസ്ഥാന തലങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് ബഹുഭൂരിപക്ഷം പട്ടികവർഗ്ഗക്കാരും അജ്ഞരാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പട്ടികവർഗ്ഗക്കാർക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച് പട്ടികവർഗ്ഗക്കാരെ മനസ്സിലാക്കി കൊടുക്കുവാൻ ഓരോ പട്ടികവർഗ്ഗ സങ്കേതത്തോടനുബന്ധിച്ചും ഓരോ ഇൻഫർമേഷൻ സെൽ സ്ഥാപിക്കണമെന്നും കൂടാതെ പത്രമാധ്യമങ്ങളിലൂടെയും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയും പദ്ധതികളെക്കുറിച്ച് ലഘുവിവരണങ്ങൾ നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

**ശിപാർശ 201 & 202**

സംസ്ഥാനത്തിലെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, പാലം, വൈദ്യുതി, കുടിവെള്ളം തുടങ്ങിയ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. ടി പദ്ധതികളെല്ലാം ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെയോ അല്ലെങ്കിൽ ശിപാർശയോടെ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ

പഞ്ചായത്തുകളും നിർവ്വഹണ ഏജൻസികളും സ്ഥാപനങ്ങളുമായി സഹകരിച്ചാണ് നടപ്പിലാക്കുന്നത്. വനം വകുപ്പിന്റെ അനുമതി സമയബന്ധിതമായി ലഭ്യമാക്കാത്തതും, ഉൾവനപ്രദേശത്ത് സാധനസാമഗ്രികൾ എത്തിക്കാനുള്ള പ്രയാസവും, പ്രകൃതി ദുരന്തങ്ങളും പദ്ധതി നടത്തിപ്പിന് സാരമായി ബാധിക്കുന്നുണ്ട്. എന്നാലും ജില്ലയിൽ തന്നെ ടി പദ്ധതികൾ അവലോകനം നടത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

പട്ടികവർഗ്ഗക്കാരുടെ അടിസ്ഥാന ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒന്നാണ് ഭവനനിർമ്മാണം. മുൻവർഷങ്ങളിൽ അനുവദിച്ചതും എന്നാൽ 31-3-16നുള്ളിൽ പൂർത്തീകരിക്കാത്തതുമായ വീടുകൾ പൂർത്തീകരിക്കുന്നതിനായി ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാംഘട്ടമായ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം പദ്ധതിയിൽപ്പെടുത്തി പൂർത്തീകരിക്കാനുള്ള 12117 വീടുകൾ ഉൾപ്പെടുകയും 10821 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. അത്തരത്തിൽ പൂർത്തീകരിക്കാത്ത ഭവന പദ്ധതികൾ പൂർത്തീകരിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്കായി സർക്കാർ നടപ്പിലാക്കിവരുന്ന ക്ഷേമ പദ്ധതികളെക്കുറിച്ചും ആനുകൂല്യങ്ങളെക്കുറിച്ചും പൊതുജനങ്ങൾക്കും പട്ടിക വർഗ്ഗക്കാർക്കും, ജനപ്രതിനിധികൾക്കും അറിയിക്കുന്നതിനും മറ്റുമായി പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടറേറ്റിൽ സംസ്ഥാനതലത്തിൽ ഒരു ടോൾ ഫ്രീ നമ്പർ സേവനം ഓഫീസ് സമയത്ത് നടപ്പിലാക്കിയിട്ടുണ്ട്. ടി സെന്റർ വഴി വകുപ്പിനെ സംബന്ധിക്കുന്ന വിവരങ്ങൾ അറിയാവുന്നതാണ്. കൂടാതെ പട്ടികവർഗ്ഗ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ അന്വേഷകർക്ക് ലഭ്യമാക്കുന്നുണ്ട്. കൈപുസ്തകം, ലഘുവർണ്ണ പോസ്റ്റർ എന്നിവ വഴി അച്ചടിച്ച് പ്രചരിപ്പിക്കുന്നു. പദ്ധതി വിവരങ്ങളും മറ്റും പത്രദൃശ്യശ്രാവ്യ മാധ്യമങ്ങൾ മുഖേനയും വ്യാപകമായി പ്രചരിപ്പിക്കുന്നുണ്ട്. കൂടാതെ വകുപ്പിന്റെ പ്രധാന പദ്ധതികളെക്കുറിച്ച് വീഡിയോ തയ്യാറാക്കി LED ഡിസ്പ്ലേ ബോർഡുകൾ മുഖേന പ്രചരിപ്പിച്ചു വരുന്നുണ്ട്. വകുപ്പ് സംഘടിപ്പിക്കുന്ന ഗദ്ദിക സർഗോത്സവം, കളിക്കളം പരിപാടികളിൽ LED Wall മുഖേന പദ്ധതി സംബന്ധിച്ച വിവരങ്ങളും ചിത്രങ്ങളും പ്രദർശിപ്പിച്ചു വരുന്നുണ്ട്.

## ശിപാർശ 203 (ഖണ്ഡിക 396)

പട്ടികവർഗ്ഗക്കാർ ഇതര വിഭാഗങ്ങളുടെ ചൂഷണങ്ങൾക്ക് വിധേയരാകുന്നതായി ധാരാളം കേസ്സുകൾ ഉള്ളതായി സമിതി കണ്ടെത്തി. ആയതിനാൽ സർക്കാർതന്നെ മുൻകൈയെടുത്ത് ആവശ്യമായ പരിഹാരനടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങളും ചൂഷണവും തടയുന്നതിന് വിവിധ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. വകുപ്പിന്റെ ഊരുകൂട്ടങ്ങളിലൂടെയും, ഊരുകൂട്ട സെമിനാറുകളിലൂടെയും ചൂഷണത്തിനെതിരായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കിടയിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ സംഘടിപ്പിച്ച് ശക്തിപ്പെടുത്തി കൂട്ടായ പ്രവർത്തനത്തിലൂടെ ശാക്തീകരിക്കുന്നതിനും, നൈപുണ്യ വികസനത്തിലൂടെ പുതിയ തൊഴിൽ അവസരങ്ങൾ കണ്ടെത്തി വരുമാന വർദ്ധനവിലൂടെ സ്വാശ്രയത്വത്തിലേക്ക് നയിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഗോത്രജീവികപോലുള്ള പദ്ധതിയിലൂടെ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് അവരെ ചൂഷണത്തിൽ നിന്നും തടയുക എന്നതാണ് വകുപ്പിന്റെ ലക്ഷ്യം.

### ശിപാർശ 204 (ഖണ്ഡിക 397)

പട്ടികവർഗ്ഗ ക്ഷേമത്തിനായി അനുവദിക്കുന്ന ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുന്നതായും അതാത് വർഷംതന്നെ വിനിയോഗിക്കാതെ മിച്ചം വരുത്തുന്നതായും വ്യാപകമായ പരാതി നിലനിൽക്കുന്നു. ആയതിനാൽ പട്ടികവർഗ്ഗ ക്ഷേമത്തിനായി അനുവദിക്കുന്ന ഫണ്ടുകൾ വകമാറ്റി ചെലവഴിക്കാതിരിക്കണമെന്നും അനുവദിക്കുന്ന ഫണ്ടുകൾ യഥാസമയം പ്രയോജനപ്രദമായി വിനിയോഗിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

കമ്മിറ്റിയുടെ നിർദ്ദേശം പാലിക്കുന്നതാണ്.

### ശിപാർശ 205 (ഖണ്ഡിക 398)

പട്ടികവർഗ്ഗ പദ്ധതി ഉപഫണ്ടിന്റെ 50% ത്രിതല പഞ്ചായത്ത് ചെലവാക്കുന്നതിൽ നിന്നുമാണ് ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം എന്നിവയ്ക്കുള്ള തുക നൽകുന്നത്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും തുകയുടെ ഗഡുക്കൾ നൽകുന്നതിലും കാലതാമസം വരുന്നുണ്ടെന്നു സമിതി മനസ്സിലാക്കുന്നു. ആകയാൽ പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള ഭവന നിർമ്മാണ സഹായത്തിന് അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും ധനസഹായത്തിന്റെ ഗഡുക്കൾ യഥാസമയം പൂർണ്ണമായും നൽകുന്നതിൽ തദ്ദേശസ്വയംഭരണ കാര്യാലയങ്ങളിൽ വരുന്ന കാലതാമസം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ടതാണ്.

**ശിപാർശ 206 (ഖണ്ഡിക 399)**

സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ഒറ്റപ്പെട്ടതും ദുർഗ്ഗമപ്രദേശങ്ങളിലുമായി പട്ടികവർഗ്ഗക്കാർ വസിക്കുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ടി സ്ഥലങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് താമസയോഗ്യമായ വീടും സ്ഥലവും നൽകി പുനരധിവസിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

വീടില്ലാത്ത മുഴുവൻ ആളുകൾക്കും വീടനുവദിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് നവകേരളമിഷൻ പദ്ധതിയുടെ ഭാഗമായ ലൈഫ് മിഷൻ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ടി പദ്ധതിയുടെ രണ്ടാംഘട്ടത്തിന്റെ ഉദ്ദേശലക്ഷ്യം ഭൂമിയുള്ള ഭവനരഹിതർക്കും, ഭൂമിയില്ലാത്ത ഭവനരഹിതർക്കും വീട് നിർമ്മിച്ചു നൽകുക എന്നുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ലൈഫ് മിഷൻ സർവ്വേയിൽ 5444 പട്ടികവർഗ്ഗക്കാർ ഉൾപ്പെട്ടിട്ടുണ്ട്. ആയതിൽ 2925 പേർ വീട് നിർമ്മാണത്തിലുള്ള കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ടി പദ്ധതി പ്രകാരം സങ്കേതങ്ങൾക്കുള്ളിൽ 6 ലക്ഷം രൂപയും സങ്കേതങ്ങൾക്ക് പുറത്ത് 4 ലക്ഷം രൂപയും ദുർഘട പ്രദേശങ്ങളിൽ 20 ശതമാനം അധികമായി അനുവദിക്കുന്നതിനാണ് ഉത്തരവായിട്ടുള്ളത്. ഭൂമിയില്ലാത്ത പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകി പുനരധിവസിപ്പിക്കുന്നതിനായി വനാവകാശനിയമം നിക്ഷിപ്തവനഭൂമി വിതരണം, പട്ടയ വിതരണം, എന്നീ പദ്ധതികളിലൂടെയും ഭൂമി വാങ്ങി നൽകൽ പദ്ധതിയിലൂടെയും ഭൂമി അനുവദിച്ചുവരുന്നു. കൂടാതെ ഭൂമിയില്ലാത്ത പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിക്കുന്നതിന് ലാന്റ് ബാങ്ക് പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ജില്ലാ കളക്ടർമാർ മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഭൂമി നൽകാൻ താത്പര്യമുള്ള വ്യക്തികളിൽനിന്നും ഭൂമി വാങ്ങി വിതരണം നൽകുന്ന പദ്ധതിയാണ്. അത്തരത്തിൽ നാളിതുവരെ ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം 972 ഗുണഭോക്താക്കൾക്കായി 400.74 ഏക്കർ ഭൂമി വാങ്ങി നൽകിയിട്ടുണ്ട്.

**ശിപാർശ 207 (ഖണ്ഡിക 400)**

വൈദ്യുതി എത്താത്ത പട്ടികവർഗ്ഗ സങ്കേതങ്ങൾക്ക് അനർട്ടിന്റെ സൗരോർജ്ജ വിളക്കുകൾ വിതരണം ചെയ്യുന്നതിനും തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി എല്ലാ പട്ടികവർഗ്ഗ സങ്കേതങ്ങളിലും വൈദ്യുതി എത്തിക്കുന്നതിനുള്ള പദ്ധതി രൂപീകരിച്ച് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇനിയും വൈദ്യുതി എത്താത്ത വനം വകുപ്പിന്റെ അനുമതി ആവശ്യമുള്ളവ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ ശിപാർശയോടെ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച് KSEB വഴി നടപ്പിലാക്കി വരുന്നു. സോളാർ പാനൽ സ്ഥാപിക്കുന്നതിന് 5 പട്ടികവർഗ്ഗ സങ്കേതങ്ങളെ വകുപ്പ് തെരഞ്ഞെടുക്കുകയും ആയതിന്റെ പ്രൊപ്പോസൽ സമർപ്പിക്കാൻ ജില്ലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

### ശിപാർശ 208 (ഖണ്ഡിക 401)

പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സ്വയം തൊഴിൽ, ഭവന നിർമ്മാണം എന്നിവയ്ക്ക് നിശ്ചയിച്ചിട്ടുള്ള വരുമാന പരിധിമൂലം പലർക്കും അതിന്റെ പ്രയോജനം ലഭിക്കുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ടി കാര്യങ്ങൾക്കായി നിശ്ചയിച്ചിട്ടുള്ള വരുമാന പരിധി ഉയർത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് വ്യക്തികൾക്കും, സ്വയംസഹായ സംരംഭങ്ങൾക്കും ധനസഹായം നൽകുന്നുണ്ട്. ടി പദ്ധതികളിൽ 60%ഓളം ഗുണഭോക്താക്കൾ സ്ത്രീകൾ ആയിരിക്കണം. അനാഥർ, വിധവകൾ, അവിവാഹിതരായ അമ്മമാർ, സ്ത്രീകൾ ഗൃഹനാഥയായിട്ടുള്ള കുടുംബം, പ്രളയബാധിത കുടുംബം എന്നിവർക്ക് മുൻഗണന നൽകിയാണ് നടപ്പിലാക്കുന്നത്. സ്വയംതൊഴിലിനായുള്ള ധനസഹായത്തിന് വാർഷിക വരുമാന പരിധി 50,000 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷം മുതൽ പുതിയ ഭവനങ്ങളുടെ നിർമ്മാണം നടപ്പിലാക്കുന്നത് ലൈഫ് മിഷൻ പദ്ധതി പ്രകാരമാണ്. ആയതിനാൽ വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ കുറവുള്ള മുഴുവൻ ആളുകളെയും ഉൾപ്പെടുത്തുന്നതിന് മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഊരുകൂട്ടം തെരഞ്ഞെടുത്ത് ബന്ധപ്പെട്ട പഞ്ചായത്ത് അംഗീകരിക്കുന്ന മുഴുവൻ പട്ടികവർഗ്ഗക്കാരെയും ഉൾപ്പെടുത്തുന്നതിന് ലൈഫ് മിഷനോട് ശിപാർശ ചെയ്തിട്ടുണ്ട്.

### ശിപാർശ 209 (ഖണ്ഡിക 402)

പട്ടികവർഗ്ഗ സങ്കേതങ്ങൾ മിക്കതും ഉൾവനപ്രദേശങ്ങളിലായതിനാൽ ഗതാഗതം സുഗമമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആദിവാസി സങ്കേതങ്ങളിലേക്കുള്ള റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

പട്ടികവർഗ്ഗ സങ്കേതങ്ങളിലെ റോഡ് സുഗമമാക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി ഫീസിബിലിറ്റി സർട്ടിഫിക്കറ്റും മറ്റ് അനുബന്ധരേഖകളും ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ ശിപാർശയോടെ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിക്കുകയും ആയതിന് അനുമതി ലഭിക്കുന്ന മുറയ്ക്ക് ജില്ലയ്ക്ക് ഫണ്ട് അനുവദിച്ച് റോഡ് പ്രവർത്തികൾ പദ്ധതി നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്.

### ശിപാർശ 210 (ഖണ്ഡിക 403)

ശുദ്ധജലവിതരണത്തിന്റെ ആവശ്യകത കണക്കിലെടുത്ത് പട്ടികവർഗ്ഗ മേഖലയിലെ വീടുകളിൽ കിണർ കുഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി കോളനികൾക്ക് കേരള വാട്ടർ അതോറിറ്റി പ്രത്യേക പരിഗണന നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ടി.എസ്.പി. ഫണ്ട് ഉള്ളതിനാൽ മെച്ചപ്പെട്ട ശുദ്ധജല പദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്ത് പ്രത്യേക പ്രോജക്ട് തയ്യാറാക്കി സമർപ്പിക്കാൻ ശ്രമിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

നിർദ്ദേശം ഗ്രാമവികസന വകുപ്പുമായി ബന്ധപ്പെട്ടതാണ്.

### ശിപാർശ 211 (ഖണ്ഡിക 404)

കൃഷി ഇനങ്ങളിൽ റബ്ബർ കൃഷി ആദായകരമായതിനാൽ കൂടുതൽ ആദിവാസി മേഖലകളിൽ റബ്ബർകൃഷി വ്യാപകമാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

ആദിവാസി മേഖലകളിൽ റബ്ബർകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി 2015-16 വരെ ജില്ലാ ഓഫീസർ മുഖേന റബ്ബർ ബോർഡിന്റെ സഹായത്തോടുകൂടി നടപ്പിലാക്കിയിട്ടുണ്ട്.

### ശിപാർശ 212 (ഖണ്ഡിക 405)

വ്യാവസായികരംഗത്ത് പട്ടികവർഗ്ഗക്കാർ പിൻനിരയിലാണെന്നു സമിതി വിലയിരുത്തുന്നു. ആയതിനാൽ വ്യാവസായിക രംഗത്ത് പട്ടികവർഗ്ഗക്കാരുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങളുടെ വ്യാവസായിക പദ്ധതികളിൽ കൂടുതൽ പട്ടികവർഗ്ഗക്കാരെ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

നിർദ്ദേശം പാലിക്കുന്നതാണ്.

## ശിപാർശ 213 (ഖണ്ഡിക 406)

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ചികിത്സയും ശസ്ത്രക്രിയയും പൂർണ്ണമായും ഗവൺമെന്റ് ചെലവിൽ നടത്തുന്നതിന് കോർപ്പസ് ഫണ്ട് രൂപീകരിക്കുന്നതിന്റെ നടപടികൾ നടന്നുവരുന്നതായി സമിതി മനസ്സിലാക്കുന്നു. ഇതുമായി ബന്ധപ്പെട്ട് നടപടികൾ ത്വരിതപ്പെടുത്തണമെന്നും എത്രയും പെട്ടെന്ന് പട്ടികവർഗ്ഗക്കാരുടെ ചികിത്സയും ശസ്ത്രക്രിയയും ഗവൺമെന്റ് ചെലവിൽ നടത്തുന്ന സംവിധാനം നിലവിൽ വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ 214 (ഖണ്ഡിക 407)

പട്ടികവർഗ്ഗ മേഖലകളിലെ മെഡിക്കൽ ക്യാമ്പുകളുടെ പ്രവർത്തനവും മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ സേവനവും എല്ലാ സങ്കേതങ്ങളിലും പ്രയോജനപ്രദമാകുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ടി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുകയും വ്യാപിപ്പിക്കുകയും വേണമെന്ന സമിതി നിർദ്ദേശിക്കുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

## ശിപാർശ 213 & 214

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ചികിത്സയും ശസ്ത്രക്രിയയും പൂർണ്ണമായും സർക്കാർ ചെലവിൽ നടത്തുന്നതിന്റെ ഭാഗമായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി എന്ന പദ്ധതിക്ക് സ.ഉ.(എം.എസ്.) നമ്പർ 45/07/പ.ജ.പ.വ.വി.വ. തീയതി 13-8-2007 പ്രകാരം സർക്കാരിന്റെ ഭരണാനുമതി ലഭ്യമാക്കുകയും 2007-08 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സംസ്ഥാനത്തെ പട്ടിക . വർഗ്ഗക്കാർക്ക് ചികിത്സയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി നടപ്പാക്കിവരുന്ന പദ്ധതിയാണിത്. എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ എല്ലാ പട്ടികവർഗ്ഗക്കാർക്കും 10,000 രൂപ വരെ ചികിത്സാ ചെലവ് സർക്കാർ ആശുപത്രികളിലും, മെഡിക്കൽകോളേജ് ആശുപത്രികളിലും സൗജന്യമായി ലഭിക്കുന്നു. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട (വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെയുള്ള) രോഗികൾക്ക് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികൾ, സർക്കാർ മെഡിക്കൽ കോളേജ് ഇതുമായി ബന്ധപ്പെട്ട ആശുപത്രികൾ, കണ്ണൂരിലെ പരിയാരം സഹകരണ മെഡിക്കൽ കോളേജ്, തിരുവനന്തപുരത്തെ ശ്രീ. ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി, റീജിയണൽ കാൻസർ സെന്റർ, ശ്രീ. അവിട്ടം തിരുനാൾ ആശുപത്രി, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്താൽമോളജി

എന്നീ സ്ഥാപനങ്ങൾ വഴി സൗജന്യ ചികിത്സ നൽകിവരുന്നു. ചികിത്സാ ചെലവ് 50,000 രൂപയിൽ അധികരിക്കുകയാണെങ്കിൽ സർക്കാർ അനുമതി ഉത്തരവിലൂടെ ചികിത്സ ചെലവ് അനുവദിക്കുന്നു. ആശുപത്രിയിൽ സൗജന്യമായി ലഭ്യമല്ലാത്ത മരുന്നുകൾ ആശുപത്രിയോട് അനുബന്ധിച്ചുള്ള മെഡിക്കൽ സ്റ്റോറുകളിൽ നിന്നും വാങ്ങുന്നതിനുള്ള ചെലവ്, ആശുപത്രി വികസന സമിതിയുടെ അധീനതയിലുള്ള മെഡിക്കൽ സ്റ്റോറുകളിൽ നിന്നും ലഭിക്കാത്ത മരുന്നുകൾ പുറത്ത് മെഡിക്കൽ സ്റ്റോറുകളിൽ നിന്നും വാങ്ങുന്നതിനുള്ള ചെലവ്, ആശുപത്രിയിൽ നിന്നുള്ള ലാബ് ടെസ്റ്റിന്റെ ചെലവുകൾ, സർക്കാർ ആശുപത്രികൾ/ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സൗജന്യമായി ലഭ്യമാകാത്ത ലാബ് ടെസ്റ്റുകൾ പുറത്ത് നിന്നുള്ള സ്ഥാപനങ്ങളിൽ നിന്നും ചെയ്യുന്നതിനുള്ള ചെലവ്, രോഗികൾക്ക് ചികിത്സയ്ക്കായി അത്യാവശ്യം വേണ്ടി വരുന്ന ചികിത്സാ ഉപകരണങ്ങൾ ആശുപത്രികളിൽ ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ പുറത്ത് നിന്നും ലഭിക്കുന്നതിനുള്ള ചെലവ്, രോഗികളെ ആശുപത്രികളിൽ എത്തിക്കുന്നതിനും അർഹരായ രോഗികളുടെ ചികിത്സ കഴിഞ്ഞ് വീടുകളിൽ എത്തിക്കുന്നതിനും, മരണമടഞ്ഞവരുടെ മൃതദേഹം വീടുകളിൽ എത്തിക്കുന്നതിനും വേണ്ടി വരുന്ന യഥാർത്ഥ ആംബുലൻസ് വാഹനവാടക, ആശുപത്രികളിൽ രോഗികളായവർക്ക് സൗജന്യഭക്ഷണം ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ ഭക്ഷണത്തിനായി പ്രതിദിനം 150 വരെയുള്ള ചെലവ് ആശുപത്രികളിൽ രോഗികളുടെ കൂട്ടിരിപ്പിനായി തങ്ങുന്ന ഓരാൾക്ക് പ്രതിദിനം 200 രൂപ വരെയുള്ള ചെലവ് എന്നിവ അനുവദിച്ച് നൽകുന്നു. തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട്, ഇടുക്കി എന്നിവിടങ്ങളിലായി ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ വകുപ്പിന്റെ കീഴിൽ സ്ഥിരം സംവിധാനമായി പ്രവർത്തിച്ചു പോരുന്നു. ഇതിനു പുറമെ 2016-17 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന വകുപ്പ് പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലയിൽ ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ് പ്രമോഷൻ ട്രസ്റ്റിന്റെ നേതൃത്വത്തിൽ മൊബൈൽ മെഡിക്കൽ ക്ലിനിക്ക് പ്രവർത്തിപ്പിച്ചിരുന്നു.

2018-19 സാമ്പത്തിക വർഷത്തിൽ ആരോഗ്യ മേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകുന്നതിനായി കൊല്ലം, ഇടുക്കി, പാലക്കാട്, കണ്ണൂർ, വയനാട്, കാസർഗോഡ്, പത്തനംതിട്ട, മലപ്പുറം, തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, വയനാട്, പാലക്കാട് (അട്ടപ്പാടി) എന്നീ ജില്ലകളിലായി 14 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് അനുമതി ലഭ്യമാകുകയും ഇതിൽ 6 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ (കൊല്ലം ഇടുക്കി, പാലക്കാട്, കണ്ണൂർ, വയനാട് കാസർഗോഡ് ആണ്.) 30-11-2011-ന് പ്രവർത്തനം ആരംഭിച്ചു. ശേഷിക്കുന്ന 8 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ 2018 ഏപ്രിൽ മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## ശിപാർശ 215 (ഖണ്ഡിക 408)

ആരോഗ്യ പരിപാലനത്തിലും പരിസരശുചീകരണത്തിലും പോഷകാഹാര ങ്ങളെക്കുറിച്ചുള്ള അറിവിലും ഇപ്പോഴും പട്ടികവർഗ്ഗക്കാർ വളരെ പിന്നിലാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത വിഷയങ്ങളിൽ കൂടുതൽ ബോധവൽകരണ ക്യാമ്പുകൾ സംഘടിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

ഗുരുതര പോഷകാഹാരക്കുറവുള്ള പട്ടികവർഗ്ഗ മേഖലകളിൽ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റ് ഉപയോഗിച്ച് പോഷകാഹാര പുനരധിവാസ പ്രചരണം എന്നിവ നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

- പരിശോധന
- പോഷകാഹാര കൗൺസിലിംഗ്
- പൂരക പോഷകാഹാരം നൽകൽ
- പോഷകാഹാര ബോധവൽക്കരണ പ്രചരണ പരിപാടി
- ശുചിത്വ ബോധവൽക്കരണം
- പ്രസവത്തിന് മുമ്പും പിമ്പുമുള്ള പരിശോധന
- റഫറൽ സേവനങ്ങൾ

പ്രാക്തന ഗോത്രവർഗ്ഗക്കാർ ഉൾപ്പെടെയുള്ള ഗോത്ര സമൂഹങ്ങൾക്ക് രോഗ സാധ്യത കൂടുതലാണ്. ദാരിദ്ര്യം, നിരക്ഷരത, രോഗകാരണങ്ങളെക്കുറിച്ചുള്ള അജ്ഞത, സുരക്ഷിതമായ കുടിവെള്ളത്തിന്റെയും ശുചിത്വത്തിന്റെയും അഭാവം, അന്ധവിശ്വാസങ്ങൾ എന്നിവ ഇവരുടെ ദുരിതത്തിന് ആക്കം കൂട്ടുന്നു. ഇവയ്ക്ക് പരിഹാരം കാണാൻ നിലവിലുള്ള മനുഷ്യ വിഭവശേഷി ശക്തിപ്പെടുത്തൽ, വിദൂര ജനവിഭാഗങ്ങൾക്ക് ആരോഗ്യ സേവനങ്ങൾ എത്തിക്കൽ, ആരോഗ്യ ബോധവൽക്കരണം കോളനികളിലെ സാമൂഹ്യ പങ്കാളിത്തം ഉറപ്പ് വരുത്തൽ മുതലായവ സാധ്യമാക്കുന്നതിനായി ഗോത്ര സമുദായങ്ങളിൽ നിന്നുള്ള ഗോത്ര ഭാഷ അറിയാവുന്ന പാരാമെഡിക്കലുകളുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതിയുടെ പ്രാരംഭ നടപടികൾ നടന്നുവരുന്നു.

### ശിപാർശ 216 (ഖണ്ഡിക 409)

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലുകളിലെ അസൗകര്യങ്ങളും കുട്ടികളുടെ വൈഷമ്യങ്ങളും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. ആയതിനാൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾക്ക്, സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനും, മെനു പ്രകാരം ഹോസ്റ്റലുകളിൽ ഭക്ഷണം തയ്യാറാക്കുന്നതിനും ആഴ്ചതോറും ഡോക്ടർമാർ ഹോസ്റ്റലുകളിൽ സന്ദർശനം നടത്തി കുട്ടികളെ പരിശോധിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും പോഷകാഹാരക്കുറവുള്ള കുട്ടികൾക്ക് പ്രത്യേക പരിഗണനയും ചികിത്സയും നൽകണമെന്നും ഹോസ്റ്റലുകളും പരിസരവും വൃത്തിയായി പരിപാലിക്കുന്നതിന് ജീവനക്കാരേയും വാർഡൻമാരേയും ബോധവൽക്കരിക്കണമെന്നും ഹോസ്റ്റൽ വാർഡൻമാരുടെ ഒഴിവുകൾ നികത്തുന്നതിനും പ്രസ്തുത വാർഡൻമാർക്ക് പ്രത്യേക പരിശീലനം നിയമന സമയത്തും കാലാകാലങ്ങളിലും നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലുള്ള എല്ലാ ഹോസ്റ്റലുകളിലും മെനു പ്രകാരം ഭക്ഷണം തയ്യാറാക്കി നൽകുന്നുണ്ട്. 2018 മുതൽ സെപ്റ്റംബർ മാസം National Nutrition Month (Rashtriya Poshan Maah) ആയി എല്ലാ ഹോസ്റ്റലുകളിലും സംഘടിപ്പിച്ചിരിന്നു. വിദ്യാർത്ഥികളുടെ പോഷകാഹാരക്കുറവ് നികത്തുന്നതിനായി മെനുവിലുൾപ്പെടുത്തിയിരിക്കുന്ന ആഹാര പദാർത്ഥങ്ങൾക്ക് പുറമേ ഈന്തപ്പഴം ഉണക്കമുന്തിരി, ആപ്പിൾ, മാതളനാരങ്ങ, തണ്ണിമത്തൻ എന്നിവ വിവിധ ദിവസങ്ങളിലായി ഹോസ്റ്റലുകളിൽ വിതരണം ചെയ്യുന്നുണ്ട്. പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ തന്നെയുള്ള നെടുമങ്ങാട്, ഇടുക്കി (തൊടുപുഴ) മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ കൃത്യമായ ഇടവേളകളിൽ ഹോസ്റ്റൽ സന്ദർശിക്കുകയും അന്തേവാസികളെ പരിശോധിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ KMSCL (കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ്) മുഖേന 12 ജില്ലകളിലായി (കണ്ണൂർ, പാലക്കാട്, വയനാട്, കാസർഗോഡ്, ഇടുക്കി, കൊല്ലം, പത്തനംതിട്ട, തൃശ്ശൂർ. കോഴിക്കോട്, മലപ്പുറം എറണാകുളം, തിരുവനന്തപുരം) 12 മൊബൈൽ മെഡിക്കൽ ക്ലിനിക്ക് യൂണിറ്റുകൾ പ്രവർത്തിച്ച് വരുന്നു. പ്രസ്തുത ജില്ലകളിലുള്ള എല്ലാ പട്ടികവർഗ്ഗ ഹോസ്റ്റലുകളിലും എം.ആർ.എസ്.- കളിലും ഈ മൊബൈൽ ക്ലിനിക്കുകൾ കൃത്യമായ ഇടവേളകളിൽ സന്ദർശനം നടത്തുന്നുണ്ട്. കൂടാതെ ഹോസ്റ്റലുകൾക്ക് സമീപമുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഡോക്ടർമാരും നിർദ്ദിഷ്ട ഇടവേളകളിൽ ഹോസ്റ്റലുകളിൽ സന്ദർശനം നടത്തുന്നുണ്ട്.

### ശിപാർശ 217 (ഖണ്ഡിക 410)

എല്ലാ പട്ടികവർഗ്ഗ ഹോസ്റ്റലുകളിലും എമർജൻസി ലൈറ്റ് ടി.വി., ദിനപ്പത്രം എന്നിവ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

നിർദ്ദേശം പാലിക്കുന്നതാണ്.

**ശിപാർശ 218 (ഖണ്ഡിക 411)**

പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പലരും സാമ്പത്തിക പരാധീനതമൂലം പഠനപര്യടനത്തിന് പോകുവാൻ സാധിക്കുന്നില്ലെന്ന് സമിതി വിലയിരുത്തുന്നു. ആകയാൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പഠനപര്യടന ഫണ്ടിന്റെ നിശ്ചിതതുക അഡ്വാൻസായി ലഭ്യമാക്കണമെന്നു ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

മറുപടി താമസംവിനാ ലഭ്യമാക്കുന്നതാണ്.

**ശിപാർശ 219 (ഖണ്ഡിക 412)**

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പല സ്ഥാപനങ്ങളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ കരാറുകാർക്ക് തുക കൊടുത്തിട്ടില്ലാത്ത കാരണങ്ങളാൽ മുടങ്ങിക്കിടക്കുന്നുവെന്നും കരാറുകാർക്ക് പണം കൊടുക്കുന്നതിൽ പി.ഡബ്ല്യു.ഡി.യുടെ ഭാഗത്തുനിന്നും കാലതാമസം ഉണ്ടാകുന്നുവെന്നും സമിതിക്ക് മനസ്സിലായി. ആകയാൽ ടി കാര്യത്തിൽ പി. ഡബ്ല്യു. ഡി.-യുടെ ഭാഗത്തുനിന്നുമുള്ള കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

നടപടി സ്വീകരിക്കുന്നതാണ്.

**ശിപാർശ 220 (ഖണ്ഡിക 413)**

മരാമത്ത് പ്രവർത്തികൾക്കായി വർഷം തോറും അനുവദിക്കുന്ന തുകയിൽ കൂടുതൽ ചെലവ് വരുന്നതുകൊണ്ട് ആവശ്യാനുസരണം പ്രവൃത്തികൾ സമയത്തു ചെയ്തു തീർക്കാൻ കഴിയുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ടി പ്രവൃത്തികൾക്ക് ചെലവിന് അനുസൃതമായി കൂടുതൽ തുക ബഡ്ജറ്റിൽ വകയിരുത്തണമെന്നു സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി**

വാർഷിക പദ്ധതികളിൽ മുൻ വർഷങ്ങളിലുള്ള പദ്ധതിയെക്കാൾ ഒരു നിശ്ചിത ശതമാനം തുക പല സ്കീമുകളിലും അനുവദിക്കണമെന്ന ശിപാർശ മാത്രമാണ് വകുപ്പിന് ചെയ്യാൻ കഴിയുന്നത്. ഇതിനുള്ള അന്തിമതീരുമാനം എടുക്കേണ്ടത് സംസ്ഥാന ആസൂത്രണ ബോർഡാണ്.

### ശിപാർശ 221 (ഖണ്ഡിക 414)

പട്ടികവർഗ്ഗമേഖലകളിലെ റോഡുനിർമ്മാണം ശുദ്ധജലപദ്ധതികൾ, ഭവന നിർമ്മാണം തുടങ്ങിയവയുടെ ചില പണികൾ പല ഘട്ടങ്ങളിലായി മുടങ്ങിക്കിടക്കുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടുകയുണ്ടായി. ആയതിനാൽ കരാറുകാർ ഏറ്റെടുക്കുന്ന പണികൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയായില്ലെങ്കിൽ ടി കരാറുകാരെ ഒഴിവാക്കി റീടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പ്രസ്തുത നിർമ്മാണ പ്രവർത്തികളുമായി ബന്ധപ്പെട്ട വകുപ്പുകൾ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കണമെന്നു സമിതി നിർദ്ദേശിക്കുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

വകുപ്പ് ഏറ്റെടുക്കുന്ന പ്രവർത്തികൾ സമയത്തിനുള്ളിൽ പൂർത്തീകരിച്ചില്ലെങ്കിൽ റിസ്ക് ആന്റ് കോസ്റ്റിൽ കരാറുകാരനെ ടെർമിനേറ്റ് ചെയ്യുന്നതിനും പദ്ധതി റീ-ടെണ്ടർ ചെയ്യുന്നതിനും ഉള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കോളനി നവീകരണ പ്രവർത്തികളുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ കരാറുകരുടെ Risk & Cost-ൽ നിർമ്മാണ പ്രവർത്തികൾ റീ-ടെൻണ്ടർ നടത്തി ആയത് സംബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടികൾ വകുപ്പ് മുഖേന സ്വീകരിച്ചുവരുന്നു.

### ശിപാർശ 222 (ഖണ്ഡിക 415)

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാടകയിനത്തിൽ അനുവദിക്കുന്ന പണം അപര്യാപ്തമാണെന്ന് സമിതിക്ക് ബോധ്യമായി. ആയതിനാൽ എസ്.ടി. ഡിപ്പാർട്ടുമെന്റ് നോൺ-പ്ലാൻ ഇനത്തിൽ ആവശ്യമായ ഫണ്ട് ഹെഡ്ഡിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നതും എന്നാൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതുമായ സ്ഥാപനങ്ങൾക്കുള്ള വാടക അനുവദിക്കുന്ന ശീർഷകങ്ങളിൽ നിലവിൽ ആവശ്യമായ ഫണ്ട് ബഡ്ജറ്റിൽ വകയിരുത്തുന്നുണ്ട്. എന്തെങ്കിലും സ്ഥാപനങ്ങൾക്ക് ഫണ്ട് പൂർണ്ണമായും അനുവദിക്കുന്നതിനായി കുറവു വരുന്ന തുക അതത് സാമ്പത്തിക വർഷത്തിൽതന്നെ അഡീഷണൽ ഓതറൈസേഷൻ/ റീ അപ്രോപ്രീയേഷൻ മുഖേനയും അനുവദിക്കുന്നു.

## ശിപാർശ 223 (ഖണ്ഡിക 416)

പട്ടികവർഗ്ഗ വികസന വകുപ്പിന് വേണ്ടി ബഡ്ജറ്റിൽ തുക വകയിരുത്തുമ്പോൾ ഓരോ ആവശ്യത്തിനും ഓരോ മൈനർഹെഡ്ഡിൽ തുക വകയിരുത്തുന്നതിനാൽ വകുപ്പിന് യഥാസമയം തുക ചെലവഴിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകുന്നുവെന്ന് സമിതിക്ക് ബോദ്ധ്യമായി. ആയതിനാൽ പ്രസ്തുത ഡിമാന്റിലെ മൈനർ ഹെഡ്ഡിൽ ഒഴിവാക്കി ഒറ്റ ഹെഡ് ഓഫ് അക്കൗണ്ടിൽ ബജറ്റിൽ തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന ഓരോ പദ്ധതിക്കും ഓരോ ശീർഷകങ്ങളിലാണ് ഫണ്ട് വകയിരുത്തുന്നത്. പദ്ധതി പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിനും ഓരോ പദ്ധതിക്ക് അനുവദിച്ചിരിക്കുന്ന തുകയുടേയും ആയതിന്റെ ചെലവുകളും കാര്യക്ഷമമായി പരിശോധിക്കുന്നതിനും ഓരോ ശീർഷകങ്ങളിലും ഫണ്ട് അനുവദിക്കുന്നതാണ് ഉചിതമെന്നുള്ള വിവരം സമിതിയെ അറിയിക്കുന്നു.

## ശിപാർശ 224 (ഖണ്ഡിക 417)

വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്ന സംഭവങ്ങൾ തടയുന്നതിനായി വൈദ്യുതവേലി സ്ഥാപിക്കുന്നതുൾപ്പെടെയുള്ള മാർഗ്ഗങ്ങൾ ദേശീയ വനവത്കരണ പരിപാടിയിൽ ഉൾപ്പെടുത്തി വനസംരക്ഷണ സമിതികൾ മുഖേന നടപ്പിലാക്കണമെന്നും വൈദ്യുതി ലഭ്യമല്ലാത്ത മേഖലകളിൽ സോളാർ ഫെൻസിംഗ് സംവിധാനം ഏർപ്പെടുത്തണമെന്നും പട്ടികവർഗ്ഗ വിഭാഗക്കാരുടെ കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

വന്യമൃഗങ്ങളെ കാർഷിക മേഖലകളിലേയ്ക്ക് വരുന്നത് തടയുന്നതിനായി സോളാർ ഫെൻസിംഗ്, കാർഷിക വിള ഇൻഷ്വറൻസ് എന്നീ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഇനിയും ആവശ്യമായ ജില്ലകളിൽ ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നുണ്ട്.

## ശിപാർശ 225 (ഖണ്ഡിക 418)

വന്യമൃഗങ്ങളുടെ ആക്രമണംമൂലം കൃഷിനാശം സംഭവിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ധനസഹായം നൽകുന്നതിനായി ഓരോ വർഷവും അനുവദിക്കുന്ന ഫണ്ട് കുറവായതിനാൽ വന്യമൃഗശല്യത്തിന് ഇരയാകുന്നവർക്കെല്ലാം ധനസഹായം അനുവദിക്കാൻ കഴിയുന്നില്ല. വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്കെല്ലാം അനുവദിക്കുന്നതിനായി കൂടുതൽ തുക ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി

വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്കെല്ലാം തുക അനുവദിക്കുന്നതിനായി ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്തുന്നതിനായി വനം വകുപ്പിനോട് ശിപാർശ ചെയ്യുന്നതാണ്. ആയതിന് അന്തിമ തീരുമാനം എടുക്കേണ്ടത് സംസ്ഥാന ആസൂത്രണ ബോർഡാണ്.

### ശിപാർശ 226 (ഖണ്ഡിക 419)

വന്യമൃഗശല്യത്തിന് നഷ്ടപരിഹാരം നൽകാൻ വ്യവസ്ഥചെയ്യുന്ന 1980-ലെ വനനിയമത്തിൽ പന്നി തുടങ്ങിയ മൃഗങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല. ആദിവാസി മേഖലകളിലെ കൃഷിനാശം മിക്കവാറും പന്നി, കാട്ടാന, മാൻകൂട്ടങ്ങൾ തുടങ്ങിയ മൃഗങ്ങളിൽ നിന്നുമാണ് ഉണ്ടാകുന്നതിനാൽ ഇവയെ കൂടി 1980-ലെ വനനിയമത്തിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടി</u>

വനം വകുപ്പ് മുഖേന നടപടി സ്വീകരിക്കുന്നതിന് ഇടപെടൽ നടത്തിയിട്ടുണ്ട്.

എസ്. ശർമ്മ

*അദ്ധ്യക്ഷൻ*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം
2021, ജനുവരി 20.

## അനുബന്ധം I

### കേന്ദ്രസഹായമായി ലഭിച്ച വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകിയിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണം സംബന്ധിക്കുന്ന കണക്ക്

| ക്രമ നമ്പർ | വർഷം | ആനുകൂല്യം ലഭ്യമായ വിദ്യാർത്ഥികളുടെ എണ്ണം | ആകെ അനുവദിച്ച തുക |
|---|---|---|---|
| 1 | 2010-11 | 11823 | 457.08 ലക്ഷം |
| 2 | 2011-12 | 12287 | 957.08 ലക്ഷം (State share also included) |
| 3 | 2012-13 | 12567 | 329.45 ലക്ഷം |
| 4 | 2013-14 | 12835 | 625.53 ലക്ഷം |
| 5 | 2014-15 | 13281 | 647 ലക്ഷം |
| 6 | 2015-16 | 13597 | Anticipating |

### അനുബന്ധം - 1 (ബി)

### അതിക്രമം തടയൽ നിയമപ്രകാരം കേന്ദ്രസർക്കാർ ധനസഹായം പ്രതീക്ഷിച്ചു കൊണ്ട് സംസ്ഥാന സർക്കാർ വിതരണം ചെയ്ത ധനസഹായം സംബന്ധിച്ച കണക്ക്

| ക്രമ നം. | വർഷം | അതിക്രമങ്ങൾക്കിരയായവരുടെ എണ്ണം | ആകെ അനുവദിച്ച തുക |
|---|---|---|---|
| 1 | 2010-11 | 97 | 1552080 |
| 2 | 2011-12 | 109 | 2355615 |
| 3 | 2012-13 | 60 | 2473612 |
| 4 | 2013-14 | 79 | 2915000 |
| 5 | 2014-15 | 104 | 4378750 |

കേന്ദ്രസർക്കാർ ധനസഹായമായി 33.6 ലക്ഷം രൂപ മാത്രമേ ലഭിച്ചിട്ടുള്ളൂ എന്ന് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

(signature) 14/1/16
T.T. Rafan, Joint Secretary
SC/ST Devpt. Dept

അനുബന്ധം V

52

# Details of coverage of water supply to ST colonies of Pathanamthitta District

| ക്രമ നം. | കോളനിയുടെ പേര് | പഞ്ചായത്ത് | കുടുംബങ്ങളുടെ എണ്ണം | ഇപ്പോഴത്തെ സ്ഥിതി | റിമാർക്ക് |
|---|---|---|---|---|---|
| 1 | ആവണിപ്പാറ | അരുവാപ്പുലം | 30 | നിലവിൽ പൈപ്പുലൈനുകളോ പദ്ധതികളോ ഇല്ല | ഒറ്റപ്പെട്ട പ്രദേശമാണ്. അച്ചൻകോവിലാറ് സ്രോതസാക്കി ഒരു മിനി കുടിവെള്ള പദ്ധതിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. |
| 2 | മണക്കയം | നാറാണംമൂഴി വാർഡ് 3 | 35 | നിലവിൽ പൈപ്പുലൈൻ ഇല്ല. വന മേഖലയിലുള്ള ചരിവുപ്രദേശമാണ് | നിലവിലുള്ള കുടമുരുട്ടി കുടിവെള്ള പദ്ധതിയിൽനിന്നും പൈപ്പുലൈൻ ദീർഘിപ്പിക്കാൻ ആയി 15.65 ലക്ഷം രൂപയുടെ പുതിയ ഒരു പദ്ധതി അംഗീകാരത്തിനായി വാട്ടർ അതോറിറ്റിയുടെ പി.എച്ച്. ഡിവിഷൻ, പത്തനംതിട്ടയിൽ നിന്ന് ജില്ലാ കളക്ടർക്ക് 30.9.2010 ൽ സമർപ്പിച്ചിട്ടുണ്ട്. |
| 3 | ഉതിമൂട് | റാന്നി | 20 | നിലവിൽ പൈപ്പുലൈൻ ഇല്ല | 19.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 11.1.10 ൽ ജില്ലാ കളക്ടർക്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| 4 | കരികുളം | നാറാണമൂഴി | 48 | നിലവിൽ പൈപ്പുലൈൻ ഇല്ല | 24.[illegible] ലക്ഷം രൂപയുടെ എസ്റ്റിമേടിന് ഭരണാനുമതി ലഭിച്ചു. പണികൾ പുരോഗമിച്ചു വരുന്നു. |
| 5 | മഹാണിമല | നാരങ്ങാനം | 30 | നിലവിൽ പൈപ്പുലൈൻ ഇല്ല | നിലവിലുള്ള ചെറുകോൽ നാരങ്ങാനം സ്കീമിൽ നിന്നും ഗ്രാവിറ്റി മെയിൻ പൈപ്പു ലൈൻ, ബൂസ്റ്റർ പമ്പു ഹൗസ്, ഗ്രൗണ്ട് ലവൽ ടാങ്ക് എന്നിവ നിർമ്മിച്ചാലേ പ്രസ്തുത കോള |

| | | | | | |
|---|---|---|---|---|---|
| | | | | | നിയിൽ ജലവിതരണം സാദ്ധ്യമാക; സ്ഥലം ലഭ്യമല്ലാത്തതിനാൽ കുഴൽക റിന്റെ ഫീസിബിലിറ്റിക്കായി പി.എച്ച് ഷൻ, പത്തനംതിട്ട ഭൂജല വകുപ്പുമാ പ്പെട്ടുവരുന്നു. അതിനുശേഷം പ്രൊ നൽകുന്നതാണ്. |
| 6 | വേലം പ്ലാവ് | റാന്നി പെരുന്നാട് | 25 | നിലവിൽ പൈപ്പുലൈൻ ഇല്ല | 1. പുതിയ പ്രൊപ്പോസലിനായി എസ്റ്റ് തയ്യാറാക്കിവരുന്നു.<br>2. ഏകദേശം 13.5 ലക്ഷം രൂപയുടെ ച പ്രതീക്ഷിക്കുന്നു. |
| - | ളാഹ | റാന്നി-പെരുന്നാട് | 67 | പഞ്ചായത്തിന്റെ നിർമ്മാണത്തിലും നിയന്ത്രണത്തിലും ഉള്ള പൈപ്പു ലൈൻ നിലവിലുണ്ട്. | കേരള വാട്ടർ അതോറിറ്റിയുടെ ഐ.പ വിഭാഗം തയ്യാറാക്കിയ ചിറ്റാർ സീതത മേജർ കുടിവെള്ള പദ്ധതിയുടെ പരിധ വരുന്ന പ്രദേശമാണ് ഇത്. ഈ പദ്ധ ശോധനയിലാണ്. |
| 8 | കുറുമ്പൻമൂഴി (രണ്ടാം ഘട്ടം) | നാറാണംമൂഴി | 90 | നിലവിൽ പൈപ്പുലൈൻ ഇല്ല | ഏകദേശം 20.20 ലക്ഷം രൂപയുടെ എ തയ്യാറാക്കിവരുന്നു. |
| 9 | ആട്ടതോട് | റാന്നി-പെരുന്നാട് | 173 | നിലവിൽ പൈപ്പുലൈൻ ഇല്ല | പുതിയ പദ്ധതിക്ക് എസ്റ്റിമേറ്റ് തയ്യാറാ ന്നു. ഏകദേശം 143 ലക്ഷം രൂപ ചിലവ ക്ഷിക്കുന്നു. |
| 10 | തണ്ണിത്തോട് | തണ്ണിത്തോട്, | 25 | നിലവിൽ പൈപ്പുലൈൻ ഇല്ല | കെ.വി.പി.-യിൽ ഉൾപ്പെടുത്തി ലൈൻ എക്സ്റ്റൻഷൻ നടപടികൾ ആരംഭിക്ക തണ്ണിത്തോട് ഗ്രാമപഞ്ചായത്തിൽ വിശ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ഡി സിറ്റ് ചെയ്യുന്ന മുറയ്ക്ക് ലൈൻ എക്സ ഷൻ നടപടികൾ ആരംഭിക്കുന്നതാണ് |

അനുബന്ധം - VI
Annexure to 327

കെ.എസ്.ഇ.ബോർഡിന്റെ കോർപ്പസ് ഫണ്ടുപയോഗിച്ച് വൈദ്യുതീകരിച്ച പട്ടിക വർഗ്ഗ കോളനികൾ

| നമ്പർ | ജില്ല | ബ്ലോക്ക് | സെക്ഷൻ | കോളനികളുടെ പേര് |
|---|---|---|---|---|
| 1 | പാലക്കാട് | അട്ടപ്പാടി | അഗളി | ചിറ്റൂർ പുട്ടമല |
| 2 | | | | താവളം പുതിയ കോളനി |
| 3 | | | | നരസിമുക്ക് |
| 4 | | | | വള്ളമ്പാടി |
| 5 | | | | താവളം കോളനി |
| 6 | | | | ചിറ്റൂർ ഡാം സൈറ്റ് പൊത്തപ്പടിയാട് |
| 7 | | | | മേലെപ്പറമ്പൻ തറ-1 |
| 8 | | | | കുറവൻ പടി മുട്ടികോളനി |
| 9 | | | | ചിറ്റൂർ പുട്ടമല |
| 10 | | | | ചിറ്റൂർ കട്ടേക്കാട് |
| 11 | | | | കതിരംപതി പുട്ടമല |
| 12 | | | | ഉൗട്ടുക്കുഴി ചെമ്പൻ |
| 13 | | | | പട്ടണക്കൽ ചുക്കൻ പാളയം |
| 14 | | | | പുവക്കട് |
| 15 | | | | നീലിക്കുഴി |
| 16 | | | | മേട്ടുവഴി |
| 17 | | | | വടക്കോട്ടത്തറ |
| 18 | | | | [illegible] |
| 19 | | | | വെട്ടിക്കൽ |
| 20 | | | | വച്ചപതി മൂലഗണങ്ങൾ |
| 21 | | | | ചാലയൂർ ചാവടിയൂർ പുള്ളർ ഊര് |
| 22 | | | | സ്വർണ്ണഗദ്ദ ഊര് |
| 23 | | | | പാറ [illegible] |
| 24 | | | | താഴെപറമ്പൻ തറ |
| 25 | | | | വെന്തവട്ടി-കോരനക്കട്ടി |
| 26 | | | | പകനാരിപള്ളം ഊര് |
| 27 | | | | ഗൊട്ടിയാർകണ്ടി, കറുക്കത്തിക്കല്ല് |
| 28 | | | | വെള്ളവട്ടി കൽപെട്ടി |
| 1 | | മണ്ണാർക്കാട് | മണ്ണാർക്കാട് | ആനമൂളി |
| 2 | | | തച്ചമ്പാറ | പട്ടികവർഗ്ഗ മൂന്നാം വാർഡ് കോളനി |
| 3 | | | | പാന്ദ്ര പട്ടികവർഗ്ഗ കോളനി |
| 4 | | | അലനല്ലൂർ | ചുളക്കന്ന് 2-ാം വാർഡ് കോളനി |
| 5 | | | | തോട്ടപ്പാലക്കുന്ന് 2-ാം വാർഡ് കോളനി |

## അനുബന്ധം VII

## [illegible] II

ഡി.ഡി.ജി പദ്ധതിയിൽ ഉൾപ്പെടുത്തുവാനായി ഡി.പി.ആർ തയ്യാറാക്കിക്കൊണ്ടിരിക്കുന്ന കോളനികൾ

| ക്രമ നമ്പർ | ജില്ല | ബ്ലോക്ക് | കോളനിയുടെ പേര് |
|---|---|---|---|
| 1. | പാലക്കാട് | അട്ടപ്പാടി | ആനവായ് |
| 2 | | | ഭൂതയാർ |
| 3 | | | കടുകമന്ന |
| 4 | | | മേലെത്തുടുക്കി |
| 5 | | | പഴയൂർ |
| 6 | | | താടികുണ്ട് |
| 7 | | | താഴെത്തുടുക്കി |

ചീഫ് എഞ്ചിനീയർ
കോർപ്പറേറ്റ് പ്ലാനിംഗ്

അനുബന്ധം VIII

Annexure to Para 330

Employment Generated During The financial Year 2011-2012 as on Tuesday, January 24, 2012

| S.No | District | Cumulative No. of HH issued jobcards (Till the reporting month) | | | |
|---|---|---|---|---|---|
| | | SCs | STs | Others | Total |
| Phase I | | | | | |
| 1 | PALAKKAD | 35912 | 5409 | 106685 | 148006 |
| 2 | WAYANAD | 2446 | 11392 | 69459 | 83297 |
| | TotalPhase I | [illegible] | 16801 | 176144 | 231303 |
| Phase II | | | | | |
| 3 | IDUKKI | 13244 | 7386 | 97340 | 117970 |
| 4 | KASARGOD | 2507 | 1745 | 63758 | 68010 |
| | TotalPhase II | 15751 | 9131 | 161098 | 185980 |
| Phase III | | | | | |
| 5 | ALAPPUZHA | 16870 | 287 | 151349 | 168506 |
| 6 | ERNAKULAM | 14976 | 840 | 111382 | 127198 |
| 7 | KANNUR | 2523 | 2680 | 89939 | 95142 |
| 8 | KOLLAM | 13314 | 626 | 124704 | 138644 |
| 9 | KOTTAYAM | 7655 | 1396 | 104442 | 113493 |
| 10 | KOZHIKODE | 12035 | 737 | 148206 | 160978 |
| 11 | MALAPPURAM | 26715 | 1039 | 125576 | 153330 |
| 12 | PATHANAMTHITTA | 13056 | 646 | 52621 | 66323 |
| 13 | THIRUVANANTHAPURAM | 18497 | 1535 | 172753 | 192785 |
| 14 | THRISSUR | 20234 | 547 | 82808 | 103589 |
| | TotalPhase III | 145875 | 10333 | 1163780 | 1319988 |